# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോഴിക്കോട് കോർപ്പറേഷൻ

## ഓഡിറ്റ് റിപ്പോർട്ട്

2019-2020



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673032

ഇ-മെയിൽ: corpkkd.ksad@kerala.gov.in

ഫോൺ : 0495-2365264

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ/കെ.ഒ.സി/എ4/1040/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673032
തീയ്യതി: 14/01/2022
ഇ-മെയിൽ:
corpkkd.ksad@kerala.gov.in
ഫോൺ: 0495-2365264

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ബഹു.മേയർ (സെക്രട്ടറി മുഖേന)
കോഴിക്കോട് കോർപ്പറേഷൻ

സർ,

വിഷയം : കോഴിക്കോട് കോർപ്പറേഷന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോഴിക്കോട് കോർപ്പറേഷന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 2-1,3-1,3-2,3-3,3-4,3-5,3-6,3-7,3-8,3-9,3-10,3-11 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
3. നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
4. കാര്യാലയ പ്രതി.

നമ്പർ: കെ.എസ്.എ/കെ.ഒ.സി/എ4/1040/2021 തീയ്യതി: 14/01/2022

## കോഴിക്കോട് ജില്ലയിലെ കോഴിക്കോട് കോർപ്പറേഷന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കോഴിക്കോട് കോർപ്പറേഷന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2020 മുതൽ 30-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 63 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ജലീൽ കെ | സീനിയർ ഡപ്യൂട്ടി ഡയറക്ടർ | 01-07-2020 | 30-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ ) |
|---|---|
| 01-07-2020 | 30-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീമതി. ശ്രീജ തെക്കൻ, ഓഡിറ്റ് ഓഫീസർ.
2.ശ്രീമതി. പ്രസീത കുമാരി എം, ഓഡിറ്റ് ഓഫീസർ.
3.ശ്രീമതി. രബിത ടി പി, ഓഡിറ്റ് ഓഫീസർ.
4.ശ്രീ. ഷാജി ഇ കെ,ഓഡിറ്റ് ഓഫീസർ.
5.ശ്രീമതി. ഷൈനി പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.
6.ശ്രീ. ഷിപിൻ പീറ്റർ സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.
7.ശ്രീ. സുഗുണൻ വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.
8.ശ്രീമതി. ധന്യ കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ.
9.ശ്രീ. ശിവശങ്കര കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ.
10.ശ്രീ. ദേവാനന്ദ് ടി,സീനിയർ ഗ്രേഡ് ഓഡിറ്റർ.
11.ശ്രീ. റഷീദ് വി,സീനിയർ ഗ്രേഡ് ഓഡിറ്റർ.
12.ശ്രീ. ഷജീർ കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ.
13.ശ്രീ. മുഹമ്മദ് ഹിശാം എം,സീനിയർ ഗ്രേഡ് ഓഡിറ്റർ.
14.ശ്രീ. ഇല്യാസ്.ടി,സീനിയർ ഗ്രേഡ് ഓഡിറ്റർ.
15.ശ്രീമതി. അഖില വി, ഓഡിറ്റർ.
16.ശ്രീമതി. ലിൻഷ ടി എ,ഓഡിറ്റർ.
17.ശ്രീമതി. വിനിത ടി,ഓഡിറ്റർ.

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.തോട്ടത്തിൽ രവീന്ദ്രൻ | മേയർ | 01-04-2019 | 31-03-2020 |
| ശ്രീ.ബിനു ഫ്രാൻസിസ് | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.നീന.കെ | കൃഷി ഓഫീസർ, എലത്തൂർ | 01-04-2019 | 31-03-2020 |
| ശ്രീ.സിദ്ധാർത്ഥൻ എ.കെ | കൃഷി ഓഫീസർ, ചെറുവണ്ണൂർ നല്ലളം | 01-04-2019 | 29-09-2019 |
| ശ്രീമതി.സ്വപ്ന.പി.കെ. | കൃഷി ഓഫീസർ, ചെറുവണ്ണൂർ നല്ലളം | 30-09-2019 | 31-03-2020 |
| ഡോ. ബേബി കെ കെ | സീനിയർ വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.ശ്രീഷ്മ.വി.എസ്. | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.ആർ.എസ്.ഗോപകുമാർ | ഹെൽത്ത് ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.എം.എം.ഗോപാലൻ | ഹെൽത്ത് സൂപ്പർവൈസർ | 01-04-2019 | 31-05-2019 |
| ശ്രീ.ചന്ദ്രൻ. | ഹെൽത്ത് സൂപ്പർവൈസർ | 01-06-2019 | 06-08-2019 |
| ശ്രീ.ശിവദാസൻ.കെ | ഹെൽത്ത് സൂപ്പർവൈസർ | 07-08-2019 | 31-03-2020 |
| ശ്രീ.സുരേഷ് കുമാർ ഇ.കെ. | വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ബിന്ദു.എൻ.പി | സി.ഡി.പി.ഒ., അർബൻ I | 01-04-2019 | 14-07-2019 |
| ശ്രീമതി.നജ്ജമ.എം.എച്ച് | സി.ഡി.പി.ഒ., അർബൻ I | 15-07-2019 | 31-03-2020 |
| ശ്രീമതി.പുഷ്പ.വി | സി.ഡി.പി.ഒ., അർബൻ II | 01-04-2019 | 31-03-2020 |
| ശ്രീമതി.സുഷ.പി.ടി | സി.ഡി.പി.ഒ., അർബൻ III | 01-04-2019 | 31-03-2020 |
| കുമാരി.ജാസ്മിൻ ബീഗം.എ | സി.ഡി.പി.ഒ., അർബൻ IV | 01-04-2019 | 19-07-2019 |
| ശ്രീമതി.മിനി.കെ.സി. | സി.ഡി.പി.ഒ., അർബൻ IV | 20-07-2019 | 31-03-2020 |
| ശ്രീ.സുനീർ.വി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2019 | 31-03-2020 |
| ശ്രീ. റംസി ഇസ്മയിൽ എം.വി. | കുടുംബശ്രീ പ്രോജക്ട് ഓഫീസർ | 01-04-2019 | 19-09-2019 |
| ശ്രീ.കെ.പ്രമോദ് (ചുമതല) | കുടുംബശ്രീ പ്രോജക്ട് ഓഫീസർ | 20-09-2019 | 30-09-2019 |
| ശ്രീ.പ്രകാശൻ.ടി.കെ. | കുടുംബശ്രീ പ്രോജക്ട് ഓഫീസർ | 01-10-2019 | 31-03-2020 |
| ശ്രീ.സിയാദ്.കെ | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 31-05-2019 |
| ശ്രീമതി.ശ്രീലത.കെ | പട്ടികജാതി വികസന ഓഫീസർ | 01-06-2019 | 31-03-2020 |
| ശ്രീ.സിദ്ധീഖ് ചുണ്ടക്കാടൻ | വൃദ്ധമന്ദിരം സൂപ്രണ്ട് | 01-04-2019 | 18-09-2019 |
| ശ്രീ.പ്രകാശൻ.കെ | വൃദ്ധമന്ദിരം സൂപ്രണ്ട് | 19-09-2019 | 31-03-2020 |
| ശ്രീമതി.ജെസ്സി.ഇ.എസ് | സൂപ്രണ്ടിംഗ് എഞ്ചിനീയർ | 01-04-2019 | 31-05-2019 |
| ശ്രീ.ദിലീപ് എം.എസ് (ചുമതല) | സൂപ്രണ്ടിംഗ് എഞ്ചിനീയർ | 01-06-2019 | 05-06-2019 |
| ശ്രീമതി.ജലജാമണി.വി.ഡി. | സൂപ്രണ്ടിംഗ് എഞ്ചിനീയർ | 07-06-2019 | 31-03-2020 |
| ശ്രീ.മുഹമ്മദ് ബഷീർ.ടി | എക്സിക്യൂട്ടീവ് എഞ്ചിനീയർ (1) | 01-04-2019 | 31-03-2020 |
| ശ്രീ.മുഹമ്മദ് അഷ്റഫ്.എ. | എക്സിക്യൂട്ടീവ് എഞ്ചിനീയർ (2) | 01-04-2019 | 29-07-2019 |
| ശ്രീ.ഉത്തമൻ.ജി. | എക്സിക്യൂട്ടീവ് എഞ്ചിനീയർ (2) | 30-07-2019 | 31-03-2020 |
| ശ്രീ.രമേഷ് കെ പി | എക്സിക്യൂട്ടീവ് എഞ്ചിനീയർ (3) | 01-04-2019 | 31-03-2020 |
| ശ്രീ.സജീന്ദ്രൻ സി.എം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് | 01-04-2019 | 31-05-2019 |

| | | | |
|---|---|---|---|
| | എഞ്ചിനീയർ (1) | | |
| ശ്രീമതി.ബിസിനി.എസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (1) | 01-06-2019 | 22-09-2019 |
| ശ്രീ.രാമചന്ദ്രൻ.കെ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (1) | 23-09-2019 | 31-03-2020 |
| ശ്രീമതി.ശകുന്തള.എം.കെ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (പ്രോജക്റ്റ്) | 01-04-2019 | 31-07-2019 |
| ശ്രീ.സജി.ടി.കെ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (പ്രോജക്റ്റ്) | 01-08-2019 | 31-03-2020 |
| ശ്രീമതി.ശോഭന.എം | ക്ഷീര വികസന വകുപ്പ് ഡപ്യൂട്ടി ഡയറക്ടർ | 01-04-2019 | 31-07-2019 |
| ശ്രീമതി.ഷീബ ഖമ്മർ | ക്ഷീര വികസന വകുപ്പ് ഡപ്യൂട്ടി ഡയറക്ടർ | 01-08-2019 | 31-03-2020 |
| ശ്രീ.പി.ജി.നന്ദകുമാർ | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്.<br>Written By: Shipin Peter.C (Asst. Audit Officer, On 29-11-2021)<br>Last Updated By: Shaji E.K (Audit Officer, On 13-01-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക.<br>Written By: Shipin Peter.C (Asst. Audit Officer, On 29-11-2021)<br>Last Updated By: Shaji E.K (Audit Officer, On 12-01-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം.<br>Written By: Shipin Peter.C (Asst. Audit Officer, On 30-11-2021)<br>Last Updated By: Shaji E.K (Audit Officer, On 12-01-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം.<br>Written By: Shipin Peter.C (Asst. Audit Officer, On 30-11-2021)<br>Last Updated By: Shaji E.K (Audit Officer, On 13-01-2022) | 1-4 |
| 5 | പദ്ധതി അവലോകനം.<br>Written By: Shipin Peter.C (Asst. Audit Officer, On 30-11-2021)<br>Last Updated By: Shaji E.K (Audit Officer, On 13-01-2022) | 1-5 |
| 6 | തനത് വരുമാനം.<br>Written By: Shipin Peter.C (Asst. Audit Officer, On 30-11-2021)<br>Last Updated By: Shaji E.K (Audit Officer, On 12-01-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ.<br>Written By: Shipin Peter.C (Asst. Audit Officer, On 30-11-2021)<br>Last Updated By: Shaji E.K (Audit Officer, On 13-01-2022) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ.<br>Written By: Shipin Peter.C (Asst. Audit Officer, On 30-11-2021)<br>Last Updated By: Shaji E.K (Audit Officer, On 12-01-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം.<br>Written By: Shipin Peter.C (Asst. Audit Officer, On 30-11-2021)<br>Last Updated By: Shaji E.K (Audit Officer, On 13-01-2022) | 1-9 |
| 10 | ഓഡിറ്റ് ഇമ്പാക്റ്റ്.<br>Written By: Shipin Peter.C (Asst. Audit Officer, On 04-12-2021)<br>Last Updated By: Shaji E.K (Audit Officer, On 12-01-2022) | 1-10 |
| 11 | സ്ഥാപനത്തിൽ മറ്റ് ഓഡിറ്റ് വിഭാഗങ്ങൾ ഓഡിറ്റ് നടത്തിയതിന്റെ വിവരം.<br>Written By: Shipin Peter.C (Asst. Audit Officer, On 30-11-2021)<br>Last Updated By: Shaji E.K (Audit Officer, On 12-01-2022) | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ.<br>Written By: Linsha T A (Auditor, On 30-11-2021)<br>Last Updated By: Shaji E.K (Audit Officer, On 13-01-2022) | 1-12 |
| 13 | ജില്ല ആസൂത്രണ സമിതിയുടെ അംഗീകാരമില്ലാതെ പദ്ധതികൾക്കായി തുക ചെലവഴിച്ചു.<br>Written By: Shipin Peter.C (Asst. Audit Officer, On 30-11-2021)<br>Last Updated By: Shaji E.K (Audit Officer, On 12-01-2022) | 1-13 |
| 14 | വസ്തു നികുതി പരിഷ്കരണം പൂർത്തീകരിക്കാത്തതും മറ്റ് അപാകതകളും.<br>Written By: P.Shyni (Asst. Audit Officer, On 01-12-2021)<br>Last Updated By: Shaji E.K (Audit Officer, On 13-01-2022) | 1-14 |
| 15 | വസ്തു നികുതി : നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല, രജിസ്റ്ററുകളും രേഖകളും തയ്യാറാക്കിയിട്ടില്ല.<br>Written By: P.Shyni (Asst. Audit Officer, On 01-12-2021)<br>Last Updated By: Praseedakumari M. (Audit Officer, On 13-01-2022) | 1-14.1 |
| 16 | തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ഉൾപ്പെടുത്താത്തതിനാലും തെറ്റായി സ്ലാബ്/നിരക്ക് രേഖപ്പെടുത്തിയത് മൂലവും വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്.<br>Written By: P.Shyni (Asst. Audit Officer, On 01-12-2021)<br>Last Updated By: Shaji E.K (Audit Officer, On 13-01-2022) | 1-14.2 |
| 17 | വഴി സൗകര്യം തെറ്റായി രേഖപ്പെടുത്തി - നികുതി നിർണ്ണയിച്ചതിൽ കുറവ്.<br>Written By: P.Shyni (Asst. Audit Officer, On 01-12-2021)<br>Last Updated By: Shaji E.K (Audit Officer, On 12-01-2022) | 1-14.3 |
| 18 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള ഉയർന്ന നിരക്കിലുള്ള നികുതി ഈടാക്കിയില്ല.<br>Written By: P.Shyni (Asst. Audit Officer, On 01-12-2021)<br>Last Updated By: Shaji E.K (Audit Officer, On 13-01-2022) | 1-14.4 |
| 19 | തൊഴിൽ നികുതി - പൊതു അപാകതകൾ.<br>Written By: Devanad.T (Senior Grade Auditor, On 01-12-2021)<br>Last Updated By: Praseedakumari M. (Audit Officer, On 13-01-2022) | 1-15 |
| 20 | മാർഗനിർദേശങ്ങൾ പാലിച്ച് തൊഴിൽ നികുതി ഈടാക്കിയില്ല.<br>Written By: Devanad.T (Senior Grade Auditor, On 01-12-2021)<br>Last Updated By: Shaji E.K (Audit Officer, On 13-01-2022) | 1-15.1 |

| | | |
|---|---|---|
| 21 | പൂർണമല്ലാത്ത റിട്ടേണുകളിൽ തൊഴിൽ നികുതി ചുമത്തുന്നു. (എലത്തൂർ മേഖല കാര്യാലയം)<br>Written By: Devanad.T (Senior Grade Auditor, On 01-12-2021)<br>Last Updated By: Shaji E.K (Audit Officer, On 12-01-2022) | 1-15.2 |
| 22 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്.<br>Written By: Devanad.T (Senior Grade Auditor, On 01-12-2021)<br>Last Updated By: Shaji E.K (Audit Officer, On 13-01-2022) | 1-15.3 |
| 23 | സ്ലാബിൽ ഇല്ലാത്ത നിരക്കിൽ നികുതി ചുമത്തി.<br>Written By: Devanad.T (Senior Grade Auditor, On 01-12-2021)<br>Last Updated By: Shaji E.K (Audit Officer, On 12-01-2022) | 1-15.4 |
| 24 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. (എലത്തൂർ മേഖല കാര്യാലയം)<br>Written By: Devanad.T (Senior Grade Auditor, On 01-12-2021)<br>Last Updated By: Shaji E.K (Audit Officer, On 12-01-2022) | 1-15.5 |
| 25 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Devanad.T (Senior Grade Auditor, On 01-12-2021)<br>Last Updated By: Shaji E.K (Audit Officer, On 13-01-2022) | 1-15.6 |
| 26 | അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.<br>Written By: Devanad.T (Senior Grade Auditor, On 01-12-2021)<br>Last Updated By: Shaji E.K (Audit Officer, On 13-01-2022) | 1-15.7 |
| 27 | പ്രായോഗിക നടപടി സ്വീകരിക്കുന്നില്ല.<br>Written By: Devanad.T (Senior Grade Auditor, On 01-12-2021)<br>Last Updated By: Shaji E.K (Audit Officer, On 12-01-2022) | 1-15.8 |
| 28 | ഓഡിറ്റ് ശുപാർശ.<br>Written By: Devanad.T (Senior Grade Auditor, On 01-12-2021)<br>Last Updated By: Shaji E.K (Audit Officer, On 13-01-2022) | 1-15.9 |
| 29 | ഡി & ഒ ലൈസൻസ് - കൗൺസിൽ നിശ്ചയിച്ചിട്ടുള്ള വാർഷിക ലൈസൻസ് നിരക്കിലെ അപാകതകൾ.<br>Written By: Dhanya K (Senior Grade Auditor, On 01-12-2021)<br>Last Updated By: Shaji E.K (Audit Officer, On 12-01-2022) | 1-16 |
| 30 | ചട്ടത്തിൽ നിശ്ചയിച്ചിട്ടുള്ള നിരക്കിലും താഴെയായി കൗൺസിൽ ഫീസ് നിശ്ചയിച്ചു.<br>Written By: Dhanya K (Senior Grade Auditor, On 01-12-2021)<br>Last Updated By: Shaji E.K (Audit Officer, On 12-01-2022) | 1-16.1 |
| 31 | വിഭാഗങ്ങളായി തിരിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കിയിട്ടില്ല.<br>Written By: Dhanya K (Senior Grade Auditor, On 01-12-2021)<br>Last Updated By: Shaji E.K (Audit Officer, On 12-01-2022) | 1-16.2 |
| 32 | തെറ്റായ മാനദണ്ഡം ഉൾപ്പെടുത്തി ഫീസ് നിരക്ക് നിശ്ചയിച്ചു.<br>Written By: Dhanya K (Senior Grade Auditor, On 01-12-2021)<br>Last Updated By: Shaji E.K (Audit Officer, On 12-01-2022) | 1-16.3 |
| 33 | ലൈസൻസ് ഫീ വ്യവസ്ഥയിൽ കെട്ടിടങ്ങൾ അനുവദിക്കുന്നതിലെ അപാകതകൾ.<br>Written By: Ilyas T (Senior Grade Auditor, On 01-12-2021)<br>Last Updated By: Shaji E.K (Audit Officer, On 12-01-2022) | 1-17 |
| 34 | ബേപ്പൂർ മേഖല കാര്യാലയം.<br>Written By: Sugunan V. (Asst. Audit Officer, On 01-12-2021)<br>Last Updated By: Shaji E.K (Audit Officer, On 13-01-2022) | 1-17.1 |
| 35 | ചെറുവണ്ണൂർ നല്ലളം മേഖല കാര്യാലയം.<br>Written By: Sugunan V. (Asst. Audit Officer, On 01-12-2021)<br>Last Updated By: Shaji E.K (Audit Officer, On 12-01-2022) | 1-17.2 |
| 36 | പരസ്യ ബോർഡ് സ്ഥാപിക്കൽ - ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ഫീസ് ഈടാക്കുന്നില്ല.<br>Written By: Sugunan V. (Asst. Audit Officer, On 01-12-2021)<br>Last Updated By: Shaji E.K (Audit Officer, On 12-01-2022) | 1-18 |
| 37 | പിരിച്ചെടുക്കുന്ന ഗുണഭോക്തൃവിഹിതം നഗരസഭ ഫണ്ടിൽ യഥാസമയം അടവാക്കാത്തതും മറ്റു അപാകതകളും.<br>Written By: Devanad.T (Senior Grade Auditor, On 01-12-2021)<br>Last Updated By: Shaji E.K (Audit Officer, On 13-01-2022) | 1-19 |
| 38 | പ്രളയ ദുരിതാശ്വാസം - അനർഹർക്ക് ജീവനോപാധി സബ്സിഡി അനുവദിച്ചു.<br>Written By: Shipin Peter.C (Asst. Audit Officer, On 03-12-2021)<br>Last Updated By: Shaji E.K (Audit Officer, On 14-01-2022) | 1-20 |
| 39 | കറവ പശു വളർത്തൽ - മാനദണ്ഡങ്ങൾ പാലിക്കാതെ സബ്സിഡി അനുവദിച്ചു.<br>Written By: Shipin Peter.C (Asst. Audit Officer, On 03-12-2021)<br>Last Updated By: Shaji E.K (Audit Officer, On 14-01-2022) | 1-21 |
| 40 | വെറ്ററിനറി സ്ഥാപനങ്ങളിലേക്കുള്ള മരുന്ന് വാങ്ങൽ -അപാകതകൾ.<br>Written By: Devanad.T (Senior Grade Auditor, On 01-12-2021)<br>Last Updated By: Shaji E.K (Audit Officer, On 14-01-2022) | 1-22 |
| 41 | അജൈവമാലിന്യ സംസ്കരണത്തിന് നഗരസഭയുടെ പ്ലാന്റ് ഉപയോഗപ്പെടുത്തിയിട്ടില്ല.<br>Written By: Sugunan V. (Asst. Audit Officer, On 01-12-2021)<br>Last Updated By: Shaji E.K (Audit Officer, On 13-01-2022) | 1-23 |
| 42 | സർക്കാർ ഉത്തരവ് പാലിക്കാതെ ശുചീകരണ തൊഴിലാളികൾക്ക് സുരക്ഷാ വസ്ത്രം വാങ്ങി നൽകി.<br>Written By: Sugunan V. (Asst. Audit Officer, On 01-12-2021)<br>Last Updated By: Shaji E.K (Audit Officer, On 14-01-2022) | 1-24 |

| | | |
|---|---|---|
| 43 | പ്ലാനറ്റേറിയവുമായി സംയോജിപ്പിച്ച് മാർഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കി.<br>Written By: Ilyas T (Senior Grade Auditor, On 01-12-2021)<br>Last Updated By: Shaji E.K (Audit Officer, On 14-01-2022) | 1-25 |
| 44 | ഫോഗിംഗ് മെഷീൻ വാങ്ങൽ ക്രമപ്രകാരമല്ല - നഗരസഭ ഫണ്ടിന് നഷ്ടം.<br>Written By: Sugunan V. (Asst. Audit Officer, On 01-12-2021)<br>Last Updated By: Shaji E.K (Audit Officer, On 14-01-2022) | 1-26 |
| 45 | കുടിവെള്ള വിതരണ ഡപ്പോസിറ്റ് പ്രവൃത്തി - 4 വർഷം കഴിഞ്ഞും പൂർത്തീകരിച്ചില്ല.<br>Written By: Rebitha.T.P (Audit Officer, On 02-12-2021)<br>Last Updated By: Shaji E.K (Audit Officer, On 13-01-2022) | 1-27 |
| 46 | പദ്ധതി മാർഗ്ഗരേഖ പാലിക്കാതെ ഡപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നിക്ഷേപിച്ചു.<br>Written By: Rebitha.T.P (Audit Officer, On 02-12-2021)<br>Last Updated By: Shaji E.K (Audit Officer, On 14-01-2022) | 1-28 |
| 47 | പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായി വികസന ഫണ്ട് ഉപയോഗിച്ച് കക്കൂസ് റിപ്പയർ പദ്ധതിക്ക് തുക ചെലവഴിച്ചു.<br>Written By: Linsha T A (Auditor, On 02-12-2021)<br>Last Updated By: Shaji E.K (Audit Officer, On 14-01-2022) | 1-29 |
| 48 | നഗരസഭ പരിധിയിലെ വലിയ തോടുകൾ, കനാൽ എന്നിവയിൽ നിന്നും ചളിയും മാലിന്യങ്ങളും നീക്കം ചെയ്യൽ - പദ്ധതി നിർവഹണത്തിലെ അപാകതകൾ.<br>Written By: Sugunan V. (Asst. Audit Officer, On 03-12-2021)<br>Last Updated By: Shaji E.K (Audit Officer, On 13-01-2022) | 1-30 |
| 49 | ഗുണനിലവാരമില്ലാത്ത ബാറ്ററികൾ വാങ്ങിയത് സംബന്ധിച്ച്.<br>Written By: P.Shyni (Asst. Audit Officer, On 04-12-2021)<br>Last Updated By: Shaji E.K (Audit Officer, On 13-01-2022) | 1-31 |
| 50 | കുടിവെള്ള വിതരണം നടത്തി തുക ചെലവഴിച്ചത് റീക്കുപ്പ് ചെയ്യാത്തതും മറ്റ് അപാകതകളും.<br>Written By: Shipin Peter.C (Asst. Audit Officer, On 03-12-2021)<br>Last Updated By: Shaji E.K (Audit Officer, On 12-01-2022) | 1-32 |
| 51 | യഥാസമയം വൈദ്യുതി ചാർജ്ജ് അടവാക്കാത്തതിനാൽ കുടിശ്ശിക തുക പിഴ സഹിതം അടവാക്കി.<br>Written By: Shipin Peter.C (Asst. Audit Officer, On 03-12-2021)<br>Last Updated By: Shaji E.K (Audit Officer, On 13-01-2022) | 1-33 |
| 52 | ആദായ നികുതി റിട്ടേണുകൾ യഥാസമയം ഫയൽ ചെയ്യില്ല.<br>Written By: Shipin Peter.C (Asst. Audit Officer, On 03-12-2021)<br>Last Updated By: Shaji E.K (Audit Officer, On 13-01-2022) | 1-34 |
| 53 | സർക്കാർ നിശ്ചയിച്ച നിരക്കിലും കൂടുതൽ തുക ഉൽഘാടന ചടങ്ങുകൾക്ക് ചെലവഴിച്ചു.<br>Written By: Shipin Peter.C (Asst. Audit Officer, On 03-12-2021)<br>Last Updated By: Shaji E.K (Audit Officer, On 14-01-2022) | 1-35 |
| 54 | പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിലെ മരം മുറിച്ച് മാറ്റിയ ചെലവ് തുക തിരികെ ലഭ്യമാക്കാത്തത് സംബന്ധിച്ച്.<br>Written By: Shipin Peter.C (Asst. Audit Officer, On 03-12-2021)<br>Last Updated By: Shaji E.K (Audit Officer, On 14-01-2022) | 1-36 |
| 55 | നഗരസഭയുടെ ചുമതലയിൽ പെടാത്ത കൂട്ടായ്മകൾക്ക് തുക ചെലവഴിച്ചു.<br>Written By: Shipin Peter.C (Asst. Audit Officer, On 03-12-2021)<br>Last Updated By: Shaji E.K (Audit Officer, On 13-01-2022) | 1-37 |
| 56 | എം.എസ്.ഡബ്ല്യു.ടി പ്ലാന്റിൽ സൂപ്പർവൈസറെ നിയമിച്ചതിന് സർക്കാർ അംഗീകാരം ലഭ്യമാക്കിയില്ല.<br>Written By: Shipin Peter.C (Asst. Audit Officer, On 03-12-2021)<br>Last Updated By: Shaji E.K (Audit Officer, On 14-01-2022) | 1-38 |
| 57 | മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങൾക്ക് മുൻകൂറായി അനുവദിച്ച തുക യഥാസമയം അഡ്ജസ്റ്റ് ചെയ്തില്ല.<br>Written By: Shipin Peter.C (Asst. Audit Officer, On 03-12-2021)<br>Last Updated By: Shaji E.K (Audit Officer, On 13-01-2022) | 1-39 |
| 58 | കെ.എസ്.ഇ.ബി.ക്ക് മുൻകൂർ നൽകിയ തുകക്ക് വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല.<br>Written By: Shipin Peter.C (Asst. Audit Officer, On 03-12-2021)<br>Last Updated By: Shaji E.K (Audit Officer, On 14-01-2022) | 1-40 |
| 59 | മരം മുറിച്ച് മാറ്റിയ ചെലവ് - കൈപ്പറ്റ് വിവരം, ലേല നടപടി വിവരം എന്നിവ പരിശോധനക്കായി ലഭ്യമാക്കിയില്ല.<br>Written By: Shipin Peter.C (Asst. Audit Officer, On 03-12-2021)<br>Last Updated By: Shaji E.K (Audit Officer, On 03-01-2022) | 1-41 |
| 60 | കരാർ ചമക്കാതെ നഗരസഭ മൈതാനത്ത് സ്പോർട്സ് കൗൺസിൽ വിഭാഗത്തിന് സൗജന്യ ഔട്ട് ഡോർ ഫിറ്റ്നസ് കേന്ദ്രം അനുവദിച്ചു.<br>Written By: Shipin Peter.C (Asst. Audit Officer, On 03-12-2021)<br>Last Updated By: Shaji E.K (Audit Officer, On 14-01-2022) | 1-42 |
| 61 | കൈപ്പറ്റിയ മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിക്കുന്നില്ല.<br>Written By: Shipin Peter.C (Asst. Audit Officer, On 03-12-2021)<br>Last Updated By: Shaji E.K (Audit Officer, On 14-01-2022) | 1-43 |

| | | |
|---|---|---|
| 62 | ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് ഉടമ്പടിവെക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല.<br>Written By: Praseedakumari M. (Audit Officer, On 07-12-2021)<br>Last Updated By: Shaji E.K (Audit Officer, On 14-01-2022) | 1-44 |
| 63 | ഓഫർ/കരാർ വ്യവസ്ഥകൾക്ക വിരുദ്ധമായി ലഭ്യമാക്കിയ കമ്പ്യൂട്ടറുകൾ കൈപ്പറ്റി,വ്യത്യാസം സർക്കാറിനെ അറിയിച്ചില്ല.<br>Written By: Praseedakumari M. (Audit Officer, On 07-12-2021)<br>Last Updated By: Shaji E.K (Audit Officer, On 14-01-2022) | 1-45 |
| ഭാഗം **2** | | |
| 1 | വസ്തു നികതി നിർണയത്തിൽ പിഴവ് - നഗരസഭയ്ക്ക് നഷ്ടം.<br>Written By: Shaji E.K (Audit Officer, On 10-12-2021)<br>Last Updated By: Shaji E.K (Audit Officer, On 14-01-2022) | 2-1 |
| ഭാഗം **3** | | |
| 1 | പ്രളയ ദുരിതാശ്വാസം - അനർഹർക്ക് ജീവനോപാധി സബ്സിഡി അനുവദിച്ചു.<br>Written By: Ilyas T (Senior Grade Auditor, On 10-12-2021)<br>Last Updated By: Shaji E.K (Audit Officer, On 14-01-2022) | 3-1 |
| 2 | കറവ പശു വളർത്തൽ - മാനദണ്ഡങ്ങൾ പാലിക്കാതെ സബ്സിഡി അനുവദിച്ചു.<br>Written By: Ilyas T (Senior Grade Auditor, On 10-12-2021)<br>Last Updated By: Shaji E.K (Audit Officer, On 13-01-2022) | 3-2 |
| 3 | അജൈവമാലിന്യ സംസ്കരണത്തിന് നഗരസഭയുടെ പ്ലാന്റ് ഉപയോഗപ്പെടുത്തിയിട്ടില്ല.<br>Written By: Ilyas T (Senior Grade Auditor, On 10-12-2021)<br>Last Updated By: Shaji E.K (Audit Officer, On 13-01-2022) | 3-3 |
| 4 | സർക്കാർ ഉത്തരവ് പാലിക്കാതെ ശുചീകരണ തൊഴിലാളികൾക്ക് സുരക്ഷാ വസ്ത്രം വാങ്ങി നൽകി.<br>Written By: Ilyas T (Senior Grade Auditor, On 10-12-2021)<br>Last Updated By: Shaji E.K (Audit Officer, On 14-01-2022) | 3-4 |
| 5 | ഫോഗിംഗ് മെഷീൻ വാങ്ങൽ ക്രമപ്രകാരമല്ല - നഗരസഭ ഫണ്ടിന് നഷ്ടം.<br>Written By: Ilyas T (Senior Grade Auditor, On 10-12-2021)<br>Last Updated By: Shaji E.K (Audit Officer, On 14-01-2022) | 3-5 |
| 6 | പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായി വികസന ഫണ്ട് ഉപയോഗിച്ച് കക്കൂസ് റിപ്പയർ പദ്ധതിക്ക് തുക ചെലവഴിച്ചു.<br>Written By: Ilyas T (Senior Grade Auditor, On 10-12-2021)<br>Last Updated By: Shaji E.K (Audit Officer, On 12-01-2022) | 3-6 |
| 7 | യഥാസമയം വൈദ്യുതി ചാർജ്ജ് അടവാക്കാത്തതിനാൽ കുടിശ്ശിക തുക പിഴ സഹിതം അടവാക്കി.<br>Written By: Ilyas T (Senior Grade Auditor, On 10-12-2021)<br>Last Updated By: Shaji E.K (Audit Officer, On 14-01-2022) | 3-7 |
| 8 | ആദായ നികുതി റിട്ടേണുകൾ യഥാസമയം ഫയൽ ചെയ്തില്ല.<br>Written By: Ilyas T (Senior Grade Auditor, On 10-12-2021)<br>Last Updated By: Shaji E.K (Audit Officer, On 12-01-2022) | 3-8 |
| 9 | നഗരസഭയുടെ ചുമതലയിൽ പെടാത്ത കൂട്ടായ്മകൾക്ക് തുക ചെലവഴിച്ചു.<br>Written By: Ilyas T (Senior Grade Auditor, On 10-12-2021)<br>Last Updated By: Shaji E.K (Audit Officer, On 04-01-2022) | 3-9 |
| 10 | ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനു ഉടമ്പടി വെക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല.<br>Written By: Ilyas T (Senior Grade Auditor, On 10-12-2021)<br>Last Updated By: Shaji E.K (Audit Officer, On 14-01-2022) | 3-10 |
| 11 | ഓഫർ/കരാർ വ്യവസ്ഥകൾക്ക വിരുദ്ധമായി ലഭ്യമാക്കിയ കമ്പ്യൂട്ടറുകൾ കൈപ്പറ്റി, വ്യത്യാസം സർക്കാറിനെ അറിയിച്ചില്ല.<br>Written By: Ilyas T (Senior Grade Auditor, On 10-12-2021)<br>Last Updated By: Shaji E.K (Audit Officer, On 13-01-2022) | 3-11 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം.<br>Written By: Ilyas T (Senior Grade Auditor, On 29-11-2021)<br>Last Updated By: Shaji E.K (Audit Officer, On 12-01-2022) | 4-1 |
| 2 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.<br>Written By: Ilyas T (Senior Grade Auditor, On 29-11-2021)<br>Last Updated By: Shaji E.K (Audit Officer, On 14-01-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.<br>Written By: Ilyas T (Senior Grade Auditor, On 29-11-2021)<br>Last Updated By: Shaji E.K (Audit Officer, On 14-01-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്.<br>Written By: Ilyas T (Senior Grade Auditor, On 29-11-2021)<br>Last Updated By: Shaji E.K (Audit Officer, On 14-01-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങളുടേയും ഓഹരികളുടേയും വിവരങ്ങൾ.<br>Written By: Ilyas T (Senior Grade Auditor, On 29-11-2021)<br>Last Updated By: Shaji E.K (Audit Officer, On 14-01-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി. | 4-6 |

| | | |
|---|---|---|
| | Written By: Ilyas T (Senior Grade Auditor, On 29-11-2021)<br>Last Updated By: Shaji E.K (Audit Officer, On 14-01-2022) | |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Ilyas T (Senior Grade Auditor, On 29-11-2021)<br>Last Updated By: Shaji E.K (Audit Officer, On 14-01-2022) | 4-7 |
| 8 | ചാർജ്ജ് -സർചാർജജ് നടപടികൾ സ്വീകരിച്ചതിന്റെ വിവരം.<br>Written By: Ilyas T (Senior Grade Auditor, On 29-11-2021)<br>Last Updated By: Shaji E.K (Audit Officer, On 14-01-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം.<br>Written By: Ilyas T (Senior Grade Auditor, On 29-11-2021)<br>Last Updated By: Shaji E.K (Audit Officer, On 14-01-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.<br>Written By: Ilyas T (Senior Grade Auditor, On 29-11-2021)<br>Last Updated By: Shaji E.K (Audit Officer, On 14-01-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്.

2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് 26.03.2019 ലെ കൗൺസിൽ യോഗത്തിൽ തീരുമാനം നം. 1 പ്രകാരവും പുതുക്കിയ ബജറ്റ് 30.03.2020ലെ കൗൺസിൽ യോഗത്തിൽ തീരുമാനം നം. 1 പ്രകാരവും അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് തുകകളുടെ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 712634467 |
| വരവ് | 6271796179 |
| ആകെ | 6984430646 |
| ചെലവ് | 6505268890 |
| നീക്കിയിരിപ്പ് | 479161756 |

പുതുക്കിയ ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ (വാർഷിക കണക്ക് പ്രകാരമുള്ളത്) വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | പുതുക്കിയ ബജറ്റ് പ്രകാരം | വാർഷിക കണക്ക് പ്രകാരം | വ്യത്യാസം | | % (+)/(-) |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 712634467.00 | 881643640.78 | 169009173.78 | ---------- | 23.71 |
| വരവ് | 6271796179.00 | 2712418924.00 | ---------- | 3559377255.00 | (-) 56.75 |
| ആകെ | 6984430646.00 | 3594062564.78 | ---------- | 3390368081.22 | (-) 48.54 |
| ചെലവ് | 6505268890.00 | 2913947948.00 | ---------- | 3591320942.00 | (-) 55.20 |
| നീക്കിയിരിപ്പ് | 479161756.00 | 680114616.78 | 200952860.78 | ---------- | 41.94 |

പ്രതീക്ഷിത വരുമാനം രണ്ടിരട്ടിയോളം പെരുപ്പിച്ച് കണക്കാക്കി യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ലാത്ത ബജറ്റാണ് നഗരസഭ അവതരിപ്പിച്ചത്. 30.03.2020 തീയതിയിലെ കൗൺസിൽ യോഗത്തിൽ അംഗീകരിച്ച പാസാക്കിയ പുതുക്കിയ വാർഷിക ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ ആകെ വരവ് 6,98,44,30,646/- രൂപയും, ആകെ ചെലവ് 6,50,52,68,890/- രൂപയും നീക്കിയിരിപ്പ് തുക 47,91,61,756/- രൂപയുമാണ്. ആയത് ഓഡിറ്റിൽ സമർപ്പിച്ച വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക കണക്ക് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ ആകെ വരവ് 3,59,40,62,564.78/- രൂപയും, ആകെ ചെലവ് 2,91,39,47,948/- രൂപയും നീക്കിയിരിപ്പ് തുക 68,01,14,616.78/- രൂപയുമാണ്. നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനോ പുതിയ വരുമാന മാർഗങ്ങൾ കണ്ടെത്തുന്നതിനോ ആവശ്യമായ നടപടികളൊന്നും ബജറ്റ് അവതരണത്തിൽ ഉണ്ടായിരുന്നില്ല.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 293 (1) ൽ നഗരസഭ സ്ഥാപനങ്ങളിൽ ഒരു വർഷത്തേക്ക് വരുന്ന വികസന പദ്ധതികളുടെ ചെലവ് ഉൾപ്പടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബജറ്റ് അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതെങ്ങനെയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വകുപ്പ് 293 (5) പ്രകാരം ഒരു വർഷത്തിനിടയ്ക്ക് അതിന്റെ വരവിനെയോ, അത് ഏറ്റെടുത്തിട്ടുള്ള വിവിധ സർവ്വീസുകൾക്കുള്ള ചെലവിനേയോ സംബന്ധിച്ച് ബജറ്റിൽ കാണിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടത് ആവശ്യമാണെന്ന് കാണുന്നവെങ്കിൽ, സ്റ്റാന്റിംഗ് കമ്മിറ്റി അനുപൂരകമോ പുതുക്കിയതോ ആയ ഒരു ബജറ്റ് തയ്യാറാക്കി, കൗൺസിൽ മുമ്പാകെ വച്ച് അംഗീകാരം വാങ്ങണം. എന്നാൽ 09.03.2020 ൽ നടന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗത്തിൽ 2019-20 സാമ്പത്തിക വർഷത്തിലെ ബജറ്റ് പുതുക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ കാര്യകാരണങ്ങൾ മിനട്സിലോ ബന്ധപ്പെട്ട ഫയലിലോ (ബി.3/72300/19) രേഖപ്പെടുത്തിയിട്ടില്ല.

ഒരു സാമ്പത്തിക വർഷത്തെ 9 മാസത്തെ യഥാർത്ഥ വരവ് ചെലവ് കണക്കുകളുടെയും 3 മാസത്തെ പ്രതീക്ഷിത വരവ് ചെലവ് എസ്റ്റിമേറ്റിന്റേയും അടിസ്ഥാനത്തിലാണ് പുതുക്കിയ ബജറ്റ് തയ്യാറാക്കുന്നത്. 2019-20 സാമ്പത്തിക വർഷത്തിലെ മുന്നിരിപ്പ് 31.03.2019 ന് തന്നെ അറിയാവുന്നതാണ് (88,16,43,640.78/-). എന്നാൽ ആയത് പോലും പരിശോധിക്കാതെയാണ് ബജറ്റ് പുതുക്കിയത്. പുതുക്കിയ ബജറ്റിലെ മുന്നിരിപ്പ് തുകയും വാർഷിക കണക്കിലെ മുന്നിരിപ്പ് തുകയും തമ്മിൽ 16,90,09,173.78/- രൂപയാണ് വ്യത്യാസം. കൂടാതെ വാർഷിക കണക്കുകളിലെ വരവ് ചെലവ്, ബജറ്റ് പ്രകാരമുള്ള അനുമാന രേഖപ്പെടുത്തലുകളും തമ്മിൽ വളരെ വ്യത്യാസം കാണുന്നു. മേൽ വിശദാംശങ്ങളിൽ നിന്നും നഗരസഭ കൗൺസിൽ തൻവർഷം ബജറ്റ് തയ്യാറാക്കി അംഗീകരിച്ചത് 1994 ലെ കേരള മുനിസിപ്പൽ നിയമത്തിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചല്ല എന്നത് വ്യക്തമാണ്.

ആസൂത്രണ സാമ്പത്തിക വ്യവസ്ഥയിൽ സാമ്പത്തിക പ്രവർത്തനങ്ങളുടെ മുന്നൊരുക്കമാണ് ബജറ്റ്. പൂർവ്വകാല സാമ്പത്തിക അനുഭവങ്ങളും നിലവിലെ സാമ്പത്തിക അന്തരീക്ഷവും പരിഗണിച്ചുകൊണ്ടുള്ള വീക്ഷണങ്ങളായിരിക്കണം ബജറ്റിൽ ഉൾപ്പെടേണ്ടത്. ഇത് ആസൂത്രണ സാമ്പത്തിക ശാസ്ത്രം നിർബന്ധിക്കുന്ന നടപടിക്രമമായതിനാൽ പൂർണ്ണമായും ശാസ്ത്രീയ വീക്ഷണം അനിവാര്യമാണ്. സാമ്പത്തിക ഭാവിയാണ് ബജറ്റെങ്കിലും ഇത് ഊഹാപോഹങ്ങളാകരുത്. അനുഭവങ്ങളുടെയും സ്ഥിതിവിവരങ്ങളുടെയും വസ്തുനിഷ്ഠമായ അപഗ്രഥനത്തിലൂടെ ഉൽപാദിപ്പിക്കപ്പെടുന്ന യാഥാർത്ഥ്യത്തോട് നീതിപുലർത്താൻ യോഗ്യമായ സാമ്പത്തിക വിഭാവനങ്ങളാണ് ബജറ്റിൽ ഉൾപ്പെടുത്തേണ്ടത്. ആസൂത്രിത വികസനം തുടർപ്രക്രിയ ആണ് എന്ന തത്വത്തിൽ അധിഷ്ഠിതമായിരിക്കണം ബജറ്റ്.

അർഹമായ പ്രാധാന്യം കൊടുക്കാതെ ബജറ്റ് തയ്യാറാക്കിയതിനുള്ള ഉത്തരവാദിത്തം പ്രധാനമായും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കാണുള്ളത്. പരിമിതമെങ്കിലും മുനിസിപ്പൽ നിയമത്തിൽ നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ ഉദ്യോഗസ്ഥ തലത്തിൽ പാലിക്കപ്പെടുന്നുണ്ടോയെന്ന് നിരീക്ഷിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ കമ്മിറ്റി നല്കേണ്ടതായിരുന്നു. ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിൽ വന്ന വീഴ്ച സ്വയം വിമർശനാത്മകമായി പരിശോധിച്ച് ആവശ്യമായ പരിഹാര നടപടികൾ കമ്മിറ്റി കൈക്കൊള്ളേണ്ടതുണ്ട്. നഗരസഭ ഫണ്ടിന് സാമ്പത്തിക വർഷത്തിൽ ലഭ്യമാകേണ്ട വരവിനങ്ങളെ

സംബന്ധിച്ച് കൃത്യമായ ധാരണ അക്കൗണ്ട്സ് / ധനകാര്യ വിഭാഗത്തിന് ഇല്ലാത്തതും ബജറ്റും വാർഷിക കണക്കും പരസ്പര പൂരകമല്ലാതാക്കിത്തീർത്തു. നഗരസഭയുടെ ബഡ്ജറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിക്കുന്നുണ്ടെങ്കിലും ആയത് പരിഗണിക്കാതെയും, പരിഹരിക്കാതെയുമാണ് നിലവിലും ബഡ്ജറ്റ് തയ്യാറാക്കുന്നത്. ഇക്കാര്യത്തിൽ കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു

## 1-2 വാർഷിക ധനകാര്യ പത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 07.08.2020 | - | - |

## 1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 881643640.78 |
| വരവ് | 2712418924.00 |
| ആകെ | 3594062564.78 |
| ചെലവ് | 2913947948.00 |
| നീക്കിയിരിപ്പ് | 680114616.78 |

## 1-4 ഫണ്ട് വിനിയോഗം.

(അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ളത്).

| ഫണ്ടിനം | ബജറ്റ് അലോട്ട് മെന്റ് | തൻവർഷ അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ആകെ | ചെലവ് | ചെലവ് % | സഞ്ചിത നിധിയിലേക്ക് പോയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതു വിഭാഗം) | 485917000 | 443531563 | 443531563 | 278077418 | 62.69 | 165454145 |
| വികസന ഫണ്ട് (എസ്.സി.പി) | 94170000 | 98813000 | 98813000 | 36350277 | 36.78 | 62462723 |
| വികസന ഫണ്ട് (ടി.എസ്.പി) | 4327000 | 4327000 | 4327000 | ----------- | 0 | 4327000 |
| 14ാം ധനകാര്യ കമീഷൻ ഗ്രാന്റ് | 671437000 | 671437000 | 671437000 | 271406592 | 40.42 | 400030408 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 26223500 | 26223500 | 26223500 | 124691715 | 475.5 | 137543285 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 144293000 | 144293000 | 144293000 | 54086532 | 37.48 | 90206468 |

2018 ൽ സംസ്ഥാനത്ത് സംഭവിച്ച മഹാപ്രളയത്തിൽ സാരമായി നാശനഷ്ടം സംഭവിച്ച വിഭാഗത്തിന് തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനു വേണ്ടി ജീവനോപാധി പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് 23.12.2019 ലെ സ.ഉ (കൈ) 170/2019/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലൂടെ സർക്കാർ താഴെ പറയും പ്രകാരം തുക പട്ടികയിൽ വിവരിച്ച ബഡ്ജറ്റ് അലോട്ട്മെന്റ് കൂടാതെ അനുവദിച്ചിട്ടുണ്ട്.

| ഫണ്ടിനം | തുക |
|---|---|
| വികസന ഫണ്ട് (പൊതു വിഭാഗം) | 26088000 |
| വികസന ഫണ്ട് (എസ്.സി.പി) | 4643000 |

2019-20 വാർഷിക പദ്ധതിയിൽ ആവിഷ്കരിച്ച് ഡി.പി.സി. അംഗീകാരം ലഭിച്ച മുഴുവൻ പദ്ധതികൾ നടപ്പാക്കാതിരുന്നതിനാലും, പദ്ധതി നിർവ്വഹണത്തിനുള്ള നടപടികൾ യഥാസമയം സ്വീകരിക്കാതിരുന്നതിനാലും, സാമ്പത്തികവർഷത്തിന്റെ അവസാന നാളുകളിൽ സമർപ്പിക്കപ്പെട്ട ബില്ലുകൾ ട്രഷറി നിയന്ത്രണംമൂലം പാസാകാതിരുന്നതിനാലും വിവിധ ഇനങ്ങളിലായി അനുവദിക്കപ്പെട്ട 85,56,97,029/- രൂപ (എൺപത്തിയഞ്ച് കോടി അമ്പത്തിയാറ് ലക്ഷം, തൊണ്ണൂറ്റി ഏഴായിരത്തി ഇരുപത്തിയൊൻപത് രൂപ) സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു.

2. നഗരസഭ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം മറ്റ് പ്രവർത്തനങ്ങൾക്കായിട്ടുള്ള ഫണ്ടുകൾ .

| ക്രമ നം | ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1. | സാക്ഷരത | വിവരം ലഭ്യമല്ല | | | | |
| 2. | ദുരിതാശ്വാസ നിധി | 1476276 | 420000 | 1896276 | 637000 | 1259276 |
| 3 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1440 | 16620599 | 16622039 | 12177806 | 4444233 |

| | | | | | | |
|---|---|---|---|---|---|---|
| 4 | എൻ.യു.എൽ.എം | 5362052 | 4027900 | 9389952 | 2615995 | 6773957 |
| 5 | ആർ.എം.എസ്.എ | 15227191 | 539960 | 15767151 | 9216561 | 6550590 |
| 6 | അമൃത് പദ്ധതി ഫണ്ട് | 141878557 | 203973566 | 345852123 | 344196194 | 1655929 |
| 7 | പി.എം.എ.വൈ | 131682706 | 332848443 | 464531149 | 392054751 | 72476398 |
| 8 | എസ്.എൻ.പി. | 41943835 | 15950085 | 57893920 | 26935196 | 30958724 |
| 9 | ആർ.എ.വൈ. | 2676099 | 160180 | 2836279 | 481942 | 2354337 |
| 10 | പൈക്ക | 648687 | --------- | 648687 | --------- | 648687 |
| 11 | ബി ഫണ്ട് | 0 | 372440880 | 372440880 | 372440880 | --------- |
| 12 | പൊതു ആവശ്യ ഗ്രാന്റ് | 561230 | 272856000 | 273417230 | 249455926 | 23961304 |
| 13 | എം.പി.ഫണ്ട് (സി.ഡി.എ) | 110517 | 3716 (പലിശ) | 114233 | --------- | 114233 |

## 1-5 പദ്ധതി അവലോകനം.

2019-20 സാമ്പത്തിക വർഷത്തിൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ.

| നിർവഹണോദ്യോഗസ്ഥൻ | പദ്ധതി കളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികൾ | വകയിരു ത്തിയ തുക | ചെലവ് തുക | ചെലവ് % | ലാപ്സായ തുക |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 12 | 8 | 8982100 | 1537193 | 17.11 | 7444907 |
| സബ് ഇൻസ്പെകടർ ഓഫ് ഫിഷറീസ് | 4 | 2 | 8800000 | 702249 | 7.9 | 8097751 |
| നഗരസഭ സെക്രട്ടറി | 27 | 21 | 223648541 | 217493339 | 97.24 | 6155202 |
| വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർ | 33 | 16 | 112119821 | 52649818 | 46.95 | 59470003 |
| നഗരദാരിദ്ര്യ നിർമാർജന സെൽ പ്രോജക്ട് ഓഫീസർ | 30 | 22 | 126600980 | 60434618 | 47.73 | 66166362 |
| പട്ടികജാതി വികസന ഓഫീസർ | 23 | 16 | 92745012 | 26309839 | 28.36 | 66435173 |
| ഡപ്യൂട്ടി ഡയറക്ടർ (ക്ഷീര വികസനം) | 2 | 1 | 2200000 | 1200000 | 54.54 | 1000000 |
| ഹെൽത്ത് ഓഫീസർ | 26 | 20 | 72177540 | 33335851 | 46.18 | 38841689 |
| സീനിയർ വെറ്ററിനറി സർജൻ | 21 | 14 | 32559162 | 4565850 | 14.02 | 27993312 |
| വ്യവസായ വികസന ഓഫീസർ | 5 | 4 | 3484000 | 1085130 | 31.14 | 2398870 |
| ശിശു വികസന പദ്ധതി ഓഫീസർ | 30 | 22 | 89414584 | 45111134 | 50.45 | 44303450 |
| ഹെൽത്ത് സൂപ്പർവൈസർ | 21 | 8 | 65831454 | 13531777 | 20.55 | 52299677 |

| | | | | | | |
|---|---|---|---|---|---|---|
| കോർപ്പറേഷൻ എഞ്ചിനീയർ | 202 | 19 | 290078482 | 40034096 | 13.80 | 250044386 |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | 278 | 63 | 520602815 | 85691473 | 16.46 | 434911342 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 811 | 220 | 999225342 | 245645733 | 24.58 | 753579609 |
| സൂപ്രണ്ട്, സാമൂഹ്യ ക്ഷേമ വകുപ്പിൽ നിന്നും കൈമാറി കിട്ടിയ ക്ഷേമ സ്ഥാപനം | 1 | 0 | 1700000 | -------- | 0 | 1700000 |
| ആകെ | 1526 | 456 | 2650169833 | 829328100 | 31.29 | 1820841733 |

## 1-6 തനത് വരുമാനം.

വാർഷിക കണക്കുകൾ പ്രകാരം മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 14.93 % ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | % (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 437484742 | 635818893 | 198334151 | (+) 45.31 |
| നികുതിയേതര വരവുകൾ | 308336079 | 221368312 | (-)86967767 | (-) 28.21 |
| ആകെ | 745820821 | 857187205 | 111366384 | (+) 14.93 |

വിവിധ നികുതി, നികുതിയേതര വരവുകളുടെ തൻവർഷ ഡിമാന്റ് രജിസ്റ്ററും, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററും കൃത്യമായി രേഖപ്പെടുത്തലുകൾ നടത്തി സൂക്ഷിച്ചിട്ടില്ലാത്തിനാൽ ഓഡിറ്റിൽ സമർപ്പിച്ച വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ മേൽ കണക്കുകളുടെ നിജസ്ഥിതി പരിശോധിക്കാനായിട്ടില്ല. വാർഷിക കണക്കുകൾ പ്രകാരം (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ.15) നികുതി/ നികുതിയേതരയിനത്തിൽ നഗരസഭക്ക് കുടിശ്ശികയിനത്തിൽ കിട്ടാനുള്ളത് 135,57,93,893.21/- രൂപയാണ്. (നൂറ്റിമുപ്പത്തിയഞ്ച് കോടി അമ്പത്തിയേഴ് ലക്ഷത്തി തൊണ്ണൂറ്റി മൂന്നായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി മൂന്ന് രൂപ ഇരുപത്തി ഒന്ന് പൈസ മാത്രം). വസ്തു നികുതിയിനത്തിൽ മാത്രം 15,16,19,480.78/- രൂപ പിരിച്ചെടുക്കുവാനുണ്ട്.

നഗരസഭയിൽ വസ്തുനികുതിയുടെ അസസ്മെന്റ് വിവരങ്ങളുടെ ഡാറ്റാ എൻട്രി വർഷങ്ങൾക്കു മുമ്പ് ആരംഭിച്ചെങ്കിലും ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവനനികുതിയും) ചട്ടങ്ങളിലെ ചട്ടം 12 പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തു നികുതി, കെട്ടിട ഉടമ നൽകിയ വസ്തുനികുതി റിട്ടേണിന്റെ അടിസ്ഥാനത്തിലോ സ്ഥലത്ത് പോയി വിവരം ശേഖരിച്ചതിന്റെ അടിസ്ഥാനത്തിലോ നിർണ്ണയിക്കുകയും വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു കഴിഞ്ഞാൽ അപ്രകാരമുള്ള നികുതി ഈടാക്കുന്നതിലേയ്ക്കായി ആവശ്യമായ വിവരങ്ങൾ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവനനികുതിയും) ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഫാറം-8ലുള്ള വസ്തു നികുതി ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. നഗരസഭയിൽ ലഭിക്കേണ്ട വസ്തുനികുതിയുടെ ഡിമാന്റ്, വരവ്, കുടിശ്ശിക, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക വരവ് എന്നിവയെക്കുറിച്ച് വ്യക്തമായ കണക്ക് ലഭിക്കണമെങ്കിൽ ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചാൽ മാത്രമേ സാധിക്കൂ. നികുതി കുടിശ്ശിക രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കാത്തതിനാൽ ഈ ഇനത്തിലുള്ള കുടിശ്ശികയുടെ കൃത്യത ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

കുടിശ്ശികയായ വസ്തു നികുതി വസ്തുവിന്മേലുള്ള ആദ്യ ബാദ്ധ്യതയായി 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം 237 -ാം വകുപ്പ് നിഷ്കർഷിച്ചിട്ടും നഗരസഭയ്ക്ക് പിരിഞ്ഞു കിട്ടേണ്ട നികുതി ഒടുക്കാതെ വരുന്ന സാഹചര്യത്തിൽ 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 19 പ്രകാരം സ്വീകരിക്കേണ്ട നടപടികൾ സ്വീകരിച്ചിട്ടില്ല എന്ന് കാണാവുന്നതാണ്. നഗരസഭയ്ക്ക് നിയമപരമായി ലഭിക്കേണ്ട നികുതികൾ പിരിച്ചെടുക്കുന്നതിനും ഈടാക്കേണ്ട ഫീസുകൾ ചുമത്തി യഥാസമയം ഈടാക്കുന്നതിനും ആവശ്യമായ ശ്രദ്ധ ഭരണതലത്തിൽ ചെലുത്തേണ്ടതാണ്.

## 1-7 ക്ഷേമപദ്ധതികൾ.

വിവിധ ക്ഷേമ പദ്ധതികളിലൂടെ തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 834480 | 891 |
| കർഷകതൊഴിലാളി പെൻഷൻ | 3924600 | 742 |
| വിധവാപെൻഷൻ | 132673200 | 24953 |
| വാർദ്ധക്യകാലപെൻഷൻ | 181348800 | 4108 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 27331200 | 5156 |
| 50 വയസ്സിന മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 18948600 | 3540 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 7050000 | 235 |
| മിശ്ര വിവാഹ ധനസഹായം | 330000 | 11 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ.

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6 (4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന എല്ലാ മാസവും സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തിയിട്ടുണ്ട്. പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ അതതു സമയം പ്രത്യേക റിപ്പോർട്ടുകളായി നഗരസഭ സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

## 1-9 ആഭ്യന്തര നിയന്ത്രണം.

മനുഷ്യവിഭവശേഷിയുടെ കാര്യക്ഷമവും ഫലപ്രദവുമായ വിനിയോഗം ഉറപ്പുവരുത്തി സ്ഥാപനത്തിന്റെ ലക്ഷ്യം നേടാൻ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ പ്രവർത്തനസജ്ജമാകണം. അധികാര – ഉത്തരവാദിത്ത ബന്ധങ്ങളെ കൃത്യമായി നിർവ്വചിച്ചുകൊണ്ടുള്ള ഉദ്യോഗസ്ഥ സംഘടനാസംവിധാനം, ശക്തവും കാര്യക്ഷമവുമായ മേൽനോട്ടത്തിൽ ചുമതലാ നിർവ്വഹണം, നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും കാര്യക്ഷമമായ വിനിമയം, കൃത്യമായ ഇൻഡക്സിങ്ങ് സംവിധാനത്തോടെയും സുരക്ഷിതവും സുഗമവുമായ രീതിയിലുള്ള രേഖകളുടെ സൂക്ഷിപ്പ് എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള പ്രതിബദ്ധത ഉറപ്പുവരുത്തൽ എന്നിവയാണ് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനം. നഗരസഭയുടെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഇത്തരത്തിൽ ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്.

നഗരസഭയുടെ ഭരണപരമായ സൗകര്യത്തിനായി ജനറൽ അഡ്മിനിസ്ട്രേഷൻ, റവന്യൂ, ഹെൽത്ത്, എഞ്ചിനീയറിംഗ്, ടൗൺ പ്ലാനിംഗ് തുടങ്ങിയ വിഭാഗങ്ങൾ പ്രവർത്തിച്ചു വരുന്നു. എന്നാൽ വിവിധ സെക്ഷനുകൾ തമ്മിലുള്ള ഏകോപനമില്ലായ്മമൂലം നഗരസഭയുടെ സാമ്പത്തികവും സാമ്പത്തികേതരവുമായ വിഷയങ്ങളിൽ ആധികാരികമായ റിപ്പോർട്ടുകൾ ക്രോഡീകരിച്ച് സർക്കാർ മുമ്പാകെയോ ഓഡിറ്റ് മുമ്പാകെയോ പൊതുജനങ്ങൾക്കായോ നൽകുന്നതിന് ബുദ്ധിമുട്ട് നേരിടുന്നു. ഓഡിറ്റ് കാലയളവിൽ ഓഫീസ് പ്രവർത്തനങ്ങളിലും പദ്ധതി നിർവ്വഹണത്തിലും മറ്റു പ്രവർത്തനങ്ങളിലും ചട്ടങ്ങളും ഉത്തരവുകളും പാലിക്കുന്നതിൽ ഉണ്ടായ അനാസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് ബോധ്യപ്പെടുന്നു. കണക്കു സൂക്ഷിപ്പ്, വരുമാനം കണക്കാക്കലും പിരിച്ചെടുക്കലും, ചെലവുകൾ വഹിക്കുന്ന രീതി, പ്രവർത്തനങ്ങളുടെ സ്ഥാപന തല വിലയിരുത്തൽ എന്നീ തലങ്ങളിൽ പോരായ്മകൾ നിലനിൽക്കുന്നുണ്ട്. സ്ഥാപനത്തിന്റെ വരുമാനത്തെയും, നിയമപരമായ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിലെ കാര്യക്ഷമതയെയും പ്രതികൂലമായി ബാധിക്കുന്ന പോരായ്മകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

1. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കാത്തതിനാൽ വലിയ അളവിൽ വരുമാനനഷ്ടം ഉണ്ടാകുന്നുണ്ട്. വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ വേണ്ടത്ര വിലയിരുത്തലുകൾ നടത്തിയിട്ടില്ല. തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല. നഗരസഭ പരിധിയിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളെയും വ്യാപാരികളെയും കമ്പനികളെയും കണ്ടെത്തി തൊഴിൽ നികുതി നിർണ്ണയ പരിധിയിൽ കൊണ്ടുവന്ന് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും, നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വ്യാപാര സ്ഥാപനങ്ങൾക്കും ഡി & ഒ ലൈസൻസുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി വേണ്ടത്ര ഇടപെടൽ നടത്തിയിട്ടില്ല. വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും ഇതിനായി എല്ലാ യോഗങ്ങളിലും സ്ഥിരം അജണ്ടയായി ഇത് ഉൾപ്പെടുത്താവുന്നതുമാണ്.

2. വൗച്ചറുകളുടെ സൂക്ഷിപ്പ് വൗച്ചർ നമ്പർ അടിസ്ഥാനത്തിലാണെങ്കിലും അക്കൗണ്ട് ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന പ്രകാരം വൗച്ചറുകളുടെ ലിസ്റ്റ് ഓരോ മാസത്തെയും വൗച്ചറുകളുടെ ഫേസിംഗ് ഷീറ്റായി പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല. ഇത് മൂലം മിസ്സിംഗ് വൗച്ചർ, ക്യാൻസൽ ചെയ്ത വൗച്ചർ എന്നിവയുണ്ടോയെന്ന് പ്രത്യക്ഷത്തിൽ ശ്രദ്ധയിൽ പെടുന്നില്ല.

3. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും നഗരസഭയിൽ തയ്യാറാക്കിയിട്ടില്ല. ഇതുമൂലം ഘടക സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവയുടെ സാധന സേവന ആവശ്യകതകൾ മുൻകൂട്ടി തിരിച്ചറിഞ്ഞ് ഏകീകൃതമായി സമാഹരിക്കുന്നതിന് സാധിച്ചിട്ടില്ല. വാർഷാരംഭത്തിൽ തന്നെ വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനു പകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ/ വകുപ്പ് തലവൻമാർ പലപ്പോഴായി വാങ്ങുന്ന രീതിയാണ് അവലംബിക്കുന്നത്. പ്രൊക്യൂർമെന്റ് കമ്മിററിയുടെ മിനട്സ് പരിശോധിച്ചതിൽ വിവിധ വാങ്ങലുകൾക്കായി ടെണ്ടർ ക്ഷണിക്കുന്നതിന് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്നതിലും ക്വാട്ട് ചെയ്ത ടെണ്ടറുകൾ അംഗീകരിക്കുന്നതിന് ഭരണസമിതിയിലേക്ക് ശുപാർശ ചെയ്യുന്നതിലും മാത്രമായി പ്രൊക്യൂർമെന്റ് കമ്മിററിയുടെ പ്രവർത്തനം ഒതുങ്ങി നിൽക്കുന്നതായാണ് കാണുന്നത്.

4. നഗരസഭ വിവിധ ഏജൻസികൾക്ക് ഡപ്പോസിറ്റ് പ്രവൃത്തിയ്ക്കായി നൽകുന്ന തുക കരാർ കാലാവധിക്കുള്ളിൽ നിർവ്വഹണ ഏജൻസികൾ വിനിയോഗിക്കുന്നുവെന്ന് ഉറപ്പു വരുത്തുവാൻനടപടികൾ കൈക്കൊള്ളുന്നില്ല.

5. ഫർണ്ണിച്ചർ ഉൾപ്പെടെയുള്ള ആസ്തികൾ വർഷാന്ത്യത്തിലെങ്കിലും ഫിസിക്കൽ വെരിഫിക്കേഷൻ നടത്തുന്നില്ല. കൂടാതെ ഇവയുടെ കൃത്യമായ മൂല്യം വാർഷിക കണക്കിലും ഉൾപ്പെടുത്തിയിട്ടില്ല. വർഷാവർഷം വാങ്ങുന്ന ജംഗമ ആസ്തികളുടെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നുമില്ല. ഭാവിയിൽ ആസ്തികൾ നഷ്ടപ്പെട്ടു പോകുവാൻ ഇത് ഇടയാക്കുന്നതാണ്.

6. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 16.01.2016ലെ എ.ബി.2/703/ത.സ്വ.ഭ.വ/നമ്പർ സർക്കുലർ പ്രകാരം തദ്ദേശഭരണ സ്ഥാപനത്തിലേക്കു വാങ്ങുന്ന കമ്പ്യൂട്ടറുകൾ, യു.പി.എസ്, ഫോട്ടോസ്റ്റാറ്റ് മെഷീൻ, പ്രിന്ററുകൾ എന്നിവ പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും അവ അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്. എന്നാൽ നഗരസഭയിൽ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കായി ഇപ്രകാരം രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

7. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 11.02.2015 ലെ 5667/എബി.1/13/തസ്വഭവ നം. സർക്കുലർ പ്രകാരം കൈമാറികിട്ടിയ സ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാർ ഉൾപ്പടെ നഗരസഭ ജീവനക്കാരുടെ വ്യക്തിപരമായതും ഔദ്യോഗികപരമായതുമായ അടിസ്ഥാന വിവരങ്ങൾ (ഫോൺ നം. ഉൾപ്പടെ) ലഭ്യമാക്കി മാസ്റ്റർ ഇൻകമ്പൻസി രജിസ്റ്റർ തയ്യാറാക്കണം. നഗരസഭയിൽ ഇത്തരത്തിലുള്ള രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

8. ഓഡിറ്റ് പരാമർശങ്ങൾക്ക് സമയബന്ധിതമായി മറുപടി നഗരസഭ ലഭ്യമാക്കുന്നില്ല. ആവശ്യപ്പെടുന്ന രേഖകൾ യഥാസമയം ഓഡിറ്റിന് ഹാജരാക്കാനും, ഓഡിറ്റ് അന്വേഷണങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കാനും റിപ്പോർട്ടിലെ പരാമർശങ്ങളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കാനും നഗരസഭ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. തീർപ്പാകാത്ത ഓഡിറ്റ് റിപ്പോർട്ടുകളിന്മേലുള്ള തുടർ നടപടികൾ അടിയന്തിര പ്രാധാന്യത്തോടെ സ്വീകരിക്കേണ്ടതും റിപ്പോർട്ടുകളിന്മേലുള്ള തടസ്സവാദം തീർപ്പാക്കേണ്ടതുമാണ്.

9. മറ്റ് പോരായ്മകൾ.

I. വസ്തു നികുതി സംബന്ധിച്ച് സഞ്ചയ സോഫ്റ്റ് വെയറും, അക്കൗണ്ടിംഗ് സോഫ്റ്റ് വെയറായ സാംഖ്യയും തമ്മിൽ ഇന്റഗ്രേഷൻ പൂർത്തിയാക്കിയിട്ടില്ല.

Ii. സാംഖ്യ സോഫ്റ്റ് വെയറുമായി ബന്ധപ്പെട്ട പോരായ്മകൾ.

2007 ൽ നഗരസഭ അക്കൗണ്ടിംഗ് ചട്ടങ്ങൾ നിലവിൽ വന്നതിനെ തുടർന്ന് അക്രൂവൽ അടിസ്ഥാനമാക്കിയുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് നഗരസഭകൾ കണക്കുകൾ രേഖപ്പെടുത്തുന്നത്. വരവു ചെലവുകൾ അക്രൂവൽ അടിസ്ഥാനമാക്കിയുള്ള ഡബിൾ എൻട്രി സമ്പദായത്തിൽ അക്കൗണ്ട് ചെയ്യുന്നതിന് ഉപയോഗിക്കുന്ന സോഫ്റ്റ് വെയറായ സാംഖ്യയിലെ ചില പോരായ്മകൾ താഴെ കൊടുക്കുന്നു.

(എ) കേന്ദ്ര,സംസ്ഥാനാവിഷ്കൃത പദ്ധതികൾ, മറ്റ് സ്ഥാപനങ്ങൾ, ഏജൻസികൾ എന്നിവയിൽ നിന്നുള്ള വരവുകൾ, പ്രത്യേക ആവശ്യ ഗ്രാന്റ് എന്നിവയെല്ലാം സാംഖ്യയിൽ ഒരേ ബാധ്യത ഹെഡ് മാത്രമാണ് നിലവിലുള്ളത്. ആയത് അക്കൗണ്ടിംഗിൽ വലിയ പ്രയാസം സൃഷ്ടിക്കുന്നുണ്ട്.

(ബി) നഗരസഭയുടെ അക്കൗണ്ടിലേക്ക് NEFT, RTGS തുടങ്ങിയ ഓൺലൈൻ സംവിധാനങ്ങൾ വഴി അടവാക്കുന്ന തുകകളുടെ വിശദാംശങ്ങൾ യഥാസമയം ലഭിക്കാത്തതിനാൽ പ്രസ്തുത മാസം തന്നെ രശീതി രേഖപ്പെടുത്താനോ, റീകൺസിലേഷൻ നടത്താനോ സാധിക്കാത്ത സാഹചര്യമാണ്. പെൻഡിംഗ് ടാസ്ക് സംവിധാനം ഉള്ളതിനാൽ വർഷാന്ത്യത്തിലുള്ള റീകൺസിലിയേഷൻ നടത്തുന്നുണ്ട്.

## 1-10 ഓഡിറ്റ് ഇമ്പാക്ട്.

2019 - 20 സാമ്പത്തിക വർഷത്തെ ഓഡിറ്റ് കാലയളവിൽ നൽകിയ അന്വേഷണക്കുറിപ്പുകളുടെ അടിസ്ഥാനത്തിൽ 97,525/- രൂപ നഗരസഭ ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | അന്വേഷണക്കുറിപ്പ് നം./തീയതി | വിഷയം | അടവാക്കിയ തുക | രസീതി നം, തീയതി |
|---|---|---|---|---|
| 1 | 06, 05.02.2021 | വസ്തു നികതി നിർണ്ണയിച്ചതിലെ അപാകതകൾ | 12827 | 05/121050500006, 28.06.2021 |
| 2 | | | 12186 | 05/121050500007, 28.06.2021 |
| 3 | | | 3226 | 05/121050101689, 08.07.2021 |
| 4 | | | 3171 | 05/121050101690, 08.07.2021 |
| 5 | | | 3229 | 05/121050101691, 08.07.2021 |
| 6 | | | 3588 | 05/121050101692, 08.07.2021 |
| 7 | | | 3535 | 05/121050101693, 08.07.2021 |
| 8 | | | 2947 | 05/121050101694, 08.07.2021 |
| 9 | | | 2831 | 05/121050101695, 08.07.2021 |
| 10 | | | 2849 | 05/121050101696, 08.07.2021 |
| 11 | 33/28.07.2021 | ലീസ് തുക വരവ് വന്നിട്ടില്ല | 6432 | 12023106850, 21.01.2021 |
| 12 | | | 1950 | 12023110379, 05.03.2021 |
| 13 | | | 5444 | 12123105589, 25.09.2021 |
| 14 | ആകെ09/08.01.2021ആകെ | തൊഴിൽ നികുതി അപാകതകൾ | 370 | 120080104827, 09.03.2021 |

| | | | | |
|---|---|---|---|---|
| 15 | | | 390 | 120080106000, 23.03.2021 |
| 16 | | | 250 | 120080104039, 25.02.2021 |
| 17 | | | 400 | 120080104871, 09.03.2021 |
| 18 | 57/23.09.2021 | കുടിവെള്ള വിതരണം നടത്തിയതിലെ അപാകതകൾ | 17370 | 121340115553/01.12.2021 |
| | | | 14530 | 121340115552/01.12.2021 |
| ആകെ | | | 97525 | |

## 1-11 സ്ഥാപനത്തിൽ മറ്റ് ഓഡിറ്റ് വിഭാഗങ്ങൾ ഓഡിറ്റ് നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് വിഭാഗം | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ്/ വർഷം | ഓഡിറ്റ് റിപ്പോർട്ട് സ്ഥാപനത്തിന് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.02.2021 മുതൽ 26.02.2021 വരെ | 2019-20 | 27.07.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.02.2020 മുതൽ 19.03.2020 വരെ | 2018-19 | 21.09.2020 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ.

2019-20 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചപ്പോൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വരവിനങ്ങളായ വസ്തുനികുതി, തൊഴിൽ നികുതി, ഡി. &. ഒ. ലൈസൻസ് ഫീസ്, കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ്, കെട്ടിട വാടക എന്നിവയുടെ ഡിമാന്റ് രജിസ്റ്റർ, വസ്തുനികുതി, തൊഴിൽ നികുതി എന്നീ ഇനങ്ങളുടെ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധനക്ക് ഹാജരാക്കാത്തതിനാൽ ഇത് സംബന്ധിച്ച് വാർഷിക കണക്കിലെ രേഖപ്പെടുത്തലുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2. അഡ്വാൻസ് രജിസ്റ്റർ, ഡപ്പോസിറ്റ് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ വാർഷിക കണക്കിലെ തുകകളുടെ കൃത്യത ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടില്ല.

3. ബാലൻസ് ഷീറ്റിലെ, ഷെഡ്യൂൾ ബി.14 ൽ Stock In Hand ആയി 2016-17, 2017-18, 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ ഒരേ തുക തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത് (11,87,18,812/-). Stock In Hand ആയി രേഖപ്പെടുത്തിയ തുകകളുടെ വിശദാംശം ലഭ്യമല്ല.

4. ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ വാർഷിക കണക്കിലെ രേഖപ്പെടുത്തലുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5. പലവക ഡിമാന്റ് രജിസ്റ്റർ ഹാജരാക്കാത്തതിനാൽ വരവ് ചെലവ് പത്രികയിലെ ഷെഡ്യൂൾ ആർ.പി.4, ആർ.പി.5 എന്നിവയിലെ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

6. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി.4 ൽ ഗുണഭോക്തൃ വിഹിതം എന്ന ഹെഡിലുള്ള 1,44,76,152/- രൂപയുടെ വിശദാംശം ലഭ്യമല്ല.

മേൽ അപാകതകൾ പരിഹരിച്ച് പരിശോധനയ്ക്ക് അറിയിക്കേണ്ടതാണ്.

## 1-13 ജില്ല ആസൂത്രണ സമിതിയുടെ അംഗീകാരമില്ലാതെ പദ്ധതികൾക്കായി തുക ചെലവഴിച്ചു.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 51 ഉപവകുപ്പ് (2) പ്രകാരം ഓരോ നഗരസഭയും ഓരോ വർഷവും നിർണ്ണയിക്കപ്പെട്ട രീതിയിൽ ആ നഗരസഭ പ്രദേശത്തിനു വേണ്ടി അടുത്ത വർഷത്തേക്കുള്ള ഒരു വികസന പദ്ധതി നഗരസഭ വാർഡ് കമ്മിറ്റികളോ വാർഡ് സഭകളോ അതിന് സമർപ്പിച്ച വികസന പദ്ധതികൾ പരിഗണിച്ചു കൊണ്ട് തയ്യാറാക്കേണ്ടതും അത് നിർണ്ണയിക്കപ്പെടുന്ന തീയതിക്കു മുമ്പായി ജില്ല ആസൂത്രണ കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. കേന്ദ്ര, സംസ്ഥാന സർക്കാറുകൾ വിവിധ ഏജൻസികൾ നഗരസഭ മുഖേന പ്രദേശത്ത് നടപ്പാക്കുന്ന പദ്ധതികൾ, നഗരസഭയുടെ ആസ്തികളിൽ എം.പി.മാരുടെയും, എം.എൽ.എ. മാരുടെയും വികസന ഫണ്ടുകൾ വിനിയോഗിച്ച് നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികൾ, കേന്ദ്ര പദ്ധതികളായ അമൃത്, ആർ.എം.എസ്.എ. മുഖേന നടപ്പിലാക്കിയ പദ്ധതികൾ തുടങ്ങിയവയ്ക്കും ജില്ല ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങണം.

പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ [സ.ഉ(കൈ)നം.17/2018/ത.സ്വ.ഭ.വ, തീയ്യതി.02.02.2018] ഖണ്ഡിക. 2.3.(5) പ്രകാരം തദ്ദേശഭരണ സ്ഥാപനം അതിന്റെ അതിർത്തിക്കുള്ളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന എല്ലാ വികസന പ്രവർത്തനങ്ങളും കേന്ദ്ര – സംസ്ഥാനാവിഷ്കൃത പദ്ധതികളും പ്രാദേശിക പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനം തങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയോ അല്ലാതെയോ ചെയ്യേണ്ടുന്നതും, തദ്ദേശഭരണ സ്ഥാപനവുമായി ചേർന്നോ അല്ലാതെയോ മറ്റ് വകുപ്പുകളോ ഏജൻസികളോ, സ്ഥാപനങ്ങളോ, സംഘടനകളോ, മിഷനുകളോ, വ്യക്തികളോ ചെയ്യേണ്ടുന്നതും വിവിധ മേഖലകളിൽപ്പെടുന്നതുമായ പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് സമഗ്ര പരിപാടികൾ തയ്യാറാക്കണം. ഇപ്രകാരം തയ്യാറാക്കുന്ന സമഗ്ര പരിപാടിയിൽ വിഭവസമാഹരണവും, സമഗ്രതയും ഉറപ്പ് വരുത്തുന്നതിനായി അതത് തദ്ദേശഭരണ സ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന നിയോജക മണ്ഡലാടിസ്ഥാനത്തിൽ അതത് എം.എൽ.എ, എം.പി.മാരുടെ നേതൃത്വത്തിൽ യോഗം ചേർന്ന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി സംയോജനം നടത്തണം. മാർഗ്ഗരേഖ ഖണ്ഡിക. 3.5.5(1) പ്രകാരം സമഗ്ര പരിപാടികളുടെ വിശദാംശങ്ങളും സംയോജന സാദ്ധ്യതകളും പദ്ധതി രേഖയുടെ അദ്ധ്യായം.9 ൽ ഉൾപ്പെടുത്തണം. ഖണ്ഡിക. 3.5.5(5) പ്രകാരം ഒരു സമഗ്ര പരിപാടിയുടെ ഭാഗമായി ഏറ്റെടുക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് പ്രത്യേകം തിരിച്ചറിയുന്നതിന് അവയുടെ സംഗ്രഹ വിവരങ്ങൾ ഒരു റിപ്പോർട്ട് രൂപത്തിൽ തയ്യാറാക്കേണ്ടതും

സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്. തുടർന്ന് സ്റ്റാന്റിംഗ് കമ്മറ്റികൾ അന്തിമരൂപം നൽകിയ പദ്ധതികൾ ഭരണസമിതി യോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങി ജില്ല ആസൂത്രണ സമിതിയുടെ അംഗീകാരത്തിന സമർപ്പിക്കണം.

മുനിസിപ്പൽ നിയമത്തിലെയും, പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖയിലെയും വ്യവസ്ഥകൾ പാലിച്ചല്ല നഗരസഭ കൗൺസിൽ വാർഷിക പദ്ധതികൾ അംഗീകരിച്ച് ജില്ല ആസൂത്രണസമിതിയുടെ അംഗീകാരത്തിനായി നൽകിയത്. നഗരസഭയുടെ വിവിധ ബാങ്ക് അക്കൗണ്ടുകൾ, മറ്റ് ചെലവ് രേഖകൾ തുടങ്ങിയവ പരിശോധിച്ചതിൽ നിന്നും കേന്ദ്ര, സംസ്ഥാന സർക്കാരുകൾ അനുവദിച്ച തുക, തനത് ഫണ്ട് തുടങ്ങിയവ ഉപയോഗിച്ച് 2019-20 സാമ്പത്തിക വർഷത്തിൽ 241 മരാമത്ത് പ്രവൃത്തികൾക്ക് 37,66,24,636/- രൂപ ചെലവഴിച്ചു. മേൽ പദ്ധതികൾക്ക് ഡി.പി.സി. അംഗീകാരം ലഭ്യമാക്കിയിട്ടില്ല. നഗരസഭയിലെ പ്ലാനിംഗ് വിഭാഗം സർക്കാരിനും, ഓഡിറ്റ് വിഭാഗത്തിനും സമർപ്പിച്ച പദ്ധതികളുടെ ചെലവ് പത്രികയിൽ (സുലേഖ) സംസ്ഥാന സർക്കാർ അനുവദിച്ച തുകയുടെ ചെലവിന്റെ വിശദാംശങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ചെലവിന്റെ സംഗ്രഹം താഴെ കൊടുക്കുന്നു.

| | ഫണ്ടിനം | ചെലവഴിച്ച തുക |
|---|---|---|
| 1 | തനത് ഫണ്ട് (അക്കൗണ്ട് നം 67109350615) | 7,51,48,784 |
| 2 | മുൻ സി.ഡി.എ. പ്ലാൻ ഫണ്ട് (TPA123) | 33,45,359 |
| 3 | അമൃത് പദ്ധതികൾ (അക്കൗണ്ട് നം.1423000105451363) | 28,71,91,553 |
| 4 | ആർ.എം.എസ്.എ. (അക്കൗണ്ട് നം.1423000105456702) | 92,12,890 |
| 5 | എം.പി, എം.എൽ.എ. ഫണ്ട്. (അക്കൗണ്ട് നം.1423000105445089) | 17,26,050 |
| ആകെ | | 37,66,24,636 |

അപാകതകൾ ചൂണ്ടിക്കാണിച്ച് 07.09.2021 ന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.47/2019-20) മറുപടിയായി എം.എൽ.എ, എം.പി, അമൃത് തുടങ്ങിയ ഫണ്ടുകൾ വിനിയോഗിച്ച് നടത്തിയിരുന്ന മരാമത്ത് പ്രവൃത്തികൾ ഇതു വരെയും നഗരസഭയുടെ വാർഷിക പദ്ധതികളുടെ ഭാഗമാക്കിയിരുന്നില്ല എന്നും വരുംവർഷങ്ങളിൽ നഗരസഭയുടെ എല്ലാ പ്രവൃത്തികളും വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതാണ് എന്നുമാണ് 13.10.2021 ന് നഗരസഭ സെക്രട്ടറി അറിയിച്ചിട്ടുള്ളത്.

മേൽ മറുപടി പൂർണ്ണമായും അംഗീകരിക്കുവാൻ കഴിയുന്നതല്ല. 05.03.2020 ലെ കൗൺസിൽ യോഗത്തിലാണ് 2019-20 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതികൾക്ക് അന്തിമ അംഗീകാരം നൽകിയത്. (തീരുമാനം. നം.84) 09/03/202ലെ 64750/2019/DPC/DPO/KKD നം ഉത്തരവിലൂടെയാണ് നഗരസഭയുടെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതികൾക്ക് ഡി.പി.സി.യുടെ അന്തിമ അംഗീകാരം ലഭിച്ചത്. 2019 ഏപ്രിൽ മുതൽ തന്നെ തനത് ഫണ്ടിൽ നിന്നും പദ്ധതികൾക്ക് തുക നൽകിയിട്ടുണ്ട്. അംഗീകാരം ലഭിച്ച 1531 പദ്ധതികളിൽ 843 എണ്ണം സ്പിൽ ഓവർ പദ്ധതികളും, 688 എണ്ണം പുതിയ പദ്ധതികളുമാണ്. ആയതിനാൽ നിലവിലുണ്ടായ പോരായ്മകൾ പരിഹരിച്ച് വരും വർഷങ്ങളിൽ സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ പാഴാക്കാതെ സമയബന്ധിതമായി വിനിയോഗിക്കുന്നതിന് വർഷാരംഭത്തിൽതന്നെ തയ്യാറെടുപ്പുകൾ നടത്തേണ്ടതാണ്. ഈ വിഷയത്തിൽ നഗരസഭ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 വസ്തു നികതി പരിഷ്കരണം പൂർത്തീകരിക്കാത്തതും മറ്റ് അപാകതകളും.

നഗരസഭയിലെ തനതുവരവിലേയ്ക്കുള്ള പ്രധാന സ്രോതസ്സാണ് വസ്തു നികതി. പൊതുജനങ്ങളിൽ നിന്നും പിരിച്ചെടുക്കുന്ന വസ്തുനികതി നിർണ്ണയിക്കുന്നതിലും ഡിമാന്റ് ചെയ്യുന്നതിലും ആയത് രേഖപ്പെടുത്തി സൂക്ഷിക്കുന്നതിലും നഗരസഭ മെയിൻ ഓഫീസിലും മേഖല കാര്യാലയങ്ങളിലും അനുവർത്തിക്കുന്ന നിലവിലെ രീതി പരിശോധിക്കുകയുണ്ടായി. അടിസ്ഥാന നികതിയിൽ വർദ്ധനവ് വരുത്തുന്ന ഘടകങ്ങൾ, കെട്ടിടത്തിന്റെ ഉപയോഗം അടിസ്ഥാനപ്പെടുത്തിയ തരംതിരിവ് എന്നിവ തെറ്റായി കണക്കിലെടുക്കുന്നതു മൂലം ഈയിനത്തിൽ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. കേരള മുനിസിപ്പാലിറ്റി നിയമം 235-ാം വകുപ്പ് പ്രകാരം നികതി ഒഴിവാക്കിയ കെട്ടിടങ്ങളുടെ പട്ടികയും നഗരസഭയുടെ കൈവശമില്ലാത്തതാണ്. കൂടാതെ നഗരസഭയിലേക്ക് 2010 ൽ കൂട്ടിചേർക്കപ്പെട്ട പ്രദേശങ്ങളെ പൂർണ്ണമായും പ്രഥമമേഖലയിൽ നിന്ന് ഒഴിവാക്കിയത് ഗണ്യമായ വരുമാന ചോർച്ചയ്ക്ക് കാരണമായിട്ടുള്ളതാണ്. നഗരസഭയിൽ ഏകീകൃത സ്വഭാവമില്ലാതെ വസ്തു നികതിയിൽ ഇളവ് അനുവദിച്ചതും വരുമാന ചോർച്ച വരുത്തി. ചട്ടങ്ങൾ ലംഘിച്ച് അനധികൃത നിർമ്മാണങ്ങൾ നടത്തിയ കെട്ടിടങ്ങളിൽ നിന്ന് പൂർണ്ണമായും വസ്തു നികതി ഈടാക്കുവാൻ നഗരസഭയ്ക്ക് കഴിഞ്ഞില്ല. പൊതുവായതും സമാന സ്വഭാവത്തിലുള്ളതുമായ നിരീക്ഷണങ്ങൾ ക്രോഡീകരിച്ചാണ് ഖണ്ഡികകൾ രൂപീകരിച്ചിട്ടുള്ളത്. പൊതു സ്വഭാവത്തിലുള്ള അപാകതകൾ വിശദീകരിക്കുന്നതിനാവശ്യമായ ഉദാഹരണങ്ങൾ മാത്രമാണ് ഇതു സംബന്ധിച്ച ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

### 1-14.1 വസ്തു നികുതി : നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല, രജിസ്റ്ററുകളും രേഖകളും തയ്യാറാക്കിയിട്ടില്ല.

06.03.2019 ലെ സ.ഉ (സാധാ) 540/2019/ത.സ്വ.ഭ.വ. നം. ഉത്തരവിലൂടെ നഗരസഭകളിലെ നിലവിലെ കെട്ടിടങ്ങളുടെ വസ്തു നികതി പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ പരിഷ്കരിക്കുന്നതിന്റെ പ്രാബല്യ തീയതി 01.04.2016 ആയി പുതുക്കി സർക്കാർ നിശ്ചയിച്ചു. പ്രസ്തുത ഉത്തരവിൽ, വസ്തു നികതി പരിഷ്കരണം പൂർത്തിയാക്കാത്ത നഗരസഭകൾ തങ്ങളുടെ പരിധിയിലെ എല്ലാ കെട്ടിടങ്ങളുടെയും വിവരശേഖരണം, ഫോറം നമ്പർ.6 ലെ ഡാറ്റാ എൻട്രി, വെരിഫിക്കേഷൻ, അപ്രൂവൽ വരെയുള്ള എല്ലാ ഓഫീസ് നടപടിക്രമങ്ങളും 2019 ജൂൺ മുതൽ 2019 സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്നും ഇത് സംബന്ധിച്ച പുരോഗതി നഗരകാര്യ ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കോർപ്പറേഷനിലെയും മേഖലാ കാര്യാലയങ്ങളിലെയും വസ്തു നികതി ഡാറ്റാ എൻട്രി പൂർത്തിയാക്കാത്തതിനാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും 2019-20 സാമ്പത്തിക വർഷ വസ്തു നികതി ഡിമാന്റ് രജിസ്റ്റർ ജനറേറ്റ് ചെയ്യാനാവാത്ത സാഹചര്യമാണുള്ളത്. മാന്വലായി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുകയും ചെയ്തിട്ടില്ല. നഗരസഭ പരിധിയിലെ കെട്ടിടങ്ങളുടെ നികതി നിർണ്ണയ വിവരങ്ങൾ പൂർണ്ണമായും ഉൾപ്പെടുത്താത്തതിനാൽ സഞ്ചയ സോഫ്റ്റ് വെയർ മുഖാന്തിരം ലഭ്യമാകുന്ന കെട്ടിടങ്ങളുടെ എണ്ണത്തിനും, ഡി.സി.ബി. പത്രികയിലെയും, ഓഡിറ്റിനായി സമർപ്പിച്ച വാർഷിക ധനകാര്യ പത്രികയിലെ രേഖപ്പെടുത്തലുകൾക്കും ആധികാരികതയില്ല.

നഗരസഭയുടെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുന്നതിനായി ബേപ്പൂർ മേഖല കാര്യാലയത്തിൽ നിന്നും റവന്യൂ ഓഫീസർ മുഖ്യകാര്യാലയത്തിലേക്ക് നൽകിയ ഡിമാന്റ് കളക്ഷൻ, ബാലൻസ് സംക്ഷിപ്തം പ്രകാരം കടിശ്ശിക ഡിമാന്റ് 28,18,533/- രൂപയും, തൻവർഷ ഡിമാന്റ് 1,16,34,144/- രൂപയും കളക്ഷൻ 1,10,54,801/- രൂപയും (കടിശ്ശിക കളക്ഷൻ 34,15,481/-, തൻവർഷ കളക്ഷൻ 76,39,320/-) പിരിച്ചെടുക്കാൻ ബാക്കി 33,97,876/- രൂപയുമാണ്. ചെറുവണ്ണൂർ - നല്ലളം മേഖലാ കാര്യാലയത്തിൽ നിന്നും റവന്യൂ ഓഫീസർ സമർപ്പിച്ച ഡി.സി.ബി. പത്രിക പ്രകാരം തൻവർഷം വസ്തു നികതിയിനത്തിൽ 48,47,341/- രൂപയും, കടിശ്ശികയിനത്തിൽ 53,89,111/- രൂപയും, ഉൾപ്പെടെ 1,02,36,452/- രൂപ പിരിച്ചെടുക്കാനുണ്ട്. എന്നാൽ റവന്യൂ ഓഫീസർമാർ തയ്യാറാക്കിയ ഡി.സി.ബി. പത്രികകളുടെ കൃത്യത പരിശോധിക്കുന്നതിനായി തയ്യാറാക്കേണ്ട വസ്തു നികതി ഡിമാന്റ് രജിസ്റ്റർ, കടിശ്ശിക ഡിമാന്റ് രജിസ്റ്റർ, കടിശ്ശിക എഴുതി തള്ളൽ രജിസ്റ്റർ എന്നിവ പരിശോധനയക്ക് ലഭ്യമാക്കിയിട്ടില്ല.

വസ്തു നികുതി പരിഷ്കരണം, നികുതി നിർണ്ണയം, ബൃഹത്തായ സാമ്പത്തിക ഇടപാടുകൾ എന്നിവയുടെ കൃത്യതയും, സുതാര്യതയും ഉറപ്പാക്കുന്നതിനാണ് ഇൻഫർമേഷൻ കേരള മിഷൻ വിഭാഗത്തിന്റെ സഹായത്തോടെ കമ്പ്യൂട്ടർ സംവിധാനവും, സോഫ്റ്റ് വെയറും, ആയത് പരിപാലിക്കുന്നതിനായി ഇൻഫർമേഷൻ കേരള മിഷന്റെ ഓഫീസും നഗരസഭയിൽ പ്രവർത്തിക്കുന്നത്. എന്നാൽ മേൽ സംവിധാനങ്ങൾ എല്ലാം ഉണ്ടായിട്ടും നഗരസഭയിൽ വസ്തു നികുതി പരിഷ്കരണം പൂർത്തീകരിക്കാൻ സാധിക്കാത്തത് റവന്യൂ വിഭാഗത്തിന്റെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും വീഴ്ചയാണ്. വസ്തു നികുതി നിർണ്ണയത്തിലെയും ഡിമാന്റ് ചെയ്യുന്നതിലെയും വീഴ്ചകൾ മൂലം ഉടർച്ചയായ വരുമാന ചോർച്ചയാണ് നഗരസഭ ഫണ്ടിന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. സഞ്ചയയിലെ രേഖപ്പെടുത്തലുകൾ പൂർത്തിയാക്കി 2019-20 വർഷത്തെ ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക എഴുതി തള്ളൽ രജിസ്റ്റർ എന്നിവ അടിയന്തിരമായി തയ്യാറാക്കി പരിശോധനയ്ക്ക് നൽകേണ്ടതാണ്.

## 1-14.2 തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ഉൾപ്പെടുത്താത്തതിനാലും തെറ്റായി സ്ലാബ്/നിരക്ക് രേഖപ്പെടുത്തിയത് മൂലവും വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്.

നഗരസഭ പരിധിയിലെ 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണം വരുന്ന വാണിജ്യ ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 105/- രൂപ നിരക്കിലും, 100 ച.മീറ്ററിന് താഴെ തറവിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 90/- രൂപ നിരക്കിലുമാണ് നികുതി ഈടാക്കാൻ കൗൺസിൽ നിശ്ചയിച്ചിട്ടുള്ളത്. 100 ചതുരശ്രമീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള പല കെട്ടിങ്ങൾക്കും 100 ചതുരശ്രമീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചതിനാൽ നികുതിയിനത്തിൽ നഷ്ടമുണ്ടായി. കൂടാതെ 250ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ നൽകേണ്ട 15% വർദ്ധനവ് ഉൾപ്പെടുത്താതെ നികുതി കണക്കാക്കുന്നതിനാലും നികുതി നിർണ്ണയിച്ചതിൽ കുറവ് വന്നിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു. (എലത്തൂർ മേഖല കാര്യാലയം)

| ക്രമ നം | വാർഡ് / കെട്ടിടം നം | ഉടമസ്ഥന്റെ പേരും വിലാസവും | കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | നിർണ്ണയിച്ച നികുതി + ലൈബ്രറി സെസ്സ് | നിർണ്ണയിക്കേണ്ട നികുതി + ലൈബ്രറി സെസ്സ് | കുറവ് വന്ന തുക |
|---|---|---|---|---|---|---|
| 1 | 5/1782A | ശ്രീമതി.ഇ.പി. സാബിറ (01.10.2018 മുതൽ) | 128.11m2 വാണിജ്യം തറനില | 128.11@105 = 13452 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ് (വഴി സൗകര്യം) = 13452 + 673 = 14125 | 128.11@105 = 13452 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ് (വഴി സൗകര്യം) + 15% വർദ്ധനവ് (തറ നിർമ്മിതി) = 15470 +774 = 16244 | 2119 |
| | 5/1782B | | 170.08m2 വാണിജ്യം ഒന്നാം നില | 170.08@105 = 17859 -20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ് (വഴി സൗകര്യം) - 5% (ഒന്നാം നില) = 16966 + 849 = 17815 | 170.08@105 = 17859 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) + 15% വർദ്ധനവ് (തറ നിർമ്മിതി) = 20538 - 5% (ഒന്നാം നില) = 19511 + 976 = 20487 | 2672 |
| | ആകെ | | 298.19m2 | | | 4791 |
| 2 | 75/193A | ശ്രീ. സുരേശൻ, എലത്തു ക്കാട്ടിൽ (01.04.2018 മുതൽ) | 26m2 വാണിജ്യം ഒന്നാം നില | 26@90 = 2340 - 20% ഇളവ് (തൃതീയ മേഖല)+ 20% വർദ്ധനവ് (വഴി സൗകര്യം) - 5% (ഒന്നാം നില) = 2223 + 112 = 2335 | 26@105 = 2730 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ് (വഴി സൗകര്യം) -5% (ഒന്നാം നില) = 2594 + 130 = 2724 | 389 |

| | | | | | | |
|---|---|---|---|---|---|---|
| | 75/193B | | 26m2 വാണിജ്യം ഒന്നാം നില | 26@90 = 2340 - 20% ഇളവ് (തൃതീയ മേഖല)+ 20% വർദ്ധനവ് (വഴി സൗകര്യം) - 5% (ഒന്നാം നില) = 2223 + 112 = 2335 | 26@105 = 2730 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ് (വഴി സൗകര്യം) -5% (ഒന്നാം നില) = 2594 + 130 = 2724 | 389 |
| | 75/193C | | 26m2 വാണിജ്യം ഒന്നാം നില | 26@90 = 2340 - 20% ഇളവ് (തൃതീയ മേഖല)+ 20% വർദ്ധനവ് (വഴി സൗകര്യം) - 5% (ഒന്നാം നില) = 2223 + 112 = 2335 | 26@105 = 2730 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ് (വഴി സൗകര്യം) -5% (ഒന്നാം നില) = 2594 + 130 = 2724 | 389 |
| | 75/193D | | 33.11m2 വാണിജ്യം ഒന്നാം നില | 33.11@90 = 2980 - 20% ഇളവ് (തൃതീയ മേഖല)+ 20% വർദ്ധനവ്(വഴി സൗകര്യം) -5% (ഒന്നാം നില) = 2831 + 142 = 2973 | 33.11@105 = 3477 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) - 5% (ഒന്നാം നില) = 3303 + 166 = 3469 | 496 |
| | ആകെ | | 111.11m2 | | | 1663 |
| 3 | 5/37A | ശ്രീ. സതീശൻ.കെ, ശ്രീ. പ്രജിത്ത്.കെ, കണിയാറക്കൽ താഴത്ത് (01.4.2019 മുതൽ) | 57.98m2 വാണിജ്യം തറനില | 57.98 @105 = 6088 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ് (വഴി സൗകര്യം) = 6088 + 305 = 6393 | 57.98 @105 = 6088 -20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ് (വഴി സൗകര്യം) + 15% വർദ്ധനവ് (തറ നിർമ്മിതി) = 7002 + 351 = 7353 | 960 |
| | 5/37B | | 43.02m2 വാണിജ്യം തറനില | 43.02 @105 = 4518 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ് (വഴി സൗകര്യം) = 4518 + 226 = 4744 | 43.02 @105 = 4518 -20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) + 15% വർദ്ധനവ് (തറ നിർമ്മിതി) = 5196 + 260 = 5456 | 712 |
| | 5/37C | | 40.71m2 വാണിജ്യം തറനില | 40.71 @105 = 4275 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ് (വഴി സൗകര്യം) = 4275 + 214 = 4489 | 40.71 @105 = 4275 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) + 15% വർദ്ധനവ് (തറ നിർമ്മിതി) = 4916 + 246 = 5162 | 673 |
| | 5/37D | | 74.83m2 വാണിജ്യം ഒന്നാം നില | 74.83 @105 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ് (വഴി സൗകര്യം) - 5% ഇളവ് (ഒന്നാം നില) = 7465 + 374 = 7839 | 74.83 @105 -20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ് (വഴി സൗകര്യം) + 15% വർദ്ധനവ് (തറ നിർമ്മിതി) - 5% ഇളവ് (ഒന്നാം നില) = 8643+ 432 = 9075 | 1236 |
| | 5/37E | | 30.18m2 വാണിജ്യം ഒന്നാം നില | 30.18 @105 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ് (വഴി സൗകര്യം) - 5% ഇളവ്(ഒന്നാം നില)= 3011 + 151 = 3162 | 30.18 @105 -20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) + 15% വർദ്ധനവ്(തറ നിർമ്മിതി) - 5% ഇളവ്(ഒന്നാം നില) = 3486 + 174 = 3660 | 498 |
| | 5/37F | | 24.02m2 വാണിജ്യം ഒന്നാം നില | 24.02 @105 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ് (വഴി സൗകര്യം) - 5% ഇളവ് (ഒന്നാം നില) = 2396 + 120 = 2516 | 24.02 @105 -20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) + 15% വർദ്ധനവ്(തറ നിർമ്മിതി) - 5% ഇളവ്(ഒന്നാം നില )= 2774 + 139 = 2913 | 397 |

| | | | | | | |
|---|---|---|---|---|---|---|
| | 5/37G | | 23.80m2 വാണിജ്യം ഒന്നാം നില | 23.80 @105 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ് (വഴി സൗകര്യം) - 5% ഇളവ് (ഒന്നാം നില) = 2375 + 119 = 2494 | 23.80 @105 -20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ് (വഴി സൗകര്യം) + 15% വർദ്ധനവ്(തറ നിർമ്മിതി) - 5% ഇളവ് (ഒന്നാം നില) = 2749 + 137 = 2886 | 392 |
| | ആകെ | | 294.54m2 | | | 4868 |
| 4 | 75/707A | ശ്രീ.ഷിബിൻ രാജ്.സി.എം (01.10.2016 മുതൽ) | 60.57m2 വാണിജ്യം തറ നില | 60.57 @90 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ് (വഴി സൗകര്യം) = 5452 +273 = 5725 | 60.57 @105 -20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ് (വഴി സൗകര്യം) + 15% വർദ്ധനവ് (തറ നിർമ്മിതി) = 7314 + 366 = 7680 | 1955 |
| | 75/707B | | 173.24m2 വാണിജ്യം തറ നില | 173.24 @105 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ് (വഴി സൗകര്യം) = 18191 +910 = 19101 | 173.24 @105 -20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ് (വഴി സൗകര്യം) + 15% വർദ്ധനവ് (തറ നിർമ്മിതി) = 20919 + 1046 = 21965 | 2864 |
| | 75/707C | | 52.87m2 വാണിജ്യം തറ നില | 52.87 @90 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ് (വഴി സൗകര്യം) = 4759 + 238 = 4997 | 52.87 @105 -20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ് (വഴി സൗകര്യം) + 15% വർദ്ധനവ്(തറ നിർമ്മിതി) = 6385 + 320 = 6705 | 1708 |
| | ആകെ | | 286.68m2 | | | 6527 |
| 5 | 4/1735 | ശ്രീ. ആര്യാടൻ ഷൗക്കത്ത് മുതൽ 5 പേർ (01.10.2019 മുതൽ) | 67.39m2 വാണിജ്യം തറ നില | 67.39 @90 - 20% ഇളവ് (തൃതീയ മേഖല) -10% ഇളവ് (കാലപ്പഴക്കം) + 20% വർദ്ധനവ് (വഴി സൗകര്യം)= 5459 + 273 = 5732 | 67.39 @105 -20% ഇളവ് (തൃതീയ മേഖല)-10% ഇളവ് (കാലപ്പഴക്കം) + 20% വർദ്ധനവ് (വഴി സൗകര്യം) = 6369 + 319 = 6688 | 956/2 = 478 |
| | 4/1735A | | 56.63m2 വാണിജ്യം തറ നില | 56.63 @90 - 20% ഇളവ് (തൃതീയ മേഖല) - 10% ഇളവ് (കാലപ്പഴക്കം) + 20% വർദ്ധനവ് (വഴി സൗകര്യം)= 4588 + 230 = 4818 | 56.63 @105 -20% ഇളവ് (തൃതീയ മേഖല)-10% ഇളവ് (കാലപ്പഴക്കം) + 20% വർദ്ധനവ്(വഴി സൗകര്യം)= 5352 +268 = 5620 | 802/2 = 401 |
| | 4/1735B | | 65.98m2 വാണിജ്യം തറ നില | 65.98 @90 - 20% ഇളവ് (തൃതീയ മേഖല) -10% ഇളവ് (കാലപ്പഴക്കം) + 20% വർദ്ധനവ് (വഴി സൗകര്യം)= 5345 + 268 = 5613 | 65.98 @105 -20% ഇളവ് (തൃതീയ മേഖല)-10% ഇളവ് (കാലപ്പഴക്കം) + 20% വർദ്ധനവ്(വഴി സൗകര്യം) = 6236 + 312 = 6548 | 935/2 = 468 |
| | ആകെ | | 190m2 | | | 2693/2 = 1347 |
| ആകെ | | | | | 4791+1663+4868 +6527+1347 = 19196 | |
| വസ്തു നികുതിയിനത്തിൽ വന്ന നഷ്ടം - 18,282/- രൂപ | | | | | | |
| ലൈബ്രറി സെസ്സിനത്തിൽ വന്ന നഷ്ടം - 914/- രൂപ | | | | | | |

ക്രമനമ്പർ 1,3 എന്നിവ പ്രകാരമുള്ള കെട്ടിടങ്ങൾക്ക് തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള 15 % വർധനവ് വരുത്താനുള്ള ഓപ്ഷൻ സഞ്ചയയിൽ ലഭ്യമല്ലാത്തതിനാലാണ് അപാകത സംഭവിച്ചതെന്നും ആയത് പരിഹരിക്കുന്നതിന് ഐ.കെ.എം ന് നിർദ്ദേശം നൽകാനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും റവന്യൂ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ക്രമനമ്പർ 2,4,5 എന്നിവ പ്രകാരമുള്ള കെട്ടിടങ്ങളുടെ നികുതി പുനർ നിർണയിച്ച് കക്ഷികൾക്ക് നോട്ടീസ് അയച്ചതായും റവന്യൂ ഓഫീസർ അറിയിച്ചിട്ടുണ്ട്. അപാകതകൾ പൂർണ്ണമായും പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14.3 വഴി സൗകര്യം തെറ്റായി രേഖപ്പെടുത്തി - നികുതി നിർണ്ണയിച്ചതിൽ കുറവ്.

2011 ലെ കേരള മുനിസിപ്പാലിറ്റി വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ് ചട്ടങ്ങൾ പ്രകാരം ഒരു കെട്ടിടത്തിലേക്ക് 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗം ഉണ്ടെങ്കിൽ അടിസ്ഥാന വസ്തു നികുതിയിൻമേൽ 20% വർദ്ധനവ് നൽകേണ്ടതാണ്. എന്നാൽ 5 മീറ്ററിൽ കൂടുതൽ വീതിയുള്ള വഴി പ്രവേശന മാർഗ്ഗമായി കാണിച്ചിട്ടും 20% വർദ്ധനവ് വരുത്താതെയാണ് താഴെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചത്. (ചെറുവണ്ണൂർ നല്ലളം മേഖല കാര്യാലയം)

| ക്രമ നം. | വാർഡ്/ കെട്ടിട നം. | ഉടമയുടെ പേര്/ വിലാസം | കെട്ടിടത്തിന്റെ വിസ്തീർണ്ണം/തരം | റോഡിന്റെ വീതി | നിർണ്ണയിച്ച നികുതി | നിർണ്ണയിക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | 6/147E | സജ്ജ.സി.ഒ ചീരൻ ഹൗസ് നല്ലളം കോഴിക്കോട് | 84 എം2 ഓഫീസ് | 6 മീറ്റർ | 84 X 75= 6300 -1260 (20% ഇളവ്-തൃതീയ മേഖല) = 5040 + 252 (ലൈബ്രറി സെസ്) = 5292 | 84 X 75 = 6300 -1260 (20% ഇളവ്-തൃതീയ മേഖല)+ 1260 (20% വർദ്ധനവ് വഴി സൗകര്യം) = 6300 + 315 (ലൈബ്രറി സെസ്) = 6615 | 1323 |
| 2 | 6/147F | ” | 93 എം2 പാർപ്പിടാ വശ്യം | 6 മീറ്റർ | 93 X 14 = 1302 -260 (20% ഇളവ്-തൃതീയ മേഖല) = 1042 + 52 (ലൈബ്രറി സെസ്) = 1094 | 93 X 14 = 1302-260 (20% ഇളവ്-തൃതീയ മേഖല) +260 (20% വർദ്ധനവ് വഴിസൗകര്യം) = 1302+66 (ലൈബ്രറി സെസ്) = 1368 | 274 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | 7/371C | ശ്രീജിത്ത്.എം. പ്രേമ.എം. ശ്രീജിത്ത് നിവാസ് കൊളത്തറ (പി.ഒ) | 190.2 എം2 പാർപ്പി ടാവശ്യം | 13.60 മീറ്റർ | 190.21 X 14 = 2103 - 421 (20% ഇളവ്-തൃതീയ മേഖല) 1682+84 (ലൈബ്രറി സെസ്) = 1766 | 190.2X14= 2663 - 533 (20% ഇളവ്-തൃതീയ മേഖല) +533 (20% വർദ്ധനവ് വഴിസൗകര്യം) = 2663+1133 (ലൈബ്രറി സെസ്) = 2796 | 1033 |
| ആകെ | | | | | | | 2630 |
| വസ്തു നികുതിയിനത്തിൽ വന്ന നഷ്ടം - | | | 2501/- രൂപ | | | | |
| ലൈബ്രറി സെസ്സിനത്തിൽ വന്ന നഷ്ടം – | | | 129/- രൂപ | | | | |

1-14.4 വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള ഉയർന്ന നിരക്കിലുള്ള നികുതി ഈടാക്കിയില്ല.

28.02.2017 ലെ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷന്റെ എ1/11552/11 നമ്പറായുള്ള വസ്തു നികുതി പരിഷ്കരണത്തിന്റെ അന്തിമ വിജ്ഞാപന പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 1 ചതുരശ്ര മീറ്ററിന് 105/- രൂപ നിരക്കിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ താഴെ കൊടുത്തിരിക്കുന്ന 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണമുള്ള വാണിജ്യ കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾക്ക് 100 ചതുരശ്ര മീറ്ററിൽ താഴെ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന് ചുമത്തുന്ന നിരക്കിൽ (ചതുരശ്ര മീറ്ററിന് 90/- രൂപ) തെറ്റായി നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടുണ്ട്.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | ഉടമയുടെ പേര്/ വിലാസം | കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം | മുറിയുടെ വിസ്തീർണ്ണം | നിർണ്ണയിച്ച നികുതി | നിർണ്ണയിക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | 7/565A2 | ശ്രീ.നാലകത്ത് മൊയ്തീൻ ദാറുൽബീർ, (പി.ഒ)കല്ലായ് ചെറുവണ്ണൂർ „ | തറ നില – 92.42 ഒന്നാം നില – 104.07 സ്റ്റെയർ – 16.31 ആകെ - 212.80 | 23.10 എം2 | 23.10X90= 2079 - 416 (20% ഇളവ്-തൃതീയ മേഖല) 1663 + 84 (ലൈബ്രറി സെസ്) = 1747 | 23.10 X 105 = 2426 - 486 (20% ഇളവ്-തൃതീയ മേഖല) 1940 + 97 (ലൈബ്രറി സെസ്) = 2037 | 290 |

| | | | | | | |
|---|---|---|---|---|---|---|
| 2 | 7/565A3 | | 23.10 എം2 | 23.10 X 90 = 2079 - 416 (20% ഇളവ്-തൃതീയ മേഖല) 1663 + 84 (ലൈബ്രറി സെസ്) = 1747 | 23.10 X 105 = 2426 - 486 (20% ഇളവ്-തൃതീയ മേഖല) 1940 + 97 (ലൈബ്രറി സെസ്) = 2037 | 290 |
| 3 | 7/565A4 | | 23.10 എം2 | 23.10X90= 2079 - 416 (20% ഇളവ്-തൃതീയ മേഖല) 1663 + 84 (ലൈബ്രറി സെസ്) = 1747 | 23.10 X 105 = 2426 - 486 (20% ഇളവ്-തൃതീയ മേഖല) 1940 + 97 (ലൈബ്രറി സെസ്) = 2037 | 290 |
| 4 | 7/565A5 | | 23.10 എം2 | 23.10X90= 2079 - 416 (20% ഇളവ്-തൃതീയ മേഖല) 1663 + 84 (ലൈബ്രറി സെസ്) = 1747 | 23.10 X 105 = 2426 - 486 (20% ഇളവ്-തൃതീയ മേഖല) 1940 + 97 (ലൈബ്രറി സെസ്) = 2037 | 290 |
| 5 | 7/565A6 | | 30.08 ഒന്നാം നില | 30.08 X 90 = 2708 - 542 (20% ഇളവ്-തൃതീയ മേഖല) = 2166 - 109 (5% ഇളവ് ഒന്നാമത്തെ നില)=2057 + 103 (ലൈബ്രറി സെസ്) = 2160 | 30.08 X 105 = 3159 - 632 (20% ഇളവ്-തൃതീയ മേഖല) = 2527-126 (5% ഇളവ് ഒന്നാമത്തെ നില) = 2401 + 120 = 2521 | 361 |
| 6 | 7/565A7 | | 30.08 ഒന്നാം നില | 30.08 X 90 = 2708 - 542 (20% ഇളവ്-തൃതീയ മേഖല) = 2166 - 109 (5% ഇളവ് ഒന്നാമത്തെ നില)=2057 + 103 (ലൈബ്രറി സെസ്) = 2160 | 30.08 X 105 = 3159 - 632 (20% ഇളവ്-തൃതീയ മേഖല) = 2527-126 (5% ഇളവ് ഒന്നാമത്തെ നില) = 2401 + 120 = 2521 | 361 |
| 7 | 7/565A8 | | 30.08 ഒന്നാം നില | 30.08 X 90 = 2708 - 542 (20% ഇളവ്-തൃതീയ മേഖല) = 2166 - 109 (5% | 30.08 X 105 = 3159 - 632 (20% ഇളവ്-തൃതീയ മേഖല) = 2527-126 (5% | 361 |

| | | | | | | |
|---|---|---|---|---|---|---|
| | | | | ഇളവ് ഒന്നാമത്തെ നില)=2057 + 103 (ലൈബ്രറി സെസ്) = 2160 | ഇളവ് ഒന്നാമത്തെ നില) = 2401 + 120 = 2521 | |
| 8 | 7/565A9 | | 30.16 ഒന്നാം നില | 30.16 X 90 = 2715 - 543 (20% ഇളവ്-തൃതീയ മേഖല) = 2172 -109 (5% ഇളവ് ഒന്നാമത്തെ നില) = 2063 +104 (ലൈബ്രറി സെസ്) = 2167 | 30.16 X 105= 3167 - 634 (20% ഇളവ്-തൃതീയ മേഖല) = 2533 - 127 (5% ഇളവ് ഒന്നാമത്തെ നില) = 2406 + 121 = 2527 | 360 |
| ആകെ | | | | | | 2603 |
| വസ്തു നികുതിയിനത്തിൽ വന്ന നഷ്ടം - 2,483/- രൂപ | | | | | | |
| ലൈബ്രറി സെസ്സിനത്തിൽ വന്ന നഷ്ടം - 120 /- രൂപ | | | | | | |

വിജ്ഞാപനത്തിൽ പറഞ്ഞ പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഈടാക്കേണ്ട നിരക്കിൽ മേൽ കെട്ടിടത്തിലെ വിവിധ ഭാഗങ്ങൾക്ക് നികുതി ഈടാക്കാത്തതിനാൽ നികുതിയിനത്തിൽ മേൽപ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

വസ്തു നികുതിയിനത്തിൽ 2019-20 സാമ്പത്തിക വർഷം നഗരസഭ ഫണ്ടിന് നഷ്ടം വന്ന 23,266/- രൂപയും (18282+2501+2483) ലൈബ്രറി സെസ്സിനത്തിൽ നഷ്ടം വന്ന 1,163/- രൂപയും (914+129+120) ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്. കൂടാതെ മുൻവർഷങ്ങളിൽ വന്ന നഷ്ടം കൂടി കണക്കാക്കി ഉടമസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി - പൊതു അപാകതകൾ.

നഗരസഭയുടെ പ്രധാന തനത് വരുമാന സ്രോതസ്സുകളിലൊന്നാണ് തൊഴിൽ നികുതി. മെയിൻ ഓഫീസ്, മേഖല കാര്യാലയങ്ങൾ എന്നിവിടങ്ങളിലെ പരിശോധനയിൽ നിന്നും തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവരെ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് ഉറപ്പു വരുത്താൻ നഗരസഭക്ക് കഴിഞ്ഞിട്ടില്ല എന്ന് കാണുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

## 1-15.1 മാർഗനിർദേശങ്ങൾ പാലിച്ച് തൊഴിൽ നികുതി ഈടാക്കിയില്ല.

രജിസ്റ്ററുകൾ പരിപാലിക്കുന്നതിലും നികുതി ഡിമാന്റ് ചെയ്യുന്നതിലും തുടർ നടപടികൾ സ്വീകരിക്കുന്നതിലും ബന്ധപ്പെട്ട ജീവനക്കാർ വീഴ്ചകൾ വരുത്തുന്നത് നികുതി ശോഷണത്തിന് കാരണമാകുന്നുണ്ട്. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥ തലത്തിലെ ജാഗ്രതക്കുറവും സൂപ്പർവൈസറി തലത്തിൽ പരിശോധിക്കപ്പെടാത്തതും, ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നികുതി പിരിവുമായി ബന്ധപ്പെട്ട് കൃത്യമായ ഇടപെടൽ നടത്താത്തതും നികുതി പിരിവിലെ അപാകതകൾക്ക് കാരണമായിട്ടുണ്ട്.

തൊഴിൽ നികുതി പരിധിയിൽ നിന്നും ബാധ്യതപ്പെട്ടവർ ആരും തന്നെ ഒഴിഞ്ഞു പോകാതിരിക്കാൻ താഴെ പറയുന്ന നടപടി ക്രമങ്ങൾ 1994 ലെ കേരള മുനിസിപ്പൽ നിയമം, 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

1. സെക്രട്ടറി ഫാറം.I പ്രകാരമുള്ള നോട്ടീസ് നൽകി നഗരസഭ പരിധിയിലെ എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെടേണ്ടതും ഫാറം.II പ്രകാരമുള്ള നോട്ടീസിൽ വിവരം വാങ്ങേണ്ടതുമാണ്. (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 249, 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 5 എന്നിവ കാണുക)

2. ഫാറം.III പ്രകാരമുള്ള നോട്ടീസ് നൽകി തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം ഫാറം. IV പ്രകാരമുള്ള നോട്ടീസ് നൽകി ലഭ്യമാക്കാൻ ആവശ്യപ്പെടേണ്ടതാണ്.

മേൽ വിവരിച്ച നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കി നഗരസഭ പരിധിയിലെ കെട്ടിട ഉടമകളെ ഉൾപ്പെടുത്തി കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും അടിസ്ഥാനപ്പെടുത്തി വേണം ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്. എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, വരുമാനദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കപ്പെടാതെ വ്യാപാര ആവശ്യത്തിനായി സമർപ്പിക്കുന്ന ഡി.&ഒ ലൈസൻസ് അപേക്ഷകളുടെ അടിസ്ഥാനത്തിലാണ് വ്യാപാരികളുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി നികുതി ഈടാക്കുന്നത്. ലൈസൻസ് എടുക്കാത്ത വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി കൃത്യസമയങ്ങളിൽ ഈടാക്കുന്നില്ല. ഇതിന്റെ ഫലമായി താഴെ പറയുന്ന അപാകതകൾ നിലനിൽക്കുന്നു.

എ) ഡിമാന്റ് രജിസ്റ്ററിനേയും ഈടാക്കിയ നികുതി തുകയേയും സാധൂകരിക്കേണ്ട ട്രേഡേഴ്സ് ലിസ്റ്റ് സ്ഥാപനത്തിൽ തയ്യാറാക്കാത്തതിനാൽ ഡിമാന്റ് തുകയുടെയും ഈടാക്കിയ തുകയുടേയും സാധുത പരിശോധിക്കാനായിട്ടില്ല.

ബി) സാംഖ്യ പ്രകാരം ഈടാക്കിയിരിക്കുന്ന ട്രേഡേഴ്സ്/ഇൻസ്റ്റിറ്റ്യൂഷൻ/അനസൃത തൊഴിൽ നികുതി എത്ര സ്ഥാപനങ്ങളിൽ നിന്നാണ് എന്ന് കൃത്യമായ രേഖയില്ല. ഇത് ഈടാക്കിയിരിക്കുന്നത് വരുമാനത്തിന് അനസൃതമായാണോ എന്നും വ്യക്തമല്ല.

സി) ട്രേയിഡേഴ്സിൽ നിന്നും മറ്റുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്ന നിശ്ചിത മാതൃകയിലുള്ള റിട്ടേണിൽ അവരുടെ വരുമാനം സംബന്ധിച്ച

വിവരം ലഭ്യമാക്കിയില്ല.

ഡി) സ്ഥാപനത്തിൽ ലഭിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ വിവിധ സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലി ചെയ്യുന്നതായി സ്ഥാപന ഉടമകൾ സാക്ഷ്യപ്പെടുത്തി നൽകിയെങ്കിലും ഇവരിൽ നിന്നും തൊഴിൽ നികുതി റിട്ടേൺ വാങ്ങിയിട്ടില്ല.

ഇ) സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം നഗരസഭ പരിധിയിൽ ആകെ 74,594 വാണിജ്യ/ വ്യവസായ കെട്ടിടങ്ങൾക്ക് നമ്പർ നൽകിയിട്ടുണ്ട്. എന്നാൽ നഗരസഭയിൽ സ്ഥാപന തൊഴിൽ നികുതി നിർണ്ണയിക്കുന്നത് നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാതെ അതത് ബിൽ കളക്ടർമാർ കൈവശം സൂക്ഷിക്കുന്ന അസസ്മെന്റ് ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കുന്നത്.

എഫ്) നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന പെട്രോൾ പമ്പുകൾ, സ്വകാര്യ ആശുപത്രികൾ, മെഡിക്കൽ സ്റ്റോറുകളിലെ ഫാർമസിസ്റ്റുകൾ, ഹോട്ടലുകൾ, ഷോപ്പിംഗ് മാളുകൾ, സൂപ്പർ മാർക്കറ്റുകൾ, മറ്റ് കച്ചവട, വ്യവസായ സ്ഥാപനങ്ങളിലെ ജീവനക്കാർ തുടങ്ങിയവരിൽ നിന്നൊന്നും വരുമാന വിവരം ശേഖരിച്ച് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചില്ല. കൂടാതെ റസിഡൻഷ്യൽ കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശങ്ങളും ശേഖരിച്ചിട്ടില്ല. ഇത്തരം കെട്ടിടങ്ങളിൽ ഗാർഹിക വസ്തു നികുതി നിർണയിക്കുകയും അവിടെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നത് വസ്തു നികുതി ഇനത്തിലും നഗരസഭ ഫണ്ടിന് നഷ്ടമുണ്ടാക്കുന്നുണ്ട്.

ജി) 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4(3) പ്രകാരം നികുതിദായകർ തങ്ങളുടെ നികുതിക്ക് വിധേയമായ വരുമാനം രേഖാമൂലം സെക്രട്ടറിയെ അറിയിച്ചിട്ടില്ലെങ്കിൽ പ്രസ്തുത വ്യക്തികളിൽ / സ്ഥാപനങ്ങളിൽ നിന്നും സാമാന്യ പരിഗണനകളെ അടിസ്ഥാനപ്പെടുത്തി ഉചിതമായ വിഭാഗത്തിൽപെടുത്തി തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിന് സെക്രട്ടറിക്ക് ഉത്തരവാദിത്തമുണ്ട്. എന്നാൽ അപ്രകാരമുള്ള നടപടികളും സ്വീകരിച്ചിട്ടില്ല.

എച്ച്) നഗരസഭ ഫണ്ടിന് തൊഴിൽ നികുതിയിനത്തിൽ പ്രതിവർഷം നഷ്ടമാകുന്ന തുകയുടെ തോത് രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പൂർണ്ണമായും നടത്താത്തതിനാൽ പരിശോധിച്ചുറപ്പാക്കാൻ സാധിക്കാതെ വരികയും നികുതി ഒടുക്കാത്ത സ്ഥാപനങ്ങളെ കണ്ടെത്താൻ കഴിയാതാവുകയും ചെയ്യുന്നു.

### 1-15.2 പൂർണമല്ലാത്ത റിട്ടേണുകളിൽ തൊഴിൽ നികുതി ചുമത്തുന്നു. (എലത്തൂർ മേഖല കാര്യാലയം)

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം തൊഴിലുടമ ജീവനക്കാരുടെ വരുമാനത്തെയോ ശമ്പളത്തെയോ സംബന്ധിച്ച വിവരങ്ങൾ IV ാം നമ്പർ ഫോറത്തിൽ ലഭ്യമാക്കിയാൽ മാത്രം തൊഴിൽ നികുതി നിർണയം ആരംഭിക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങൾ സമർപ്പിച്ച റിട്ടേണുകളിൽ വിശദമായ ശമ്പള വിവരങ്ങൾ ഉൾപ്പെടുത്താതെ ഈടാക്കേണ്ട നികുതി മാത്രമാണ് രേഖപ്പെടുത്തുന്നത് .

- ബാബാസ് ഹെൽത്ത്കെയർ എന്ന സ്ഥാപനത്തിലെ 3 ജീവനക്കാരിൽ നിന്നും 180/- രൂപ വീതം തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. ഇവരുടെ അർദ്ധവാർഷിക വരുമാനമോ അടിസ്ഥാന ശമ്പളമോ രേഖപ്പെടുത്താത്ത റിട്ടേണാണ് സമർപ്പിച്ചിട്ടുള്ളത്.
- സഫ ഐസ്പ്ലാന്റ് എന്ന സ്ഥാപനത്തിലെ 4 ജീവനക്കാരിൽ നിന്നും 300/-, 180/- രൂപ നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. റിട്ടേണിൽ അർദ്ധവാർഷിക വരുമാനമോ അടിസ്ഥാന ശമ്പളമോ രേഖപ്പെടുത്തിയിട്ടില്ല.

### 1-15.3 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്.

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.3(1) ൽ അർദ്ധ വാർഷിക വരുമാനം ബാധകമായ തൊഴിൽ നികുതി നിരക്ക് നൽകിയിട്ടുണ്ട്. എന്നാൽ ടി പട്ടികയിൽ കാണിച്ച നിരക്കിൽ നികുതി ഈടാക്കിയില്ല. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

എ) 2019-20 രണ്ടാം അർദ്ധവർഷത്തിൽ ഫെദർലൈൻ എന്ന സ്ഥാപനത്തിൽ നിന്നും സമർപ്പിച്ച തൊഴിൽ നികുതി റിട്ടേൺ പ്രകാരം തൊഴിൽനികുതി ഈടാക്കിയപ്പോൾ കുറവ് വന്നിട്ടുണ്ട്.

| പേര് | തസ്തിക | പ്രതിമാസ ശമ്പളം | ആകെ വരുമാനം (പ്രതിമാസ ശമ്പളം X6 ) | ഈടാക്കിയ തുക | ഈടാക്കേണ്ട തുക | കുറവ് വന്ന തുക |
|---|---|---|---|---|---|---|
| ശ്രീമതി.രമ | ഹെൽപ്പർ | 5000 | 30000 | 180 | 300 | 120 |
| ശ്രീമതി.നീതു | ഹെൽപ്പർ | 5000 | 30000 | 180 | 300 | 120 |
| ശ്രീ.നിസാം | പർച്ചെയ്സിംഗ് മാനേജർ | 7500 | 45000 | 300 | 450 | 150 |
| ആകെ | | | | | | 390 |

ബി) 2019-20 രണ്ടാം അർദ്ധവർഷത്തിൽ ധന ബേക്ക്സ് എന്ന സ്ഥാപനത്തിൽ നിന്നും സമർപ്പിച്ച തൊഴിൽ നികുതി റിട്ടേൺ പ്രകാരം തൊഴിൽനികുതി (രശീതി നമ്പർ 119110101801/12.3.2020) ഈടാക്കിയപ്പോൾ താഴെ പറയും പ്രകാരം കുറവുവന്നിട്ടുണ്ട്.

| പേര് | തസ്തിക | പ്രതിമാസ ശമ്പളം | ആകെ വരുമാനം (പ്രതിമാസ ശമ്പളം X6 + ഉൽസവ ബത്ത ) | ഈടാക്കിയ തുക | ഈടാക്കേണ്ട തുക | കുറവ് വന്ന തുക |
|---|---|---|---|---|---|---|
| ശ്രീ.നൗഫൽ അലി | സെയിൽസ് | 6000 | 36000 + 2000 = 38000 | 200 | 300 | 100 |
| ശ്രീ.അഷറഫ്. കെ | ജ്യൂസ്മേക്കർ | 6000 | 36000 + 2000 = 38000 | 200 | 300 | 100 |

| | | | | | | |
|---|---|---|---|---|---|---|
| ശ്രീ.നില്ല ആചാര്യ | ഷവർമ മേക്കർ | 9000 | 54000 + 2000 = 56000 | 400 | 450 | 50 |
| ശ്രീ.ജംഷീർ. വി | സപ്ലയർ | 5000 | 30000 + 2000 = 32000 | 150 | 300 | 150 |
| ആകെ | | | | | | 400 |

സി) 2019-20 ഒന്നാം അർദ്ധവർഷത്തിൽ മാക്സ് വാല്യൂ ക്രെഡിറ്റ് ഇൻവെസ്റ്റ്മെന്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും സമർപ്പിച്ച തൊഴിൽ നികുതി റിട്ടേൺ പ്രകാരം തൊഴിൽനികുതി (രശീതി നമ്പർ 120110102980/26.8.20) ഈടാക്കിയപ്പോൾ കുറവ് വന്നിട്ടുണ്ട്.

| പേര് | തസ്തിക | പ്രതിമാസ ശമ്പളം | ആകെ വരുമാനം (പ്രതിമാസ ശമ്പളം X 6 + ഉൽസവ ബത്ത ) | ഈടാക്കിയ തുക | ഈടാക്കേണ്ട തുക | കുറവ് വന്ന തുക |
|---|---|---|---|---|---|---|
| ശ്രീ.രാമചന്ദ്രൻ.സി | ബ്രാഞ്ച് മാനേജർ | 33280 | 199680 | 750 | 1250 | 500 |
| ശ്രീ.ജനാർദ്ദനൻ.കെ | അസി.ബ്രാഞ്ച് മാനേജർ | 18750 | 112500 | 450 | 1000 | 550 |
| ശ്രീമതി.ഹരിണി.പി. | ക്രഡിറ്റ് | 17250 | 103500 | 450 | 1000 | 550 |
| ആകെ | | | | | | 1600 |

ഡി) 2019-20 ഒന്നാം അർദ്ധവർഷത്തിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ നിന്നും സമർപ്പിച്ച തൊഴിൽ നികുതി റിട്ടേൺ പ്രകാരം തൊഴിൽ നികുതി (രശീതി നമ്പർ 120110103808/16.9.2020) ഈടാക്കിയപ്പോൾ കുറവ് വന്നിട്ടുണ്ട്.

| പേര്, തസ്തിക | അർദ്ധവർഷത്തെ ആകെ വരുമാനം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് വന്ന തുക |
|---|---|---|---|---|
| ശ്രീ.ജൂബിൻ.കെ, ഓഫീസ് അറ്റൻഡന്റ് | 101003 | 1000 | 750 | 250 |

ഇ) 2019-20 ഒന്നാം അർദ്ധവർഷത്തിൽ ഫോറസ്റ്റ് മിനി സർവ്വെ- അസി.ഡയറക്ടറുടെ കാര്യാലയം സമർപ്പിച്ച തൊഴിൽ നികുതി റിട്ടേൺ പ്രകാരം തൊഴിൽനികുതി (രശീതി നമ്പർ 120110103806/16.9.2020) ഈടാക്കിയപ്പോൾ കുറവ് വന്നിട്ടുണ്ട്.

| പേര്, തസ്തിക | അർദ്ധവർഷത്തെ ആകെ വരുമാനം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് വന്ന തുക |
|---|---|---|---|---|
| ശ്രീമതി ലിബിഷ വി ടി കെ. ഓഫീസ് അറ്റൻഡന്റ് | 103415 | 1000 | 750 | 250 |
| ശ്രീ.സുബിൻ, സർവ്വേയർ | 31858 | 180 | 300 | 120 |
| ആകെ | | | | 370 |

മേൽ വിവരിച്ച സ്ഥാപനങ്ങളിൽ നിന്നും, ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ കുറവ് വന്ന തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15.4 സ്ലാബിൽ ഇല്ലാത്ത നിരക്കിൽ നികുതി ചുമത്തി.

പർവീന ഐസ്പ്ലാന്റ് എന്ന സ്ഥാപനത്തിൽ നിന്നും 2019-20 വർഷം ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിലായി തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. (രശീതി നമ്പർ 119110100021/22.02.2020, 120110104156/25.09.2020 ) ഈടാക്കിയ നികുതിയുടെ വിവരം താഴെ കൊടുക്കുന്നു.

| പേര് | തസ്തിക | അർദ്ധവർഷത്തെ ആകെ വരുമാനം | ഈടാക്കിയ തുക |
|---|---|---|---|
| ശ്രീ.നാസർ | ഓപ്പറേറ്റർ | 36000 | 500 |
| ശ്രീ.ഡ്രൈഞ്ചൻ | ഐസ്മാൻ | 26000 | 350 |
| ശ്രീ.ദിലീപ് | ഐസ്മാൻ | 26000 | 350 |
| ശ്രീ.ഒനിൽ | വെള്ളം നിറയ്ക്കൽ | 18000 | 300 |

ഇത് സംബന്ധിച്ച് 08.02.2021 ന് നൽകിയ നമ്പർ 9 അന്വേഷണക്കുറിപ്പിനു മറുപടി ലഭ്യമാക്കിയിട്ടില്ല. 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ

നികുതി) ചട്ടങ്ങളിൽ നിഷ്കർഷിക്കാത്ത നിരക്കിൽ തൊഴിൽനികുതി ഈടാക്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

### 1-15.5 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. (എലത്തൂർ മേഖല കാര്യാലയം)

സെയിൽ ടാക്സ് രജിസ്ട്രേഷനുള്ള (നിലവിൽ ജി.എസ്.റ്റി) ബിസിനസ് സ്ഥാപനങ്ങളും ബാങ്കിംഗ് സ്ഥാപനങ്ങളും 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ 3 (2) മുതൽ (11) വരെ പ്രകാരം സ്ഥാപന തൊഴിൽ നികുതി അടക്കേണ്ടതുണ്ട്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ എലത്തൂർ മേഖല കാര്യാലയ പരിധിയിലുള്ള താഴെ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തലുകളില്ല.

| നം. | വാർഡ് | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|---|
| 1 | I | വിമൽ പെട്രോളിയം, എലത്തൂർ | I, II |
| 2 | VII | കാലിക്കറ്റ് സിറ്റി കോ-ഓപ്പറേറ്റീവ് ബാങ്ക്, പൂളാടിക്കുന്ന് | I, II |
| 3 | IX | ഉദയ സൂര്യ ചിട്ടി ഫണ്ട്, മലബാർ | I, II |
| 4 | XIV | പ്രൊഫഷണൽ മോട്ടോഴ്സ്, പാവങ്ങാട് | I, II |
| 5 | ” | ആപ്കോ വെഹിക്കിൾസ്, പാവങ്ങാട് | I, II |
| 6 | ” | എസ്.ബി.ഐ. പാവങ്ങാട് | I, II |
| 7 | ” | ഓട്ടോ കാർ ലിമിറ്റഡ്, പാവങ്ങാട് | I, II |
| 8 | ” | മഹീന്ദ്ര ഇറാം മോട്ടോഴ്സ് വെങ്ങാലി | I, II |
| 9 | ” | മാരുതി സുസുക്കി മോട്ടോഴ്സ് വെങ്ങാലി | I, II |
| 10 | XVIII | കാരന്നൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, പുതിയാപ്പ | I, II |

മേൽ അപാകതക്ക് വിശദീകരണമാരാഞ്ഞ് എലത്തൂർ മേഖല കാര്യാലയം റവന്യൂ ഓഫീസർക്ക് അന്വേഷണക്കുറിപ്പ് (03/2019-20 തീയതി : 05.02.2021) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും 2019-20 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-15.6 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. എലത്തൂർ മേഖല കാര്യാലയം.

| ക്രമ നം. | വാർഡ് | സ്ഥാപനം | അർദ്ധവർഷം |
|---|---|---|---|
| 1 | II | പി.എം. ഹോം അപ്ലയൻസസ് | I, II |
| 2 | II | ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ | I, II |
| 3 | II | സ്റ്റേജ്വൻ പെട്രോളിയം കോർപ്പറേഷൻ | I, II |
| 4 | V | യുണൈറ്റഡ് ഡിസ്റ്റിലറിസ്, വെങ്ങാലി | I, II |
| 5 | V | ശങ്കരാ ബിൽഡിങ്ങ് പ്രോഡക്ട്സ് | I |
| 6 | V | കോമ്പസ് എച്ച്.ആർ.കൺസൾട്ടൻസി, വെങ്ങാലി | I, II |
| 7 | V | മാവേലി സ്റ്റോർ | I, II |
| 8 | VI | സിവിൽ കൺസ്ട്രക്ഷൻ വിങ്ങ്, ആൾ ഇന്ത്യ റേഡിയോ | I |
| 9 | VI | ഇ.വി.എം. ഓട്ടോ മൊബൈൽസ് പ്രൈവറ്റ് ലിമിറ്റഡ് | II |
| 10 | VI | ഫീനിക്സ് കാർഡ് ഇന്ത്യ ലിമിറ്റഡ് | II |
| 11 | VI | ബ്രാഞ്ച് മാനേജർ, കെ.പി. കാർഡ് | I |
| 12 | VI | എസ്.എസ്.മോട്ടോഴ്സ്, റോയൽ എൻഫീൽഡ്സ് | I |
| 13 | VII | ഡയറക്ടറേറ്റ്, കെ.എം.സി.ടി., പൂളാടിക്കുന്ന് | I |
| 14 | VII | നഴ്സിങ് കോളേജ്, പെരുന്തിരിത്തി | I, II |
| 15 | VII | മാവേലി സ്റ്റോർ, അമ്പലപ്പടി | I, II |
| 16 | VII | സിറ്റി കോ-ഓപ്പറേറ്റീവ് ബാങ്ക്, പൂളാടിക്കുന്ന് | I, II |
| 17 | IX | ഉദയ സൂര്യ ചിട്ടി ഫണ്ട്, മലബാർ | I |
| 18 | XIII | എം.ഇ.എസ്. സെൻട്രൽ സ്കൂൾ, പാവങ്ങാട് | I, II |
| 20 | XIII | ഡോ.സലാം ക്ലിനിക്, പാവങ്ങാട് | I, II |
| 21 | XIV | വിജന കേരളം പ്രിന്റേഴ്സ് | I, II |
| 22 | XIV | പ്രൊവഷണൽ മോട്ടോഴ്സ്, പാവങ്ങാട് | I, II |
| 23 | XIV | ആപ്കോ വഹിക്കിൾസ്, പാവങ്ങാട് | I |
| 24 | XV | കരിം ഡ്രിങ്ക്സ് പ്രൈവറ്റ് ലിമിറ്റഡ്, വെങ്ങാലി | II |
| 25 | XV | ഓട്ടോ കാർ പ്രൈവറ്റ് ലിമിറ്റഡ്, പാവങ്ങാട് | I, II |
| 26 | XV | മഹീന്ദ്ര ഇറാം മോട്ടോഴ്സ്, വെങ്ങാലി | I, II |
| 27 | XV | മാരുതി സുസുക്കി മോട്ടോഴ്സ്, വെങ്ങാലി | I, II |
| 28 | XVI | കാരന്നൂർ സർവ്വീസ് കോ-ഓപ്പറ്റീവ് ബാങ്ക്, പുതിയാപ്പ | I |
| 29 | XVIII | ശാന്തിഗിരി ആയുർവേദ സിദ്ധ വൈദ്യശാല | I |

2. ചെറുവണ്ണൂർ-നല്ലളം മേഖല കാര്യാലയം.

| | വാർഡ് നം, സ്ഥാപന നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | അർദ്ധ വർഷങ്ങൾ |
|---|---|---|---|---|
| 1 | 1/669 | മുത്തൂറ്റ് ഫിൻ കോർപ്പ് | 2 | I, II |
| 2 | 1666 E | ലയ എന്റർപ്രൈസസ് | 2 | ” |
| 3 | 1/5എ | ശ്രീ ചന്ദ്ര ഇന്റസ്ട്രീസ് | 2 | ” |
| 4 | 1/254 B1 | പോൾ ഫിൻ ക്ലോത്തിംഗ് | 8 | ” |
| 5 | 2/1334 | അലൈഡ് എഞ്ചിനീയറിംഗ് കമ്പനി | 12 | ” |
| 6 | 2/13342 | യൂറോ സ്റ്റാർ ഫുട്കെയർ | 39 | ” |
| 7 | 2/133G6 | ഒഡീസിയ ഇന്റസ്ട്രിയൽ | 39 | ” |
| 8 | 2/559 | വിന്റ് സ്റ്റാർ ഫൂട്ട് കെയർ | 13 | ” |
| 9 | 2/133G9 | സ്കൈ പോളിപാക്ക് ഇന്റസ്ട്രിയൽ എസ്റ്റേറ്റ് | 7 | ” |
| 10 | 2/133G2 | മാട്രിക്സ് ഫൂട്ട് വെയർ സൊല്യൂഷൻസ് | 5 | ” |
| 11 | 2/13343 | കോർവാലീസ് ഹെർബൽ ടെക് പ്രൈവറ്റ് ലി. | 4 | ” |
| 12 | 2/ലഭ്യമല്ല | സ്പൈസ് ഫൂട്ട്വെയർ സൊല്യൂഷൻസ് | 12 | ” |
| 13 | 4/3 | പഞ്ചാബ് നാഷണൽ ബാങ്ക് | 11 | ” |
| 14 | 4/496 | എക്സൈസ് റേഞ്ച് ഓഫീസ് | 19 | ” |
| 15 | 4/ലഭ്യമല്ല | നീതി മെഡിക്കൽ സ്റ്റോർ | 1 | ” |
| 16 | 4/724 | ന്യൂമാ ഗ്രാഫികസ് | 2 | ” |
| 17 | 4/ലഭ്യമല്ല | പ്രസൂൺ ഇന്റസ്ട്രീസ് | 3 | ” |
| 18 | 4/348എ | വഫ HE | 2 | ” |
| 19 | 4/ലഭ്യമല്ല | തേജസ് ഡെയ്‌ലി | ലഭ്യമല്ല | ” |
| 20 | 4/439 C, D | ഫെതർ ലൈൻ ഫർണ്ണീച്ചർ | ലഭ്യമല്ല | ” |
| 21 | 5/38 D | സൂര്യ ഇന്റസ്ട്രീസ് | 1 | ” |
| 22 | 5/380 എ | അജാക്സ് എഞ്ചിനീയേർസ് | 3 | ” |
| 23 | 6/ലഭ്യമല്ല | സൂപ്പർ കമ്പ്യൂട്ടർ ഫോംസ് | 1 | ” |
| 24 | 6/275 B | കാലിക്കറ്റ് ഫോംസ് | 4 | ” |
| 25 | 6/133412 | ടീ ടോപ്പ് ഫുഡ് പ്രോഡക്റ്റ്സ് | 4 | ” |
| 26 | 6/600 B | അൽ-ഫിത്റ ഇസ്ലാമിക് പ്രീ സ്കൂൾ | 22 | ” |

| | | | | |
|---|---|---|---|---|
| 27 | 6/90A2 | ഗസ്വ ട്രേഡിംഗ് കമ്പനി | 5 | " |
| 28 | 6/298B3 | ഹീറോസ് ഫൂട്ട്വെയർ ഡിസൈൻസ് | 8 | " |
| 29 | 6/600E | ജി.എം.ഇംപക്സ് | 45 | " |
| 30 | 6/294P | പി.കെ.പ്ലാസ്റ്റിക് | 5 | " |
| 31 | 6/130 | ജെ.ആർ.എന്റർപ്രൈസസ് | 5 | " |
| 32 | 6/ലഭ്യമല്ല | ക്വാളിറ്റി ഇന്റസ്ട്രീയൽ | ലഭ്യമല്ല | " |
| 33 | 6/133G18 | കൂൾ ലാന്റ് ഐസ് | 6 | " |
| 34 | 6/589F | ലോർഡക്സ് വുഡ് | 2 | " |
| 35 | 6/ലഭ്യമല്ല | അലീന ഫൂട്ട് വെയർ അപ്പർ യൂണിറ്റ് | 4 | " |
| 36 | 7/117 | ഓറിയന്റ് പോളിമേർസ് | 1 | " |
| 37 | 7/624D | ജയ്സീസ് ഇന്റസ്ട്രീസ് | 4 | " |
| 38 | 7/717A | മെഷേർസ് ലീ ഫോങ് എക്സിം | 20 | " |
| 39 | 7/597 | സഹാറ എന്റർപ്രൈസസ് | 2 | " |
| 40 | 7/733 | മെഷേർസ് ലതർ വർക്സ് | 16 | " |
| 41 | 7/711B | സൂബിയ സ്റ്റിച്ചിംഗ് | 5 | " |
| 42 | 7/287 | SS Zuare എന്റർപ്രൈസസ് | 2 | " |
| 43 | 7/652 | ഉദയ ഇന്റസ്ട്രീസ് | 2 | " |
| 44 | 7/765D | അൽ ബറൂസ് പർദ്ദ | 4 | " |
| 45 | 7/118 | ഭഷിൻ എന്റർപ്രൈസസ് | 5 | " |
| 46 | ലഭ്യമല്ല | മലബാർ ടോട്ടൽ ഗ്യാസ് | 2 | " |
| 47 | 8/121B | എൻ.സി.എച്ച് കാസ്റ്റിംഗ്സ് | 17 | " |
| 48 | 8/316 | ഗ്രേസ് ഇംഗ്ലീഷ് മീഡിയം | 5 | " |
| 49 | 8/508A1 | സ്റ്റാർ ലൈറ്റ് പോളിക്കോട്ട് | 4 | " |
| 50 | 8/148A | ഇറോഗ്രീൻ ഫൂട്ട് വെയർ ഫിറ്റിംഗ്സ് | 7 | " |
| 51 | ലഭ്യമല്ല | സഹാറ എന്റർപ്രൈസസ് | 3 | " |
| 52 | 8/602 | എക്സോട്ടിക് അപ്പർ വർക്ക്സ് | 3 | " |
| 53 | 8/509C | ഗ്യാലക്സി ഫൂട്ട് വെയർ ബ്രാഞ്ച്-1 | 5 | " |
| 54 | 8/134B1 | ജോഷ് ഫൂട്ട് വെയർ ഫിറ്റിംഗ്സ് | 5 | " |
| 55 | 8/174 | റേഡിയന്റ് ഫൂട്ട് കെയർ പ്രൈവറ്റ് ലിമിറ്റഡ് | 20 | " |
| 56 | 8/175 | റേഡിയന്റ് മൗൾഡ്സ് | 26 | " |
| 57 | 8/213 | ഗ്ലിസ്റ്റർ പോളിമേഴ്സ് | 14 | " |
| 58 | 8/213C | സഹാറ പോളിമേഴ്സ് | 14 | " |
| 59 | 8/397B | മാർവൽ ഫൂട്ട് വെയർ ഫിറ്റിംഗ് | 8 | " |
| 60 | 8/665 | വുഡ് റോക്ക് ഫർണ്ണീച്ചർ | 4 | " |
| 61 | 8/607E,C1,E1 | മെറ്റഫർ ഡിസൈൻ ഹൗസ് | 5 | " |
| 62 | 8/487 | കെ.സി.കെ.പോളിമേർസ് | 6 | " |
| 63 | 8/513B | മേയ് ഫ്ലവർ | 12 | " |
| 64 | 8/510D | ഡ്രീംസ് വോക്ക് ഫൂട് വെയർ | 6 | " |
| 65 | 8/397B1 | ഡിസയർ ഫൂട് വെയർ ഫിറ്റിംഗ് | 8 | " |
| 66 | 9/159 | ഡയമണ്ട് ഫൂട് വെയർ | 4 | " |
| 67 | 9/166D | ജി.കെ.എച്ച് ഫൂട് വെയർ | 3 | " |
| 68 | 9/155D | ജി.കെ.എച്ച് ഫൂട് വെയർ ഫിറ്റിംഗ്സ് | 4 | " |
| 69 | 9/212J | ഡിജിറ്റൽ ഫൂട് വെയർ | 3 | " |
| 70 | 9/216F | മോൻസി വർഗ്ഗീസ് ന്യൂ ബ്രൈറ്റ് വർക്സ് | 2 | " |
| 71 | 9/422AB | റൂൾകോച്ച് ഫിറ്റിംഗ്സ് | 11 | " |
| 72 | 10/447 | സ്മാക്ക് ഫൂട് കെയർ | 9 | " |
| 73 | 10/133 | സോളാർ പാക്കേജിംഗ് ഇന്റസ്ട്രീസ് | 5 | " |
| 74 | 10/488B | ടെക്നോ ക്രാഫ്റ്റ് | 4 | " |
| 75 | ലഭ്യമല്ല | പ്രൻസിപ്പാൾ GVHSS ചെറുവണ്ണൂർ | 19 | " |
| 76 | 11/418E | മണികണ്ഠൻ മോട്ടോർസ് | 14 | " |
| 77 | 11/282 | ശൈലി പ്രിന്റേർസ് | 7 | " |
| 78 | 11/660 | റോസ് മെഡ് ലൈഫ് സയൻസ് | 24 | " |
| 79 | 12/298E | നാഷണൽ ഇൻഷ്വറൻസ് | 1 | " |
| 80 | 12/330B | മെഷേർസ് സ്റ്റാർ ലൈറ്റ് ഫൂട് വെയർ | 3 | " |

| | | | | |
|---|---|---|---|---|
| 81 | 12/341 | സൂപ്പർ പ്ലൈ ബ്ലെന്റ് | 4 | ” |
| 82 | 12/344 | സോവറിൻ പ്ലൈ വുഡ്സ് | 4 | ” |
| 83 | 12/457 | തേക്ക് വുഡ് ഇന്റസ്ട്രീസ് | 3 | ” |
| 84 | 12/476D | കോഹിനൂർ മാർക്കറ്റിംങ്ങ് | 2 | ” |
| 85 | 12/933 | ലിറ്റിൽ ഫ്ലവർ എ.യു.പി. സ്കൂൾ | 20 | ” |
| 86 | 12/531 | മെർമർ ലിമിറ്റഡ് | 4 | ” |
| 87 | ലഭ്യമല്ല | മിനാ ഇന്റസ്ട്രീസ് | 1 | ” |
| 88 | 12/680F2 | കാലിക്കറ്റ് ഫ്ലക്സ് പാക്ക് | 2 | ” |
| 89 | 12/720A | കരുണ വുഡ് പ്രൊഡക്ട്സ് | 4 | ” |
| 90 | 12/726 | മലബാർ പോളിമേർസ് | 3 | ” |
| 91 | 12/498 | TDP ഫുട് കെയർ | 6 | ” |
| 92 | 12/345 | ഇന്റർ കോൺ ബോർഡ് | 5 | ” |
| 93 | 12/458A | ഏഷ്യൻ ബോർഡ് | 6 | ” |
| 94 | 13/25A | സ്റ്റെപ്പ് ഫുട് വെയർ ഡിസൈൻസ് | 6 | ” |
| 95 | 13/162 | മെഷേർസ് കിരൺ മൗൾഡ് | 2 | ” |
| 96 | 13/163A | മാഗ്നറ്റ് ഫുട് കെയർ | 12 | ” |
| 97 | 13/171, 173 | മാക് ഹോസ്പിറ്റൽ പ്രൈവറ്റ് ലിമിറ്റഡ് | 57 | ” |
| 98 | 13/323 | ഹൈനിക്സ് ഇലാസ്റ്റ മേഴ്സ് | 27 | ” |
| 99 | 13/543A | ഏഷ്യൻ പ്യൂടെക് | 9 | ” |
| 100 | ലഭ്യമല്ല | ഇ.എസ്.ഐ. ഡിസ്പൻസറി | 7 | ” |
| 101 | 13/649A | കേരള പ്ലാസ്റ്റിക് ഇന്റസ്ട്രീസ് | 4 | ” |
| 102 | 13/486E | സെന്തർമിക് ബെൻസിംഗ് ടെക്നോളജി | 3 | ” |
| 103 | 13/480 | ഏഷ്യൻ പ്ലൈവുഡ് | 9 | ” |
| 104 | 14/201A | റിയാസ് വുഡ് വർക്സ് | 2 | ” |
| 105 | 14/312 | സായി ബ്രിക്സ് & പോട്ടറീസ് | 5 | ” |
| 106 | 14/353 | കരുണ ലബോറട്ടറി | 2 | ” |
| 107 | 14/395, 396 | അശ്വിൻ എഞ്ചിനീയേഴ്സ് | 5 | ” |
| 108 | 14/170 | ജി.എച്ച്.എസ്.എസ്. ചെറുവണ്ണൂർ | 21 | ” |
| 109 | 14/267A | സ്റ്റാന്റേർജ് വുഡ് കോംപ്ലക്സ് | 2 | ” |
| 110 | 14/280 | പാരഡൈസ് ഇന്റസ്ട്രീസ് | 5 | ” |

മേൽ അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ട് റവന്യൂ ഓഫീസർമാർക്ക് അന്വേഷണക്കുറിപ്പുകൾ നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും 2019-20 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-15.7 അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 245 പ്രകാരം നഗരസഭ പ്രദേശത്ത് ഒരു അർധവർഷം 60 ദിവസത്തിലധികം തൊഴിൽ ചെയ്യുന്ന വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. എന്നാൽ നഗരസഭ പ്രദേശങ്ങളിൽ പ്രാക്ടീസ് ചെയ്യുന്ന അഭിഭാഷകരിൽ നിന്നു തൊഴിൽ നികുതി ഈടാക്കിയതായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല.
നഗരസഭ പ്രദേശങ്ങളിലെ അഭിഭാഷകരിൽ നിന്നും നിയമാനുസൃത നടപടികൾ സ്വീകരിച്ച് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

### 1-15.8 പ്രായോഗിക നടപടി സ്വീകരിക്കുന്നില്ല.

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ മേൽ വിവരിച്ച രീതിയിലുള്ള അപാകതകളെ സംബന്ധിച്ച പരാമർശങ്ങൾക്ക് സമർപ്പിക്കുന്ന മറുപടികളിൽ തുടർ വർഷങ്ങളിൽ അപാകത പരിഹരിക്കുമെന്നും രജിസ്റ്ററുകൾ ഇപ്പോൾ കൃത്യമായി സൂക്ഷിക്കുന്നുണ്ട് എന്നിങ്ങനെയുള്ള മറുപടി സമർപ്പിക്കുമ്പോഴും അതേ അപാകത പരിഹരിക്കപ്പെടാതെ ഇപ്പോഴും തുടരുന്നതായി കാണുന്നു. ഇതിൽ നിന്നു ഓഡിറ്റ് റിപ്പോർട്ടിന് തരുന്ന മറുപടികൾ പാലിക്കപ്പെടുന്നില്ല എന്ന് കാണുന്നു. നഗരസഭ ഫണ്ടിന് നഷ്ടം വരുന്ന വിഷയം, മറ്റ് നിയമ ലംഘനങ്ങൾ എന്നിങ്ങനെ ഓഡിറ്റ് വേളയിൽ ചൂണ്ടികാണിക്കുന്ന അപാകതകൾക്ക് മറുപടി ലഭ്യമാക്കി പരിഹരിക്കേണ്ടത് സെക്രട്ടറിയുടെ ഉത്തരവാദിത്തമാണ്. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം പ്രകാരം നൽകുന്ന റിപ്പോർട്ടുകൾ ഗൗരവത്തോടെ കണക്കിലെടുക്കാതെ ലാഘവത്തോടെ മറുപടികൾ സമർപ്പിക്കുന്നത് ശരിയായ നടപടിയല്ല.

### 1-15.9 ഓഡിറ്റ് ശുപാർശ.

നഗരസഭയുടെ ലൈസൻസ് ഇല്ലാതെയും നികുതി ഒടുക്കാതെയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് നഗരസഭയ്ക്ക് വരുമാന നഷ്ടം ഉണ്ടാക്കുന്നു. വർഷങ്ങളായുള്ള വരുമാന നഷ്ടം ഒഴിവാക്കേണ്ടത് നഗരസഭയുടെ നിലനിൽപിന് അത്യന്താപേക്ഷിതമാണ്. ഇതിനായി താഴെപ്പറയുന്ന കാര്യങ്ങൾ അടിയന്തിരമായി നടപ്പാക്കേണ്ടതാണ്.

1. നഗരത്തിൽ ബിസിനസ് ആവശ്യങ്ങൾക്കു വേണ്ടി നിർമ്മിക്കപ്പെട്ട എല്ലാ കെട്ടിടങ്ങളിലും പരിശോധന നടത്തി അവയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പേര്, ബിസിനസ് സ്വഭാവം, ജീവനക്കാരുടെ എണ്ണം തുടങ്ങിയ വിശദമായ വിവരങ്ങൾ ശേഖരിക്കേണ്ടതാണ്.

1. ശേഖരിക്കപ്പെടുന്ന വിവരങ്ങൾ കെട്ടിട നമ്പർ ക്രമത്തിൽ നിശ്ചിത പ്രൊഫോർമയിൽ രേഖപ്പെടുത്തുക. ഇതിൽ 'സഞ്ചയ' പ്രകാരമുള്ള കെട്ടിട നമ്പർ, കെട്ടിടത്തിന്റെ വിസ്തീർണ്ണം മുതലായ വിവരങ്ങളും ഉണ്ടാകേണ്ടതാണ്. (IKMമായി ബന്ധപ്പെട്ട് ആവശ്യമായ സോഫ്റ്റ്‌വെയർ തയ്യാറാക്കി വിവരങ്ങൾ രേഖപ്പെടുത്തുന്നത് ഉചിതമായരിക്കും.)

2. രസീതുകളിൽ സ്ഥാപനങ്ങളുടെ പേര് നിർബന്ധമായും ചേർക്കുക.

3. കഴിഞ്ഞ 3 വർഷങ്ങളിൽ തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഒടുക്കാത്ത സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുക.

4. മുൻ വർഷങ്ങളിലെ കുടിശ്ശിക ഇനത്തിൽ ഈടാക്കാൻ ബാക്കിയുള്ള തുക ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നോ ഉത്തരവാദികളിൽ നിന്നോ പിഴ സഹിതം ഈടാക്കുക.

മേൽ വിഷയത്തിൽ ധനകാര്യ സ്ഥിരം സമിതിയുടെയും ഭരണസമിതിയുടെയും ഭരണ വകുപ്പിന്റെയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

### 1-16 ഡി & ഒ ലൈസൻസ് - കൗൺസിൽ നിശ്ചയിച്ചിട്ടുള്ള വാർഷിക ലൈസൻസ് നിരക്കിലെ അപാകതകൾ.

ഫയൽ നം. എഫ്.14/48165/17

2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം വ്യാപാരം/ തൊഴിൽ/കച്ചവട സ്ഥാപനം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പ്രാധാന്യം, വ്യാപാരത്തിന്റെ സ്വഭാവം, നടത്തുന്ന വ്യാപാരത്തിന്റെ തോത്, മുതൽ മുടക്ക് തുടങ്ങിയ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ വ്യപാരത്തേയും സുതാര്യമായ മാനദണ്ഡപ്രകാരം എ, ബി, സി എന്നീ മൂന്ന് വിഭാഗങ്ങളായി തിരിച്ച് I ഉം II ഉം പട്ടികകളിൽ അതാതിനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ നിരക്കിന് വിധേയമായി കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ വാർഷിക ലൈസൻസ് ഫീസ് ചുമത്താവുന്നതാണ്. 25.01.2019 ലെ കൗൺസിൽ യോഗത്തിൽ തീരുമാനം നമ്പർ 1 പ്രകാരം പുതുക്കിയ നിരക്കിലുള്ള ലൈസൻസ് ഫീസ് അംഗീകരിച്ചതിനെ (ബൈലോ) തുടർന്ന് ഗസറ്റിൽ വിജ്ഞാപനം നടത്തുന്നതിനായി അയച്ചു. 10.03.2020 ലെ ഗസറ്റിൽ ബൈലോ പ്രസിദ്ധീകരിച്ചു. ബൈലോയിൽ കാണിച്ചിരിക്കുന്ന ലൈസൻസ് ഫീസ് നിരക്കിൽ താഴെ പറയുന്ന അപാകതകൾ കാണുന്നുണ്ട്.

### 1-16.1 ചട്ടത്തിൽ നിശ്ചയിച്ചിച്ചുള്ള നിരക്കിലും താഴെയായി കൗൺസിൽ ഫീസ് നിശ്ചയിച്ചു.

താഴെ പറയുന്ന ഇനങ്ങൾക്ക് ബൈലോ പ്രകാരം നിശ്ചയിച്ചിട്ടുള്ള ഫീസ് ചട്ടത്തിലെ പട്ടിക 1ൽ ഉൾപ്പെട്ട നിരക്കിനേക്കാൾ കുറവാണ്.

| ബൈലോ പ്രകാരമുള്ള ക്രമ നം. | ഇനം | ചട്ട പ്രകാരമുള്ള കുറഞ്ഞ നിരക്ക്. | | | ബൈലോ പ്രകാരമുള്ള നിരക്ക് | | |
|---|---|---|---|---|---|---|---|
| | | എ | ബി | സി | എ | ബി | സി |
| 74 | കരിങ്കല്ല് - കൊത്തുക, മിനുക്കുക, വിൽപ്പനയ്ക്കായി ശേഖരിക്കുക | 1200 | 800 | 600 | 1000 | 600 | 400 |

| | | | | | | | |
|---|---|---|---|---|---|---|---|
| 111 | മെറ്റൽ ക്രഷിംഗ് - ക്രഷിംഗ് ശേഖരിക്കുകയോ, വിൽപ്പന നടത്തുകയോ ചെയ്യുക | 5000 | 3000 | 1500 | 5000 | 2000 | 1000 |

## 1-16.2 വിഭാഗങ്ങളായി തിരിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കിയിട്ടില്ല.

ചട്ടം 4 പ്രകാരം വ്യാപാരം/തൊഴിൽ/കച്ചവടം ഇവ നടത്തുന്ന സ്ഥലത്തിന്റെ പ്രാധാന്യം, വ്യാപാരത്തിന്റെ സ്വഭാവം, വ്യാപാരത്തിന്റെ തോത്, മുതൽ മുടക്ക് തുടങ്ങിയ ഘടകങ്ങൾ അടിസ്ഥാനമാക്കി സുതാര്യമായ മാനദണ്ഡപ്രകാരം ഓരോ വ്യാപാരത്തേയും എ, ബി ,സി എന്നീ മൂന്ന് വിഭാഗങ്ങളായി തരം തിരിക്കേണ്ടതാണ്. പട്ടിക IIൽ ഉൾപ്പെട്ട താഴെ പറയുന്ന ഇനങ്ങൾക്ക് എ, ബി, സി എന്നീ മൂന്ന് വിഭാഗങ്ങളായി തിരിച്ച് താഴെ പറയുന്ന പ്രകാരം ഫീസ് നിശ്ചയിച്ചിട്ടുണ്ടെങ്കിലും തരം തിരിവിന്റെ മാനദണ്ഡം വ്യക്തമാക്കിയിട്ടില്ല.

| ക്രമ നം | ഇനം | കൗൺസിൽ നിശ്ചയിച്ച നിരക്ക് | | |
|---|---|---|---|---|
| | | എ | ബി | സി |
| 75 | വേ ബ്രിഡ്ജ് നടത്തുക | 1200 | 1000 | 800 |
| 76 | ബ്രോക്കർമാർ, കമ്മീഷൻ ഏജന്റുമാർ, അളവ്, തൂക്കം പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്നവർ. | 1200 | 1000 | 800 |

ഈ ഇനങ്ങൾക്ക് എപ്രകാരമാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, വിഭാഗം കണ്ടെത്തി കൃത്യമായ ലൈസൻസ് ഫീസ് ഈടാക്കുക എന്ന് വ്യക്തമല്ല.

## 1-16.3 തെറ്റായ മാനദണ്ഡം ഉൾപ്പെടുത്തി ഫീസ് നിരക്ക് നിശ്ചയിച്ചു.

ചട്ടത്തിലെ പട്ടിക II ലെ ക്രമനമ്പർ.6 പ്രകാരമുള്ള ബത്തികൾ - നിർമ്മിക്കുകയോ ശേഖരിക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യുക എന്ന ഇനത്തിന് താഴെ പറയുന്ന മാനദണ്ഡങ്ങൾ പ്രകാരം എ, ബി ,സി എന്നീ മൂന്ന് വിഭാഗങ്ങളായി തരം തിരിച്ച് താഴെ പറയുന്ന പ്രകാരമാണ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്.

(എ) നിർമ്മാണം

(ബി) മൊത്ത വ്യപാരം

(സി) ചില്ലറ വ്യപാരം

എന്നാൽ ചില്ലറ വ്യാപാരത്തിന് ബാധകമായ കുറഞ്ഞ ഫീസ് ചട്ടത്തിലെ പട്ടിക രണ്ടിന് താഴെ കുറിപ്പായി ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം ചില്ലറ വ്യാപാരത്തിനുള്ള നിരക്ക് പ്രത്യേകമായി കൗൺസിൽ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഇവിടെ വിൽപ്പന എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് മൊത്ത വ്യാപാരത്തെയാണ്. തരം തിരിവിൽ സംഭരണം (ശേഖരണം) ഉൾപ്പെടുത്തിയിട്ടുമില്ല. സംഭരണത്തിന് പകരം ചില്ലറ വിൽപ്പന ഉൾപ്പെടുത്തിയത് കാരണം ബത്തികളുടെ ചില്ലറ വിൽപ്പനയ്ക്ക് രണ്ട് നിരക്കുകൾ ബാധകമാകുന്നതിന് കാരണമായി.

മേൽ പരാമർശിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഖണ്ഡികയിൽ പരാമർശിച്ച അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-17 ലൈസൻസ് ഫീ വ്യവസ്ഥയിൽ കെട്ടിടങ്ങൾ അനുവദിക്കുന്നതിലെ അപാകതകൾ.

മേഖല കാര്യാലയങ്ങളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ ലൈസൻസ് ഫീ വ്യവസ്ഥയിൽ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ നൽകുന്നു.

### 1-17.1 ബേപ്പൂർ മേഖല കാര്യാലയം.

(I) ലൈസൻസ് ഫീ അടക്കുന്നതിൽ വീഴ്ച വരുത്തിയിട്ടും നടപടി സ്വീകരിക്കുന്നില്ല.

ബേപ്പൂർ മേഖല കാര്യാലയത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ ലൈസൻസ് ഫീ വ്യവസ്ഥയിൽ വാടകയ്ക്ക് നൽകിയിട്ടുണ്ട്. വാടക കരാറിലെ വ്യവസ്ഥ പ്രകാരം 3 മാസത്തിൽ കൂടുതൽ തുടർച്ചയായി ലൈസൻസ് ഫീ അടക്കുന്നതിൽ വീഴ്ച വരുത്തിയാൽ നോട്ടീസോടു കൂടിയോ നോട്ടീസ് ഇല്ലാതെയോ ലൈസൻസ് അവകാശം ഡെപ്യൂട്ടി സെക്രട്ടറിക്ക് റദ്ദാക്കാവുന്നതാണ്. എന്നാൽ ഇപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ലൈസൻസ് ഫീ കുടിശ്ശിക വരുത്തുന്നതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ. നം. | ലൈസൻസിയുടെ പേര് | റൂം നം. | ഫീ | കുടിശ്ശിക കാലയളവ് | തുക |
|---|---|---|---|---|---|
| 1 | ഗോപി, അമ്പലത്തിൽ നടുവട്ടം | 684 | 4400 | 8/19 മുതൽ 1/21 വരെ 18 മാസം | 79,200 |
| 2 | പ്രസിഡന്റ് കയർ വ്യവസായ സഹകരണ സംഘം | 548D | 369 | 11/19 മുതൽ 1/21 വരെ 15 മാസം | 5,535 |

| | | | | | |
|---|---|---|---|---|---|
| 3 | വവിത കുമാരി | 8 | 3391 | 2/20 മുതൽ 1/21 വരെ 12 മാസം | 40,692 |
| 4 | രഞ്ജിത്ത് കുമാർ | 14 | 4118 | 10/19 മുതൽ 1/21 വരെ 16 മാസം | 65,888 |
| 5 | മുഹമ്മദ് അസ് ലം | 178/0 | 643 | 4/18 മുതൽ 7/19 വരെ (സെക്യൂരിറ്റി ഡെപ്പോസിറ്റ് ഉൾപ്പെടെ) | 19,588 |

നഗരസഭ വക കെട്ടിടത്തിലെ 178/0 നമ്പർ കടമുറി ശ്രീ മുഹമ്മദ് അസ്ലം എന്നയാൾക്ക് 01.04.2016 മുതൽ 31.03.2019 വരെ കാലയളവിലേക്ക് പുതുക്കി നൽകി. ലൈസൻസി ഏപ്രിൽ 2018 മുതൽ ജൂലായ് 2019 വരെയുള്ള കാലയളവിലെ ലൈസൻസ് ഫീ ആയ 19588/- രൂപ അടച്ചിട്ടില്ല. (ടിയാൻ എഗ്രിമെന്റ് വെച്ച് കടമുറി ഏറ്റെടുത്ത സമയത്ത് അടവാക്കിയ സെക്യൂരിറ്റി ഡെപ്പോസിറ്റ് സംബന്ധിച്ച് യാതൊരു രേഖകളും നിലവിലില്ലെന്ന് നോട്ട് ഫയലിൽ രേഖപ്പെടുത്തി കാണുന്നു) ഫയൽ പ്രകാരം 25.07.2019 ന് നഗരസഭ മുറി പൂട്ടി ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് സംബന്ധിച്ച വിവരങ്ങളൊന്നും ലഭ്യമല്ലാത്ത സാഹചര്യത്തിൽ വാടക കുടിശ്ശികയായ 19,588/- രൂപ ഈടാക്കാനുള്ള യാതൊരു നിയമ നടപടിയും സ്വീകരിച്ചിട്ടില്ല. സെക്യൂരിറ്റി ഡെപ്പോസിറ്റ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാകാത്ത സാഹചര്യം പരിശോധിക്കേണ്ടതും, കുടിശ്ശികയായ ലൈസൻസ് ഫീ 19588/- രൂപ ഈടാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതുമാണ്.

(II) ലേല നടപടികൾ സ്വീകരിക്കുന്നതിൽ കാലതാമസം.

(എ) ഫയൽ നം. BZ/G2/4774/14 – മാത്തോട്ടം ഷോപ്പിംഗ് കോംപ്ലക്സ്.

നഗരസഭ വക മാത്തോട്ടം ഷോപ്പിംഗ് കോംപ്ലക്സിലെ 15/178 K, L, M, N. എന്നീ നാലു മുറികൾ 01.06.2012 മുതൽ (C.R..21/15.05.12) ശ്രീ.ജംഷീർ, S/o.ഹംസ എന്നവർക്ക് ഒരു മുറിക്ക് പ്രതിമാസം 720/- രൂപ നിരക്കിൽ ലൈസൻസ് വ്യവസ്ഥയിൽ അനുവദിച്ചിരുന്നതാണ്. നഗരസഭയുടെ മുൻകൂർ അനുമതിയില്ലാതെ മേൽ കെട്ടിട മുറികളുടെ ഇടഭിത്തികൾ നീക്കം ചെയ്യുകയും ഉപയോഗത്തിന്റെ സ്വഭാവം മാറ്റുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ KMA 215(4)(2) വകുപ്പിന്റെ ലംഘനമാകയാൽ മുറികൾ ഉപയോഗിക്കുന്നതിനുള്ള ലൈസൻസ് അവകാശം നഗരസഭ റദ്ദ് ചെയ്തു. ഇതിനെതിരെ ലൈസൻസി ബഹു:ഹൈക്കോടതിയെ (WP(C)40918/16) സമീപിച്ചതിൽ ഇടക്കാല സ്റ്റേ ഉത്തരവായി. പിന്നീട് ബഹു: ഹൈക്കോടതി സ്റ്റേ നീട്ടി നൽകിയില്ല. തുടർന്ന് 21.03.2017 ന് മുറി പൂട്ടി ഏറ്റെടുക്കാൻ ഡെപ്യൂട്ടി സെക്രട്ടറി ഉത്തരവിടുകയും 18.01.2019 ന് മുറി പൂട്ടി ഏറ്റെടുക്കുകയും ചെയ്തു.

ലൈസൻസ് വ്യവസ്ഥകൾ ലംഘിച്ചതിനാൽ മുറി പൂട്ടി ഏറ്റെടുക്കാൻ 21.03.2017 ന് ഡെപ്യൂട്ടി സെക്രട്ടറി ഉത്തരവിട്ടിട്ടും യഥാസമയം നടപടി സ്വീകരിക്കാതെ 18.11.2019 ന് മാത്രമാണ് മുറി പൂട്ടി ഏറ്റെടുത്തിട്ടുള്ളത്.

മുറി പൂട്ടി ഏറ്റെടുക്കാനുള്ള ഡെ.സെക്രട്ടറിയുടെ ഉത്തരവ് നടപ്പാക്കുന്നതിൽ 22 മാസത്തോളം കാലതാമസം വരുത്തി. കൂടാതെ 18.11.2019 ന് മുറി പൂട്ടി ഏറ്റെടുത്തിട്ടും ഉടൻ ലേലം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടില്ല. കട മുറി പൂട്ടി ഏറ്റെടുത്ത സമയത്ത് തന്നെ ലേലം ചെയ്ത് വാടകയ്ക്ക് നൽകിയിരുന്നെങ്കിൽ ലൈസൻസ് ഫീ ഇനത്തിൽ ഒരു മുറിയ്ക്ക് 720 രൂപ പ്രകാരം 4 മുറികൾക്ക് പ്രതി വർഷം 34,560/- രൂപയോളം ലൈസൻസ് ഫീസിനത്തിൽ ലഭിക്കേണ്ടതായിരുന്നു.

(ബി) ഫയൽ നം.19536/H1/98/CDA.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള G9(N) നമ്പർ കെട്ടിടം ലക്ഷദ്വീപ് പി.ഡബ്ല്യൂ.ഡി. എഞ്ചിനീയർക്ക് 02.02.2019 മുതൽ 01.02.2022 വരെയുള്ള കാലയളവിലേക്ക് പ്രതിമാസം 54,680/- രൂപ ലൈസൻസ് ഫീ വ്യവസ്ഥയിൽ അനുവദിച്ചു. എന്നാൽ 31.01.2020 തീയതി പ്രാബല്യത്തിൽ കെട്ടിടം ഒഴിയുകയാണെന്ന് കാണിച്ച് ലൈസൻസി നഗരസഭയ്ക്ക് കത്ത് നൽകി. തുടർന്ന് സപ്ലൈകോ മാനേജറുടെ കത്തിന്റെ അടിസ്ഥാനത്തിൽ 09.06.2020 മുതൽ 08.06.2023 വരെയുള്ള കാലയളവിലേക്ക് സ്ക്വയർ ഫീറ്റിന് 20 രൂപ നിരക്കിൽ നൽകിയിട്ടുണ്ട്. ലൈസൻസി 31.01.2020 ന് കെട്ടിടം ഒഴിഞ്ഞിട്ടും ഉടൻ തന്നെ ലേല നടപടികൾ സ്വീകരിച്ച് ലൈസൻസ് വ്യവസ്ഥയിൽ കൈമാറാതെ സപ്ലൈകോ മാനേജറുടെ കത്തിന്റെ അടിസ്ഥാനത്തിൽ വാടകയ്ക്ക് നൽകി KMA 215(2) (സി) പ്രകാരം പരസ്യ ലേലം ചെയ്ത് നൽകേണ്ടതിന് പകരം കത്തിന്റെ അടിസ്ഥാനത്തിൽ നൽകിയത് മേൽ വകുപ്പിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. കൂടാതെ യഥാസമയം ലേലം ചെയ്ത് നൽകാത്തതിനാൽ നഗരസഭക്ക് വരുമാനനഷ്ടം സംഭവിക്കുന്നു. ഇത് നഗരസഭയുടെ സാമ്പത്തിക താൽപര്യത്തിന് വിരുദ്ധമായ നടപടിയാണ്.

(സി) ഫയൽ നം.BZ/G2/1186/H2/16, BZ/G2/6969A/18.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള G(10) നമ്പർ ഗോഡൗൺ കെട്ടിടം (3079 സ്ക്വയർ ഫീറ്റ്) ലൈസൻസ് ഫീ വ്യവസ്ഥയിൽ അനുവദിക്കണമെന്ന കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ (KSBC) 28.12.2016 ലെ അപേക്ഷ പരിഗണിച്ച് ചതുരശ്ര അടിക്ക് 17 രൂപ ലൈസൻസ് ഫീ ആയും 6 മാസത്തെ ലൈസൻസ് ഫീ തുക സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയും നിശ്ചയിച്ച് നൽകി. തുടർന്ന് 31.01.2017 ന് KSBC സി.ഡി.എ.യുമായി കരാർ വെച്ചു (കരാർ കാലാവധി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല). ഇത് പ്രകാരം KSBC 3,14,058/- (3079 X 17 X 6 – സെക്യൂരിറ്റി ഡെപ്പോസിറ്റ് - ചെക്ക് നം.02292045/, തീയതി 09.02.2017) രൂപ നഗരസഭയിൽ അടച്ചു. തുടർന്ന് കെട്ടിടം ഒഴിയുമ്പോൾ പൂർവ്വ സ്ഥിതിയിലാക്കാമെന്ന നിബന്ധനയിൽ നഗരസഭയുടെ അനുമതിയോടെ കെട്ടിടത്തോട് ചേർന്ന് ചില നിർമ്മാണങ്ങൾ KSBC സ്വന്തം ചെലവിൽ നടത്തി. എന്നാൽ പ്രദേശവാസികളുടെ പ്രതിഷേധം കാരണം ചില്ലറ വില്പന മദ്യശാല തുറന്ന് പ്രവർത്തിക്കാൻ കഴിഞ്ഞില്ല. ഇതിനെ തുടർന്ന് 07.11.2017 ൽ താക്കോൽ നഗരസഭക്ക് തിരികെ നൽകിയെങ്കിലും നിർമ്മാണങ്ങൾ പൊളിച്ചു നീക്കാൻ KSBC തയ്യാറായില്ല. നഗരസഭ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പൊളിച്ചു നീക്കുകയും ഇതിന് ചെലവായ 15000/- രൂപയും 01.07.2017 മുതൽ 06.11.2017 വരെയുള്ള (30.06.2017 വരെയുള്ളത് അടവാക്കി) LF ആയ 2,19,841/- (52343 X 4 + 10468) രൂപയും 18% GST ആയ 39,571/- രൂപയും ഉൾപ്പെടെ2,74,417/- രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കിഴിച്ച് ബാക്കി KSBC ക്ക് നൽകി. പിന്നീട് മുഴുവൻ തുകയും തിരികെ കിട്ടണമെന്നാവശ്യപ്പെട്ട് KSBC കോഴിക്കോട് മുൻസിഫ് കോടതിയിൽ OS 440/19 നമ്പറായി കേസ് ഫയൽ ചെയ്ത് നിലവിലുള്ളതാണ്.

KSBC യിൽ നിന്നും 07.11.2017 ന് താക്കോൽ തിരികെ ലഭിച്ച ശേഷം 01.09.2018 മുതൽ 31.08.2021 വരെ 3 വർഷത്തേക്ക് സപ്ലൈകോ യ്ക്ക് സ്ക്വയർ ഫീറ്റിന് 12 രൂപ നിരക്കിൽ (01.08.18.CR.46) നൽകി. സപ്ലൈകോ 4,43,376/- രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി അടക്കുകയും ചെയ്തു. എന്നാൽ തൊഴിൽ തർക്കത്തെ തുടർന്ന് 20.11.2019 ന് സപ്ലൈകോ കെട്ടിടം ഒഴിയുകയും പിന്നീട് സപ്ലൈകോയുടെ ആവശ്യ പ്രകാരം 01.07.2020 മുതൽ 30.06.2023 വരെ സപ്ലൈകോക്ക് വീണ്ടും നൽകുകയും ചെയ്തിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

(1) KMA 215(2)(സി) പ്രകാരം പരസ്യ ലേലം ചെയ്ത് വാടകയ്ക്ക് നൽകേണ്ടതിന് പകരം നേരിട്ട് ലഭ്യമാകുന്ന കത്തിന്റെ അടിസ്ഥാനത്തിൽ നൽകുന്നു.

(2) KSBC 07.11.2017 ന് താക്കോൽ തിരികെ ഏൽപ്പിച്ച ശേഷം 01.09.2018 മുതലാണ് സപ്ലൈക്കോയ്ക്ക് വാടകയ്ക്ക് നൽകിയത്. കെട്ടിടം യഥാസമയം വാടകക്ക് നൽകാത്തതിനാൽ 10 മാസക്കാലം വാടകയിനത്തിൽ നഷ്ടമുണ്ടാകാനും 20.11.2019 ന് സപ്ലൈകോ ഒഴിഞ്ഞ ശേഷം 01.07.2020 ന് ശേഷം മാത്രം വീണ്ടും വാടകക്ക് നൽകിയതിനാൽ 7 മാസത്തിലധികവും വാടകയിനത്തിൽ വരുമാനം നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായി. നടപടികളിലെ കാലതാമസവും വീഴ്ചയും കാരണം വാടകയിനത്തിൽ നഗരസഭയ്ക്ക് വരുമാനം നഷ്ടപ്പെടുന്നു.

(ഡി) ഫയൽ നം.BZ/G2/6980/18

നഗരസഭയുടെ ഉടമസ്ഥതയിലുള്ള രണ്ട് കെട്ടിടങ്ങളിലായി 3 ഷെഡുകൾ (548D,E,F) ഉണ്ട്. ഇതിൽ 548D നമ്പർ കെട്ടിടം കയർ വ്യവസായ സംഘത്തിന് ലൈസൻസ് വ്യവസ്ഥയിൽ നൽകിയിട്ടുണ്ട്. ബാക്കിയുള്ള രണ്ട് ഷെഡുകളിൽ 548E നമ്പർ ഷെഡ് ഇതു വരെയും ലൈസൻസ് ഫീ വ്യവസ്ഥയിൽ നൽകിയിട്ടില്ല. ഈ കെട്ടിട്ടത്തിലെ രണ്ട് ഷെഡുകളിലും വൈദ്യുതി കണക്ഷൻ ലഭ്യമാകാത്തതിനാൽ ലേലം നടപടി സ്വീകരിച്ചിട്ടില്ലെന്ന് ഫയലിൽ രേഖപ്പെടുത്തി കാണുന്നു. ലേലത്തിൽ എടുക്കുന്ന ആൾ വൈദ്യുതി കണക്ഷൻ ലഭ്യമാക്കണമെന്ന വ്യവസ്ഥയിൽ ലേലം ചെയ്യാൻ നടപടി സ്വകരിച്ച വരവെ "കരകൗശല കലാകാരൻമാരുടെ ഉപജീവനവും പ്രാദേശിക ആർട്ട് ഹബ്ബുകളും" പദ്ധതിക്ക് വേണ്ടി നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുക്കപ്പെട്ട ULCCS ന്റെ സർഗ്ഗാലയ എന്ന സ്ഥാപനത്തിന് സൗജന്യ നിരക്കിൽ അനുവദിക്കാൻ സാംസ്കാരിക വകുപ്പ് ഡയറക്ടർ 01.07.2019 ലെ പി.4/4158/19 നമ്പർ കത്തിൽ ആവശ്യപ്പെട്ടു. ഇടർന്ന് നഗരസഭ കൗൺസിൽ (CR62/08.11.2019) 08.11.2019 മുതൽ 07.11.2022 വരെ 3 വർഷത്തേക്ക് ലൈസൻസ് ഫീ വ്യവസ്ഥയിൽ 50% സൗജന്യ നിരക്കിൽ 77 M2 വരുന്ന 548 F നമ്പർ ഷെഡ് അനുവദിക്കാൻ തീരുമാനിച്ചു. ഇത് പ്രകാരം എഗ്രിമെന്റ് വെക്കുന്നതിനും വാടക കുടിശ്ശികയും ഡെപ്പോസിറ്റും അടവാക്കുന്നതിനും ULCCS ന് 22.11.2019 ന് കത്തയച്ചെങ്കിലും എഗ്രിമെന്റ് വെക്കുന്നതിന് തയ്യാറായില്ല. കെട്ടിടം സൗജന്യമായി ലഭിച്ചാൽ മാത്രമെ പദ്ധതി ആരംഭിക്കാൻ കഴിയൂ എന്ന തീരുമാനം നഗരസഭയെ അറിയിച്ചു. നാളിതു വരെ സ്ഥാപനം എഗ്രിമെന്റ് വെക്കുകയോ ലൈസൻസ് ഫീസ്, സെക്യൂരിറ്റി ഡപ്പോസിറ്റ് എന്നിവ അടക്കുകയോ ചെയ്തിട്ടില്ല.

സെക്യൂരിറ്റി ഡെപ്പോസിറ്റ് അടച്ച് നഗരസഭയുമായി കരാർ ഒപ്പു വെച്ചിട്ടില്ലാത്തതിനാലും നഗരസഭ കെട്ടിടം ULCCS ന് കൈമാറാത്തതിനാലും തുക അടക്കാൻ ബാധ്യതയില്ലെന്ന് ULCCS 01.12.2020 ന് നഗരസഭയെ അറിയിച്ചിട്ടുണ്ട്. ഈ കെട്ടിടം വാടകക്ക് അനുവദിക്കുന്നതിന് വിവിധ വ്യക്തികൾ നേരിൽ സമീപിക്കുന്നുണ്ടെന്ന് കൗൺസിലിലേക്കുള്ള കാര്യപരിപാടി കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ലൈസൻസ് ഫീസും സെക്യൂരിറ്റി ഡെപ്പോസിറ്റും അടച്ച് എഗ്രിമെന്റ് ഒപ്പുവെക്കാൻ 22.11.2019 ന് അയച്ച കത്ത് ലഭിച്ചിട്ടും ULCCS തയ്യാറാകാത്ത സാഹചര്യത്തിൽ തീരുമാനം റദ്ദാക്കി ലേലം ചെയ്ത് വാടകക്ക് നൽകാൻ നഗരസഭ നടപടി സ്വീകരിച്ചില്ല.

വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനാൽ ലേലം ചെയ്തില്ലെന്ന് ഫയലിൽ പരാമർശിച്ച 548E നമ്പർ കെട്ടിടത്തിന് അടിസ്ഥാന വാടക പ്രതിമാസം 11,527/- രൂപയും ULCCS ന് നൽകാൻ നഗരസഭ തീരുമാനിച്ച 548F നമ്പർ കെട്ടിടത്തിന് അടിസ്ഥാന വാടക പ്രതിമാസം 19,038/- രൂപയുമായി എഞ്ചിനീയറിംഗ് വിഭാഗം നിശ്ചയിച്ചിട്ടുണ്ട്. ഇതിൽ 548F നമ്പർ കെട്ടിടത്തിന്റെ അടിസ്ഥാന വാടകയായ 19,038/- രൂപയുടെ 50% ആയ 9520/- രൂപ പ്രതിമാസ വാടകക്കാണ് ULCCS ന് നൽകിയിരുന്നത്.

കയർ വ്യവസായ സഹകരണ സംഘത്തിന് വാടകക്ക് നൽകിയ 548D ഷെഡിന്റെ ലൈസൻസ് അവകാശം 2013 ൽ പുതുക്കി നൽകിയതായി BZ/G2/8472/13 നമ്പർ ഫയൽ പരിശോധിച്ചതിൽ കാണുന്നു. നഗരസഭ 3 വർഷത്തേക്കാണ് ലൈസൻസ് ഫീ വ്യവസ്ഥയിൽ കെട്ടിടം അനുവദിക്കുന്നത് എന്നതിനാൽ 2013 ൽ പുതുക്കി നൽകുന്ന കെട്ടിടം 2010 ൽ വാടകക്ക് നൽകിയിരുന്നുവെന്ന് വ്യക്തമാണ്. ഇതിന്റെ ഭാഗമായ 548E, 548F കെട്ടിടങ്ങളും വൈദ്യുതീകരിച്ച് 2010 വർഷത്തിൽ തന്നെ ലേലം ചെയ്ത് നൽകാൻ നടപടി സ്വീകരിച്ചിട്ടില്ല. മാത്രമല്ല 548E കെട്ടിടം 10 വർഷത്തിലധികമായി ലേലം ചെയ്യാനുള്ള യാതൊരു നടപടിയും സ്വീകരിക്കാത്തതിനാൽ നഗരസഭക്ക് വരുമാനത്തിൽ നഷ്ടം സംഭവിക്കുന്നു. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-17.2 ചെറുവണ്ണൂർ നല്ലളം മേഖല കാര്യാലയം.

അരീക്കാട് ഷോപ്പിംഗ് കോംപ്ലക്സ് - സിറ്റി പോസ്റ്റ് ഓഫീസ് മുറിയുടെ ലൈസൻസ് ഫീ അടവാക്കാത്തത് - സംബന്ധിച്ച് .

അരീക്കാട് ഷോപ്പിംഗ് കോംപ്ലക്സിലെ 24 -ാം നമ്പർ മുറി സീനിയർ സൂപ്രണ്ട് സിറ്റി പോസ്റ്റ് ഓഫീസ് (നല്ലളം പോസ്റ്റ് ഓഫീസ്) കോഴിക്കോടിന് 1991 മുതൽ പ്രതിമാസം 1,250/- രൂപ ലൈസൻസ് ഫീ വ്യവസ്ഥയിൽ അനുവദിച്ചിട്ടുണ്ട്. (ചെറുവണ്ണൂർ നല്ലളം ഗ്രാമപഞ്ചായത്ത് ആയിരുന്ന കാലം മുതൽ). തുടർന്ന് ലൈസൻസ് ഫീ വർദ്ധിപ്പിച്ചതിന്റേയോ ലൈസൻസ് ഫീ പുതുക്കി കരാർ ചമച്ചതിന്റേയോ രേഖകൾ ഫയലിൽ ലഭ്യമല്ല. ചെറുവണ്ണൂർ നല്ലളം ഗ്രാമപഞ്ചായത്ത് പ്രദേശം 2010 നവംബർ മുതൽ കോഴിക്കോട് നഗരസഭയോട് കൂട്ടിച്ചേർക്കപ്പെട്ടു. നഗരസഭയിൽ നിലവിൽ 3 വർഷകാലത്തേക്ക് 20% ലൈസൻസ് ഫീയിൽ വർദ്ധന വരുത്തിയാണ് കരാർ പുതുക്കി നൽകി വരുന്നത്. 3 വർഷത്തിന് പകരം 5 വർഷത്തേക്ക് കരാർ വെക്കുന്നതിന് അനുവദിക്കണമെന്ന പോസ്റ്റൽ ഡിപ്പാർട്ട്മെന്റിന്റെ അപേക്ഷയും, കേന്ദ്ര കമ്മ്യൂണിക്കേഷൻ മന്ത്രാലയത്തിന്റെ 25.02.1992 ലെ സർക്കുലറും പരിഗണിച്ച് 01.04.2004 മുതൽ മുൻകാല പ്രാബല്യത്തോടെ ലൈസൻസ് കാലാവധി 5 വർഷമാക്കി മാറ്റുന്നതിനുള്ള ധനകാര്യ സ്ഥിരം സമിതിയുടെ 06.03.2017 ലെ 31ാം നമ്പർ ശുപാർശ, 28.06.2017 ലെ 21ാം നമ്പർ തീരുമാന പ്രകാരം കൗൺസിൽ അംഗീകരിച്ചിട്ടുള്ളതാണ്. എന്നാൽ ആയതിന് സർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടില്ല .

പോസ്റ്റൽ വകുപ്പിന് അനുവദിച്ചിട്ടുള്ളത് 5 വർഷത്തേക്കുള്ള കരാർ ആണെങ്കിലും നിലവിലുള്ള നിബന്ധനകൾക്ക് വിധേയമായി ഓരോ 3 വർഷം കൂടുമ്പോഴും ലൈസൻസ് ഫീയിൽ 20% വർദ്ധന വരുത്തി ഫീ ഈടാക്കുന്നതിന് 23.08.2017 ലെ ധനകാര്യ സ്ഥിരം സമിതിയുടെ 10-ാം നമ്പർ ശുപാർശ കൗൺസിലിന്റെ 31.10.2017 ലെ 61-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം പ്രസ്തുത മുറിയുടെ ലൈസൻസ് കാലാവധി 01.04.2004 മുതൽ ഓരോ 3 വർഷം കൂടുമ്പോഴും നിലവിലുള്ള ലൈസൻസ് ഫീയിൽ 20% വർദ്ധന വരുത്തി ഈടാക്കുന്നതിനും 01.04.2004 മുതൽ ഓരോ 5 വർഷത്തേക്കും ഓരോ ലൈസൻസ് കരാറുകൾ (2004 മുതൽ 2009 വരെ, 2009 മുതൽ 2014 വരെ, 2014 മുതൽ 2019 വരെ ആകെ 3 എണ്ണം) 200 രൂപ വിലയുള്ള 3 മുദ്രപത്രത്തിൽ സമർപ്പിക്കുന്നതിനും 18.11.2017 ലെ ബി1/5043/16 നമ്പർ കത്ത് പ്രകാരം പോസ്റ്റോഫീസ് സീനിയർ സൂപ്രണ്ടിനോട് ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത കത്തിന് പോസ്റ്റൽ സൂപ്രണ്ട് നൽകിയ മറുപടിയിൽ കേന്ദ്ര വാർത്താ വിതരണ മന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരം മുൻകാല പ്രാബല്യത്തോടെ വാടക വർദ്ധനവ് അനുവദനീയമല്ല എന്നും 01.01.2018 മുതൽ പുതുക്കിയ നിരക്കായി 3,110/- രൂപ അടവാക്കാൻ തയ്യാറാണെന്നും അറിയിച്ചിട്ടുണ്ട്. ഇത് ധനകാര്യ സ്ഥിരം സമിതിയുടെ 30.05.2018 ലെ 26-ാം നമ്പർ ശുപാർശയായി കൗൺസിലിലേക്ക് സമർപ്പിക്കുകയും കൗൺസിൽ 19.09.2018 ലെ 7-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

01.04.2004 മുതൽ 30.11.2017 വരെ മാത്രമേ പോസ്റ്റൽ വിഭാഗം ലൈസൻസ് ഫീ അടവാക്കിയിട്ടുള്ളൂ. തുടർന്നുള്ള ലൈസൻസ് ഫീ കുടിശ്ശികയായി നിലനിൽക്കുന്നു. 01.04.2004 മുതൽ ഓരോ 3 വർഷം കൂടുമ്പോഴും ലൈസൻസ് ഫീയിൽ വരുത്തേണ്ട വർദ്ധനവിന്റെ വിവരം ചുവടെ ചേർക്കുന്നു. സർക്കാരിന്റെ മറ്റ് വകുപ്പുകളിലേക്ക് അടവാക്കേണ്ട സേവന നികുതി, ജി.എസ്.ടി കുടിശ്ശിക തുകയിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | കാലയളവ് (3 വർഷം) | 20% നിരക്ക് | 3 വർഷം അടവാക്കിയ തുക | 3 വർഷത്തേക്ക് അടവാക്കേണ്ട തുക | അടവാക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | 01.04.2004 മുതൽ 31.03.2007 വരെ | 1500 | 1250X36=45000 | 1500X36=54000 | 9000 |
| 2 | 01.04.2007 മുതൽ 31.03.2010 വരെ | 1800 | 1250X36=45000 | 1800X36=64800 | 19800 |

| | | | | | |
|---|---|---|---|---|---|
| 3 | 01.04.2010 മുതൽ 31.03.2013 വരെ | 2160 | 1250X36=45000 | 2160X36=77600 | 32760 |
| 4 | 01.04.2013 മുതൽ 31.03.2016 വരെ | 2592 | 1250X36=45000 | 2592X36=93312 | 48312 |
| 5 | 01.04.2016 മുതൽ 30.11.2017 വരെ | 3110 | 1250X20=25000 | 3110X20=62200 | 37200 |
| 01.4.2016 മുതൽ പ്രതിമാസ ലൈസൻസ് ഫീ അടവാക്കേണ്ടത് 3,111/- രൂപയാണ്. (2592 X 20% = 3110.4). 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ്.283 നോട്ട് പ്രകാരം ഒരു രൂപയുടെ അംശത്തെ അടുത്ത ഉയർന്ന രൂപയുടെ മൊത്തം സംഖ്യയാക്കേണ്ടതാണ്. ആ നിലക്ക് 20/- രൂപ കുടിശ്ശിക അടവാക്കാനുണ്ട്. | | | | | |
| 6 | 01.12.2017 മുതൽ 31.03.2019 വരെ | 3111 | | 3111 X 16 = 49976 | 49976 |
| 7 | 01.04.2019 മുതൽ 31.03.2020 വരെ | 3734 | | 3734×12 = 44808 | 44808 |
| ആകെ | | | | | 241876 |

എന്നാൽ കൗൺസിൽ തീരുമാനിച്ച നിരക്കിലുള്ള വാടക 3110/- രൂപ (01.01.2018 മുതൽ) അടവാക്കാൻ തയ്യാറാണെന്ന് കോഴിക്കോട് പോസ്റ്റൽ ഡിവിഷൻ 28.02.2020 ലെ ഡി2/169 നം. കത്ത് പ്രകാരം അറിയിക്കുകയും കരട് ലൈസൻസ് കരാർ ഉടമ്പടി നഗരസഭയിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

കൗൺസിൽ തീരുമാന പ്രകാരം കരാർ വെക്കാത്തതിനും വർദ്ധിപ്പിച്ച നിരക്കിൽ ലൈസൻസ് ഫീ ഈടാക്കാത്തതിനും 28.07.2021 ന് നൽകിയ അന്വേഷണക്കുറിപ്പിന് (നം.30/2019-20) ലഭ്യമാക്കിയ മറുപടിയിൽ സിറ്റി പോസ്റ്റ് ഓഫീസ് സീനിയർ സൂപ്രണ്ടിന്റെ പേരിൽ അനുവദിച്ച മുറിക്ക് വർഷങ്ങളായി ഒരേ നിരക്കിലുള്ള വാടകയാണ് അടവാക്കി പോരുന്നതെന്നും ലൈസൻസ് കരാർ ഉടമ്പടി പുതുക്കി ആവശ്യമായ തുക അടവാക്കാൻ ആവശ്യപ്പെട്ട് പല തവണ ഈ കാര്യാലയത്തിൽ നിന്നും അറിയിപ്പുകൾ നൽകിയെങ്കിലും മുനിസിപ്പൽ ചട്ടങ്ങൾ പാലിച്ച് 3 വർഷത്തേക്ക് ലൈസൻസ് പുതുക്കാൻ നിർവാഹമില്ല എന്നും കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾക്ക് അനുവദിച്ച 5 വർഷ കാലത്തേക്കുള്ള ലൈസൻസ് കരാർ ഉടമ്പടിയേ സമർപ്പിക്കാൻ സാധിക്കൂ എന്നുമാണ് മറുപടി ലഭ്യമാക്കിയത് (18.12.2017 ലെ ഡി2/221 നം. കത്ത്) .

ഇന്ത്യൻ പോസ്റ്റൽ വിഭാഗവുമായി കൗൺസിൽ തീരുമാന പ്രകാരം കരാർ ചമക്കേണ്ടതും കുടിശ്ശികയായ ലൈസൻസ് ഫീ തിരികെ ഈടാക്കേണ്ടതുമാണ്. കുടിശ്ശിക വരുത്തിയ തുകക്ക് 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 538 (2) പ്രകാരം ലൈസൻസ് ഫീയുടെ 1 % നിരക്കിലുള്ള പ്രതിമാസം പിഴയും സർക്കാരിന്റെ മറ്റ് വകുപ്പുകളിലേക്ക് അടവാക്കേണ്ട നികുതി തുകയും ഈടാക്കേണ്ടതാണ്.

## 1-18 പരസ്യ ബോർഡ് സ്ഥാപിക്കൽ - ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ഫീസ് ഈടാക്കുന്നില്ല.

ഫയൽ നം. ടിപി.13/എ.36/80848/19

1999ലെ കേരള മുനിസിപ്പാലിറ്റി (പൊതു തെരുവുകളിലും പൊതു സ്ഥലങ്ങളിലും കമാനങ്ങളും പരസ്യ ബോർഡുകളും സ്ഥാപിക്കൽ) ചട്ടങ്ങൾ, ചട്ടം 4(1) പ്രകാരം, ഏതെങ്കിലും കമാനങ്ങളോ, പരസ്യബോർഡോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന യാതൊരാളും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന കമാനത്തിന്റെയോ പരസ്യ ബോർഡിന്റെയോ വിശദവിവരം കാണിക്കുന്ന പ്ലാൻ സഹിതം സെക്രട്ടറിക്ക് അപേക്ഷ സമർപ്പിക്കേണ്ടതും ചട്ടം.6 പ്രകാരം ഇതിലേക്കായി കൗൺസിൽ നിശ്ചയിച്ച നിരക്കിലുള്ള ഫീസ് മുനിസിപ്പാലിറ്റിയുടെ ഓഫീസിൽ അടയ്ക്കുകയും ചെയ്യേണ്ടതാണ്. ചട്ടം.4(2) പ്രകാരം, ലഭിച്ച അപേക്ഷയും പ്ലാനും സെക്രട്ടറി വിശദമായി പരിശോധിക്കേണ്ടതും ചട്ടത്തിൽ പറയുന്ന നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

സംസ്ഥാന സർക്കാരിന്റെ വിവിധ ക്ഷേമ പദ്ധതികളുടേയും പരിപാടികളുടേയും പ്രചരണാർത്ഥം പരസ്യം ചെയ്യുന്നതിനായി ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ഉടമസ്ഥതയിൽ സർക്കാർ സ്ഥലങ്ങളിലും, കെട്ടിടങ്ങളിലും സ്ഥിരം ഹോർഡിംഗുകൾ സ്ഥാപിക്കുന്നതിന് 26.09.2019 ലെ സ.ഉ (കൈ) നം.5/2019/ഐ.&പി.ആർ ഉത്തരവിലൂടെ സർക്കാർ ഭരണാനുമതി നൽകി. 16.10.2019 ലെ നം.സി. 2/254.2018/ ഐ.&പി.ആർ (2) നം കത്തിലൂടെ കോഴിക്കോട് നഗരസഭ പ്രദേശങ്ങളിൽ സ്ഥാപിക്കുന്ന ഹോർഡിംഗുകൾക്ക് അനുമതി നൽകുന്നതിനായി നഗരസഭ സെക്രട്ടറിയോട് ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ അപേക്ഷിച്ചു. 29.10.2019 ലെ സ്റ്റിയറിംഗ് കമ്മിറ്റിയുടെ യോഗത്തിലെ ശുപാർശയും (തീരുമാനം നം.15), 05.12.2019 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗത്തിലെ ശുപാർശയും (തീരുമാനം നം.25) പരിഗണിച്ച് 30.12.2019 ലെ കൗൺസിൽ യോഗത്തിൽ (തീരുമാനം നം. 8) ഹോർഡിംഗുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകി. എന്നാൽ ഹോർഡിംഗുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ഫയലിൽ ചട്ടം.4(1),(2) അനുശാസിക്കും പ്രകാരം പരസ്യ ബോർഡ് സ്ഥാപിക്കുന്നതിനുള്ള പെർമിറ്റ് വാങ്ങിയതിന്റെയോ ചട്ടത്തിൽ അനുശാസിക്കുന്ന നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായുള്ള പരിശോധനാ റിപ്പോർട്ടുകൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണ കുറിപ്പ് നൽകിയതിന് (26/2019-20, തീയ്യതി. 01.03.2021 ) മറുപടി ലഭ്യമാക്കിയില്ല. നഗരസഭ പരിധിയിൽ പരസ്യ ബോർഡുകളോ, കമാനങ്ങളോ സ്ഥാപിക്കുന്നതിന് കൗൺസിൽ അംഗീകരിച്ച നിരക്കില്ലാത്തതിനാലാണ് ഫീസ് ഈടാക്കാതിരുന്നത് എന്ന് ബന്ധപ്പെട്ട സെക്ഷൻ ക്ലർക്ക് അറിയിച്ചു.

2019ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഹോർഡിംഗുകളും, പരസ്യങ്ങളും കെട്ടിടത്തിന്റെ നിർവ്വചനത്തിൽ വരുന്നതിനാൽ അനുമതിയില്ലാതെ നിർമ്മിച്ചവ നീക്കം ചെയ്യുന്നതിന് നഗരസഭകൾക്ക് അധികാരമുണ്ട്. 1994 കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 275(2), പട്ടിക നാല് പ്രകാരം സെക്രട്ടറിയുടെ അനുമതിയില്ലാതെ നഗരസഭ പ്രദേശങ്ങളിൽ പരസ്യ ബോർഡുകൾ സ്ഥാപിച്ചവരിൽ നിന്നും 5,000/- രൂപ പിഴ ചുമത്തുന്നതിനും വ്യവസ്ഥയുണ്ട്. ആയതിനാൽ സോണൽ ഓഫീസ് ഉൾപ്പെടെ നഗരസഭ പരിധിയിൽ സ്ഥാപിച്ചിട്ടുള്ള എല്ലാ കമാനങ്ങൾക്കും പരസ്യ ബോർഡുകൾക്കും സെക്രട്ടറിയുടെ അനുമതിയുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. നഗരസഭ പരിധിയിൽ അനധികൃതമായി സ്ഥാപിച്ചിട്ടുള്ള/ പ്രദർശിപ്പിച്ചിട്ടുള്ള കമാനങ്ങൾ, പരസ്യങ്ങൾ നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും അവ സ്ഥാപിച്ച ഉത്തരവാദികളിൽ നിന്നും (സ്ഥല ഉടമകൾ) നിയമത്തിൽ അനുശാസിച്ച പിഴ ചുമത്തി ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-19 പിരിച്ചെടുക്കുന്ന ഗുണഭോക്തൃവിഹിതം നഗരസഭ ഫണ്ടിൽ യഥാസമയം അടവാക്കാത്തതും മറ്റു അപാകതകളും.

സീനിയർ വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ വിവിധ പ്രൊജക്ടുകളിലെ ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തതിലും, പിരിവ് തുക നഗരസഭ ഫണ്ടിൽ അടവാക്കിയതിലും ഗുരുതരമായ അപാകതകൾ കാണുന്നു.

(1) രശീതി പുസ്തകങ്ങൾ സ്റ്റോക്കിലെടുക്കുന്നില്ല.

പദ്ധതികൾ നിർവ്വഹണം നടത്തുന്നത് ബേപ്പൂർ വെറ്ററിനറി ഹോസ്പിറ്റലിലെ സീനിയർ വെറ്ററിനറി സർജനാണെങ്കിലും എലത്തൂർ, മാങ്കാവ്, നല്ലളം

വെറ്ററിനറി ഹോസ്പിറ്റലുകളുടെ പരിധിയിൽ വരുന്ന ഗുണഭോക്താക്കളിൽ നിന്ന് വിഹിതം പിരിച്ചെടുക്കുന്നത് അതത് വെറ്ററിനറി ഹോസ്പിറ്റലുകളിലെ വെറ്ററിനറി സർജൻമാരാണ്. ഗുണഭോക്തൃവഹിതം പിരിക്കുന്നതിനായി നഗരസഭയിൽ നിന്ന് രശീതി പുസ്തകങ്ങൾ ഇഷ്യൂ ചെയ്യുന്നത് ബേപ്പൂർ സീനിയർ വെറ്ററിനറി സർജന് മാത്രമാണ്. പിരിവിനായി ലഭിക്കുന്ന രശീതി പുസ്തകങ്ങൾ 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 74 പ്രകാരം സ്റ്റോക്കിലെടുക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ നിന്ന് ലഭിച്ച് രശീതി പുസ്തകങ്ങളൊന്നും തന്നെ വെറ്ററിനറി ഹോസ്പിറ്റലിലെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിയിട്ടില്ല.

(2) ഗുണഭോക്താക്കൃ വിഹിതം അടയ്ക്കുന്നവർക്ക് രശീതി നൽകുന്നില്ല.

നഗരസഭ ഫണ്ടിലേക്ക് തുക അടയ്ക്കുന്ന ഏതൊരാൾക്കും 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 18 പ്രകാരം അപ്പോൾ തന്നെ രശീതി നൽകേണ്ടതാണ്. എന്നാൽ സീനിയർ വെറ്ററിനറി സർജൻ നിർവ്വഹണം നടത്തുന്ന പദ്ധതികകളുമായി ബന്ധപ്പെട്ട് ബേപ്പൂർ, എലത്തൂർ, മാങ്കാവ്, നല്ലളം വെറ്ററിനറി ഹോസ്പിറ്റലുകളിൽ ഗുണഭോക്തൃവിഹിതം അടയ്ക്കുന്നവർക്ക് അതത് സമയം രശീതി നൽകുന്നില്ല. അതിന് പകരം ഗുണഭോക്താവിന്റെ പേര്, അടവാക്കിയ തുക എന്നിവ ഒരു കടലാസിൽ രേഖപ്പെടുത്തി വയ്ക്കുകയാണ് ചെയ്യുന്നത്. എലത്തൂർ, മാങ്കാവ്, നല്ലളം വെറ്ററിനറി ഹോസ്പിറ്റലുകളിൽ നിന്ന് പിരിക്കുന്ന തുക ആയതിന്റെ വിശദാംശങ്ങൾ സഹിതം ബേപ്പൂർ സീനിയർ വെറ്ററിനറി സർജന് കൈമാറുകയും, തുക നഗരസഭയിൽ അടവാക്കുന്ന ദിവസം മാത്രം ബേപ്പൂർ വെറ്ററിനറി ഹോസ്പിറ്റലിൽ വച്ച് രശീത് എഴുതുകയുമാണ് ചെയ്യുന്നത്. ഇങ്ങനെ എഴുതിയ പല രശീതികളുടെയും ഡ്യൂപ്ലിക്കേറ്റ് പകർപ്പ് മുറിച്ചെടുക്കാതെ രശീതി പുസ്തകങ്ങളിൽ തന്നെ വച്ചിട്ടുണ്ട് (ഉദാ: പുസ്തകം നമ്പർ 970, 36, 37 എന്നിവയിലെ മുഴുവൻ രശീതികളും). മറ്റ ചില രശീതികൾ പുസ്തകത്തിൽ നിന്ന് മുറിച്ചെടുത്തത് പ്രത്യേകമായി വച്ചിട്ടുണ്ട്. (ഉദാ: രശീതി പുസ്തകം നമ്പർ 135 ലെ 13401 മുതൽ 13411 വരെയുള്ള രശീതികൾ).

(3) രശീതുകളിൽ തീയതി രേഖപ്പെടുത്തുന്നില്ല.

രശീതിയുടെ ഡ്യൂപ്ലിക്കേറ്റ് പകർപ്പ് മുറിച്ച് മാറ്റിയതായി കാണുന്ന പല രശീത് പുസ്തകങ്ങളിലും അവയുടെ അസ്സൽ പകർപ്പുകളിൽ തീയതി എഴുതിയിട്ടില്ല. (ഉദാ: പുസ്തകം നമ്പർ 34, 35, 36, 37 132, 133). ചില രശീതുകളിൽ കാർബൺ വെയ്ക്കാതെ വ്യത്യസ്ത നിറത്തിലുള്ള മഷി ഉപയോഗിച്ച് പിന്നീട് തീയതി എഴുതി ചേർക്കുകയാണ് ചെയ്തിട്ടുള്ളത്. ( ഉദാ: പുസ്തകം നമ്പർ 969, 971, 797, 857, 858 എന്നിവയിലെ മുഴുവൻ രശീതികളും).

(4) രശീതികൾ സാക്ഷ്യപ്പെടുത്തുന്നില്ല.

രശീതികളിൽ പലതിലും വെറ്ററിനറി സർജനോ തുക പിരിക്കുന്നതിനായി അദ്ദേഹം ചുമതലപ്പെടുത്തിയ മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ സാക്ഷ്യപ്പെടുത്തുന്നില്ല. (ഉദാ: പുസ്തകം നമ്പർ 36, 37, 38, 857, 858, 86, 132, 133 എന്നിവയിലെ മുഴുവൻ രശീതികളും)

(5) രശീതികളിൽ വെട്ടിതിരുത്തലുകൾ വരുത്തുന്നു.

രശീതികളിൽ രേഖപ്പെടുത്തുന്ന ഗുണഭോക്താക്കളുടെ പേര്, തുക, ബന്ധപ്പെട്ട പദ്ധതി എന്നിവയിലൊക്കെ വെട്ടിതിരുത്തലുകൾ വരുത്തുന്നുണ്ട്. കാർബൺ വയ്ക്കാതെയാണ് ഇത്തരത്തിൽ തിരുത്തലുകൾ വരുത്തുന്നത്. കൂടാതെ ഇപ്രകാരം വരുത്തുന്ന തിരുത്തലുകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നുമില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

(1) 857 നമ്പർ രശീതി പുസ്തകത്തിൽ 10.07.20020ന് നൽകിയതായി രേഖപ്പെടുത്തിയിട്ടുള്ള 85657 നമ്പർ രശീതിയിൽ മട്ടുപ്പാവിൽ മുട്ടക്കോഴി വളർത്തൽ (2019-20) പ്രൊജക്ടുമായി ബന്ധപ്പെട്ട് ശ്രീമതി.സൈനബ, നീലിയേടത്ത്, കാരപ്പറമ്പ് എന്നവർ 1,375/- രൂപ അടവാക്കിയതായാണ് ആദ്യം രേഖപ്പെടുത്തിയതെങ്കിലും പിന്നീട് തുക തിരുത്തി 875/- എന്നാക്കിയിട്ടുണ്ട്.

(2) 634 നമ്പർ രശീതി പുസ്തകത്തിലെ 63383 നമ്പർ രശീതിയിൽ ശ്രീ.രൂപേഷ്.വി.പി. വലിയവയൽ, ചേവരമ്പലം എന്നവർ മട്ടുപ്പാവിൽ മുട്ടക്കോഴി വളർത്തൽ (2019-20) പ്രൊജക്ടുമായി ബന്ധപ്പെട്ട് 1,375/- രൂപ അടച്ചതായാണ് ആദ്യം രേഖപ്പെടുത്തിയിട്ടുള്ളതെങ്കിലും ആയത് തിരുത്തി ശ്രീമതി.റീന.ടി.കെ. തയ്യിൽ കയ്യാൽ, പൊക്കുന്ന് എന്നവർ അടുക്കളമുറ്റത്ത് കോഴി വളർത്തൽ പദ്ധതിക്ക് 825/- രൂപ അടവാക്കിയതായി തിരുത്തിയിട്ടുണ്ട്.

(6) പിരിവ് തുക നഗരസഭയിൽ അടവാക്കാതെ കൈവശം വയ്ക്കുന്നു.

2007ലെ കേരള മുനിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടങ്ങളിലെ ചട്ടം 21 പ്രകാരം ഓരോ ദിവസവും പിരിച്ചെടുക്കുന്ന ഗുണഭോക്തൃവിഹിതം തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ നഗരസഭ ട്രഷറിയിൽ അടവാക്കേണ്ടതാണ്. എന്നാൽ പിരിവ് തുക മാസങ്ങളോളം ചട്ടവിരുദ്ധമായി കൈവശം വച്ചതിന് ശേഷം മാത്രമാണ് നഗരസഭയിൽ അടവാക്കുന്നത്. മാത്രമല്ല ഇപ്രകാരം തുക അടവാക്കുന്ന ദിവസം മാത്രമാണ് തുക വരവ് വന്നതായി ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നത്. 2020-21 സാമ്പത്തിക വർഷത്തെ കാടയും കൂട്ടം പ്രൊജക്ടുമായി ബന്ധപ്പെട്ട് എലത്തൂർ വെറ്ററിനറി ഹോസ്പിറ്റൽ പരിധിയിലെ 38 ഗുണഭോക്താക്കളിൽ നിന്ന് 01.12.2020 മുതൽ 08.12.2020 വരെയുള്ള ദിവസങ്ങളിലായി പിരിച്ചെടുത്ത 1,42,500/- രൂപയും, ബേപ്പൂർ, നല്ലളം വെറ്ററിനറി ഹോസ്പിറ്റലുകളിൽ വച്ച് പിരിച്ചെടുത്ത തുകയുമടക്കം 3,41,250/- രൂപ 02.02.2021 തീയതി വച്ചാണ് രശീതി പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ തുക നഗരസഭ ട്രഷറിയിൽ അടവാക്കിയിട്ടില്ല എന്ന് ഓഡിറ്റ് വേളയിൽ കണ്ടെത്തിയതിനെ തുടർന്ന് 24.02.2021ന് മാത്രമാണ് ആയത് അടവാക്കിയിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് (നമ്പർ 41/2019-20 /06.09.2021 മറുപടി ലഭിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.
സീനിയർ വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ വിവിധ പ്രൊജക്ടുകളിലെ ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തതിലും രശീതി ഉപയോഗത്തിലും വ്യാപകമായ അപാകതകൾ ശ്രദ്ധയിൽ പെട്ടതിനാൽ വിശദമായ തുടരന്വേഷണത്തിനു ശുപാർശ ചെയ്യുന്നു.

## 1-20 പ്രളയ ദുരിതാശ്വാസം - അനർഹർക്ക് ജീവനോപാധി സബ്സിഡി അനുവദിച്ചു.

| | | | |
|---|---|---|---|
| പദ്ധതിയുടെ പേര് | പ്രളയ ദുരിതാശ്വാസ ജീവനോപാധികൾ നഷ്ടപ്പെട്ട കർഷകർക്കുള്ള കറവ പശു ആട് കാലിതൊഴുത്ത് നവീകരണം | | |
| പദ്ധതി നം | 1604/20 | | |
| നിർവഹണോദ്യോഗസ്ഥൻ | സീനിയർ വെറ്ററിനറി സർജൻ, ബേപ്പൂർ | | |
| അടങ്കൽ തുക | 7,35,000/- | വികസന ഫണ്ട് | |
| ചെലവ് | 4,95,000/- | ബിൽ നം | 26/19-20 |

| | |
|---|---|
| തീയതി | 26.03.2020 |

പ്രളയക്കെടുതി മൂലം നഗരസഭ പ്രദേശത്ത് മൃഗസംരക്ഷണ മേഖലയിൽ കന്നുകാലി സമ്പത്ത് നഷ്ടപ്പെട്ടവർക്കുള്ള ആശ്വാസമെന്ന നിലക്കാണ് മേൽ പദ്ധതി നടപ്പാക്കിയത്. പദ്ധതി നടപ്പാക്കിയതിലൂടെ 9 ഗുണഭോക്താക്കൾക്ക് 55,000/- രൂപ വീതം സബ്സിഡി അനുവദിച്ചു.

2018 ൽ സംസ്ഥാനത്ത് സംഭവിച്ച മഹാപ്രളയത്തിൽ സാരമായി നാശനഷ്ടം സംഭവിച്ച വിഭാഗത്തിന് തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനു വേണ്ടി ജീവനോപാധി പരിപാടികൾ ആവിഷ്ക്കരിച്ച നടപ്പാക്കുന്നതിന് 23.12.2019 ലെ സ.ഉ (കൈ) 170/2019/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലൂടെ സർക്കാർ അനുമതിയും തുകയും അനുവദിച്ചു. ഇതിനായി വിവിധ മേഖലകളിൽ ഗുണഭോക്താക്കൾ താൽപര്യപ്പെടുന്നതും അവർക്ക് അനുയോജ്യവുമായ ഉപജീവനം മാർഗ്ഗം ഏതാണോ അത് നിർവ്വഹിക്കുവാൻ അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ വേണം പദ്ധതികൾ ആവിഷ്ക്കരിച്ച നടപ്പാക്കേണ്ടത്. ജീവനോപാധി പദ്ധതികൾ നടപ്പാക്കുന്നതിന്റെ ആദ്യപടിയായി വ്യാപകമായ പ്രചാരണം നൽകി അർഹരായ ഗുണഭോക്താക്കളിൽ നിന്നും അപേക്ഷ ക്ഷണിച്ച് പ്രളയത്തിലൂടെ നഷ്ടമായ ജീവനോപാധികളുടെ വിശദാംശങ്ങൾ, നഷ്ടപ്പെട്ട അതേ ജീവനോപാധി മാർഗ്ഗം തന്നെയാണോ തുടർന്നും ആഗ്രഹിക്കുന്നത്, മറ്റേതെങ്കിലും ജീവനോപാധി മാർഗ്ഗമാണോ ആഗ്രഹിക്കുന്നതെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ തുടങ്ങിയ വിവരങ്ങൾ അപേക്ഷ ഫോറത്തിൽ എഴുതി വാങ്ങേണ്ടതാണ്. പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് പ്രോജക്റ്റ് ആശയങ്ങൾക്ക് രൂപം നൽകുന്നതിന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളെയും, ആസൂത്രണ സമിതി അംഗങ്ങളെയും അർഹരായ ഗുണഭോക്താക്കളെയും ഉൾപ്പെടുത്തി സംയുക്ത യോഗം വിളിച്ച ചേർത്ത് പദ്ധതികൾ രൂപീകരിക്കേണ്ടതാണ്.

പദ്ധതിയുടെ അനുബന്ധ രേഖകൾ, അപേക്ഷകൾ, സബ്സിഡി വിഹിതം വിനിയോഗിച്ച് ഗുണഭോക്താക്കൾ വാങ്ങിയ ഉരുക്കളുടെ വിശദാംശങ്ങൾ എന്നിവ പരിശോധിച്ചതിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് സബ്സിഡി അനുവദിച്ചത് മേൽ നടപടിക്രമങ്ങൾ ഒന്നും തന്നെ പാലിക്കാതെയാണ് എന്ന് ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടു. പദ്ധതി മുഖേന സബ്സിഡി തുക ലഭിച്ച ഗുണഭോക്താക്കൾ ആരും തന്നെ പ്രളയത്തിൽ നഷ്ടം സംഭവിച്ചത് സംബന്ധിച്ച് റവന്യൂ വകുപ്പിൽ നിന്നും ലഭ്യമായ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. കൂടാതെ അപേക്ഷകരുടെ അർഹതയും മുൻഗണനയും ഫീൽഡ് ലെവൽ പരിശോധന നടത്തി നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തിയിട്ടുമില്ല. ഗുണഭോക്തൃ ലിസ്റ്റിൽ അനർഹർ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അക്കാര്യം വസ്തുതകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ പരിശോധന നടത്തി അനർഹരെ ഒഴിവാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥന് ശുപാർശ ചെയ്യാമായിരുന്നവെങ്കിലും ആയതും ചെയ്തിട്ടില്ല.

സബ്സിഡി വിഹിതം വിനിയോഗിച്ച് ഗുണഭോക്താക്കൾ വാങ്ങിയ ഉരുക്കളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് ശ്രീ.വിനീത്.കെ.എം. ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ, ബേപ്പൂർ എന്നവരുടെ സാന്നിധ്യത്തിൽ 24.02.2021 ന് നടത്തിയ സ്ഥല പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ കൊടുക്കുന്നു.

1. ശ്രീമതി.വിലാസിനി.പി, പൂഞ്ചോല (ഹ), പൊന്നത്ത് പറമ്പ്, മാറാട്, അരക്കിണർ(പി.ഒ). ബേപ്പൂർ എന്നവർക്ക് സബ്സിഡി മുഖേന അനുവദിച്ച പശുവിനെ കണ്ടുബോധിച്ചു. (ടാഗ് നം. 420043537121). ടിയാളുമായി നേരിൽ സംസാരിച്ചതിൽ നിന്നും 2018 ൽ സംഭവിച്ച പ്രളയ കാലത്ത് ടിയാൾക്ക് 30 ൽ പരം പശുക്കൾ ഉണ്ടായിരുന്നെന്നും ആയതിൽ ഒന്നും നഷ്ടപ്പെട്ടില്ല എന്നും അറിയിച്ചു. പ്രളയകാലത്തും, നിലവിലും പ്രതിദിനം 70 ലിറ്റർ പാൽ തനിക്ക് ലഭിക്കുന്നുണ്ട് എന്നമാണ് ബോധ്യമായത്.

2. ശ്രീ.സുന്ദരൻ.പി, പൊന്നത്ത് പറമ്പ്, മാറാട്, അരക്കിണർ (പി.ഒ). ബേപ്പൂർ എന്നവർക്ക് സബ്സിഡി മുഖേന അനുവദിച്ച പശുവിനെ കണ്ടു ബോധിച്ചു. (ടാഗ് നം. 420057832091). ടിയാനുമായി നേരിൽ സംസാരിച്ചതിൽ നിന്നും 2018 ൽ സംഭവിച്ച പ്രളയ കാലത്ത് ടിയാൾക്ക് 10 ൽ പരം പശുക്കൾ ഉണ്ടായിരുന്നെന്നും ആയതിൽ ഒന്നും നഷ്ടപ്പെട്ടില്ല എന്നും പ്രളയകാലത്തും നിലവിലും പ്രതിദിനം 30 ലിറ്റർ പാൽ ടിയാൾക്ക് ലഭിക്കുന്നുണ്ട് എന്നമാണ് മനസ്സിലായത്.

3. ശ്രീ.ഷാജി.പി.സി, പി.സി.ഹൗസ്, ബി.സി.റോഡ്. ബേപ്പൂർ. എന്നവർക്ക് സബ്സിഡി മുഖേന അനുവദിച്ച പശുവിനെ കണ്ടുബോധിച്ചു. (ടാഗ് നം. 420033874663). ടിയാനുമായി നേരിൽ സംസാരിച്ചതിൽ നിന്നും 2018 ൽ സംഭവിച്ച പ്രളയ കാലത്ത് ടിയാന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന പശുക്കൾ ഒന്നും തന്നെ നഷ്ടപ്പെട്ടില്ല എന്നും അറിയിച്ചു. പ്രളയ കാലത്ത് തന്റെ എല്ലാ പശുക്കളെയും, ആടുകളെയും, കോഴി, താറാവ് തുടങ്ങിയവയെയും നഗരസഭയുടെ ബേപ്പൂർ കമ്മ്യൂണിറ്റി ഹാളിൽ സുരക്ഷിതമായി നിർത്തിയിരുന്നുവെന്നും പ്രളയകാലത്തും, നിലവിലും പ്രതിദിനം 30 ലിറ്റർ പാൽ തനിക്ക് ലഭിക്കുന്നുണ്ടെന്നുമാണ് അറിയിച്ചത്.

4. ശ്രീ.ബാബു.എ. അണ്ടത്തേടത്ത് (ഹ), അരക്കിണർ (പി.ഒ), മാറാട്, ബേപ്പൂർ എന്നവർക്ക് സബ്സിഡി മുഖേന അനുവദിച്ച പശു ചത്തു പോയതായി അറിയിച്ചു. പോസ്റ്റ്മോർട്ടം റിപ്പോർട്ട്, ഇൻഷ്വറൻസ് ക്ലെയിം ചെയ്ത രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഗുണഭോക്താക്കളെ ലക്ഷ്യമിട്ടു നടപ്പാക്കുന്ന പദ്ധതികളിൽ വാർഡ് കമ്മിറ്റിയുടെ പങ്ക്, ജനപങ്കാളിത്തം, ഗുണഭോക്തൃ തെരഞ്ഞെടുപ്പ് തുടങ്ങിയവയുടെ സുതാര്യത ഉറപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ വിശദമായ മാർഗ്ഗരേഖകൾ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിലാവണം ഗുണഭോക്താക്കൾക്ക് വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള സബ്സിഡിയും, സർക്കാരുകളിൽ നിന്നും ലഭിക്കുന്ന മറ്റ് ആനുകൂല്യങ്ങളും അനുവദിക്കേണ്ടത്. എന്നാൽ മേൽ പദ്ധതിക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിൽ 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വ്യവസ്ഥകൾ, സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, സർക്കുലറുകൾ എന്നിവയിലെ നിർദ്ദേശങ്ങൾ എന്നിവ പാലിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വീഴ്ച വരുത്തിയതിനാൽ ഏറ്റവും അർഹരായവർക്ക് ആനുകൂല്യം ലഭ്യമാക്കുക എന്ന ലളിതവും നീതിയുക്തവുമായ രീതി ഉറപ്പ് വരുത്തിയിട്ടില്ല.

75 വാർഡുകൾ ഉൾപ്പെടുന്ന കോഴിക്കോട് നഗരസഭയിൽ 2018 ൽ പ്രളയം ബാധിച്ച വാർഡുകൾ നിരവധിയുണ്ടെങ്കിലും വ്യാപകമായ പ്രചാരണം പദ്ധതിക്കായി നൽകാത്തതിനാൽ നഗരസഭയുടെ വിവിധ പ്രദേശങ്ങളിലുള്ള എല്ലാ അർഹരായ ഗുണഭോക്താക്കൾക്കും മേൽ പദ്ധതി ഗുണം ചെയ്തിട്ടില്ല. കോഴിക്കോട് നഗരസഭക്ക് 4 വെറ്ററിനറി ഡിസ്പെൻസറികളും, അനുബന്ധ സബ് സെന്ററുകളും ഉണ്ടെങ്കിലും ബേപ്പൂർ വെറ്ററിനറി ഡിസ്പെൻസറിയുടെ പ്രദേശത്ത് വസിക്കുന്നവരെ മാത്രമാണ് സബ്സിഡി നൽകുന്നതിനായി പരിഗണിച്ചത്. മേൽ പ്രവർത്തനം പദ്ധതി നടത്തിപ്പിന്റെ സുതാര്യതയില്ലായ്മയാണ് വ്യക്തമാക്കുന്നത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി 08.09.2021 തീയതിയിൽ നിർവ്വഹണ ഉദ്യോഗസ്ഥന് ഓഡിറ്റ് അന്വേഷണ കുറിപ്പ് നൽകിയെങ്കിലും (നം.49/2019-20) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രളയക്കെടുതി മൂലം ജീവനോപാധികൾ നഷ്ടപ്പെട്ടവർക്ക് ലഭിക്കേണ്ട സർക്കാർ ആനുകൂല്യം ഒരു വിഭാഗം അനർഹർക്കാണ് ലഭിച്ചത്. ആയത് ഓഡിറ്റിൽ അംഗീകരിക്കാവുന്നതല്ല. പദ്ധതിക്കായി വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച 4,95,000/- രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-21 കറവ പശു വളർത്തൽ - മാനദണ്ഡങ്ങൾ പാലിക്കാതെ സബ്സിഡി അനുവദിച്ചു.

| | |
|---|---|
| പദ്ധതിയുടെ പേര് | കറവപശു വളർത്തൽ |
| പദ്ധതി നം | 826/20 (സ്പിൽ ഓവർ) |

| | | | |
|---|---|---|---|
| നിർവഹണോദ്യോഗസ്ഥൻ | സീനിയർ വെറ്ററിനറി സർജൻ, ബേപ്പൂർ | | |
| അടങ്കൽ തുക | 70,000/- | വികസന ഫണ്ട്, എസ്.സി.പി | |
| ചെലവ് | 70,000/- | ബിൽ നം | 12/19-20 |
| | | തീയതി | 16.10.2019 |

നഗരസഭ പ്രദേശത്ത് പരമ്പരാഗതമായി കന്നുകാലികളെ വളർത്തുന്നവർക്ക് മെച്ചപ്പെട്ട തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനു വേണ്ടി 2018-19 സാമ്പത്തിക വർഷത്തിൽ ആരംഭിച്ചതാണ് കറവപ്പശു വളർത്തൽ പദ്ധതി (554/19). അക്കാലയളവിൽ തുക ചെലവഴിക്കാത്തതിനാൽ 2019-20 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ പദ്ധതിയായി നടപ്പാക്കി. പദ്ധതിയിലൂടെ ഒരു വീട്ടിലെ 2 ഗുണഭോക്താക്കൾക്ക് 35,000/- വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട്. ഉരുക്കളുടെ നിലവിലെ അവസ്ഥ ഓഡിറ്റിന്റെ ഭാഗമായി ശ്രീ.വിനീത്.കെ.എം. ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ, എന്നവരുടെ സാന്നിധ്യത്തിൽ 24.02.2021 ന് നേരിൽ പരിശോധിച്ചപ്പോൾ സബ്സിഡി ലഭിച്ച് വാങ്ങിയ പശുക്കളെ ഗുണഭോക്താക്കൾ വളർത്തുന്നില്ല എന്നാണ് മനസിലായത്. പ്രാദേശിക പരിശോധന വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

- ശ്രീമതി.ജയലക്ഷ്മി.പി, ശ്രീഹരി(ഹ), നടുവട്ടം, നോർത്ത് ബേപ്പൂർ (പി.ഒ), കോഴിക്കോട് എന്നവർക്ക് പശുവിനെ ലഭിച്ചതായി അറിയിച്ചു. പരമ്പരാഗതമായി പശുവളർത്തൽ നടത്തുന്നവരല്ലായെന്നും സബ്സിഡി പണം മുഖേന ലഭിച്ച പശു മകൻ ശ്രീ.ഗോപകുമാർ നടത്തുന്ന ഫാമിലുണ്ടെന്നും അറിയിച്ചിട്ടുണ്ട്.
- ശ്രീമതി.സൗമ്യ.പി.വി, ശ്രീഹരി(ഹ), നടുവട്ടം, നോർത്ത് ബേപ്പൂർ (പി.ഒ), കോഴിക്കോട് എന്നവർക്ക് പശുവിനെ ലഭിച്ചതായി അറിയിച്ചു. പരമ്പരാഗതമായി പശുവളർത്തൽ നടത്തുന്നവരല്ലായെന്നും സബ്സിഡി പണം മുഖേന ലഭിച്ച പശു സഹോദരൻ ശ്രീ.ഗോപകുമാർ നടത്തുന്ന ഫാമിലുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കണ്ടെത്തിയ മറ്റ് അപാകതകൾ താഴെ കൊടുക്കുന്നു.

1. പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ [സ.ഉ(കൈ) നം.17/2018/ത.സ്വ.ഭ.വ, തീയതി.02.02.2018] പ്രകാരം അപേക്ഷകരുടെ അർഹതയും മുൻഗണനയും ഫീൽഡ് ലെവൽ പരിശോധന നടത്തി നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തണം. ഫീൽഡ് ലെവൽ പരിശോധന നടത്തി വസ്തുതകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ പരിശോധന നടത്തി അനർഹരെ ഒഴിവാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥന് ശുപാർശ ചെയ്യാം. അപേക്ഷയോടൊപ്പം മേൽ ഗുണഭോക്താക്കൾ സമർപ്പിച്ച റേഷൻ കാർഡിന്റെ പകർപ്പിൽ ഗൃഹനാഥൻ സർവ്വീസ് പെൻഷണർ ആണെന്നും (സംസ്ഥാന പോലീസ് സേനയിൽ നിന്നും വിരമിച്ചു), സഹോദരൻ പൊതുമേഖല സ്ഥാപനത്തിൽ പ്രവൃത്തിക്കുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ അപേക്ഷകരുടെ അർഹത, ആനുകൂല്യത്തിനുള്ള മറ്റ് സബ്സിഡി മാനദണ്ഡങ്ങൾ എന്നിവ പരിശോധിച്ച് ഉറപ്പ് വരുത്തിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.
2. പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗ്ഗരേഖ [സ.ഉ(കൈ) നം.22/2018/ത.സ്വ.ഭ.വ, തീയതി.14.02.2018] ഖണ്ഡിക. 2.8 പ്രകാരം ഗുണഭോക്താക്കൾ നേരിട്ട് വാങ്ങിക്കുന്ന സംഗതികളിൽ (സ്ഥലം ഉൾപ്പടെ) നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തിപരമായി പരിശോധിച്ച് അനുയോജ്യത ഉറപ്പാക്കി സാക്ഷ്യപ്പെടുത്തിയതിനു ശേഷമാണ് സബ്സിഡി തുക അനുവദിക്കേണ്ടത്. ഓഡിറ്റിന്റെ ഭാഗമായി 24.02.2021 ന് നടത്തിയ സ്ഥല പരിശോധനയിൽ പ്രസ്തുത ഗുണഭോക്താക്കൾ തൊഴുത്ത് നിർമ്മാണം പോലും നടത്തിയിട്ടില്ല എന്ന് കാണുവാൻ കഴിഞ്ഞു.
3. ഖണ്ഡിക. 6.2 പ്രകാരം ഉരുക്കളെ കുറഞ്ഞത് 3 വർഷമെങ്കിലും വളർത്തുമെന്നും, തങ്ങൾക്ക് സർക്കാരിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ യാതൊരു തരത്തിലും ദുരുപയോഗം ചെയ്യില്ല എന്നും വ്യവസ്ഥ ചെയ്ത് കരാർ ചമക്കണം. എന്നാൽ മേൽ കരാർ വ്യവസ്ഥകൾ പാലിക്കുന്നതിൽ ഗുണഭോക്താക്കൾ വീഴ്ച വരുത്തുകയും കരാർ ലംഘനം നടത്തുകയും ചെയ്തിട്ടുണ്ട്. മൃഗസംരക്ഷണ മേഖലയിലെ പദ്ധതി പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്ത് റിപ്പോർട്ട് തയ്യാറാക്കുന്ന വർക്കിംഗ് ഗ്രൂപ്പ് കൺവീനർ കൂടിയായ നിർവ്വഹണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിൽ പദ്ധതി നല്ല രീതിയിൽ നടപ്പാക്കി എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളുടെ മിനട്സ് പരിശോധിച്ചതിൽ പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ അവലോകനം ചെയ്യുകയോ നിർവ്വഹണത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ ചെയ്തിട്ടില്ല എന്ന് ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടു.

മേൽ വിവരിച്ച അപാകതകൾ, ഗുണഭോക്താക്കളുടെ വിവരങ്ങൾ, പ്രാദേശിക പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി 08.09.2021 തീയതിയിൽ നിർവ്വഹണ ഉദ്യോഗസ്ഥന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും (നം.51/2019-20) മറുപടി ലഭ്യമാക്കിയിട്ടില്ല.

സർക്കാരിന്റെ സബ്സിഡി ആനുകൂല്യങ്ങൾ അർഹരിൽ ഏറ്റവും അർഹരായവർക്ക് ലഭ്യമാക്കുക എന്ന ലളിതവും നീതിയുക്തവുമായ രീതി ഉറപ്പ് വരുത്തുന്നതിനാണ് 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വ്യവസ്ഥകൾ, ജനകീയാസൂത്രണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, സർക്കുലറുകൾ എന്നിവ ലക്ഷ്യമിടുന്നത് . എന്നാൽ ആയത് നടപ്പാക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വീഴ്ച വരുത്തിയതിനാൽ സർക്കാർ ആനുകൂല്യം അനർഹർക്കാണ് ലഭിച്ചത്. ആയത് ഓഡിറ്റിൽ അംഗീകരിക്കാവുന്നതല്ല. പദ്ധതിക്കായി വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച 70,000/- രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-22 വെറ്ററിനറി സ്ഥാപനങ്ങളിലേക്കുള്ള മരുന്ന് വാങ്ങൽ -അപാകതകൾ.

| | | | | |
|---|---|---|---|---|
| പദ്ധതിയുടെ പേര് | വെറ്ററിനറി സ്ഥാപനങ്ങളിലേക്കുള്ള മരുന്ന് വാങ്ങൽ, 2020 | | | |
| പദ്ധതി നം | 498/20 | | | |
| നിർവഹണോദ്യോഗസ്ഥൻ | സീനിയർ വെറ്ററിനറി സർജൻ, ബേപ്പൂർ | | | |
| അടങ്കൽ തുക | 61,00,000/- | റോഡിതര സംരക്ഷണ ഗ്രാന്റ് | | |
| ചെലവ് | 5,36,167/- | ബിൽ നം | തീയതി | തുക |
| | | 30/19-20 | 27.03.2020 | 4,08,853/- |
| | | 31/19-20 | 27.03.2020 | 1,27,314/- |

നഗരസഭയുടെ കീഴിലുള്ള വെറ്ററിനറി സ്ഥാപനങ്ങളിലേക്ക് മരുന്ന് വാങ്ങുന്നതിനായി നടപ്പാക്കിയ പദ്ധതി പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. പ്രൊജക്റ്റ് പ്രകാരം വാങ്ങിയ മരുന്നുകൾ ബേപ്പൂർ വെറ്ററിനറി ഹോസ്പിറ്റലിൽ സ്റ്റോക്കിലെടുത്തതിൽ താഴെ പറയുന്ന അപാകതകൾ ഉണ്ട്.

| | മരുന്നിന്റെ പേര് | ലഭ്യമാക്കിയ സ്ഥാപനം | ഇൻവോയ്സ് പ്രകാരം | സ്റ്റോക്കിൽ എടുത്ത എണ്ണം | സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ | സ്റ്റോക്കിൽ കുറവ് / അധികം |
|---|---|---|---|---|---|---|

| | | | മരുന്ന് ലഭ്യമാക്കിയ തീയതി | എണ്ണം | | | |
|---|---|---|---|---|---|---|---|
| 1 | K-VENTRA(50 GM) | DYNA VET | 13.01.2020 | 780 | 300 | 111 | 480 കുറവ് |
| 2 | WOUND FIGHT (100 ML) | | 20.03.2020 | 16 | 40 | 156 | 24 അധികം |
| 3 | TONOPHOSPHAN (30 ML) | | 28.12.2019 | 60 | 6 | 79 | 54 കുറവ് |
| 4 | RUMEN BOLUS F.S (4s) | | 28.12.2019 | 1000 | 1200 | 74 | 200 അധികം |
| 5 | PREDNISOLEN (10ML) | | 28.12.2019 | 80 | 50 | 65 | 30 കുറവ് |
| 6 | K-PET TABLET (10s) | MYTHRI PHARMA | 04.01.2020 | 40 | 100 | 136 | 60 അധികം |
| 7 | BIVINAL-PLUS INJ (30ML) | | 04.01.2020 | 100 | 40 | 127 | 60 കുറവ് |

(മേൽ പട്ടികയിലെ ക്രമ നം. 3 മുതൽ 7 വരെയുള്ളവ ഈ പ്രൊജക്റ്റിൽ ഉൾപ്പെടുത്തി വാങ്ങിയതാണെങ്കിലും ആയതിന്റെ തുക നൽകിയിരിക്കുന്നത് 1308/21 നമ്പർ പ്രൊജക്റ്റ് പ്രകാരം 2020-21 സാമ്പത്തിക വർഷത്തിലാണ്)

2. പ്രൊജക്റ്റ് പ്രകാരം വാങ്ങുന്ന മരുന്നുകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്റ്റോക്കിലെടുത്തതിന് ശേഷമാണ് നല്ലളം, മാങ്കാവ്, എലത്തൂർ വെറ്ററിനറി ഹോസ്പിറ്റലുകളിലേക്ക് വിതരണം നടത്തിയത്. താഴെ പറയുന്ന മരുന്നുകൾ നൽകിയത് സംബന്ധിച്ച് ബേപ്പൂർ വെറ്ററിനറി ഹോസ്പിറ്റലിലെ സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തൽ, ആയവ ലഭിച്ചത് സംബന്ധിച്ച് മറ്റുള്ള വെറ്ററിനറി ഹോസ്പിറ്റലുകളിലെ സ്റ്റോക്ക് രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ എന്നിവയിൽ വ്യത്യാസമുണ്ട്.

| | മരുന്നിന്റെ പേര് | വിതരണം ചെയ്ത തീയതി | ബേപ്പൂർ വെറ്ററിനറി ഹോസ്പിറ്റലിലെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം മറ്റ് ഹോസ്പിറ്റലുകളിലേക്ക് ഇഷ്യൂ ചെയ്ത എണ്ണം | മറ്റ് വെറ്ററിനറി ഹോസ്പിറ്റലുകളിലെ സ്റ്റോക്ക് രജിസ്റ്ററുകൾ പ്രകാരം ലഭിച്ച എണ്ണം |
|---|---|---|---|---|
| 1 | K-VENTRA (50 GM) | 13.01.20 | 75 വീതം | 195 വീതം |
| 2 | TONOPHOSPHAN (30 ML) | 28.12.19 | 1 വീതം | 15 വീതം |
| 3 | PREDNISOLEN (10ML) | 28.12.19 | 12 വീതം | 20 വീതം |
| 4 | K-PET TABLET (10s) | 04.01.20 | 25 വീതം | 10 വീതം |
| 5 | BIVINAL-PLUS INJ (30ML) | 04.01.20 | 10 വീതം | 25 വീതം |

3. പ്രൊജക്റ്റ് പ്രകാരം ലഭ്യമാകുന്ന മരുന്നുകൾ നഗരസഭയ്ക്ക് കീഴിലുള്ള നാല് വെറ്ററിനറി ഹോസ്പിറ്റലുകളിലേക്ക് തുല്യമായി നൽകി വരുന്നുണ്ടെങ്കിലും മരുന്ന് ലഭ്യമാക്കിയ സ്ഥാപനത്തിൽ നിന്നുള്ള ഇൻവോയ്സ്, ആയതിന്റെ അടിസ്ഥാനത്തിൽ മറ്റുള്ള വെറ്ററിനറി ഹോസ്പിറ്റലുകളിലേക്ക് മരുന്ന് വിതരണം ചെയ്തതിന്റെ ഇഷ്യൂ നോട്ട് എന്നിവയിലെ വിവരങ്ങളും ബേപ്പൂർ വെറ്ററിനറി ഹോസ്പിറ്റലിലെ സ്റ്റോക്ക് രജിസ്റ്ററിലെ വിവരങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

4. ഡൈനാ വെറ്റ് ഫാർമയുടെ 20.03.2020ലെ 27209 നമ്പർ ഇൻവോയ്സ് പ്രകാരം WOUND FIGHT (100 ML) എന്ന മരുന്ന് ആകെ 16 എണ്ണമാണ് ലഭിച്ചിട്ടുള്ളത്. എന്നാൽ ബേപ്പൂർ വെറ്ററിനറി ഹോസ്പിറ്റലിലെ സ്റ്റോക്ക് രജിസ്റ്ററിൽ 40 എണ്ണം സ്റ്റോക്കിലെടുത്തതായും, മറ്റ് വെറ്ററിനറി ഹോസ്പിറ്റലുകളിലേക്ക് 10 എണ്ണം വീതം വിതരണം ചെയ്തതായും കാണിച്ചിട്ടുണ്ട്. മരുന്ന് വിതരണം ചെയ്തതിന്റെ ഇഷ്യൂ നോട്ട്, മറ്റ് ഹോസ്പിറ്റലുകളിലെ സ്റ്റോക്ക് രജിസ്റ്റർ എന്നിവയിലും ഇതേ എണ്ണം തന്നെയാണ് കാണിച്ചിട്ടുള്ളത്. യഥാർത്ഥത്തിൽ ലഭിച്ചതിൽ അധികം മരുന്ന് സ്റ്റോക്കിലെടുത്ത് ഇഷ്യൂ ചെയ്തത് എങ്ങിനെയെന്ന് വ്യക്തമല്ല.

5. ഡൈനാ വെറ്റ് ഫാർമയുടെ 20.03.2020 തീയതിയിലെ 27209 നമ്പർ ഇൻവോയ്സ് പ്രകാരം ആകെ 1,51,385/- രൂപയുടെ മരുന്നുകളാണ്

ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ 27.03.2020 ലെ 31/19-20 നമ്പർ ട്രഷറി ബിൽ പ്രകാരം ആയതിന് 1,27,314/- രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. യഥാർത്ഥത്തിൽ ലഭിക്കുകയും സ്റ്റോക്കിലെടുക്കുകയും മറ്റ് വെറ്ററിനറി ഹോസ്പിറ്റലുകളിലേക്ക് വിതരണം നടത്തുകയ ചെയ്ത മരുന്നിന് നൽകേണ്ട തുകയിൽ 24,071/- രൂപ (1,51,385 – 1,27,314 = 24,071 ) കുറവ് ചെയ്തതിന്റെ കാരണം വ്യക്തമല്ല.

6. ഇ-ടെണ്ടർ നടപടിക്രമങ്ങളുടെ പകർപ്പ്, എഗ്രിമെന്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് (നമ്പർ 50/2019-20/09.09.2021) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ 27.03.2020 ലെ 31/19-20 നമ്പർ ബിൽ പ്രകാരം ചെലവഴിച്ച 1,27,314/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-23 അജൈവമാലിന്യ സംസ്കരണത്തിന് നഗരസഭയുടെ പ്ലാന്റ് ഉപയോഗപ്പെടുത്തിയിട്ടില്ല.

| | | | | |
|---|---|---|---|---|
| പദ്ധതി നം | 688/20 (സ്പിൽ ഓവർ) | | | |
| ഫയൽ നം | എഫ്6/101813/17 | | | |
| നിർവഹണോദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർ വൈസർ | | | |
| അടങ്കൽ തുക | | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | |
| ചെലവ് | 16,40,804/- | ബിൽ നം | തീയതി | തുക |
| | | 18160247003001574349 | 13.06.2019 | 5,53,256/- |
| | | 18160247001560062 | 13.06.2019 | 10,87,548/- |

നഗരസഭയിലെ വിവിധ സർക്കിളുകളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുമ്പോഴുണ്ടാകുന്ന വേർതിരിച്ച തിരസ്കരണികൾ പൊതുജനാരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നതായും പല വാർഡുകളിലായി കമിഞ്ഞുകൂടി കിടക്കുന്ന ഇവ നീക്കം ചെയ്യേണ്ടതായും സർക്കിൾ ഹെൽത്ത് ഇൻസ്പെക്ടർമാർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ശുചിത്വമിഷൻ അംഗീകരിച്ച സർവ്വീസ് പ്രൊവൈഡർമാരിൽ നിന്നും 23.01.2018 ന് ടെണ്ടർ ക്ഷണിച്ചു. ടെണ്ടറിൽ 3 സ്ഥാപനങ്ങൾ പങ്കെടുക്കുകയും കുറഞ്ഞ തുകയായ കി.ഗ്രാമിന് 4.90 രൂപ ക്വാട്ട് ചെയ്ത "നിറവ്" എന്ന സ്ഥാപനവുമായി നെഗോഷ്യേറ്റ് ചെയ്തതിൽ 50 പൈസ കുറച്ച് കി.ഗ്രാമിന് 4.40 രൂപ നിരക്കിൽ അജൈവമാലിന്യങ്ങൾ നീക്കം ചെയ്യാമെന്ന് അറിയിച്ചു. തുടർന്ന് 06.03.2018 ലെ ആരോഗ്യ സ്ഥിരം സമിതി 11-ാം നമ്പർ തീരുമാന പ്രകാരം കൗൺസിലിലേക്ക് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 15.03.2018 ലെ കൗൺസിൽ യോഗം CR 78 പ്രകാരം "നിറവ്" എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചു. ഇതിനെ തുടർന്ന് "നിറവ്" എന്ന സ്ഥാപനത്തിന് സെലക്ഷൻ മെമ്മോ (F6/101213/17 തീയതി 17.03.2018) നൽകുകയും സ്ഥാപനവുമായി 17.03.2018 ന് കരാർ ഒപ്പിടുകയും ചെയ്തു.

മേൽ കരാർ പ്രകാരം നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി 372910 കി.ഗ്രാം മാലിന്യം കർണ്ണാടകയിലെ നിറവ് Segregetiom & Recycling Unit ലേക്ക് കൊണ്ട് പോയ ഇനത്തിൽ 16,40,804/- രൂപ "നിറവ്" എന്ന സ്ഥാപനത്തിന് നൽകി. നഗരസഭയിലെ വിവിധ വാർഡുകളിൽ നിന്നും അജൈവമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി 2017-18 വർഷം 14,95,692/- രൂപയും (പ്രോജക്ട് നം.844/18), 2018-19 വർഷം 25,74,990/- രൂപയും (പ്രോജക്ട് നം.583/19) ചെലവഴിച്ചിട്ടുണ്ട്.

നഗരസഭയിലെ പ്ലാസ്റ്റിക്ക് മാലിന്യം സംസ്കരിക്കുന്നതിനായി വെസ്റ്റ്ഹിൽ എന്ന സ്ഥലത്ത് നഗരസഭയുടെ ഉടമസ്ഥതയിൽ 2012 ൽ പ്ലാസ്റ്റിക്ക് റീസൈക്ലിംഗ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. നഗരസഭയിൽ ഉണ്ടാകുന്ന മുഴുവൻ അജൈവമാലിന്യങ്ങളും സംസ്കരണത്തിനായി നഗരസഭ നേരിട്ടോ ഏജൻസികൾ/റസിഡൻസ് അസോസിയേഷൻ മുഖേനയോ പ്ലാന്റിൽ എത്തിക്കുന്നതും ആയത് മുഴുവൻ കരാറുകാരൻ സംസ്കരിക്കേണ്ടതുമാണെന്ന വ്യവസ്ഥയിൽ പ്ലാന്റ് ഏറ്റെടുത്ത് നടത്തുന്നതിന് നഗരസഭ 07.06.2017 ന് താല്പര്യപത്രം ക്ഷണിച്ചിരുന്നു. നഗരസഭ ക്ഷണിച്ച താല്പര്യപത്രത്തിലെ വ്യവസ്ഥകൾ അംഗീകരിച്ച് കൊണ്ട് പ്ലാന്റ് ഏറ്റെടുത്ത് നടത്താൻ തയ്യാറാണെന്ന് കാണിച്ച് "നിറവ്" എന്ന സ്ഥാപനം താല്പര്യപത്രം സമർപ്പിച്ചു. നഗരസഭാ പരിധിയിൽ നിന്നും തരം തിരിച്ച് ശേഖരിക്കുന്ന പ്ലാസ്റ്റിക് അജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ശുചിത്വ മിഷന്റെ അംഗീകൃത ഏജൻസിയായ "നിറവ്" എന്ന സ്ഥാപനത്തിന് മാലിന്യ സംസ്കരണ രംഗത്ത് 10 വർഷത്തെ പരിചയമുള്ളതിനാലും മാസം തോറും 30,000/- രൂപ നഗരസഭക്ക് നൽകുമെന്നതിനാലും സെൻട്രൽ മാർക്കറ്റ് ബയോഗ്യാസ് പ്ലാന്റ് 3 വർഷത്തേക്ക് പ്രവർത്തിപ്പിക്കുന്നതിന് ഓപ്പറേറ്ററെ നിയോഗിച്ച് വേതനം നൽകുമെന്നും അറിയിച്ചതിനെ തുടർന്ന് 21.11.2017 ലെ കൗൺസിൽയോഗ തീരുമാനം CR.78 പ്രകാരം പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന് "നിറവ്" എന്ന സ്ഥാപനത്തിന് കരാർ നൽകാൻ തീരുമാനിച്ചു. തുടർന്ന് 16.01.2018 ന് "നിറവ് " എന്ന സ്ഥാപനവുമായി 3 വർഷത്തേക്ക് പ്ലാന്റ് നടത്തിപ്പിന് കരാർ ഒപ്പിട്ടു. മേൽ കരാറിലെ വ്യവസ്ഥ 5 പ്രകാരം "നഗരത്തിലുണ്ടാകുന്ന മുഴുവൻ അജൈവ പാഴ്വസ്തുക്കളും നഗരസഭ നേരിട്ടോ അല്ലെങ്കിൽ നഗരസഭ ചുമതലപ്പെടുത്തിയിട്ടുള്ള റസിഡൻസ് ഏജൻസികൾ/റസിഡൻസ് അസോസിയേഷനുകൾ മുഖേനയോ പ്ലാന്റിൽ എത്തിക്കുന്നതും ആയതു മുഴുവൻ

കരാറുകാരൻ സംസ്കരിക്കേണ്ടതുമാണ്" എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 16.01.2021 തീയതി വരെ പ്രാബല്യത്തിലുള്ള കരാറിലെ ഈ വ്യവസ്ഥ നിലനിൽക്കെ നഗരസഭയിലെ അജൈവമാലിന്യങ്ങൾ സംസ്കരണത്തിന് കർണ്ണാടകയിലെ നിറവ് Segregetiom & Recycling Unit ലേക്ക് കൊണ്ടു പോകുന്നതിന് പ്രോജക്ട് രൂപീകരിച്ച് പ്ലാന്റ് നടത്തിപ്പിന് കരാർ നേടിയ അതേ സ്ഥാപനത്തിന് തന്നെ കരാർ നൽകുകയും വൻതുക ചെലവഴിക്കുകയും ചെയ്തു.

നഗരസഭയുടെ ഉടമസ്ഥതയിൽ മാലിന്യം നീക്കം ചെയ്യുന്നതിന് അനുയോജ്യമായതും നിലവിൽ മാലിന്യങ്ങൾ നീക്കം ചെയ്തു കൊണ്ടിരിക്കുന്നതുമായ ധാരാളം വാഹനങ്ങൾ ഉണ്ട്. ഈ വാഹനങ്ങളിൽ നഗരസഭയുടെ ശുചീകരണ തൊഴിലാളികളെ ഉപയോഗപ്പെടുത്തി വിവിധ വാർഡുകളിലെ അജൈവമാലിന്യങ്ങൾ കയറ്റി നഗരസഭയുടെ ഉടമസ്ഥതയിലുള്ള വെസ്റ്റ്ഹിൽ പ്ലാന്റിൽ എത്തിച്ച് നൽകിയാൽ ആയത് സംസ്കരിക്കേണ്ട ഉത്തരവാദിത്വം പ്ലാന്റ് നടത്തിപ്പ് കരാർ നേടിയ "നിറവ്" എന്ന സ്ഥാപനത്തിനുണ്ട്. ഇങ്ങനെയുള്ള നടപടിയിലൂടെ മാലിന്യം സംസ്കരിക്കുന്നതിനു പകരം കരാറിൽ ഉൾപ്പെട്ട അതേ പ്രവൃത്തി ചെയ്യുന്നതിന് മറ്റൊരു പ്രോജക്ട് രൂപികരിച്ചത് തെറ്റായ നടപടിയാണ്. നഗരസഭയുമായി കരാർ നിലനിൽക്കെ കരാറിലെ വ്യവസ്ഥ പ്രകാരം ചെയ്യേണ്ട അതേ പ്രവൃത്തി ചെയ്യുന്നതിന് മറ്റൊരു പ്രൊജക്ട് രൂപീകരിച്ച് 16,40,804/- ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് (OS 54/19-20, തീയതി 16.09.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. നിയമവിരുദ്ധമായി ചെലവഴിച്ച 16,40,804/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-24 സർക്കാർ ഉത്തരവ് പാലിക്കാതെ ശുചീകരണ തൊഴിലാളികൾക്ക് സുരക്ഷാ വസ്തും വാങ്ങി നൽകി.

| | | | | |
|---|---|---|---|---|
| പദ്ധതിയുടെ പേര് | ശുചീകരണ തൊഴിലാളികളുടെ സുരക്ഷാ വസ്തും | | | |
| പദ്ധതി നം | 574/20 (സ്പിൽ ഓവർ) | | | |
| നിർവഹണോദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർ വൈസർ | | | |
| അടങ്കൽ തുക | 30,75,000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | |
| ചെലവ് | | ബിൽ നം. | തീയതി | തുക |
| | | 1816024700300l545116 | 11.06.2019 | 4,57,517/- |
| | | 1916024700300020819 | 11.06.2019 | 4,14,622/- |
| | | 19160247003000829638 | 19.09.2019 | 21,13,484/- |

ഫയൽ നം.F6/67707/18

നഗരസഭയിലെ ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന ശുചീകരണ തൊഴിലാളികൾക്ക് ആരോഗ്യ സുരക്ഷ ഉറപ്പു വരുത്തുക എന്നതാണ് പ്രോജക്ട് വിഭാവനം ചെയ്യുന്നത്. ശുചീകരണ തൊഴിലാളികൾക്ക് കാക്കി യൂണിഫോം, സാരി, ബ്ലൗസ്, ഗ്ലൗസ്, മാസക്, ഗംബൂട്ട്, ചെരുപ്പ്, സോപ്പ്, പ്രൊട്ടക്ഷൻ ഗ്ലാസ്, റെയിൻ കോട്ട് എന്നീ 10 ഇനം സാധനങ്ങൾ വാങ്ങാൻ തീരുമാനിച്ചു. ഇതിനായി 08.01.2019 ന് ടെണ്ടർ ക്ഷണിച്ച് പത്രപരസ്യം ചെയ്തതു പ്രകാരം 3 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചു. തുടർന്ന് 05.02.2019 ന് പ്രീബിഡ് മീറ്റിംഗ് നടത്തി സാമ്പിൾ പരിശോധിച്ചതിൽ ഗുണമേന്മയുള്ള സാധനങ്ങൾ ഹാജരാക്കിയ "ഷിബു ഡിസ്ട്രിബ്യൂട്ടേർസ്" എന്ന സ്ഥാപനത്തിൽ നിന്ന് റെയിൻ കോട്ടും ബാക്കി 9 ഇനം സാധനങ്ങൾ "ചോയ്സ് കെമിക്കൽസ്" എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങാൻ 21.02.2019 ലെ പ്രൊക്യൂർമെന്റ് കമ്മറ്റി യോഗവും (തീരുമാനം നമ്പർ 4/21.02.2019) CR14/06.03.2019 പ്രകാരം നഗരസഭാ കൗൺസിലും തീരുമാനിച്ചു. റെയിൻ കോട്ട് ഒഴികെയുള്ള 8 ഇനം സാധനങ്ങൾ (ഗംബൂട്ട് വാങ്ങിയിട്ടില്ല) വിതരണം ചെയ്യാൻ 15.03.2019ന് "ചോയ്സ് കെമിക്കൽസ്" എന്ന സ്ഥാപനത്തിനും റെയിൻ കോട്ട് വിതരണം ചെയ്യുന്നതിന് 20.03.2019 ന് "ഷിബു ഡിസ്ട്രിബ്യൂട്ടേഴ്സ്" എന്ന സ്ഥാപനത്തിനും സപ്ലൈ ഓർഡർ നൽകി. ഇതു പ്രകാരം "Real" ബ്രാന്റ് റെയിൻ കോട്ട് വിതരണം ചെയ്തതിന് "ഷിബു ഡിസ്ട്രിബ്യൂട്ടേഴ്സ്" എന്ന സ്ഥാപനത്തിന് ഇൻവോയിസ് 232/26.03.2019 പ്രകാരം 4,57,517/- രൂപയും "ചോയ്സ് കെമിക്കൽസ്" എന്ന സ്ഥാപനത്തിന് 25,28,106/- രൂപയും നൽകി. പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

(1) സർക്കാർ അനുമതിയില്ലാതെ ശുചീകരണ തൊഴിലാളികൾക്ക് ചെരുപ്പ് വാങ്ങി നൽകി.

നഗരസഭ കണ്ടിജന്റ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച സർക്കാർ ഉത്തരവ് (എം.എസ്) 118/16 ത.സ്വ.ഭ.വ. തീയതി 17.08.2016 ഉത്തരവിലെ ഖണ്ഡിക XIII ഭേദഗതി ചെയ്തു കൊണ്ടുള്ള സ.ഉ.(എം.എസ്)105/2018 ത.സ്വ.ഭ.വ. തീയതി 04.08.2018 പ്രകാരം ജീവനക്കാർക്ക് 4 ജോഡി യൂണിഫോം, കൂടാതെ വനിതകൾക്ക് 4 ജോഡി ഓവർ കോട്ട്, മാലിന്യം നീക്കം ചെയ്യുന്ന ജോലിയുമായി ബന്ധപ്പെട്ടവർക്ക് മാത്രം ഓരോ വർഷവും ഓരോ സെറ്റ് ഗംബൂട്ട്, രണ്ട് വർഷത്തിലൊരിക്കൽ ഒരു റെയിൻ കോട്ട്, പ്രതിമാസം 2 ജോഡി കൈയുറയും അനുവദിക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവിന് വിരുദ്ധമായി നഗരസഭയിലെ ശുചീകരണ തൊഴിലാളികൾക്ക് ഓരോ ജോഡി വീതം ചെരുപ്പ് വാങ്ങി നൽകിയിട്ടുണ്ട്. മേൽ പരാമർശിച്ച ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം യൂണിഫോം എന്നതിൽ ചെരുപ്പ് ഉൾപ്പെടുന്നില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി 688 ജോഡി ചെരുപ്പ് വാങ്ങുന്നതിന് "ചോയ്സ് കെമിക്കൽസ് " എന്ന സ്ഥാപനത്തിന് 1,54,800/- രൂപ നൽകി.

(2) നഗരസഭക്ക് ആവശ്യമായതിൽ കൂടുതൽ എണ്ണം വാങ്ങി

നഗരസഭയിലെ ആകെ 18 സർക്കിളുകളിലും 3 മേഖല ഓഫീസുകളിലുമായി 250 പുരുഷന്മാരും 381 സ്ത്രീകളും ഉൾപ്പെടെ 631 ശുചീകരണ തൊഴിലാളികളുണ്ടെന്ന് ഹെൽത്ത് ഇൻസ്പെക്ടർമാർ റിപ്പോർട്ട് ചെയ്തതായി നോട്ട് ഫയൽ പേജ് 3 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 631 ന് പകരം 688 തൊഴിലാളികൾക്കാവശ്യമായ എണ്ണം സാധനങ്ങളാണ് ടെണ്ടർ ക്ഷണിച്ച് വാങ്ങിയിട്ടുള്ളത്. നഗരസഭാ സെക്രട്ടറി 23.02.2019 തീയതി നോട്ട് ഫയൽ പേജ് 12 ൽ “Purchase The Required Quantity Only” എന്ന് ഉത്തരവ് നൽകിയിട്ടുണ്ട്. എന്നാൽ ഈ ഉത്തരവ് പാലിക്കാതെ 57 തൊഴിലാളികൾക്കുള്ള സാധനങ്ങൾ അധികം വാങ്ങി.

(3) സർക്കാർ ഉത്തരവിന് വിരുദ്ധമായി റെയിൻ കോട്ട് വാങ്ങി നൽകി

സർക്കാർ ഉത്തരവ് (എം.എസ്) 105/18 ത.സ്വ.ഭ.വ. തീയതി 04.08.2018 പ്രകാരം ശുചീകരണ തൊഴിലാളികൾക്ക് രണ്ട് വർഷത്തിലൊരിക്കൽ ഒരു റെയിൻകോട്ട് അനുവദിക്കാവുന്നതാണ്. എന്നാൽ "ഷിബു ഡിസ്ട്രിബ്യൂട്ടേഴ്സ്" എന്ന സ്ഥാപനത്തിൽ നിന്നും 4,57,517/- രൂപ ചെലവഴിച്ച് 688 റെയിൻ കോട്ട് വാങ്ങി നൽകിയിട്ടുണ്ട്. നഗരസഭയിൽ 2017-18 വർഷം മുതൽ വാങ്ങിയ റെയിൻ കോട്ടിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | വർഷം | എണ്ണം |
|---|---|---|
| 1 | 2017-18 | 583 |

| | | |
|---|---|---|
| 2 | 2018-19 | 539 |
| 3 | 2019-20 | 688 |
| 4 | 2020-21 | 662 |

നഗരസഭയിൽ ശുചീകരണ ജോലിയിലേർപ്പെട്ട ജീവനക്കാർക്കെല്ലാം 2017-18 സാമ്പത്തിക വർഷം റെയിൻ കോട്ട് വാങ്ങി നൽകിയിട്ടുണ്ട്. തുടർന്ന് 2020-21 വരെയുള്ള വർഷങ്ങളിൽ തുടർച്ചയായി മേൽ ഉത്തരവിലെ നിബന്ധനകൾ ലംഘിച്ച് റെയിൻ കോട്ട് വാങ്ങി നൽകി. നഗരസഭയിലെ സ്റ്റോക്ക് രജിസ്റ്ററുകൾ പ്രകാരം 2017-18 വർഷം 583 റെയിൻകോട്ട് വാങ്ങിയതിൽ 23 ഫീമെയിൽ റെയിൻകോട്ട് വിതരണം ചെയ്തിട്ടില്ല. ഇത്രയും എണ്ണം റെയിൻ കോട്ട് 2018-19 വർഷത്തിലും ബാക്കിയുള്ളതിനാൽ 2019-20 വർഷം ജോലിയിൽ പ്രവേശിച്ച തൊഴിലാളികളിൽ നിലവിൽ വിതരണം ചെയ്യാൻ ബാക്കിയുള്ള 23 എണ്ണം കിഴിച്ച ശേഷം ബാക്കി ജീവനക്കാർക്ക് മാത്രമെ റെയിൻ കോട്ട് വാങ്ങി നൽകാവൂ എന്നിരിക്കെ മുഴുവൻ ജീവനക്കാർക്കും വാങ്ങിനൽകി.

(4) സർക്കാർ ഉത്തവിന് വിരുദ്ധമായി ടെണ്ടർ നോട്ടീസിൽ ബ്രാൻഡ് നെയിം നൽകി.

നഗരസഭയിലേക്കാവശ്യമായ സാധനങ്ങൾ വാങ്ങുമ്പോൾ സാധനങ്ങളുടെ സ്പെസിഫിക്കേനകളിൽ ബ്രാൻഡ് നെയിമുകളുടെ പരാമർശം ഒഴിവാക്കേണ്ടതാണെന്ന് സ.ഉ.(പി) 259/10 ത.സ്വ.ഭ.വ. തീയതി 08.11.2010 നമ്പർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 08.01.2019 തീയതിയിലെ ടെണ്ടർ നോട്ടീസിൽ റെയിൻ കോട്ടിന്റെ സ്പെസിഫിക്കേഷനിൽ Real/Duck Back എന്ന ബ്രാൻഡ് നെയിം ചേർത്തിട്ടുണ്ട്. ഇത് മേൽ ഉത്തരവിന്റെ ലംഘനമാണ്.

(5) സ്റ്റോക്ക് രജിസ്റ്ററിൽ റെയിൻ കോട്ടിന്റെ എണ്ണം രേഖപ്പെടുത്തിയതിൽ വ്യത്യാസം

നഗരസഭയിലെ ട്രാൻസ്പോർട്ട് വിഭാഗത്തിൽ സൂക്ഷിച്ച സ്റ്റോക്ക് രജിസ്റ്റർ വോള്യം XIV, XV എന്നിവ പ്രകാരം 2017-18 വർഷം 583 റെയിൻ കോട്ട് വാങ്ങിയിരുന്നു. ഇതിൽ 23 ഫീമെയിൽ റെയിൻ കോട്ട് വിതരണം ചെയ്തിട്ടില്ല. തുടർന്നുള്ള വർഷങ്ങളിൽ ആകെ ആവശ്യമായതിൽ മുൻബാക്കിയുള്ള 23 ഫീമെയിൽ റെയിൻ കോട്ട് കുറച്ച് ബാക്കി വാങ്ങുന്നതിന് പകരം ഇത് പരിഗണിക്കാതെ എല്ലാ ജീവനക്കാർക്കുമായി വാങ്ങി. ആയതിനാൽ 23 ഫീമെയിൽ റെയിൻ കോട്ട് 2019-20 വർഷം വരെ സ്റ്റോക്ക് രജിസ്റ്ററിൽ അതാത് വർഷം വാങ്ങുന്നതിനൊപ്പം ചേർത്ത് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2020-21 വർഷം 662 എണ്ണം വാങ്ങിയ 387 ഫീമെയിൽ റെയിൻ കോട്ട് വിതരണം ചെയ്തു. എന്നാൽ ഇതിന്റെ കൂടെ മുൻ വർഷം ബാക്കിയുള്ള 23 ഫീമെയിൽ റെയിൻ കോട്ട് കൂടി രേഖപ്പെടുത്തുകയോ വിതരണം ചെയ്യുകയോ ചെയ്തിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 2020-21 ൽ ബാക്കിയുള്ള 1 Male ഉൾപ്പെടെ 24 റെയിൻകോട്ട് ബാക്കിയുണ്ടാകേണ്ടതാണെങ്കിലും സ്റ്റോക്ക് രജിസ്റ്ററിൽ Vol.XV പേജ് 185 ൽ 1 Male റെയിൻകോട്ട് മാത്രമാണ് ബാക്കിയുള്ളത്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെരുപ്പ് വാങ്ങി നൽകിയ ഇനത്തിൽ ചെലവഴിച്ച 1,54,800/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതുമാണ്. കൂടാതെ സർക്കാർ ഉത്തരവിന് വിരുദ്ധമായി റെയിൻ കോട്ട് വാങ്ങി നൽകുന്നതിന് ചെലവഴിച്ച 4,57,517/- രൂപ 2019-20 വർഷത്തിൽ പുതുതായി ജോലിയിൽ പ്രവേശിച്ച ശുചീകരണ തൊഴിലാളികളുടെ എണ്ണം അറിയിക്കാത്ത സാഹചര്യത്തിൽ തടസ്സങ്ങളിൽ വെക്കുന്നു.

## 1-25 പ്ലാനറ്റേറിയവുമായി സംയോജിപ്പിച്ച് മാർഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കി.

നിർവഹണം : ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എജ്യൂക്കേഷൻ

നഗരസഭ പരിധിയിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പ്ലാനറ്റേറിയം സന്ദർശിക്കാനും പ്ലാനറ്റേറിയത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തി ക്ലാസുകൾ സംഘടിപ്പിക്കാനും ലക്ഷ്യമിട്ട് നടപ്പിലാക്കിയ വിദ്യാഭ്യാസ ഉപഡയറക്ടർ നിർവഹണോദ്യോഗസ്ഥനായിട്ടുള്ള താഴെ പറയുന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ നൽകുന്നു.

<table>
<tr><td>പദ്ധതി നം.</td><td colspan="4">05/19</td></tr>
<tr><td>പദ്ധതിയുടെ പേര്</td><td colspan="4">പ്ലാനറ്റേറിയവുമായി സംയോജിപ്പിച്ച വിദ്യാഭ്യാസ പ്രവർത്തനം</td></tr>
<tr><td rowspan="2">അടങ്കൽ</td><td colspan="2">ഫണ്ടിനം</td><td>തുക</td><td>ആകെ</td></tr>
<tr><td colspan="2">വികസന ഫണ്ട്</td><td>5,00,000</td><td>5,00,000</td></tr>
<tr><td rowspan="3">ചെലവ്</td><td>ബിൽ നമ്പർ</td><td>തീയതി</td><td>തുക</td><td>ആകെ</td></tr>
<tr><td>06/19-20</td><td rowspan="2">14.05.2019</td><td>17,410</td><td rowspan="2">3,17,410</td></tr>
<tr><td>08/19-20</td><td>3,00,000</td></tr>
</table>

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തേണ്ട വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സംബന്ധിച്ച 02.02.2018 ലെ സ.ഉ (കൈ) നം. 17/2018 /ത.സ്വ.ഭ.വ ഉത്തരവ് (പദ്ധതി മാർഗരേഖ) ഖണ്ഡിക 7.6 പ്രകാരമുള്ള പദ്ധതിയല്ല നടപ്പിലാക്കിയിട്ടുള്ളത്.

2. ബോധവൽകരണ പരിപാടികൾ പോലെയുള്ള ഉൽപാദനപരമല്ലാത്ത പരിപാടികൾ വികസന ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കാൻ പാടില്ല എന്ന് 14.02.2018 ലെ സ.ഉ (കൈ) നം. 22/2018/ത.സ്വ.ഭ.വ ഉത്തരവിലെ (സബ്സിഡി മാർഗരേഖ) ഖണ്ഡിക 8.4 യിൽ നിഷ്കർഷിക്കുന്നുണ്ട്. ആയത് ലംഘിച്ചാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.

3. വിവിധ വിഷയങ്ങളിൽ പ്ലാനറ്റേറിയം ഉപയോഗപ്പെടുത്തി ക്ലാസുകൾ സംഘടിപ്പിക്കാനായി പദ്ധതിയിൽ 2 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി ഇനത്തിൽ 10 ശതമാനത്തിൽ താഴെ തുക മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ആകെ ചെലവഴിച്ച 17,410/- രൂപയിൽ 5,850/- രൂപ ശാസ്ത്രാധ്യാപകർക്കുള്ള ഏകദിന ക്ലാസിനും 11,830/- രൂപ മാതൃ പി.ടി.എ. അംഗങ്ങൾക്കുള്ള ലഹരി ബോധവൽക്കരണ ക്ലാസിനും ഭക്ഷണവിതരണത്തിനുമായാണ്

ചെലവഴിച്ചിട്ടുള്ളത്.

മേൽ അപാകതകൾക്ക് 13.09.2021 നകം വിശദീകരണം നൽകാനായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.42/2019-20 തീയതി 06.09.2021) നൽകിയിരുന്നുവെങ്കിലും മറുപടി ലഭിച്ചിട്ടില്ല. പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചതിനു വിശദീകരണം നൽകേണ്ടതാണ്. ചെലവ് തുക 3,17,410/- തടസത്തിൽ വെക്കുന്നു.

## 1-26 ഫോഗിംഗ് മെഷീൻ വാങ്ങൽ ക്രമപ്രകാരമല്ല - നഗരസഭ ഫണ്ടിന് നഷ്ടം.

| | | | | |
|---|---|---|---|---|
| പദ്ധതിയുടെ പേര് | ജന്തുജലജന്യരോഗ നിവാരണത്തിന് ഫോഗിംഗ് മെഷീൻ വാങ്ങൽ | | | |
| പദ്ധതി നം | 683/20 | | | |
| നിർവഹണോദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ | | | |
| അടങ്കൽ തുക | 8,00,000/- | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | |
| ചെലവ് | 8,00,000/- | ബിൽ നം. | തീയതി | തുക |
| | | 36 | 24.10.2019 | 8,00,000/- |

ഫയൽ നം.-എഫ്1/12831/18

2017-18 സാമ്പത്തിക വർഷത്തിൽ രൂപീകരിച്ച പ്രോജക്ടിന്റെ ചെലവ് നടന്നത് 2019-20 സാമ്പത്തിക വർഷത്തിലെ ജന്തുജലജന്യരോഗ നിവാരണത്തിന് ഫോഗിംഗ് മെഷീൻ വാങ്ങൽ എന്ന സ്പിൽഓവർ പ്രോജക്ടിലൂടെയാണ് (നം.683/20). എട്ട് ലക്ഷം രൂപ ചെലവഴിച്ച് ഹാൻഡി ഫോഗിംഗ് മെഷീൻ (02എണ്ണം), പോർട്ടേബിൾ ഫോഗിംഗ് മെഷീൻ (04 എണ്ണം), വെഹിക്കിൾ മൗണ്ടാബിൾ ഫോഗിംഗ് മെഷീൻ (01), എൽ.പി.ജി ബ്യൂട്ടേൻ ഗ്യാസ് കാനിസ്റ്ററുകൾ (225 എണ്ണം) എന്നിവ വാങ്ങുന്നതിനാണ് പദ്ധതിയിലൂടെ ലക്ഷ്യമിട്ടത്. 25.09.2018 തിയതിയിലെ F1/12831/18 നമ്പറായി ഇ-ടെണ്ടർ ക്ഷണിച്ചു. ടെണ്ടറിൽ പങ്കെടുത്ത കമ്പനികളിൽ നിന്നും യഥാസമയം പ്രിലിമിനറി എഗ്രിമെന്റ് സമർപ്പിച്ചത് സെൻട്രൽ ഇന്ത്യ എഞ്ചിനീയറിംഗ് കമ്പനി, സൂര്യ ട്രേഡിംഗ് കമ്പനി എന്നിവയായിരുന്നു. യഥാസമയം പ്രിലിമിനറി എഗ്രിമെന്റ് സമർപ്പിച്ച സെൻട്രൽ ഇന്ത്യ എഞ്ചിനീയറിംഗ് കമ്പനി, സൂര്യ ട്രേഡിംഗ് കമ്പനി എന്നീ കമ്പനികളുടെ ടെണ്ടറുകൾ ചുവടെ ചേർക്കുന്ന പ്രകാരമായിരുന്നു.

| ക്രമ നം | ഇനം | എണ്ണം | എസ്റ്റിമേറ്റ് | സെൻട്രൽ ഇന്ത്യ എഞ്ചിനീയറിംഗ് കമ്പനി | സൂര്യ ട്രേഡിംഗ് |
|---|---|---|---|---|---|
| 1 | ഹാൻഡി ഫോഗിംഗ് മെഷീൻ | 2 | 44000 | 33040 | 22000 |
| 2 | പോർട്ടേബിൾ ഫോഗിംഗ് മെഷീൻ | 4 | 160000 | 159064 | 199996 |
| 3 | വെഹിക്കിൾ മൗണ്ടാബിൾ ഫോഗിംഗ് മെഷീൻ | 1 | 400000 | 316240 | 369000 |
| 4 | എൽ.പി.ജി ബ്യൂട്ടേൻ ഗ്യാസ് കാനിസ്റ്ററുകൾ | 225 | 196000 | 127440 | 54000 |
| | ആകെ തുക | | 800000 | 635784 | 644996 |

ഇതിൽ എല്ലാ ഇനങ്ങൾക്കുമായി ആകെ ഏറ്റവും കുറവ് ടെണ്ടർ തുക സമർപ്പിച്ച സെൻട്രൽ ഇന്ത്യ എഞ്ചിനീയറിംഗ് കമ്പനിയുമായി പർച്ചേസിംഗ് കമ്മറ്റി നെഗോഷ്യേഷൻ നടത്തി. തുക 6,30,000/- ആയി കുറയ്ക്കാമെന്ന് കമ്പനി സമ്മതിച്ചതിനെതുടർന്ന് ടെണ്ടർ മേൽ കമ്പനിക്ക് നൽകുന്നതിനും അവശേഷിക്കുന്ന അടങ്കൽ തുകയ്ക്കു കൂടി കമ്പനിയുടെ ടെണ്ടർ നിരക്കിൽ എൽ.പി.ജി ബ്യൂട്ടേൻ ഗ്യാസ് കാനിസ്റ്ററുകൾ കമ്പനിയിൽ നിന്ന് തന്നെ പ്രോജക്ടിലൂടെ വാങ്ങുന്നതിനും പർച്ചേസിംഗ് കമ്മറ്റിയുടെ 24.01.2019 ലെ 7ാം നമ്പർ തീരുമാന പ്രകാരം നഗരസഭ കൗൺസിലിന് ശുപാർശ നൽകുകയും ചെയ്തു. ആയത് 18.02.2019 ലെ 57ാം നമ്പർ തീരുമാന പ്രകാരം നഗരസഭ കൗൺസിൽ അംഗീകരിച്ചു. തുടർന്ന് 21.02.2019 ലെ F1/12831/18 നമ്പർ സെലക്ഷൻ മെമ്മോ നൽകുകയും, 16.03.2019 തിയതിയിൽ കമ്പനിക്ക് സപ്ലൈ ഓർഡർ നൽകി കമ്പനിയുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു. കമ്പനിയിൽ നിന്നും ലഭ്യമായ ഉപകരണങ്ങളുടെ ഇൻവോയിസ് (നം.നമ്പർ 0179/18-19/18.3.2019 ) സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | ഇനം | എണ്ണം | യൂണിറ്റ് നിരക്ക് | ആകെ വില |
|---|---|---|---|---|
| 1 | ഹാൻഡി ഫോഗിംഗ് മെഷീൻ | 2 | 14000 | 28000 |
| 2 | പോർട്ടേബിൾ ഫോഗിംഗ് മെഷീൻ | 4 | 33700 | 134800 |
| 3 | വെഹിക്കിൾ മൗണ്ടാബിൾ ഫോഗിംഗ് മെഷീൻ | 1 | 268000 | 268000 |
| 4 | എൽ.പി.ജി ബ്യൂട്ടേൻ ഗ്യാസ് കാനിസ്റ്ററുകൾ | 525 | 480 | 252000 |

| | |
|---|---|
| ജി.എസ്.ടി @18% | 122904 |
| ഡിസ്കൗണ്ട് | -5704 |
| ആകെ | 800000 |

ഇൻവോയിസ് പ്രകാരം ലഭ്യമാക്കിയ ഉപകരണങ്ങളുടെ വിലയായി കമ്പനിയുടെ അക്കൗണ്ടിലേക്ക് ട്രഷറി ബിൽ നം.36/24.10.2019 പ്രകാരം 8 ലക്ഷം രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

21.06.2013 ലെ സ.ഉ (അ) 3/2013/എസ്.പി.ഡി നമ്പറായി പുറപ്പെടുവിച്ച സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 9.18.4 ലെ നിർദ്ദേശം അനുസരിച്ച് ഇനം തിരിച്ച് ഓരോ ഇനത്തിനും കുറവ് ടെണ്ടർ തുക രേഖപ്പെടുത്തിയത് പരിഗണിക്കുകയും പ്രസ്തുത സ്ഥാപനങ്ങളുടെ ടെണ്ടറുകൾ അംഗീകരിക്കുകയാണ് ചെയ്യേണ്ടിയിരുന്നത്. അപ്രകാരം ഇവിടെ ക്രമ നമ്പർ 1, 4 എന്നിവയ്ക്ക് ഏറ്റവും കുറവ് വില ക്വാട്ട് ചെയ്ത സൂര്യ ട്രേഡിംഗ് കമ്പനിയുടെ ക്വട്ടേഷനായിരുന്നു അംഗീകരിക്കേണ്ടിയിരുന്നത്. എന്നാൽ ആകെ ടെണ്ടർ തുകയിൽ ഏറ്റവും കുറവ് രേഖപ്പെടുത്തിയ സെൻട്രൽ ഇന്ത്യ എഞ്ചിനീയറിംഗ് കമ്പനിയുടെ ടെണ്ടർ അംഗീകരിച്ചിരിക്കുകയും മുഴുവൻ ഇനങ്ങൾക്കും മേൽ കമ്പനിക്ക് സപ്ലൈ ഓർഡർ നൽകുകയുമാണ് ചെയ്തിട്ടുള്ളത്. ഇനം തിരിച്ച് ഓരോ ഇനത്തിനും കുറവ് ടെണ്ടർ തുക രേഖപ്പെടുത്തിയ ടെണ്ടറുകൾ അംഗീകരിക്കാത്തതു മൂലം ചുവടെ ചേർക്കുന്ന പ്രകാരം നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചിട്ടുണ്ട്.

| ഇനം | സെൻട്രൽ ഇന്ത്യ എഞ്ചിനീയറിംഗ് കമ്പനി നൽകിയ നിരക്ക് | സൂര്യ ട്രേഡിംഗ് കമ്പനി ടെണ്ടറിൽ രേഖപ്പെടുത്തിയത് | വ്യത്യാസം |
|---|---|---|---|
| ഹാൻഡി ഫോഗിംഗ് മെഷീൻ (2) | 28000 | 22000 | 6000 |
| എൽ.പി.ജി ബ്യൂട്ടേൻ ഗ്യാസ് കാനിസ്റ്ററുകൾ (525) | 252000<br>(ഒന്നിന് 480 രൂപ പ്രകാരം) | 126000<br>(ഒന്നിന് 240 പ്രകാരം) | 126000 |
| | | ആകെ നഷ്ടം | 132000 |

ഇത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (40/02.09.2021ന്) മറുപടി നൽകിയിട്ടില്ല. നഷ്ട തുക 132000 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-27 കുടിവെള്ള വിതരണ ഡെപ്പോസിറ്റ് പ്രവൃത്തി - 4 വർഷം കഴിഞ്ഞും പൂർത്തീകരിച്ചില്ല.

| | |
|---|---|
| ഫയൽ നമ്പർ | ഇ.ജി 5- 24347/19, ഇ.ജി 5- 59635/17 |
| പ്രൊജക്ട് നമ്പർ | 538/19, 543/20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ടിങ് എഞ്ചിനീയർ |
| അടങ്കൽ തുക ( ഫണ്ട് തരം) | 50,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് തുക, ബിൽ നം. | 33,57,714/- ബിൽ നം.2/19-20 തീയതി : 14.06.2019 |

നഗരസഭ പരിധിയിലെ വിവിധ വാർഡുകളിൽ കുടിവെള്ള വിതരണത്തിന് സബ്‌മെയിൻ ദീർഘിപ്പിക്കുന്നതാണ് പ്രവൃത്തി. 824/18 നമ്പർ പ്രൊജക്ട് പ്രകാരം 2017 ൽ ഡെപ്പോസിറ്റ് ചെയ്ത 1,50,00,000/- രൂപയും (ബിൽ നമ്പർ 225/07.11.2017), 2016-17 ൽ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകയിൽ ബാക്കിയുള്ള തുകയായ 21,00,000/- രൂപയും, തൻവർഷം കൈമാറിയ 33,57,714/- രൂപയും, 2020-21 ൽ നിക്ഷേപിച്ച 16,42,286/- രൂപയുമടക്കം ആകെ 2,21,00,000/- രൂപ ഈ പ്രവൃത്തിയ്ക്കായി വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. പ്രൊജക്ട് നിർവ്വഹണത്തിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (02.02.2018 ലെ സ.ഉ(കൈ) നം.17/2018 ത.സ്വ.ഭ.വ ഉത്തരവ്) ഖണ്ഡിക 11.2(ഡി)(ii) പ്രകാരം ഒരു നിർമ്മാണ പ്രവൃത്തിക്കായി കേരള വാട്ടർ അതോറിറ്റിയ്ക്ക് തുക മുൻകൂർ നൽകണമെങ്കിൽ ആ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് ബന്ധപ്പെട്ട സ്ഥാപനം തന്നെ തയ്യാറാക്കി സാങ്കേതികാനുമതി നൽകിയ ശേഷം തദ്ദേശ ഭരണ സ്ഥാപനത്തിന് നൽകേണ്ടതും അത് പ്രകാരം തദ്ദേശ ഭരണ സ്ഥാപനം പ്രൊജക്ട് തയ്യാറാക്കേണ്ടതുമാണ്. പി.എച്ച് ഡിവിഷൻ മലപ്പുറമ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 08.08.2017 ലെ D4/general/2017 നമ്പർ കത്ത് പ്രകാരം വാട്ടർ സപ്ലൈ സബ് മെയിൻ ദീർഘിപ്പിക്കുന്നതിന് 10000 മീറ്റർ 90 എം.എം പി.വി.സി പൈപ്പ് സ്ഥാപിക്കുന്നതിന് 1,50,00,000/- രൂപ ചെലവ് വരുമെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ഇതോടൊപ്പം വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളിച്ചിട്ടില്ല. വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 24.05.2019 ലെ കത്തിൽ പ്രൊജക്ടിന്റെ റിവൈസ്ഡ് കോസ്റ്റ് 2,23,72,000/- രൂപയായി റിവൈസ് ചെയ്ത് അറിയിച്ചിട്ടുണ്ടെങ്കിലും റിവൈസ്ഡ് എസ്റ്റിമേറ്റും തയ്യാറാക്കി നഗരസഭയ്ക്ക് സമർപ്പിച്ചിട്ടില്ല.

2. മേൽ ഉത്തരവ് ഖണ്ഡിക പ്രകാരം, നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ടല്ലാതെ നിർവ്വഹണം നടത്തുന്ന മറ്റെല്ലാ നിർവ്വഹണ രീതികളിലും നിർവ്വഹണ ഏജൻസിയുമായി തദ്ദേശ ഭരണ സ്ഥാപനം കരാറിൽ ഏർപ്പെടേണ്ടതാണ്. തദ്ദേശ ഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ മുൻകൂർ നൽകാവൂ. എന്നാൽ വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് മുൻപ് വാട്ടർ അതോറിറ്റിയുമായി കരാർ വെച്ചിട്ടില്ല.

3. വാട്ടർ അതോറിറ്റിയ്ക്ക് തുക കൈമാറിയതിന്റെ കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം/ പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

4. 2019-20 വർഷം 50,00,000 രൂപ ഡെപ്പോസിറ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് കോർപ്പറേഷൻ സെക്രട്ടറിയുടെ നിർദ്ദേശം ആരാഞ്ഞ ഓഫീസ് നോട്ടിലെ കുറിപ്പിൽ (ഫയൽ നം. ഇ.ജി 5- 59635/17), വാട്ടർ അതോറിറ്റിയുമായി കരാർ വയ്ക്കുന്നതിനും ആറ് മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുന്നതിനും ഇവ നിരീക്ഷിക്കുന്നതിന് ആവശ്യമായ മോണിറ്ററിങ് സംവിധാനം രൂപപ്പെടുത്തുന്നത് ഉൾപ്പടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഈ നിബന്ധനകൾ പരിഗണിച്ച് പ്രസ്തുത പ്രവൃത്തിയ്ക്ക് അംഗീകാരം നൽകാവുന്നതാണെന്നും 19.03.2019 ൽ സെക്രട്ടറി നിർദ്ദേശം നൽകി. മാത്രമല്ല, ചില വാർഡുകളിൽ ചെയ്യേണ്ട പ്രവൃത്തിയുടെ പേരും അളവും കൃത്യമായി രേഖപ്പെടുത്താതെ വാർഡ് മാത്രം പരാമർശിച്ച്

തുക രേഖപ്പെടുത്തിയിരിക്കുന്നത് ശരിയായ നടപടിയല്ലെന്നും 2016-17 ൽ ഡെപ്പോസിറ്റ് ചെയ്ത തുകയുള്ള പ്രവൃത്തി പോലും പൂർത്തിയാക്കിയിട്ടില്ല എന്നും നഗരസഭയുടെ ഭാഗത്ത് ഗുരുതരമായ വീഴ്ചയാണ് സംഭവിച്ചതെന്നും ഓഫീസ് കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സെക്രട്ടറിയുടെ മേൽ നിർദ്ദേശങ്ങളൊന്നും പാലിക്കാതെയാണ് വാട്ടർ അതോറിറ്റിയിൽ വീണ്ടും തുക ഡെപ്പോസിറ്റ് ചെയ്തത്.

5. വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (02.02.2018 ലെ സ.ഉ(കൈ) നം.17/2018 ത.സ്വ.ഭ.വ ഉത്തരവ്) ഖണ്ഡിക 11.2(ഡി)(iv) പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ തുടർ നടപടി സ്വീകരിക്കേണ്ടതും ഡെപ്പോസിറ്റ് വർക്കുകളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തി ബന്ധപ്പെട്ട ഏജൻസിയ്ക്ക് നിർദ്ദേശം നൽകേണ്ടതും ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറിയാണ്. എന്നാൽ മേൽ ഫയലിൽ ഇപ്രകാരം നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങളില്ല.

അപാകതകൾക്ക് വിശദീകരണവും പ്രവൃത്തിയുടെ പൂർത്തീകരണ വിവരവും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 33,57,714/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. അപാകതകൾ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു.

## 1-28 പദ്ധതി മാർഗ്ഗരേഖ പാലിക്കാതെ ഡപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നിക്ഷേപിച്ചു.

2019-20 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന താഴെ പറയും പ്രകാരം തുകകൾ പിൻവലിച്ച് വാട്ടർ അതോറിറ്റി/ കെ.എസ്.ഇ.ബി. യിൽ നിക്ഷേപിച്ചിട്ടുണ്ട്.

| പദ്ധതി നമ്പർ/ ഫയൽ നമ്പർ | അടങ്കൽ തുക/ഫണ്ടിനം | നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം | ഡെപ്പോസിറ്റ് ചെയ്ത തുക | ബിൽ നം./തിയതി |
|---|---|---|---|---|---|
| 509/20 ഇ.ജി 13-56503/19 | 2,00,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | കെ.എസ്.ഇ.ബി | 1,92,886 | 14/19-20, 14.11.2019 |
| 695/20 ഇ.ജി 5-76147/17 | 2,00,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | | കേരള വാട്ടർ അതോറിറ്റി | 1,60,000 | 16/19-20, 06.06.2019 |

പദ്ധതി നിർവ്വഹണത്തിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (02.02.2018 ലെ സ.ഉ(കൈ) നം.17/2018 ത.സ്വ.ഭ.വ ഉത്തരവ്) ഖണ്ഡിക 11.2(ഡി)(ii) പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ടല്ലാതെ നിർവ്വഹണം നടത്തുന്ന മറ്റെല്ലാ നിർവ്വഹണ രീതികളിലും നിർവ്വഹണ ഏജൻസിയുമായി തദ്ദേശ ഭരണ സ്ഥാപനം കരാറിൽ ഏർപ്പെടേണ്ടതാണ്. തദ്ദേശ ഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ മുൻകൂർ നൽകാവൂ. എന്നാൽ മേൽ സ്ഥാപനങ്ങളിൽ തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് മുൻപ് നഗരസഭ പ്രസ്തുത സ്ഥാപനങ്ങളുമായി കരാർ വെച്ചിട്ടില്ല.

2. കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തിയുടെ പൂർത്തീകരണ പത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

3. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 11.2(ഡി)(iv) പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ തുടർ നടപടി സ്വീകരിക്കേണ്ടതും ഡെപ്പോസിറ്റ് വർക്കുകളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തി ബന്ധപ്പെട്ട ഏജൻസിയ്ക്ക് നിർദ്ദേശം നൽകേണ്ടതും ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറിയാണ്. എന്നാൽ മേൽ ഫയലിൽ ഇപ്രകാരം നടപടി സ്വീകരിച്ചതായി കാണുന്നില്ല.

4. വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (02.02.2018 ലെ സ.ഉ(കൈ) നം.17/2018 ത.സ്വ.ഭ.വ ഉത്തരവ്) ഖണ്ഡിക 11.2(ഡി)(ii) പ്രകാരം ഒരു നിർമ്മാണ പ്രവൃത്തിക്കായി തുക മുൻകൂർ നൽകണമെങ്കിൽ ആ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് ബന്ധപ്പെട്ട സ്ഥാപനം തന്നെ തയ്യാറാക്കി സാങ്കേതികാനുമതി നൽകിയ ശേഷം തദ്ദേശ ഭരണ സ്ഥാപനത്തിന് നൽകേണ്ടതും അത് പ്രകാരം തദ്ദേശ ഭരണ സ്ഥാപനം പ്രൊജക്റ്റ് തയ്യാറാക്കേണ്ടതുമാണ്. എന്നാൽ ക്രമ നമ്പർ 2 പ്രകാരം വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണവും പ്രവൃത്തികളുടെ പൂർത്തീകരണ വിവരവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് (നം.59/2019-20, 24.09.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. 3,52,886/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-29 പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായി വികസന ഫണ്ട് ഉപയോഗിച്ച് കക്കൂസ് റിപ്പയർ പദ്ധതിക്ക് തുക ചെലവഴിച്ചു.

പൊട്ടിപ്പൊളിഞ്ഞ വ്യക്തിഗത കക്കൂസുകൾ റിപ്പയർ ചെയ്യുന്നതിനായി കുടുംബശ്രീ പ്രോജക്റ്റ് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2 പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | 1 | | 2 | |
|---|---|---|---|---|
| പദ്ധതി നം | S00638/20 (സ്പിൽ ഓവർ) | | 699/2019-20 | |
| പദ്ധതിയുടെ പേര് | കക്കൂസ് റിപ്പയർ | | കക്കൂസ് റിപ്പയർ | |
| ഫണ്ടിനം | വികസന ഫണ്ട് | | വികസന ഫണ്ട് | |
| അടങ്കൽ തുക | | 29,00,800/- | | 21,92,200/- |
| ചെലവ് തുക, ബിൽ നം, തീയതി | 02/2019-20, 08.05.2019 | 27,000 | 1/2019-20, 08.05.2019 | 10,800 |
| | 4/2019-20, 08.05.2019 | 1,21,000 | 3/2019-20, 08.05.2019 | 48,600 |
| | 5/2019-20, 08.05.2019 | 10,800 | 6/2019-20, 08.05.2019 | 21,600 |
| | ആകെ ചെലവ് 1,58,800 | | ആകെ ചെലവ് 81,000 | |

2018-19 വർഷം 40/2019 നമ്പർ പ്രോജക്ടിൽ 57,75,000/- രൂപ വികസന ഫണ്ടിൽ നിന്നും വകയിരുത്തുകയും 28,74,200/- രൂപ ചെലവഴിക്കുകയും ചെയ്തിരുന്നു. പ്രസ്തുത വർഷം ചെലവഴിച്ചതിന്റെ ബാക്കി 29,00,800/- രൂപ 2019-20 വർഷം 638/20 നമ്പർ പ്രോജക്ടിൽ വകയിരുത്തുകയും 4 പേർക്ക്

ഒന്നാം ഗഡുവായ 10,000/- രൂപ വീതവും 22 പേർക്ക് രണ്ടാം ഗഡുവായ 5,400/- രൂപ വീതവും ആകെ 1,58,800/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതികളുമായി ബന്ധപ്പെട്ട അപാകത താഴെ കൊടുക്കുന്നു.

02.02.2018 ലെ സ.ഉ (കൈ) നം.17/2018/ത.സ്വ.ഭ.വ നം സർക്കാർ ഉത്തരവ് പ്രകാരം ( പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ) ഖണ്ഡിക 2.2 (15) ലെ നിർദ്ദേശം പ്രകാരം പൊതുജനങ്ങൾ കൂട്ടതലായി എത്തിച്ചേരുന്ന കവലകൾ ബസ് സ്റ്റാന്റുകൾ, പാർക്കുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ വരുന്ന ജനങ്ങളുടെ എണ്ണത്തിനനുസരിച്ച് അവയുടെ സ്ഥലപരമായ പ്രത്യേകതകൾ ഉൾക്കൊണ്ട് പൊതു ശൗചാലയങ്ങൾ ഏർപ്പെടുത്തുന്നതിന് നഗരസഭകൾക്ക് പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്. എന്നാൽ വ്യക്തിഗതമായോ, കുടുംബങ്ങൾക്കോ ശൗചാലയ റിപ്പയറിന് പദ്ധതി രൂപീകരിച്ച് ചെലവഴിക്കാൻ നിർദ്ദേശമില്ല. 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഈ വിഷയം പരാമർശിച്ചിരുന്നുവെങ്കിലും പ്രസ്തുത നിർദ്ദേശം പാലിക്കാതെ 2019-20 ലും പ്രസ്തുത രീതിയിൽ പദ്ധതികൾ രൂപീകരിച്ച് വികസന ഫണ്ട് വകയിരുത്തി തുക ചെലവഴിച്ചു.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 23.09.2021 ലെ 63/2019-20 നമ്പർ ഒ.എസ്സിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി മാർഗ്ഗരേഖയിലോ, സബ്സിഡി മാർഗ്ഗരേഖയിലോ ഈ ആവശ്യത്തിനു പദ്ധതി പണം ചെലവഴിക്കാൻ സർക്കാർ നിർദ്ദേശമില്ലാത്തതിനാൽ 2,39,800/- (1,58,800 + 81,000) രൂപയുടെ ചെലവ് തുക അംഗീകരിക്കുന്നില്ല.

## 1-30 നഗരസഭ പരിധിയിലെ വലിയ തോടുകൾ, കനാൽ എന്നിവയിൽ നിന്നും ചളിയും മാലിന്യങ്ങളും നീക്കം ചെയ്യൽ - പദ്ധതി നിർവഹണത്തിലെ അപാകതകൾ.

| | | | | |
|---|---|---|---|---|
| പദ്ധതിയുടെ പേര് | നഗരസഭ പരിധിയിലെ വലിയ തോടുകൾ, കനാൽ എന്നിവയിൽ നിന്നും ചളിയും മാലിന്യങ്ങളും നീക്കം ചെയ്യൽ | | | |
| പദ്ധതി നം | 689/20 (സ്പിൽ ഓവർ) | | | |
| നിർവഹണോദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ | | | |
| ഫയൽ നം. | എഫ്.6/101812/17 | | | |
| അടങ്കൽ തുക | 1,00,00,000/- | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | |
| ചെലവ് | 61,89,328/- | ബിൽ നം. | തീയതി | തുക |
| | | 550/19-20 | 05.11.2019 | 61,89,328/- |

കോഴിക്കോട് നഗരസഭ പരിധിയിലെ വലിയ തോടുകളിലും കനാലുകളിലും പാഴ്വസ്തുക്കൾ,ചെളി, മറ്റ് മാലിന്യങ്ങൾ എന്നിവ അടിഞ്ഞു കൂടി മലിനജലം കെട്ടി കിടക്കുന്നതിനാൽ ആയവ നീക്കം ചെയ്യുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. 2017-18 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച പദ്ധതിക്ക് (നം.839/18) ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ഒരു കോടി രൂപ വകയിരുത്തി ഡി.പി.സി. അംഗീകാരം ലഭിച്ചു. 10.01.2018 ലെ ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗത്തിൽ മുൻഗണന പ്രകാരമുള്ള 8 വലിയ ഓടകളിൽ നിന്നും ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തി അക്രഡിറ്റ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപറേറ്റിവ് സൊസറ്റിയെ (യു.എൽ.സി.സി) ഏൽപ്പിക്കുന്നതിന് തീരുമാനിച്ചു (തീരുമാനം നം.14). 28.01.2018 ലെ കൗൺസിൽ യോഗത്തിൽ മേൽ ശുപാർശ അംഗീകരിച്ചു (തീരുമാനം നം.87). നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 24 വലിയ ഓടകളിൽ നിന്നായി 27034.79 ക്യൂബിക് മീറ്റർ കനത്തിൽ ചെളി കോരി വൃത്തിയാക്കേണ്ടതാണ്. എസ്റ്റിമേറ്റിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | ഇനം | അളവ് | നിരക്ക് | ആകെ തുക |
|---|---|---|---|---|
| 1 | 24 ഓടകളിൽ നിന്നും മണ്ണ്/ചെളി നീക്കൽ | 27034.79 എം.3 | @ 369 | 99,75,836 |
| 2 | സ്ലാബ് ഉയർത്തി നീക്കം ചെയ്യൽ | 56എണ്ണം | @ 203 | 11,368 |
| 3 | സ്ലാബ് പുനസ്ഥാപിക്കൽ | 56എണ്ണം | @ 150 | 8,400 |
| 4 | മറ്റിനങ്ങൾ | | | 4,396 |
| ആകെ | | | | 1,00,00,000 |

2018-19 ൽ മേൽ പ്രവൃത്തി സ്പിൽ ഓവറായി നടപ്പാക്കുന്നതിന് ഡി.പി.സി. അംഗീകാരം ലഭിച്ചു (നം.582/19). 21.08.2018 ലെ ആരോഗ്യ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗത്തിൽ മുൻഗണന പ്രകാരമുള്ള 8 വലിയ ഓടകൾക്ക് പുറമേ പുതിയ 6 ഓടകൾ കൂടി ഉൾപ്പടുത്തി എഞ്ചിനീയറിംഗ് വിഭാഗം സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ചു. തീരുമാനം നം.2). പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 14 തോടുകളിൽ നിന്നുമാണ് മണ്ണ്/ചെളി നീക്കം ചെയ്യേണ്ടത്. 07.09.2018 ലെ കൗൺസിൽ യോഗത്തിൽ ശുപാർശ അംഗീകരിച്ചു (തീരുമാനം നം.34). 15.09.2018 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ (ഹെൽത്ത് ഓഫീസർ) യു.എൽ.സി.സി.ക്ക് വർക്ക് ഓർഡർ നൽകി. പുതുക്കിയ എസ്റ്റിമേറ്റിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഇനം | അളവ് | നിരക്ക് | ആകെ തുക |
|---|---|---|---|---|
| 1 | 14 ഓടകളിൽ നിന്നും മണ്ണ്/ചെളി നീക്കൽ | 26557.5 എം.3 | @ 367 | 97,46,602.50 |
| 2 | സ്ലാബ് ഉയർത്തി നീക്കം ചെയ്യൽ | 75എണ്ണം | @ 201 | 15,075.00 |
| 3 | സ്ലാബ് പുനസ്ഥാപിക്കൽ | 75എണ്ണം | @ 149 | 11,175.00 |
| 4 | മറ്റിനങ്ങൾ | | | 227147.5 |
| ആകെ | | | | 1,00,00,000 |

2019-20 ൽ പദ്ധതി നടപ്പാക്കിയതിന് യു.എൽ.സി.സി.ക്ക് 61,89,328/- രൂപയും, 2020-21 ൽ (പദ്ധതി നം.1068/21) 23,59,940/- രൂപയും (ബിൽ നം.1370/20.03.2021) നിർവ്വഹണ ഉദ്യോഗസ്ഥൻ (ഹെൽത്ത് സൂപ്പർവൈസർ) ബിൽ മുഖാന്തിരം പിൻവലിച്ച് കൈമാറിയിട്ടുണ്ട്. ആകെ 85,49,268/- രൂപ. പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

1. പൊതുമരാമത്ത് വകുപ്പിന്റെ 2012 ലെ പരിഷ്കരിച്ച മാന്വലിലെ ഖണ്ഡിക.1601.1.1 പ്രകാരം രണ്ട് കോടി വരെ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഭരണാനുമതി ലഭിക്കുന്നതിന് മുമ്പ് അതിനു വേണ്ടി വരുന്ന ചെലവ്, പ്രവൃത്തിയുടെ മറ്റ് അനിവാര്യ കാര്യങ്ങൾ എന്നിവയെക്കുറിച്ച് ഏകദേശം കൃത്യമായ വിവരം ലഭിക്കുന്നതിനാണ് പ്രിലിമിനറി എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. നിലവിലുള്ള ഷെഡ്യൂൾ ഓഫ് റേറ്റ് അടിസ്ഥാനമാക്കി അസിസ്റ്റന്റ് എഞ്ചിനീയറാണ് പ്രിലിമിനറി എസ്റ്റിമേറ്റ് തയ്യാറാക്കുക. പ്രവൃത്തിയുടെ സ്പെസിഫിക്കേഷൻ, ആവശ്യകത എന്നിവ ഉൾപ്പടെ പ്രവൃത്തിയുടെ തൃപ്തികരമായ പൂർത്തീകരണത്തിനാവശ്യമായ എല്ലാ വിവരങ്ങളും അതിൽ ഉൾപ്പെടുത്തുകയും, സൈറ്റ് കണ്ടീഷൻ, സൈറ്റ് പ്ലാൻ, ലേ ഔട്ട്, ഡ്രോയിംഗ് എന്നിവ കൂടെ ഭാഗമാക്കേണ്ടതുമാണ്. എന്നാൽ മേൽ വിവരിച്ച രേഖകൾ ഫയലിൽ ചേർത്തിട്ടില്ല.

2. മാന്വലിലെ ഖണ്ഡിക.1601.1.2 , 15.01.2018 ലെ (പി) 8/2018/ധനം നം സർക്കാർ ഉത്തരവ്, 19.01.2017 ലെ E2-12509/16/CE/LSGD നം. സർക്കുലർ എന്നിവ പ്രകാരം വിശദമായ സൈറ്റ് പരിശോധനക്ക് ശേഷം പ്രവൃത്തിയുടെ ഡിസൈൻ സ്പെസിഫിക്കേഷൻ, സാധനങ്ങളുടേയും, സേവനങ്ങളുടേയും ലഭ്യത തൊഴിലാളികളുടെ കൂലി എന്നിവ പരിഗണിച്ച് ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കണം. പദ്ധതിയുടെ പ്ലാൻ, ഡിസൈൻ എന്നിവയും പദ്ധതിയുടെ ആവശ്യകത, പ്രത്യേകതകൾ, ആകെ ചെലവ് ഏകദേശ പൂർത്തീകരണ കാലം, സ്ഥലം ഏറ്റെടുക്കൽ, തൃപ്തികരമായ പൂർത്തീകരണത്തിൽ വന്നുഭവിച്ചേക്കാവുന്ന പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച റിപ്പോർട്ടുകളും ഡീറ്റെയിൽഡ് എസ്റ്റിമേറ്റിന്റെ ഭാഗമാക്കേണ്ടതാണ്. എന്നാൽ പദ്ധതി ആരംഭിക്കുന്ന വേളയിൽ നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റിനോടൊപ്പം (24 വലിയ ഓടകളിൽ നിന്നായി 27034.79 ക്യൂബിക് മീറ്റർ കനത്തിൽ ചെളി കോരൽ പ്രവൃത്തി) മേൽ വിവരിച്ച രേഖകൾ തയ്യാറാക്കിയത് ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

3. പ്രവൃത്തി യു.എൽ.സി.സി. യെ ഏൽപ്പിക്കുന്ന വേളയിൽ നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയർ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. (14 തോടുകളിൽ നിന്നും മണ്ണ്/ചെളി നീക്കം ചെയ്യേണ്ടത്). മാന്വലിലെ ഖണ്ഡിക.1601.1.6 പ്രകാരം പ്രവൃത്തിയിലെ പ്രധാന മാറ്റങ്ങളുടെ കാരണം, അതിന്റെ സാമ്പത്തിക ആഘാതം എന്നിവ വ്യക്തമാക്കുന്ന വേരിയേഷൻ പത്രിക, ഒറിജിനൽ എസ്റ്റിമേറ്റിലേയും, റിവൈസ്ഡ് എസ്റ്റിമേറ്റിലേയും വിവിധ ഇനങ്ങളുടെ അളവുകളും, നിരക്കുകളും താരതമ്യം ചെയ്യുന്ന ഒരു താരതമ്യ പത്രിക എന്നിവ കൂടെ സമർപ്പിക്കണം. ആയത് ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

4. എഞ്ചിനീയറിംഗ് വിഭാഗം പ്രവൃത്തിയുടെ പൂർത്തീകരണ വിവരങ്ങൾ പരിശോധിച്ചതുമായി ബന്ധപ്പെട്ട രേഖകൾ (എം.ബുക്ക് മുതലായവ) ഫയലിനോടൊപ്പം പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

5. മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ പ്രവൃത്തി നിർവ്വഹണം നടത്തൽ എന്നിവക്ക് ക്ഷമതയുള്ളവർ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരാണ്. എന്നാൽ പദ്ധതിയുടെ നിർവ്വഹണം നടത്തിയതും രേഖകൾ പരിശോധിച്ച് ഓഫീസ് കുറിപ്പുകളിൽ അഭിപ്രായം രേഖപ്പെടുത്തിയതും എഞ്ചിനീയറിംഗ് പരിജ്ഞാനമില്ലാത്ത ഹെൽത്ത് വിഭാഗത്തിലെ ഉദ്യോഗസ്ഥരാണ്.

6. നഗരസഭ പരിധിയിലെ 75 വാർഡുകളിൽ മഴക്കാല പൂർവ്വ ശുചീകരണ പ്രവൃത്തികൾ നടപ്പാക്കുന്നതിന് 2017-18 സാമ്പത്തിക വർഷത്തിൽ 56.87 ലക്ഷം രൂപയും , 2018-19 സാമ്പത്തിക വർഷത്തിൽ 66,85,000/- രൂപയും തനത്, ശുചിത്വ മിഷൻ എന്നീ ഫണ്ടുകളിൽ നിന്നും ചെലവഴിച്ചിട്ടുണ്ട് (വാർഡ് അടിസ്ഥാനത്തിൽ തുക വീതിച്ച്). മേൽ തുകകൾ കൂടാതെ എൻ.എച്ച്.എം. മുഖേന ലഭിക്കുന്ന ഫണ്ടുകളും ശുചീകരണത്തിനായി (ഡിസ്പെൻസറികൾ മുഖാന്തിരം) വിനിയോഗിച്ചിട്ടുണ്ട്. (2019-20 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചത് ഉൾപ്പെടുത്തിയിട്ടില്ല). മുനിസിപ്പൽ നിയമം പ്രകാരം നഗരസഭയുടെ അടിസ്ഥാന ചുമതലകളിൽ പെടുന്നതാണ് ശുചീകരണം. അതിനായി നഗരസഭയിൽ സ്ഥിരം ശുചീകരണ തൊഴിലാളികളെയും നിയമിച്ചിട്ടുണ്ട്. ദൈനംദിന പ്രവൃത്തികളുടെ ഭാഗമായി ശുചീകരണ പ്രവൃത്തികൾ നടപ്പാക്കുന്ന നഗരസഭയിൽ മേലിനത്തിന് പ്രത്യേക പദ്ധതി രൂപീകരിച്ച് 85,49,268/- രൂപ ചെലവഴിക്കുവാൻ വന്ന സാഹചര്യം പദ്ധതി രേഖകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നും, പദ്ധതിയുമായി ബന്ധപ്പെട്ട് രേഖകൾ പരിശോധനക്കായി ഹാജരാക്കണമെന്നും ആവശ്യപ്പെട്ട് 22.09.2021 ന് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (നം.56/2019-20) രേഖകളുടേയും, മറുപടിയുടേയും അഭാവത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ച 61,89,328/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-31 ഗുണനിലവാരമില്ലാത്ത ബാറ്ററികൾ വാങ്ങിയത് സംബന്ധിച്ച്.

| | | | | |
|---|---|---|---|---|
| പദ്ധതിയുടെ പേര് | കോർപ്പറേഷൻ ഓഫീസിലെ 40 കെ.വി.എ യു.പി.എസിന്റെയും സർവ്വർ റൂമിലെയും വിവിധ സോണൽ ഓഫീസുകളിലെയും 5 കെ.വി.എ യു.പി.എസുകളുടെയും കേടായ ബാറ്ററികൾ മാറ്റി സ്ഥാപിക്കൽ. | | | |
| പദ്ധതി നം | 682/20 | | | |
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | | | |
| അടങ്കൽ തുക | 3,00,000/- | വികസന ഫണ്ട് | | |
| ചെലവ് | 2,74,100/- | ബിൽ നം. | തീയതി | തുക |
| | | 117/19-20 | 05.04.2019 | 2,74,100/- |

ഫയൽ നം ഇ.ജി.13/71387/17

നഗരസഭ മെയിൻ ഓഫീസിലേയും, എലത്തൂർ സോണൽ ഓഫീസിലേയും UPS കൾക്ക് 42 AH ന്റെ 90 ബാറ്ററികളും, 150 AH ന്റെ 2 ബാറ്ററികളും വാങ്ങുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ രൂപീകരിച്ച പദ്ധതിയാണ് (നം.1492/18). പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ചതിൽ 3 സ്ഥാപനങ്ങൾ പങ്കെടുത്തു. മതിയായ രേഖകൾ സമർപ്പിക്കാത്തതിനാൽ ആയതിൽ ഒരു സ്ഥാപനത്തെ ഒഴിവാക്കി. ടെണ്ടറിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര്, | ലഭ്യമാക്കുന്ന ബാറ്ററി, | ബാറ്ററിയുടെ | ആകെ | പഴയ ബാറ്ററിയുടെ വില |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | എണ്ണം | വില,<br>ജി.എസ്.ടി.<br>ഉൾപ്പടെ | | (ഒന്നിന്) |
| IGA TECH Industrial Electricals, Kochi | 12 V, 42 AH, Nos.90<br>12 V, 150 AH, Nos.2<br>(Exide Battery) | 3911.11 | 352000 | 843.57/- |
| | | 13184 | 26368 | 2360 |
| Star E`nterprises, Palarivattom Ernakulam | 12 V, 42 AH, Nos.90<br>12 V, 150 AH, Nos.2<br>(Rocket Battery) | 3660 | 329400 | 765.95/- |
| | | 11700 | 23400 | 2000 |

24.10.2017 ന് കുറഞ്ഞ നിരക്കിൽ ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും ബാറ്ററികൾ വാങ്ങാവുന്നതാണെന്ന് അറിയിച്ച് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തിനായി ഫയൽ സമർപ്പിച്ചു. പ്രൊക്യൂർമെന്റ് കമ്മിറ്റി കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്റ്റാർ എന്റർപ്രൈസസ് എന്ന സ്ഥാപനവുമായി നെഗോഷിയേറ്റ് നടത്തിയതിൽ 12 V, 42 AH ഇനത്തിലുള്ള ബാറ്ററി യൂണിറ്റ് ഒന്നിന് 30/- രൂപ കുറവ് ചെയ്ത് 3,630/- രൂപക്ക് നൽകാവുന്നതാണെന്ന് അറിയിച്ചു. 04.11.2017 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ യോഗത്തിൽ ബാറ്ററികൾ സ്റ്റാർ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങുന്നതിന് കൗൺസിലിലേക്ക് ശുപാർശ ചെയ്തു. (തീരുമാനം നം.1). 21.11.2017 ലെ കൗൺസിൽ യോഗത്തിൽ ശുപാർശ അംഗീകരിച്ചു (തീരുമാനം നം.87). 06.12.2017 ന് എക്സി. എഞ്ചിനീയർ സെലക്ഷൻ മെമ്മോയും, 03.01.2018 ന് സപ്ലൈ ഓർഡറും നൽകി. സ്ഥാപനം 10.01.2018 ന് ബാറ്ററികൾ സ്ഥാപിച്ചു. നെഗോഷിയേഷന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന തരത്തിൽ ബാറ്ററികളുടെ വില നഗരസഭ നൽകേണ്ടതാണ്.

| | |
|---|---|
| 12 V, 42 AH SMF Rocket Battery @3630 X 90 Nos (Incluidng GST 28%) | 3,26,700 |
| 12 V, 42 AH SMF Rocket Battery @ 11200 X 2 Nos (Incluidng GST 28%) | 23,400 |
| Total | 3,50,100 |
| Less: Buy Back Old Batteries 42AH SMF @750 X 96 Nos (Incluidng GST 18%) | 72,000 |
| Less: Buy Back Old Batteries 42AH SMF @ 2000x2 Nos (Incluidng GST 18%) | 4,000 |
| Grand Total | 2,74,100 |

വിതരണം ചെയ്ത ബാറ്ററികളിൽ നഗരസഭ മെയിൻ ഓഫീസിൽ കണക്ട് ചെയ്ത 60 എണ്ണത്തിൽ ചിലത് 22.01.2018 ന് ചൂടായി ബൾജ് ചെയ്തതായി സ്ഥാപനത്തെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 25.01.2018 ന് ആയവ മാറ്റി പുതിയ ബാറ്ററികൾ സ്ഥാപിച്ചു. മേൽ വിഷയത്തിൽ സംസ്ഥാന വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 19.03.2018 ന് നടത്തിയ പരിശോധനയിൽ (കേസ്സ് നം VC.6/13/KKD) 60 ബാറ്ററികളിൽ 15 എണ്ണം ബൾജ് ചെയ്ത നിലയിൽ കണ്ടെത്തി. 23.03.2018 ന് ഡപ്യൂട്ടി പോലീസ് സൂപ്രണ്ട്, ജില്ല വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നഗരസഭ സെക്രട്ടറിക്ക് അയച്ച കത്തിൽ നിലവാരമില്ലാത്ത ബാറ്ററികളായതിനാലാണ് വളരെ പെട്ടെന്ന് ബൾജ് ചെയ്തതെന്നും ബാറ്ററി സപ്ലൈ ചെയ്തതിന്റെ തുക വിതരണ ഏജൻസിക്ക് നൽകുന്നത് തൽക്കാലം നിർത്തി വയ്ക്കണമെന്നും, ബൾജ് ചെയ്ത ബാറ്ററികൾ മാറ്റി സ്ഥാപിച്ചതിനു ശേഷം തുക അനുവദിക്കുന്ന നടപടികൾ സ്വീകരിക്കണമെന്നും അറിയിച്ചു. ആയതിനനുസരിച്ച് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ട്രഷറി ഓഫീസർക്ക് നിർദ്ദേശം നൽകി വിതരണ ഏജൻസിക്ക് തുക നൽകുന്നത് നിർത്തി വച്ചു.

ബൾജ് ആയ ബാറ്ററികൾ വിതരണ ഏജൻസി മാറ്റി സ്ഥാപിച്ചതിനു ശേഷം ആയവ പ്രവർത്തനക്ഷമമാണോ എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് താൽപര്യപ്പെട്ട് 17.10.2018 ന് നഗരസഭ ഇലക്ട്രിക്കൽ അസിസ്റ്റന്റ് എഞ്ചിനീയർ പൊതുമരാമത്ത് ഇലക്ട്രോണിക്സ് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നൽകി. 25.10.2018 ന് പൊതുമരാമത്ത് ഇലക്ട്രോണിക്സ് വിഭാഗം പരിശോധിച്ച് നൽകിയ റിപ്പോർട്ടിൽ മാറ്റിയ 15 ബാറ്ററികളുടെ പ്രവർത്തനം തൃപ്തികരമാണെന്ന് അറിയിച്ചു. തുടർന്ന ഐ.കെ.എം. സർവ്വർ റൂമിലെ 4 ബാറ്ററികൾ ബൾജ് ചെയ്യുതും കമ്പനി മാറ്റി നൽകി. 2019-20 സാമ്പത്തിക വർഷത്തിൽ പദ്ധതി സ്പിൽ ഓവറായതിനാൽ 05.04.2019 ന് 2,74,100/- രൂപ ട്രഷറി ബിൽ മുഖാന്തിരം അനുവദിച്ചു.

ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 11 (1) പ്രകാരം സാങ്കേതിക സ്വഭാവമുള്ള സാധനങ്ങളുടെ ഗുണമേന്മ സാങ്കേതിക യോഗ്യതയുള്ള ആൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തണം. മേൽ വ്യവസ്ഥ നിർവ്വഹണോദ്യാഗസ്ഥൻ പാലിക്കാത്തതിനാൽ നഗരസഭ ഓഫീസിലെ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും പ്രവർത്തിപ്പിക്കാൻ ശേഷിയുള്ള ബാറ്ററികളാണോ സ്ഥാപിച്ചതെന്നുറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ [ജി.ഒ.(പി) 259/2010 ത.സ്വ.ഭ.വ, 08.11.2010] പ്രകാരം ഒരു ലക്ഷത്തിൽ കൂടുതൽ മതിപ്പ് വിലയുള്ള സാധനങ്ങൾ ഓപ്പൺ ടെണ്ടർ മുഖേനയാണ് വാങ്ങേണ്ടത്. വ്യാപകമായ പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും മലയാള ദിനപത്രത്തിലും പരസ്യം ചെയ്യണം. സർക്കാർ ഉത്തരവ് നമ്പർ.15744/6 ഡി.1/ത.സ്വ.ഭ.വ 08.12.2009 പ്രകാരം പത്രപരസ്യങ്ങൾ പത്രത്തിന്റെ പ്രചാരത്തിന്റെ അടിസ്ഥാനത്തിൽ വിവിധ പത്രങ്ങൾക്ക് നൽകേണ്ടത് പബ്ലിക് റിലേഷൻസ് വകുപ്പ് ലഭ്യമാക്കുന്ന പത്രങ്ങളുടെ ലിസ്റ്റിൽ നിന്നും റൊട്ടേഷൻ അടിസ്ഥാനത്തിൽ ആയിരിക്കേണ്ടതാണ്. റൊട്ടേഷൻ പാലിക്കുമ്പോൾ പ്രചാരം കുറഞ്ഞ പത്രങ്ങളെ ഒഴിവാക്കേണ്ടതാണ്. കൂടാതെ ടെണ്ടറുകൾ തുറക്കേണ്ടത് ടെണ്ടർ സമർപ്പിച്ചവരുടെയും സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയിലെ ഒരംഗത്തിന്റെയും സാന്നിദ്ധ്യത്തിലായിരിക്കണം. എന്നാൽ ടെണ്ടർ പരസ്യം പ്രസിദ്ധീകരിച്ച പത്രത്തിന്റെ ഒറിജിനൽ കോപ്പി ഫയലിനോടൊപ്പം ഹാജരാക്കിയില്ല. ടെണ്ടർ തുറക്കുമ്പോൾ പങ്കെടുത്ത സോഷ്യൽ ഓഡിറ്റ് കമ്മിറ്റി അംഗങ്ങളുടെ വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

3. മാർഗ്ഗരേഖ ഖ.5-1 പ്രകാരം നെഗോസിയേഷൻ ഒഴിവാക്കേണ്ടതാണ്. പ്രത്യേക സാഹചര്യത്തിൽ ഏറ്റവും കുറഞ്ഞ നിരക്കിൽ ക്വാട്ട് ചെയ്ത ഏജൻസികളുമായി നെഗോസിയേഷൻ നടത്തുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനം രൂപീകരിച്ച സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയിലെ 3 അംഗങ്ങളുടെ സാന്നിദ്ധ്യം നിർബന്ധമാണ്. എന്നാൽ ഇവിടെ പ്രൊക്യൂർമെന്റ് കമ്മിറ്റിയിലെ അംഗങ്ങളാണ് നെഗോസിയേഷൻ നടത്തിയതെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സോഷ്യൽ ഓഡിറ്റ് കമ്മിറ്റി അംഗങ്ങളുടെ സാന്നിദ്ധ്യമില്ലാതെ ഏജൻസികളെ നെഗോസിയേഷന് വിളിച്ചത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്.

4. ടെണ്ടർ നൽകിയ സ്ഥാപനം അറിയപ്പെടുന്നതല്ലെങ്കിൽ കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 9.18(1) പ്രകാരം ടെണ്ടർ സ്ഥിരീകരിച്ച് ഓർഡർ നൽകുന്നതിന് മുമ്പ് സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതിയെ കുറിച്ച് ഉറപ്പ് വരുത്താൻ പർച്ചേസ് ഓഫീസർ ബാധ്യസ്ഥനാണ്. ഇന്ത്യയിൽ നിർമ്മിച്ച് വിതരണം നടത്തുന്ന ബാറ്ററി കമ്പനികളുടെ ഔദ്യോഗിക വെബ്സൈറ്റുകൾ പരിശോധിച്ചാൽ അവർ വിതരണം ചെയ്യുന്ന ബാറ്ററികളുടെ വിശദാംശങ്ങൾ ലഭ്യമാകുന്നതാണ്. ബാറ്ററി വാങ്ങുമ്പോൾ ബാറ്ററി നിർമാണ വിതരണ രംഗത്തെ കമ്പനികളുടെ വിശദാംശങ്ങൾ ലഭ്യമായിട്ടും ആയത്

പരിശോധിക്കാതെയും വിശകലനം ചെയ്യാതെയും സ്റ്റാർ എന്റർപ്രൈസസ് എന്ന സ്ഥാപനം സമർപ്പിച്ച ടെണ്ടർ അന്വേഷണം കൂടാതെ അംഗീകരിച്ചു. നിലവിൽ പ്രസ്തുത സ്ഥാപനം പ്രവർത്തിക്കുന്നില്ല എന്നാണ് സെക്ഷൻ ക്ലാർക്ക് അറിയിച്ചത്. സ്ഥാപനത്തെ കുറിച്ച് അന്വേഷണം നടത്താതെ ബാറ്ററികൾ വാങ്ങിയത് ശരിയായ നടപടിയല്ല.

5. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 219 (ബി) പ്രകാരം 1000/- രൂപയിൽ കവിഞ്ഞ ചെലവ് വരുന്ന ഏതെങ്കിലും സാധനങ്ങളോ സർവ്വീസുകളോ നൽകുന്നതിന് കാലാവധി നിർണ്ണയിച്ച് കരാറിലേർപ്പെടണം. എന്നാൽ അപ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയല്ല നിർവ്വഹണ ഉദ്യോഗസ്ഥൻ വിതരണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടത്. വിതരണ ഏജൻസിയുമായി ചമച്ച കരാറിലെ വ്യവസ്ഥകൾ എല്ലാം തന്നെ മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ടവയാണ്. ആയതിനാൽ തന്നെ വിതരണ ഏജൻസിക്ക് എതിരെ നിയമനടപടികൾ സ്വീകരിക്കുവാൻ നഗരസഭക്ക് കഴിയാതെ പോയി.

മേൽ വിവരിച്ച അപാകതൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 22.09.2021 ന് ഓഡിറ്റ് അന്വേഷണ കുറിപ്പ് നൽകിയെങ്കിലും (നം.55/ 2019 -20) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. നിലവിൽ 90 ബാറ്ററികളും ഉപയോഗപ്രദമല്ലാത്തതിനാൽ മാറ്റി വെച്ചുവെന്ന് ബന്ധപ്പെട്ട ഇലക്ട്രിക്കൽ എഞ്ചിനീയർ വിശദീകരിച്ചിട്ടുണ്ട്. സേവനങ്ങൾ മെച്ചപ്പെടുത്താനും ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനുമായി രൂപീകരിച്ച പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. ചെലവ് തുക 2,74,100/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-32 കുടിവെള്ള വിതരണം നടത്തി തുക ചെലവഴിച്ചത് റീക്കൂപ്പ് ചെയ്യാത്തതും മറ്റ് അപാകതകളും.

ഫയൽ നമ്പർ: ഇ.ജി.4/18054/19

വൗച്ചർ നം.21902482, തീയതി. 21.08.2019, തുക -10,00,000/- (ചെക്ക് നം. 823899)

വൗച്ചർ നം.21902754, തീയതി. 16.09.2019, തുക -12,00,000/- (ചെക്ക് നം. 159243)

വരൾച്ച ബാധിച്ച പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിനായി 02.03.2019 ലെ (സാധാ) 500/2019/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലൂടെ സർക്കാർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ നഗരസഭ പരിധിയിൽ 2019 ഏപ്രിൽ 11 മുതൽ ജൂൺ 06 വരെയുള്ള കാലയളവിൽ വരൾച്ചാ ദുരിതാശ്വാസത്തിന്റെ ഭാഗമായി കുടിവെള്ളം വിതരണം ചെയ്തതിന് 22,00,000/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. കുടിവെള്ളം വിതരണം നടത്തുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ (27.03.2019 ലെ മാതൃഭൂമി ദിനപത്രത്തിൽ അടിയന്തിര ദർഘാസ് പരസ്യം) വിജയിയായ ശ്രീ.ഷൈജു.പി, S/o ചെറിയക്കൻ, കല്ലുവളപ്പിൽ ഹൗസ്, പെരുമുഖം (പി.ഒ), ഫറോക്ക്, കോഴിക്കോട് എന്നവരുടെ ടെണ്ടർ മരാമത്ത് സ്ഥിരം സമിതിയുടെ 05.04.2019 ലെ യോഗത്തിലും (തീരുമാനം നം.1). 29.04.2019 ലെ കൗൺസിൽ യോഗത്തിലും അംഗീകരിച്ചു. കുടിവെള്ളം വിതരണം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സൂപ്രണ്ടിംഗ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

നഗരസഭയുടെ അധീനതയിലുള്ള മാനാഞ്ചിറയിൽ നിന്ന് കുടിവെള്ളം ശേഖരിച്ച് വാർഡുകളിൽ വിതരണം നടത്തി തിരികെ എത്തുന്ന തരത്തിലാണ് ട്രിപ്പുകൾ ക്രമീകരിച്ചത്. 3500 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കിൽ വെള്ളം ശേഖരിച്ചാണ് കരാറുകാരൻ കുടിവെള്ളം വിതരണം നടത്തിയത്. ഇതിനായി 4 വാഹനങ്ങൾ ഉപയോഗിച്ചു. (KL.11.AD-8730, KL.41.A- 4797, KL.10.AD-3986, KL.10.AD-3236). വാഹനം ഓടുന്ന ആദ്യ 5 കി.മീ. 1,390/- രൂപയും ശേഷം ഓടുന്ന ഓരോ കി.മീ. 85/- രൂപയും എന്ന തോതിലാണ് വാഹനത്തിന്റെ വാടക നിശ്ചയിച്ചത്. ആയതിൻ പ്രകാരം 2019 ഏപ്രിൽ 11 മുതൽ ജൂൺ 06 വരെയുള്ള കാലയളവിൽ 854 ട്രിപ്പുകൾ നടത്തിയതായി കരാറുകാരൻ അറിയിച്ചു. വാടകയിനത്തിൽ 24,03,835/- അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് 14.06.2019 ന് കരാറുകാരൻ അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് 22,00,000/- രൂപ അനുവദിച്ചിട്ടുണ്ട് (17.07.2019 ലെ 43 നമ്പർ കൗൺസിൽ തീരുമാനം).

കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1 3500 ലിറ്റർ കപ്പാസിറ്റിയിൽ ഒരു ദിവസം 5 ട്രിപ്പിൽ കുറയാതെ വെള്ളം ശേഖരിച്ച് വിതരണം നടത്തുന്നതിനാണ് ദർഘാസ് പരസ്യത്തിൽ നഗരസഭ ആവശ്യപ്പെട്ടത്. 23.02.2017ലെ (സാധാ) 787/2017/ഡി.എം.സി. (റവന്യൂ കെ. വകുപ്പ്) നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക.4(g) പ്രകാരം ജല വിതരണത്തിന് കിലോമീറ്റർ അടിസ്ഥാനത്തിലാണ് റേറ്റ് നിർണ്ണയിക്കേണ്ടതെന്നും, താലൂക്ക് തലത്തിൽ ജലവിതരണത്തിന്റെ നിരക്ക് ടാങ്കർ വാടക ജില്ല കലക്ടർ നിശ്ചയിക്കണമെന്നും, അതിൽ കുറവ് നിരക്കിൽ സ്ഥാപനങ്ങൾക്ക് ലഭ്യമാണെങ്കിൽ ആയത് നടപ്പിലാക്കണമെന്നും നിഷ്കർഷിക്കുന്നു. എന്നാൽ മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചല്ല 27.03.2019 ലെ മാതൃഭൂമി ദിനപത്രത്തിൽ ദർഘാസ് പരസ്യം നൽകിയത്. ടെണ്ടറിൽ പങ്കെടുത്ത 3 പേരും അവർക്ക് അനുയോജ്യമായ നിരക്കാണ് രേഖപ്പെടുത്തിയത്.

2 20.06.2019 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഡിനേഷൻ കമ്മിറ്റിയുടെ യോഗ തീരുമാനം നം 3.12 പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ വരൾച്ച മുതലായ അടിയന്തിര സാഹചര്യങ്ങളിൽ കുടിവെള്ള വിതരണം നടത്തുമ്പോൾ അതിന്റെ ബിൽ തുക ജില്ല കളക്ടർമാർക്ക് നൽകി റീക്കൂപ്പ് ചെയ്തു കിട്ടുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി LSGD-FM3/262/2019-LSGD നമ്പർ കത്തിലൂടെ നഗരകാര്യ ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. എന്നാൽ കുടിവെള്ള വിതരണത്തിനു ചെലവഴിച്ച തുക റിക്കൂപ്പ് ചെയ്തുകിട്ടുന്നതിനുള്ള നടപടികൾ നഗരസഭ സ്വീകരിച്ചിട്ടില്ല.

2 ടാങ്കർ ലോറികളിലും മറ്റ് വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും കുടിവെള്ളം വിതരണം ചെയ്യുന്നവർ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർസ് (ലൈസൻസിംഗ് & രജിസ്ട്രേഷൻ) റഗുലേഷൻ 2011 പ്രകാരം എഫ്.ബി.ഒ. (FBO- Food Business Operator) ലൈസൻസ് എടുക്കണം. ഇത്തരം ലൈസൻസുള്ള ടാങ്കർ ലോറികളിൽ/ ടാങ്കുകളിൽ മാത്രമേ സംസ്ഥാനത്ത് കുടിവെള്ളം വിതരണം/വിൽപ്പന നടത്താൻ പാടുള്ളൂ. കുടിവെള്ളം വിതരണം ചെയ്യുന്ന ടാങ്കർ ലോറികളിലും മറ്റു വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും എഫ്.ബി.ഒ. ലൈസൻസ് നമ്പർ രേഖപ്പെടുത്തണം. എന്നാൽ കുടിവെള്ളം വിതരണം നടത്തിയ വാഹനങ്ങൾക്ക് എഫ്.ബി.ഒ. ലൈസൻസ് എടുത്തതിന്റെ വിശദാംശങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

3 ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർസ് (ലൈസൻസിംഗ് & രജിസ്ട്രേഷൻ) റഗുലേഷൻ 2011 പ്രകാരം വാട്ടർ അതോറിറ്റി ഒഴികെയുള്ള കുടിവെള്ള സ്രോതസ്സുകൾക്ക് എഫ്.ബി.ഒ. ലൈസൻസ് വേണം. ഇത്തരം ലൈസൻസുള്ള കുടിവെള്ള സ്രോതസ്സിൽ നിന്ന് മാത്രമെ വെള്ളം ശേഖരിക്കാവൂ. കുടിവെള്ള സ്രോതസ്സുകളിലെ ജലം ആറ് മാസത്തിലൊരിക്കൽ സർക്കാർ ലാബുകളിലോ എൻ.എ.ബി.എൽ. അക്രിഡിറ്റഡ് ലാബുകളിലോ പരിശോധിച്ച് ശുദ്ധമാണെന്ന് ഉറപ്പ് വരുത്തുന്ന സർട്ടിഫിക്കറ്റുകൾ സൂക്ഷിക്കണം. നിയമം പ്രകാരം കോഴിക്കോട് നഗരസഭയുടെ അധീനതയിലുള്ള മാനാഞ്ചിറയിൽ നിന്ന് കുടിവെള്ളത്തിനും എഫ്.ബി.ഒ. ലൈസൻസ് വേണം. എന്നാൽ അപ്രകാരം ലൈസൻസ് ബന്ധപ്പെട്ട വകുപ്പിൽ നിന്നും ലഭ്യമാക്കാതെയാണ് കുടിവെള്ള വിതരണം നടത്തിയത്.

4 1961 ലെ ആദായ നികുതി നിയമം വകുപ്പ് 194(സി) പ്രകാരം കരാറുകാരന് നൽകിയ തുകയിൽ നിന്നും ആദായ നികുതി ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ അടവാക്കേണ്ടതാണ്. എന്നാൽ തുക അനുവദിച്ചപ്പോൾ കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടില്ല.

5 കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഉൾപ്പെടുത്താതെ മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട വ്യവസ്ഥകളാണ് കരാറിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

മേൽ വിവരിച്ച അപാകതകൾക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് 23.09.2021 ന് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (57/2019-20) മറുപടി ലഭ്യമാക്കി കുടിവെള്ള വിതരണത്തിനായി ചെലവഴിച്ച തുക റീകൂപ്പ് ചെയ്ത് കിട്ടുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ അടവാക്കേണ്ടതുമാണ്.

## 1-33 യഥാസമയം വൈദ്യുതി ചാർജ്ജ് അടവാക്കാത്തതിനാൽ കുടിശ്ശിക തുക പിഴ സഹിതം അടവാക്കി.

ഫയൽ നമ്പർ. ഇ.ജി.11/85882/19

ദീർഘനാളത്തെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിലേയ്ക്കായി സംസ്ഥാന വൈദ്യുതി ബോർഡ് 'ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി' നടപ്പിലാക്കിയ സമയത്ത് നഗരസഭ സെക്രട്ടറിയുടെ പേരിലുള്ള 4 വൈദ്യുതി കണക്ഷന്റെ കുടിശ്ശിക തുകയും (46,911/- രൂപ) ആയതിന്റെ 6 % വാർഷിക പലിശയും (38,495/- രൂപ) ചേർത്ത് 86,406/- രൂപ തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് കെ.എസ്.ഇ.ബി.യിൽ അടക്കുകയുണ്ടായി. (ചെക്ക് നം.006501, തീയ്യതി.03.03.2020, വൗച്ചർ നം. 21905941). വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കൺസ്യൂമർ നം. | കണക്ഷൻ, കുടിശ്ശിക കാലഘട്ടം | കുടിശ്ശിക | പലിശ | ആകെ |
|---|---|---|---|---|---|
| 1 | 1165959017759 | (17.02.2005 മുതൽ 18.01.2007 വരെ)<br>പുളിയങ്ങോട്ട് കുന്ന് കുടിവെള്ള പദ്ധതി | 16203 | 14146 | 30349 |
| 2 | 1165959011528 | (05/2005 മുതൽ 11/2005 വരെ)<br>മെഡിക്കൽ കോളേജ് റസ്റ്റ് ഹൗസ്, റൂം നം.20 | 25733 | 22381 | 48114 |
| 3 | 1165955030302 | (01.11.2014 മുതൽ 25.06.2015 വരെ)<br>ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലേക്ക് നൽകിയ കണക്ഷൻ | 4843 | 1968 | 6811 |
| | | | 45779 | 38495 | 85274 |

ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു

1. 31.05.2000 ലെ സ.ഉ (സാധാ) നം. 2141/2000/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം പൂർത്തിയായാൽ ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കേണ്ടതും, തുടർ നടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃ സമിതികൾ തന്നെ ചെയ്യേണ്ടതുമാണ്. എന്നാൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെയും കുടിവെള്ള പദ്ധതി ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കാതെയും വന്നതിനാലാണ് ക്രമ നം. 1 പ്രകാരം കുടിശ്ശികയായ തുക പലിശ സഹിതം നഗരസഭ ഫണ്ടിൽ നിന്നും അടവാക്കേണ്ടി വന്നത്.

2. നഗരസഭ വക ഉടമസ്ഥതയിൽ മെഡിക്കൽ കോളേജിന് സമീപമുള്ള റസ്റ്റ് ഹൗസ് ലൈസൻസ് വ്യവസ്ഥയിൽ അനുവദിച്ചു വരുന്നതാണ്. റസ്റ്റ് റൂം നം.20 ൽ വൈദ്യുതി ഉപയോഗം നടത്തിയതിനാലാണ് 25,733/- രൂപ കുടിശ്ശികയായത്. ലൈസൻസ് വ്യവസ്ഥയിൽ എടുത്ത കക്ഷികൾ റൂം ഒഴിയുമ്പോൾ ആ വിവരം നഗരസഭയെ അറിയിക്കേണ്ടതും ചുമതലയുള്ള റവന്യൂ ഓഫീസർ പ്രസ്തുത കക്ഷികൾ യാതൊരു കുടിശ്ശികയും വരുത്തിയില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. എന്നാൽ മേൽ കാലയളവിൽ റസ്റ്റ് ഹൗസ് ലൈസൻസ് വ്യവസ്ഥയിൽ എടുത്ത കക്ഷികൾ കുടിശ്ശിക വരുത്തിയില്ലായെന്ന് ഉറപ്പാക്കുന്നതിൽ വന്ന വീഴ്ച കാരണമാണ് വൈദ്യുതി ചാർജ്ജിനത്തിൽ കുടിശ്ശികയായ തുക പലിശ സഹിതം നഗരസഭ ഫണ്ടിൽ നിന്നും അടവാക്കേണ്ടി വന്നത്.

3. 27.02.2020 ലെ ധനകാര്യ സ്ഥിരം സമിതി യോഗത്തിൽ വിഷയം ചർച്ച ചെയ്യുകയും 86,406/- രൂപ അടവാക്കുന്നതിനും വീഴ്ചകൾ കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അടവാക്കിയ പലിശ തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ അഡീഷണൽ സെക്രട്ടറി 03.03.2020 ന് നിർദ്ദേശിച്ച് നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഉത്തരവാദികളിൽ നിന്നും തുക ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

അപാകതകൾ സംബന്ധിച്ച് 01.03.2021 ലെ 24/2019-20 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭ ഫണ്ടിൽ നിന്നും കെ.എസ്.ഇ.ബി.യിൽ അടവാക്കിയ തുക കുടിശ്ശിക വരുത്തിയ ഉത്തരവാദികളിൽ നിന്നും ഈടാക്കാൻ അഡീഷണൽ സെക്രട്ടറി നിർദ്ദേശം നൽകിയത് പാലിക്കാതിരുന്ന സെക്ഷൻ ക്ലാർക്ക്, സൂപ്രണ്ട് എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-34 ആദായ നികുതി റിട്ടേണുകൾ യഥാസമയം ഫയൽ ചെയ്തില്ല.

ഫയൽ നം : ബി.5/106301/15

കോഴിക്കോട് നഗരസഭ സെക്രട്ടറിയുടെ പേരിൽ അനുവദിച്ച TAN (CHNC00161A) ൽ 01/2013 മുതൽ 06/2014 വരെയുള്ള കാലയളവിൽ യഥാസമയം ആദായ നികുതി റിട്ടേണുകൾ ഫയൽ ചെയ്യാത്തതിനാൽ നഗരസഭക്ക് മേൽ ആദായ നികുതി വകുപ്പ് 2,35,621/- രൂപ ലേറ്റ് ഫയലിംഗ് ഫീ ചുമത്തി. ഇതിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിനായി (6 എണ്ണം) അഡ്വക്കേറ്റ് ശ്രീ.ആനന്ദ് കുമാറിന് 32,500/- രൂപ അനുവദിച്ചിട്ടുണ്ട്. (ചെക്ക് നം.159577, തീയ്യതി.14.11.2019, വൗച്ചർ നം.21903946). അപ്പീലുകൾ നൽകിയതിന്റെ അടിസ്ഥാനത്തിൽ ലേറ്റ് ഫയലിംഗ് ഫീ ചുമത്തുന്നതിൽ നിന്ന് നഗരസഭക്ക് ഇളവ് നൽകി.

ആദായ നികുതി നിയമം പ്രകാരം നികുതിയിനത്തിൽ ഈടാക്കിയ തുക തൊട്ടടുത്ത മാസം 7 ാം തീയതിക്കകം അടവാക്കേണ്ടതും, ഇപ്രകാരം അടക്കുന്ന തുകക്ക് ഓരോ ക്വാർട്ടറിലും വിവരങ്ങളടങ്ങിയ റിട്ടേൺ യഥാസമയം ഫയൽ ചെയ്യേണ്ടതും അതാത് സ്ഥാപന തലവൻമാരാണ്. എന്നാൽ നഗരസഭ യഥാസമയം ആദായനികുതി റിട്ടേൺ ഫയൽ ചെയ്യുന്നതിൽ വീഴ്ച വരുത്തിയതിനാലാണ് ആദായ നികുതി വകുപ്പ് ലേറ്റ് ഫയലിംഗ് ഫീ ചുമത്തിയത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 07.09.2021 തീയതിയിൽ നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി

ലഭ്യമാക്കിയിട്ടില്ല (നം.45/2019-20). ആദായ നികുതി വകുപ്പ് ലേറ്റ് ഫയലിംഗ് ഫീ ചുമത്തിയതിന് അപ്പീൽ സമർപ്പിക്കുന്നതിനായി 32,500/- രൂപ വക്കീൽ ഫീസ് നൽകിയത് ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 1-35 സർക്കാർ നിശ്ചയിച്ച നിരക്കിലും കൂടുതൽ തുക ഉൽഘാടന ചടങ്ങുകൾക്ക് ചെലവഴിച്ചു.

28.12.2015 ലെ (സാധാ) 3886/2015/ത.സ്വ.ഭ.വ നം. ഉത്തരവിലൂടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ മന്ത്രിമാർ പങ്കെടുക്കുന്ന ഉൽഘാടന ചടങ്ങുകൾക്ക് പരമാവധി 25,000/- രൂപയും അല്ലാതെയുള്ള ചടങ്ങുകൾക്ക് 10,000/- രൂപയും ചെലവഴിക്കുന്നതിനാണ് സർക്കാർ അനുമതി നൽകിയത്. ഈ പരിധിയിൽ അധികരിക്കുന്ന ചെലവുകൾക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി ഉത്തരവാദിയായിരിക്കുന്നതാണെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. നഗരസഭ തനത് ഫണ്ടിൽ നിന്നും താഴെ വിവരിച്ച ഉൽഘാടന പരിപാടികൾക്കായി ചെലവഴിച്ച തുക സർക്കാർ നിശ്ചയിച്ച പരിധിയിലും അധികരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1) ഫയൽ നം. ഇജി.12/16781/19.

നഗരസഭയുടെ ഉടമസ്ഥതയിൽ നിർമ്മിച്ച എ.ബി.സി. സെന്ററിന്റെ ഉൽഘാടനം നടത്തുന്നതിനായി (01.03.2019 ന്) സൗകര്യങ്ങൾ ഒരുക്കുന്നതിന് 68,350/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. (ചെക്ക് നം.823741, തീയ്യതി. 30.08.2019, വൗച്ചർ നം.21902564) മേൽ തുക ചെലവഴിച്ചത് 27.06.2019 ലെ ധനകാര്യ സ്ഥിരം സമിതിയുടെ യോഗത്തിൽ അംഗീകരിച്ചിട്ടുണ്ട്. (തീരുമാനം നം.24). ഉൽഘാടനം ബഹു. റവന്യൂ മന്ത്രിയാണ് നടത്തിയത്.

2) ഫയൽ നം. ഇജി.21/12637/19.

വികാസ് കെട്ടിടത്തിന്റെ റൂഫ് ടോപ്പിൽ സ്ഥാപിച്ച 50 കെ.വി.എ. സോളാർ പ്ലാന്റിന്റെ ഉൽഘാടനം നടത്തുന്നതിനായി (02.03.2019 ന്) സൗകര്യങ്ങൾ ഒരുക്കുന്നതിന് 18,080/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. (ചെക്ക് നം.520414, തീയ്യതി. 18.06.2019, വൗച്ചർ നം.21901392) മേൽ തുക ചെലവഴിച്ചത് 21.05.2019 ലെ ധനകാര്യ സ്ഥിരം സമിതിയുടെ യോഗത്തിൽ അംഗീകരിച്ചിട്ടുണ്ട്. (തീരുമാനം നം.5). ഉൽഘാടനം ബഹു. മേയർ നടത്തി.

3) ഫയൽ നം. ഇജി.21/15283/19.

എസ്.കെ.പൊറ്റക്കാട് സാംസ്കാരിക നിലയം നവീകരണ പ്രവൃത്തി ഉൽഘാടനം നടത്തുന്നതിനായി (01.03.2019 ന്) സൗകര്യങ്ങൾ ഒരുക്കുന്നതിന് 21,400/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. [ചെക്ക് നം.520413, (1,500/- രൂപ), ചെക്ക് നം.520415, (3,000/- രൂപ), ചെക്ക് നം.520491, (16,900/- രൂപ), തീയ്യതി. 18.06.2019, വൗച്ചർ നം.21901391, 21901393, 21901527] മേൽ തുക ചെലവഴിച്ചത് 21.05.2019 ലെ ധനകാര്യ സ്ഥിരം സമിതിയുടെ യോഗത്തിൽ അംഗീകരിച്ചിട്ടുണ്ട്. (തീരുമാനം നം.6). ഉൽഘാടനം ബഹു. മേയർ നടത്തി.

4) ഫയൽ നം. ബി.ഇസെഡ്/ഇ.ജി/215/19.

ബേപ്പൂർ വെറ്ററിനറി ഹോസ്പിറ്റൽ ഉൽഘാടനം- ബഹു. മൃഗസംരക്ഷണ വകുപ്പ് മന്ത്രിയാണ് നടത്തിയത്. ആയതിനായി 27,000/- തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. [ചെക്ക് നം.520184, തീയ്യതി. 25.05.2019, വൗച്ചർ നം.21901035]

5) ഫയൽ നം. ഇജി. 12/79067/19.

കല്ലുത്താൻ കടവ് ഫ്ലാറ്റ് ഉൽഘാടനം ചെലവ് - 3,35,479/- ഉൽഘാടനം ബഹു. മുഖ്യമന്ത്രിയാണ് നടത്തിയത്.

1. വൗച്ചർ നം.21904528, തുക - 2,37,539/- ചെക്ക് നം. 623856, 24.12.2019 (ഫ്രണ്ട്സ് ഡക്കറേഷന് നൽകിയത്).
2. വൗച്ചർ നം.21904529, തുക – 97,940/- ചെക്ക് നം. 623857, 24.12.2019 (പി.ജി.എസ്. സൗണ്ട്സ് & ഇലക്ട്രിക്കൽസ്)

| ക്രമ നം | സർക്കാർ നിശ്ചയിച്ച നിരക്ക് | നഗരസഭ ഫണ്ടിൽ നിന്നും ചെലവഴിച്ച തുക | അധികമായി ചെലവഴിച്ച തുക |
|---|---|---|---|
| 1 | 25,000 | 68,350 | 43,350 |
| 2 | 10,000 | 21,400 | 11,400 |
| 3 | 10,000 | 18,080 | 8,080 |
| 4 | 25,000 | 27,000 | 2,000 |
| 5 | 25,000 | 3,35,479 | 3,10,479 |
| ആകെ അധികമായി ചെലവഴിച്ച തുക | | | 3,75,309 |

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി 01.03.2021 ന് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.21/2019-20) മറുപടി ലഭ്യമാക്കിയിട്ടില്ല.
സർക്കാർ ഉത്തരവ് പ്രകാരമുള്ള പരിധിയിൽ കവിഞ്ഞ് ചെലവഴിച്ച തുകയ്ക്ക് സർക്കാറിന്റെ സാധൂകരണം വാങ്ങേണ്ടതാണ്.

## 1-36 പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിലെ മരം മുറിച്ച് മാറ്റിയ ചെലവ് തുക തിരികെ ലഭ്യമാക്കാത്തത് സംബന്ധിച്ച്.

ഫയൽ നം. എഫ്.13/45606/19

കോഴിക്കോട് നഗരസഭ. സർക്കിൾ.2 ന്റെ പരിധിയിൽ നടക്കാവ് പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിലുള്ള മരങ്ങളും അതിന്റെ ശിഖിരങ്ങളും അപകടകരമായ രീതിയിൽ വളർന്ന് പന്തലിച്ചതിനാൽ ആയത് മുറിച്ച് മാറ്റുന്നതിനായി നടപടികൾ സ്വീകരിക്കണമെന്ന് നടക്കാവ് പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ റവന്യൂ ഡിവിഷണൽ ഓഫീസർ, കോഴിക്കോട് എന്നവർക്ക് 10.06.2019 ന് കത്ത് നൽകി. മേൽ കത്തിന്റെ അടിസ്ഥാനത്തിൽ 15.06.2019 ൽ ബഹു. കോഴിക്കോട് സബ് കളക്ടർ ഡി.എം. നിയമം (Disaster Management Act) പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നഗരസഭ സെക്രട്ടറിക്ക് കത്ത് നൽകുകയും പ്രസ്തുത വിഷയത്തിൽ നഗരസഭ തലത്തിൽ തുടർനടപടികൾ സ്വീകരിക്കാത്തതിനാൽ 10.07.2019 ന് കോഴിക്കോട് സബ് ഡിവിഷണൽ മജിസ്ട്രേറ്റ് മരം മുറിച്ച് മാറ്റുന്നതിനായി നടപടികൾ സ്വീകരിക്കണമെന്ന് നഗരസഭ സെക്രട്ടറിക്ക് നിർദ്ദേശം നൽകി. 09.08.2019 ന് മരങ്ങൾ ഡിപ്പാർട്ട്മെന്റലായി മുറിച്ച് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് 2ാം സർക്കിൾ എച്ച്.ഐ. ശ്രീ.മുരളീധരൻ എന്നവരെ

ചുമതലപ്പെടുത്തുകയും കൂലിയിനത്തിൽ ചെലവായ 18,000/- രൂപ നഗരസഭ തനത് ഫണ്ടിൽ നിന്നും അനുവദിച്ച കൊടുക്കുകയും ചെയ്തു. (വൗച്ചർ നം.21904169, ചെക്ക് നം.623698, 03.12.2019). മരങ്ങൾ മുറിച്ച് മാറ്റുന്നതിനുള്ള ചെലവ് തിരികെ ലഭ്യമാക്കുന്നതിനായി 11.12.2019, 18.02.2020, 16.06.2020, 23.11.2020 എന്നീ തീയ്യതികളിലായി നടക്കാവ് പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് കത്തുകൾ നൽകിയെങ്കിലും ബന്ധപ്പെട്ട വകുപ്പിൽ നിന്നും തുക ലഭ്യമായിട്ടില്ല.

28.05.2018 ലെ ഡി.എം.1/217/2018/ഡി.എം.ഡി നമ്പർ സർക്കുലറിലൂടെ (ഖണ്ഡിക.7) സംസ്ഥാന സർക്കാരിന്റെ എല്ലാ വകുപ്പുകളുടെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും കൈവശമുള്ള ഭൂമിയിൽ അപകടരമായ മരങ്ങളും, മരച്ചില്ലകളും കണ്ടെത്തി മുറിച്ചു മാറ്റുന്നതിനായി ദുരന്ത നിവാരണ നിയമം 2005, വകുപ്പ്.30.2(V) പ്രകാരം എല്ലാ വകുപ്പ് അദ്ധ്യക്ഷൻമാർക്കും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായി അതാത് വകുപ്പുകൾ സ്വന്തമായി പണം കണ്ടെത്തണം. മേൽ വിഷയം റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപെടുത്തി നഗരസഭ ചെലവഴിച്ച തുക തിരികെ ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചില്ല.

മേൽ വിവരിച്ച കാര്യങ്ങൾ ഉൾപ്പെടുത്തി വിശദീകരണം ലഭ്യമാക്കുന്നതിനായി 01.03.2021 തീയ്യതിയിൽ സെക്രട്ടറിക്ക് ഓഡിറ്റ് അന്വേഷണ കുറിപ്പ് നൽകിയെങ്കിലും (നം.18/2019-20) മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭ ഫണ്ടിൽ നിന്നും മേലിനത്തിന് ചെലവഴിച്ച തുക ബന്ധപ്പെട്ട വകുപ്പിൽ നിന്നും തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-37 നഗരസഭയുടെ ചുമതലയിൽ പെടാത്ത കൂട്ടായ്മകൾക്ക് തുക ചെലവഴിച്ചു.

ഫയൽ നം. ഇ.ജി.12/79068/19

ബന്ദിപ്പൂർ യാത്ര നിരോധനത്തിനെതിരെ 20.10.2019 തീയതിയിൽ മാനാഞ്ചിറ മൈതാനത്ത് വച്ച് ബഹു. നഗരസഭ മേയറുടെ അദ്ധ്യക്ഷതയിൽ ബഹുജന കൂട്ടായ്മ സംഘടിപ്പിച്ചു. കൂട്ടായ്മയുടെ ഭാഗമായിട്ടുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് 17.10.2019 ന് ബഹു.മേയർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഹാൻഡ് ക്വട്ടേഷൻ ക്ഷണിക്കുകയും 3 സ്ഥാപനങ്ങൾ പങ്കെടുക്കുകയും ചെയ്തു. ആയതിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത ഫ്രണ്ട്സ് ഡക്കറേഷൻസ്, ഫ്രാൻസിസ് റോഡ് എന്ന സ്ഥാപനത്തിനെ തെരഞ്ഞെടുത്തു. ഇതിന് ആവശ്യമായ ഒരുക്കങ്ങൾ നടത്തുന്നതിന് നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയറെ സൂപ്രണ്ടിംഗ് എഞ്ചിനീയർ ചുമതലപ്പെടുത്തി.ഇതിന്റെ ഭാഗമായി സജ്ജീകരിച്ച സ്റ്റേജ്, സൗണ്ട് സിസ്റ്റം, ബാനർ, കസേര തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കുന്നതിന് ഫ്രണ്ട്സ് ഡക്കറേഷൻസ്, ഫ്രാൻസിസ് റോഡ് എന്ന സ്ഥാപനത്തിന് 17,300/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. (ചെക്ക് നം.006497, തീയ്യതി.03.03.2020, വൗച്ചർ നം.21905937).

1994 കേരള മുനിസിപ്പാലിറ്റി നിയമം പ്രകാരമുള്ള നഗരസഭകളുടെ ചുമതലകളിലോ കണ്ടിജന്റ് ചെലവുകളുടെ ഇനങ്ങളിലോ പ്രസ്തുത തരത്തിലുള്ള കൂട്ടായ്മകൾക്ക് നഗരസഭ ഫണ്ട് ചെലവഴിക്കുന്നതിന് അനുമതിയില്ല. അപാകത ശ്രദ്ധയിൽപെടുത്തി 01.03.2021 ന് നൽകിയ ഓഡിറ്റ് തടസ്സവാദത്തിന് (നം.19/19-20) സൂപ്രണ്ടിംഗ് എഞ്ചിനീയർ മറുപടി നൽകിയിട്ടില്ല. മുനിസിപ്പൽ നിയമത്തിൽ അനുശാസിക്കാത്ത തരത്തിൽ നഗരസഭ ഫണ്ട് ചെലവഴിക്കുന്നത് ഓഡിറ്റിൽ അംഗീകരിക്കാവുന്നതല്ല. ചെലവ് തുക ഉത്തരവാദിയായ സൂപ്രണ്ടിംഗ് എഞ്ചിനീയറിൽ നിന്നും ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-38 എം.എസ്.ഡബ്ല്യൂ.ടി പ്ലാന്റിൽ സൂപ്പർവൈസറെ നിയമിച്ചതിന് സർക്കാർ അംഗീകാരം ലഭ്യമാക്കിയില്ല.

ഫയൽ നം - എഫ്.6/83422/18, എ.2/ബി.3/14412/19.

കോഴിക്കോട് നഗരസഭ വക ഞെളിയൻപറമ്പിലെ എം.എസ്.ഡബ്ല്യൂ.ടി പ്ലാന്റ് നഗരസഭ തന്നെ നേരിട്ട് നടത്തുന്നതിനായി ഒരു മാനേജരെയും 10 ജീവനക്കാരെയും നിയമിക്കുവാൻ 17.07.2019 ലെ കൗൺസിൽ യോഗത്തിൽ തീരുമാനിച്ചു. (നം.93). നഗരസഭയിൽ നിന്നും 31.05.2018ന് ഗ്രേഡ്.1 ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ നിന്നും വിരമിച്ച ശ്രീ.എൻ.കെ.വിജയകുമാറിനെ പ്ലാന്റിലെ സൂപ്പർവൈസറായി നിയമിക്കുന്നതിനും പ്രതിമാസം 30,000/- രൂപ ശമ്പളമായി നൽകുന്നതിനും 24.07.2019 ലെ ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം (തീരുമാന നം.25) കൗൺസിലിലേക്ക് ശുപാർശ ചെയ്തു. 08.11.2019 ലെ കൗൺസിൽ യോഗത്തിൽ ആരോഗ്യകാര്യം, ധനകാര്യം എന്നീ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ശുപാർശകൾ അംഗീകരിക്കുകയും നിയമനം സംബന്ധിച്ച നടപടികൾക്ക് സർക്കാരിൽ നിന്നും അനുമതി തേടുന്നതിനായി ഹെൽത്ത് ഓഫീസറെ ചുമതലപ്പെടുത്തുകയും ചെയ്തു. ശ്രീ.എൻ.കെ.വിജയകുമാറിന് 22.07.2019 മുതൽ 01/2021 വരെ ശമ്പളമിനത്തിൽ നൽകിയ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | വൗച്ചർ നം, തീയ്യതി | തുക | ചെക്ക് നം |
|---|---|---|---|
| 1 | 21904103, 25.11.2019 | (3 മാസം, 10 ദിവസത്തെ ശമ്പളം) 1,00,000 | 623668 |
| 2 | 21904247, 06.12.2019 | 30,000 | 623747 |
| 3 | 21904975, 09.01.2020 | 30,000 | 623962 |
| 4 | 21905509, 06.02.2020 | 30,000 | 006396 |
| 5 | 21906060, 12.03.2020 | 30,000 | 006568 |
| 6 | 22000026, 03.04.2020 | 30,000 | 006768 |
| 7 | 22000477, 13.05.2020 | 30,000 | 007074 |
| 8 | 22000938, 16.06.2020 | 30,000 | 431845 |
| 9 | 22001397, 10.07.2020 | 30,000 | 432049 |
| 10 | 22002174, 12.08.2020 | 30,000 | 431459 |

| | | | | |
|---|---|---|---|---|
| 11 | 22002852, 18.09.2020 | | 30,000 | 431710 |
| 12 | 22003331, 22.10.2020 | | 20,000 | 982723 |
| 13 | 22003604, 12.11.2020 | | 30,000 | 982861 |
| 14 | 22004455, 07.01.2021 | | 30,000 | 231117 |
| 15 | 22004586, 16.01.2021 | | 30,000 | 231497 |
| ആകെ ( 01/2021 വരെ) | | | 5,00,000 | |

ശ്രീ.എൻ.കെ.വിജയകുമാറിനെ എം.എസ്.ഡബ്ലൂ.ടി പ്ലാന്റിൽ സൂപ്പർവൈസറായി നിയമിച്ചത് സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. നിയമനം സംബന്ധിച്ച സർക്കാർ അനുമതി ലഭ്യമാക്കുവാൻ ഹെൽത്ത് ഓഫീസറെ കൗൺസിൽ ചുമതലപ്പെടുത്തിയെങ്കിലും ആയത് സംബന്ധിച്ച വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.

2. 09.07.2019 ലെ (അച്ചടി)81/2019/ധനം നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരം കരാർ അടിസ്ഥാനത്തിലുള്ള നിയമനങ്ങൾക്ക് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ഇത്തരത്തിലുള്ള നിയമനങ്ങൾ 1 വർഷത്തേക്ക് പരിമിതപ്പെടുത്തേണ്ടതും വകുപ്പ് മേധാവിക്ക് ബോദ്ധ്യപ്പെടുന്ന പക്ഷം 1 വർഷത്തേക്ക് കൂടി സേവനം ദീർഘിപ്പിച്ച നൽകാവുന്നതുമാണ്. എന്നാൽ ടിയാനെ നിയമിച്ചതും സേവനം ദീർഘിപ്പിച്ചതും സർക്കാർ അനുമതിയില്ലാതെയാണ്.

3. വിരമിച്ച സർക്കാർ ഉദ്യോഗസ്ഥനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കേണ്ടി വരുന്ന പക്ഷം വിരമിച്ച ജീവനക്കാരൻ അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളത്തിൽ നിന്നും പെൻഷൻ കുറച്ച തുക അതത് കാലത്തുള്ള കരാർ വേതനം/ദിവസ വേതനം/ മാസ വേതനം ഇവയിൽ ഏതാണോ കുറഞ്ഞ തുക ആ തുക വിരമിച്ച സർക്കാർ ജീവനക്കാരന്റെ കരാർ വേതനമായി നിജപ്പെടുത്തി കെ.എസ്.ആർ. പാർട്ട്.1 ചട്ടം.8 പ്രകാരമുള്ള Agreement Execute ചെയ്തതിന ശേഷം മാത്രമേ നിയമനം നൽകാൻ പാടുള്ളൂ.

4. മേൽ ഉത്തരവിന്റെ അനുബന്ധത്തിൽ ഉൾപ്പെടാത്ത തസ്തികകൾക്ക് ധനവകുപ്പിന്റെ അനുമതിയോട് കൂടി കരാർ വേതനം നിശ്ചയിക്കണമെന്നിരിക്കേ ടിയാന് വേതനം നൽകുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 30,000/- രൂപ നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല.

മേൽ അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനു (നം. 14/19-20 തീയതി :08.02.2021) 06.07.2021 ന് ഹെൽത്ത് ഓഫീസർ സമർപ്പിച്ച മറുപടിയിൽ ശ്രീ.എൻ.കെ.വിജയകുമാറിനെ എം.എസ്.ഡബ്ലൂ.ടി പ്ലാന്റിൽ സൂപ്പർവൈസറായി നിയമിച്ചതിന്റെ അംഗീകാരത്തിനായി 20.07.2019, 21.01.2020 എന്നീ തീയ്യതികളിൽ നഗരകാര്യ ഡയറക്ടർ മുഖേന സർക്കാരിലേക്ക് കത്ത് നൽകിയെങ്കിലും ഉടർ നടപടികൾ ലഭിച്ചിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്.

ശ്രീ.എൻ.കെ.വിജയകുമാറിനെ എം.എസ്.ഡബ്ലൂ.ടി പ്ലാന്റിൽ സൂപ്പർവൈസറായി നിയമിച്ചതിന് സർക്കാർ അംഗീകാരം ലഭ്യമാക്കാത്തതിനാൽ 2019-20 സാമ്പത്തിക വർഷത്തിൽ ടിയാന് ശമ്പളമിനത്തിൽ അനുവദിച്ച 2,20,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-39 മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങൾക്ക് മുൻകൂറായി അനുവദിച്ച തുക യഥാസമയം അഡ്ജസ്റ്റ് ചെയ്തില്ല.

ഫയൽ നം. : എഫ് 7/24062/16

2016-17 സാമ്പത്തിക വർഷത്തിൽ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 08.07.2016 ന് ശ്രീ.മജീദ്.വി.കെ. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർക്ക് വാർഡ് 25 ലെ ശുചീകരണ പ്രവർത്തനങ്ങൾക്ക് 1,00,000/- രൂപ മുൻകൂറായി അനുവദിച്ചു. (ചെക്ക് നം.032731, തീയ്യതി.28.06.2016). 31 മാസത്തിനു ശേഷം 16.02.2019 നു ടിയാൻ സമർപ്പിച്ച മേൽ തുക ചെലവഴിച്ചതിന്റെ ബില്ലുകൾ 26.09.2019 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ അംഗീകരിച്ചും (തീരുമാനം നം.16) മുൻകൂർ അനുവദിച്ച തുക യഥാസമയം അഡ്ജസ്റ്റ് ചെയ്യാത്തതിന് പലിശ ഈടാക്കേണ്ടതല്ലേ എന്ന് സെക്രട്ടറി 11.10.2019 ന് അഭിപ്രായം രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഹെൽത്ത് സൂപ്രണ്ടിനോട് പലിശ കണക്കാക്കി നൽകുന്നതിന് 19.10.2019 ന് ഹെൽത്ത് ഓഫീസർ നിർദ്ദേശിക്കുകയും മേൽ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ 25.11.2019 ന് ശ്രീ.മജീദ്.വി.കെ എന്നവർക്ക് മെമ്മോ നൽകുകയും ചെയ്തു.

പ്രസ്തുത മെമ്മോയ്ക്ക്, അനുവദിച്ച മുൻകൂർ തുക കൊണ്ട് പ്രവൃത്തികൾ തൃപ്തികരമായ രീതിയിൽ സമയ പരിധിക്കുള്ളിൽ തന്നെ ചെയ്തിട്ടുണ്ടെങ്കിലും ഓഫീസിലെ ജോലിഭാരം കാരണം ബിൽ തയ്യാറാക്കി നൽകാൻ സമയത്തിന് സാധിച്ചില്ലെന്നും ആയതിനാൽ വീഴ്ച മാപ്പാക്കി തരണമെന്നുള്ള ടിയാന്റെ മറുപടി 30.12.2019 ലെ കൗൺസിൽ യോഗത്തിൽ പരിഗണിക്കുകയും മുൻകൂറായി അനുവദിച്ച തുകക്ക് പലിശ ഈടാക്കേണ്ട എന്ന് തീരുമാനിക്കുകയും ചെയ്തു. (തീരുമാന നം.53). അപാകത ചൂണ്ടികാണിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൽ നഗരസഭ ഹെൽത്ത് വിഭാഗം മുൻകൂർ അനുവദിച്ച തുകക്ക് 57,542/- രൂപ പലിശ കണക്കാക്കി 15 ദിവസത്തിനകം നഗരസഭയിൽ അടവാക്കണമെന്ന് ആവശ്യപ്പെട്ട് ടിയാൻ നിലവിൽ ജോലി ചെയ്യുന്ന കണ്ണൂർ ജില്ലയിലെ പാനൂർ നഗരസഭ സെക്രട്ടറി മുഖാന്തിരം 12.04.2021 തീയ്യതിയിൽ അറിയിപ്പ് നൽകി.12.04.2021 ൽ ടിയാന് അറിയിപ്പ് നൽകി എന്ന് അറിയിച്ച് കൊണ്ട് നഗരസഭ സെക്രട്ടറി ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയെങ്കിലും തുക ഈടാക്കിയതിന്റെ മറ്റ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഫയൽ നമ്പർ: എഫ്.6/27869/19

2018-19 സാമ്പത്തിക വർഷത്തിൽ കാലവർഷക്കെടുതി ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 23.08.2018 ന് ഹെൽത്ത് ഓഫീസറായ ഡോ.ഗോപകുമാർ.ആർ.എസിന് 50,000/- രൂപ മുൻകൂറായി അനുവദിച്ചു. (ചെക്ക് നം.947600, തീയ്യതി.23.08.2018). 7 മാസത്തിനു ശേഷം 03.04.2019 നു തുക ചെലവഴിച്ചതിന്റെ ബിൽ സമർപ്പിച്ച് അഡ്ജസ്റ്റ് ചെയ്യാൻ ഹെൽത്ത് ഓഫീസർ അപേക്ഷിക്കുകയും 03.05.2019 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ ചെലവ് തുക അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ അഡീഷണൽ സെക്രട്ടറി 19.08.2019 ന് തുക അഡ്ജസ്റ്റ് ചെയ്യുകയും ചെയ്തു. അപാകത ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (15/2019-20, തീയ്യതി.16.02.2021) ഹെൽത്ത് ഓഫീസർ നൽകിയ മറുപടിയുടെ സംക്ഷിപ്തം താഴെ കൊടുക്കുന്നു.

" അനുവദിച്ച മുൻകൂർ തുക കൊണ്ട് കനോലി കനാൽ ശുചീകരണവുമായി ബന്ധപ്പെട്ട വിവിധ പ്രവൃത്തികളും, കാലവർഷത്തിൽ മുറിഞ്ഞുവീണ മരങ്ങൾ മുറിച്ച് നീക്കുന്നതിനായും ചെലവഴിച്ചതാണ്. തൃപ്തികരമായ രീതിയിൽ സമയ പരിധിക്കുള്ളിൽ തന്നെ പ്രവൃത്തികൾ ചെയ്തിട്ടുണ്ടെങ്കിലും ഓഫീസിലെ ജോലിഭാരം കാരണം മനപൂർവ്വമല്ലാത്ത ചെറിയ കാലതാമസം വന്നത് പരിഗണിച്ച് തടസ്സവാദം ഒഴിവാക്കി തരണമെന്ന് അപേക്ഷിക്കുന്നു."

04.10.2011 ലെ സ.ഉ (അ) 419/2011/ധനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം (കേരള ഫിനാൻഷ്യൽ കോഡ് വോള്യം.1, ആർട്ടിക്കൾ.99) വർക്ക്

അഡ്വാൻസുകൾ, താൽകാലിക അഡ്വാൻസുകൾ എന്നിങ്ങനെയുള്ള മുൻകൂർ തുക കൈപ്പറ്റുന്നവർ 3 മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണം. അഡ്ജസ്റ്റ് ചെയ്യുന്നതിനായി ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴുവൻ മുൻകൂർ തുകയും തിരിച്ച് പിടിക്കണം. ഇങ്ങനെ തിരിച്ച് പിടിക്കുമ്പോൾ തുക പിൻവലിച്ച ദിവസം മുതൽ തിരിച്ച് പിടിക്കുന്ന ദിവസം വരെ 18% നിരക്കിൽ പലിശ ഈടാക്കണം. ആയതിനാൽ ശ്രീ.മജീദ്.വി.കെ. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ഡോ.ഗോപകമാർ.ആർ.എസ്. ഹെൽത്ത് ഓഫീസർ എന്നിവരുടെ അപേക്ഷകൾ പരിഗണിച്ച് പലിശ ഈടാക്കാതെ ചെലവുകൾ അംഗീകരിച്ചത് അനുവദിക്കാവുന്നതല്ല. ശ്രീ.മജീദ്.വി.കെ. എന്നവർക്ക് മുൻകൂർ അനുവദിച്ച തുകക്ക് കണക്കാക്കിയ പലിശ ടിയാനിൽ നിന്നോ, ഹെൽത്ത് ഓഫീസറിൽ നിന്നോ ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കുന്നതിന് കാലതാമസമില്ലാതെ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഹെൽത്ത് ഓഫീസർക്ക് അനുവദിച്ച മുൻകൂർ തുകയുടെ പലിശ എത്രയെന്ന് കണക്കാക്കി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-40 കെ.എസ്.ഇ.ബി.ക്ക് മുൻകൂർ നൽകിയ തുകക്ക് വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല.

നഗരസഭ പരിധിയിലെ വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റുന്നതിനായി കെ.എസ്.ഇ.ബി. വിഭാഗത്തിന് നഗരസഭ ഫണ്ടിൽ നിന്നും താഴെ പറയുന്ന തരത്തിൽ തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി. വിഭാഗം പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെയും തുക വിനിയോഗിച്ചതിന്റെയും സാക്ഷ്യപത്രങ്ങൾ ഫയലിൽ പരിശോധനക്കായി ഹാജരാക്കിയില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | വൗച്ചർ നം. തീയതി | തുക | ചെക്ക് നം | ഫയൽ നം, പ്രവൃത്തി |
|---|---|---|---|---|
| 1 | 21900471, 03.05.2019 | 22,522 | 201893 | BZ/EG/8650/18 ബേപ്പൂർ കൃഷിഭവൻ കോമ്പൗണ്ടിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റൽ |
| 2 | 21900487, 03.05.2019 | 48,262 | 201903 | EG 13/94671/18 വാർഡ്.40 ലെ ഇലക്ട്രിക് പോസ്റ്റ് മാറ്റൽ |
| 3 | 21905060, 15.01.2020 | 20,455 | 624013 | EG 13/78228/19 വാർഡ്.49 ലെ ഇലക്ട്രിക് പോസ്റ്റ് മാറ്റൽ |
| 4 | 21901661, 04.07.2019 | 62,000 | 746138 | Eg21/25066/18 Utility Shifting Charges |
| 5 | 21902226, 03.08.2019 | 6,70,536 | 746950 | EG21/25063/1 Utility Shifting Charges |
| 6 | 21904188, 03.12.2019 | 12,550 | 747396 | EG21/ 8598/18 Utility Shifting Charges |
| 7 | 21905372, 31.03.2020 | 20,15,255 | Online Payment | EG21/21699/18 Utility Shifting Charges |
| 8 | 21905452, 04.02.2020 | 76,864 | | Eg21/25067/18 Utility Shifting Charges |
| 9 | 21905607, 14.02.2020 | 52,987 | | Eg21/25064/18 Utility Shifting Charge |
| 10 | 21908608, 14.02.2020 | 34,447 | | Eg21/21700/18 Utility Shifting Charge |
| 11 | 21906117, 14.03.2020 | 1,71,860 | | Eg21/21699/18 Utility Shifting Charge |
| 12 | 21904316, 10.12.2019 | 3,85,486 | | Eg21/25067/18 Utility Shifting Charge |
| 13 | 21903248, 21.10.2019 | 19,270 | 159383 | EG 13/61891/19 Expense For Changing Electricity Post |
| 14 | 21903333, 25.10.2019 | 38,200 | 159435 | EG 13/40429/19 Deposit To Kseb For Post Shifting. |
| 15 | 21903357, 28.10.2019 | 16,332 | 159444 | EG 13/26008/19 Deposit To Kseb For Post Shifting. |
| ആകെ | | 36,47,026 | | |

പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ, വിനിയോഗ സാക്ഷ്യപത്രങ്ങൾ എന്നിവ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് 07.09.2021 ന് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവഴിച്ച തുക മറുപടിയുടെയും സാക്ഷ്യപത്രങ്ങളുടെയും അഭാവത്തിൽ (36,47,026/- രൂപ) തടസ്സത്തിൽ വെയ്ക്കുന്നു.

## 1-41 മരം മുറിച്ച് മാറ്റിയ ചെലവ് - കൈപ്പറ്റ് വിവരം, ലേല നടപടി വിവരം എന്നിവ പരിശോധനക്കായി ലഭ്യമാക്കിയില്ല.

നഗരസഭയുടെ പരിധിയിലുള്ള വിവിധ പ്രദേശങ്ങളിലെ മരങ്ങൾ മുറിച്ചുമാറ്റുന്നതിനായി 2,80,600/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മുറിച്ച് മാറ്റിയ മരങ്ങൾ വില നിശ്ചയിച്ച് ലേലം നടത്തിയതിന്റെ നടപടികൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ. നം. | ഫയൽ നം. | വൗച്ചർ നമ്പർ | തുക | ചെക്ക് നമ്പർ, തീയതി | കൈപ്പറ്റിയ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | F13/48882/18 | 21900284 | 6500 | 201807, 17.04.2019 | ശ്രീ,വൽസൻ.സി.കെ, ഹെൽത്ത് ഇൻസ്പെക്ടർ<br>ശ്രീ,വൽസൻ.സി.കെ, ഹെൽത്ത് ഇൻസ്പെക്ടർ |
| 2 | F13/83337/18 | 21900285 | 5600 | | |
| 3 | F13/61649/19 | 21903916 | 2500 | 159571, 13.11.2019 | |
| 4 | F13/73033/18 | 21903917 | 2500 | 159572, 13.11.2019 | |
| 5 | F13/44837/19 | 21903918 | 4500 | 159573, 13.11.2019 | |
| 6 | F13/12940/19 | 21905234 | 6000 | 006271, 25.01.2020 | |
| 7 | F13/45296/19 | 21905759 | 7500 | 624130, 22.02.2020 | |
| 8 | F13/89202/18 | 21900903 | 2500 | 520097, 16.05.2019 | ശ്രീ.ശ്രീനിവാസൻ.ഡി, ഹെൽത്ത് ഇൻസ്പെക്ടർ |
| 9 | F13/26687/16 | 21900904 | 7500 | | |
| 10 | F13/99550/18 | 21901081 | 8000 | 520208, 28.05.2019 | ശ്രീ.ബാബു.ഇ,<br>ഹെൽത്ത് ഇൻസ്പെക്ടർ |
| 11 | F13/76439/18 | 21901118 | 6500 | 520227, 31.05.2019 | |
| 12 | F13/97050/18 | 21905756 | 6000 | 624129, 22.02.2020 | |
| 13 | F13/43106/19 | 21905757 | 6500 | | |
| 14 | F13/57736/19 | 21905758 | 6000 | 624129, 22.02.2020 | |
| 15 | F13/56143/18 | 21901131 | 9000 | 520240, 31.05.2019 | ശ്രീ,വിശ്വനാഥൻ.സി, ഹെൽത്ത് ഇൻസ്പെക്ടർ |
| 16 | BZ/G4/718/19 | 21903915 | 4000 | 159570, 13.11.2019 | |

| | | | | | |
|---|---|---|---|---|---|
| 17 | F13/86506/18 | 21901353 | 20000 | 520390, 14.06.2019 | ശ്രീ.ചന്ദ്രൻ.ടി, ഹെൽത്ത് ഇൻസ്പെക്ടർ |
| 18 | F13/30966/19 | 21901502 | 6000 | 520471, 28.06.2019 | ശ്രീ സുജിത്ത് റോയ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ |
| 19 | F13/64381/19 | 21904176 | 20000 | 623706, 03.12.2019 | |
| 20 | F13/47217/18 | 21901559 | 14500 | 520495, 29.06.2019 | ശ്രീ.ഷാജു, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ |
| 21 | F13/15430/18 | 21902940 | 5000 | 159624, 30.09.2019 | ശ്രീ.രജിത്ത് കുമാർ.സി. ഹെൽത്ത് ഇൻസ്പെക്ടർ |
| 22 | F13/59858/19 | 21902941 | 25000 | 159625, 30.09.2019 | ശ്രീ.ബൈജു, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ |
| 23 | EZ6/3563/19 | 21903267 | 3500 | 159394, 21.10.2019 | ശ്രീമതി.ശോഭന, ജെ.എച്ച്.ഐ |
| 24 | F13/43658/19 | 21904097 | 3000 | 505134, 25.11.2019 | ശ്രീമതി.ബിന്ദു മോൾ, ഹെൽത്ത് ഇൻസ്പെക്ടർ |
| 25 | F13/60929/19 | 21904195 | 5000 | 623719, 05.12.2019 | |
| 26 | F13/45606/19 | 21904169 | 18000 | 623698, 03.12.2019 | ശ്രീ.മുളീധരൻ. ഹെൽത്ത് ഇൻസ്പെക്ടർ |
| 27 | F 13/48377/19 | 21904196 | 11000 | 623720, 05.12.2019 | ശ്രീമതി.പുഷ്പ.വി.ടി. ഹെൽത്ത് ഇൻസ്പെക്ടർ |
| 28 | F13/ 79146/18 F13/23667/19 | 21904424 | 5000 | 623831, 20.12..2019 | ശ്രീ.സലിൽ. ഹെൽത്ത് ഇൻസ്പെക്ടർ |
| 29 | F13 /71427/19 | 21904523 | 5000 | 623851, 24.12.2019 | ശ്രീ.സലിൽ. ഹെൽത്ത് ഇൻസ്പെക്ടർ |
| 30 | F13/45443/ 19 | 21903930 | 23000 | 159571, 13.11.2019 | |
| 31 | F13/121310/15 | 21906185 | 3500 | 006603, 17.03.2020 | ശ്രീ.മുരളീധരൻ.കെ.സി. ഹെൽത്ത് ഇൻസ്പെക്ടർ |
| | | | 280600 | | |

മരം മുറിച്ചതിന്റെ ചെലവുമായി ബന്ധപ്പെട്ട മേൽ പറഞ്ഞ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ചെലവ് തുക 2,80,600/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-42 കരാർ ചമക്കാതെ നഗരസഭ മൈതാനത്ത് സ്പോർട്സ് കൗൺസിൽ വിഭാഗത്തിന് സൗജന്യ ഔട്ട് ഡോർ ഫിറ്റ്നസ് കേന്ദ്രം അനുവദിച്ചു.

ഫയൽ നം. - ഇ.ജി.12/38828/19

കോഴിക്കോട് നഗരസഭ വക മാനാഞ്ചിറ മൈതാനത്ത് സ്പോർട്സ് കൗൺസിലിന്റെ സമീപത്തുള്ള ഇ-ടോയിലറ്റ് മുതൽ മെയിൻ ഗേറ്റ് വരെയുള്ള ഭാഗത്ത് ആധുനിക രീതിയിലുള്ള ഔട്ട് ഡോർ ഫിറ്റ്നസ് ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം അനുവദിച്ചു തരണമെന്ന കോഴിക്കോട് ജില്ല സ്പോർട്സ് കൗൺസിൽ പ്രസിഡന്റിന്റെ 19.03.2019 ലെ അപേക്ഷ പരിഗണിച്ച് 12.06.2019 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിലെ 10 ാം നമ്പർ തീരുമാന പ്രകാരം 5 വർഷ കാലയളവിലേക്ക് സൗജന്യമായി സ്ഥലം വിട്ടു നൽകുന്നതിന് കൗൺസിലിലേക്ക് ശുപാർശ ചെയ്യുകയും, 19.02.2020 ലെ കൗൺസിൽ യോഗത്തിൽ അനുമതി നൽകുകയും ചെയ്തു. (തീരുമാനം നം.67). 200/- രൂപ മുദ്രപത്രത്തിൽ നിബന്ധനകൾ ഉൾപ്പെടുത്തി ഉടമ്പടി തയ്യാറാക്കി സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ജില്ല സ്പോർട്സ് കൗൺസിൽ സെക്രട്ടറിക്ക് 28.02.2020, 24.12.2020 എന്നീ തീയ്യതികളിൽ കത്ത് നൽകിയെങ്കിലും ഓഡിറ്റ് കാലയളവ് വരേയും സ്പോർട്സ് കൗൺസിൽ സെക്രട്ടറി കരാർ സമർപ്പിച്ചിട്ടില്ല. മാനാഞ്ചിറ മൈതാനത്തിന്റെ പ്രദേശം ജില്ല സ്പോർട്സ് കൗൺസിലിന് വിട്ടു നൽകിയതുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ്.215, 2000 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങൾ എന്നിവ പ്രകാരം മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തമായിട്ടുള്ള ഏതൊരു വസ്തുവും ഏത് വ്യവസ്ഥയിലാണോ അവ നിക്ഷിപ്തമായിട്ടുള്ളത് ആ വ്യവസ്ഥ ലംഘിക്കാതെ പാട്ടത്തിനോ, ലൈസൻസ് ഫീസ് കണക്കാക്കിയോ നൽകാവുന്നതാണ്. മേൽനിയമ വ്യവസ്ഥകൾ നിലനിൽക്കെയാണ് സൗജന്യമായി അനുവദിക്കുവാൻ കൗൺസിൽ തീരുമാനിച്ചത്.

2. ചട്ടം.12 പ്രകാരം സർക്കാർ നഗരസഭകൾക്ക് കൈമാറിയ ഏതെങ്കിലും വസ്തു നഗരസഭകൾ വിൽക്കുവാനോ, കൈമാറ്റം ചെയ്യുവാനോ, അന്യാധീനപ്പെടുത്തുവാനോ അല്ലെങ്കിൽ ബാധ്യത വരുത്തിവെയ്ക്കുവാനോ മറ്റ് വിധത്തിൽ കയ്യൊഴിയുവാനോ പാടുള്ളതല്ല.

3. സ്ഥലം വിട്ടുനൽകിയതിന് ജില്ല സ്പോർട്സ് കൗൺസിലുമായി നഗരസഭ വ്യവസ്ഥകളോടെ കരാർ ചമച്ചില്ല.

മേൽ വിവരിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി 01.03.2021 ന് ഓഡിറ്റ് അന്വേഷണ കുറിപ്പ് നൽകിയെങ്കിലും (നം.22/2019-20) മറുപടി ലഭ്യമാക്കിയിട്ടില്ല. മുനിസിപ്പൽ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം നഗരസഭയുടെ ആസ്തികൾ സൗജന്യമായി അനുവദിക്കുവാൻ കഴിയുന്നതല്ല. ആയതിനാൽ ജില്ല സ്പോർട്സ് കൗൺസിലിന് നഗരസഭ അനുവദിച്ച ഭൂമി ഏത് വ്യവസ്ഥയിലാണോ അവ നിക്ഷിപ്തമായിട്ടുള്ളത് ആ വ്യവസ്ഥ ലംഘിക്കാതെ പാട്ടത്തിനോ ലൈസൻസ് ഫീസ് കണക്കാക്കിയോ നൽകേണ്ടതും ആയതിന് കൃത്യമായ വ്യവസ്ഥകളോടെ കരാർ ചമയ്ക്കേണ്ടതുമാണ്.

## 1-43 കൈപ്പറ്റിയ മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിക്കുന്നില്ല.

04.10.2011 ലെ സ.ഉ (അ) 419/2011/ധനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം (കേരള ഫിനാൻഷ്യൽ കോഡ് വോള്യം.1, ആർട്ടിക്കിൾ.88) വർക്ക് അഡ്വാൻസുകൾ, താൽകാലിക അഡ്വാൻസുകൾ എന്നിവയ്ക്കായി മുൻകൂർ തുക കൈപ്പറ്റുന്നവർ 3 മാസത്തിനകം ഫൈനൽ ബിൽ നൽകി ആയത് ക്രമീകരിക്കണം. അഡ്ജസ്റ്റ് ചെയ്യുന്നതിനായി ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴുവൻ മുൻകൂർ തുകയും തിരിച്ചു പിടിക്കണം. ഇങ്ങനെ തിരിച്ചു പിടിക്കുമ്പോൾ തുക പിൻവലിച്ച ദിവസം മുതൽ തിരിച്ചു പിടിക്കുന്ന ദിവസം വരെ 18% നിരക്കിൽ പലിശ ഈടാക്കണം. ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന ജീവനക്കാർക്ക് വിവിധ ഔദ്യോഗിക ആവശ്യങ്ങൾക്ക് മുൻകൂർ തുക അനുവദിച്ചു.

| ക്രമ നം | ഉദ്യോഗസ്ഥന്റെ പേര്,തസ്തിക | മുൻകൂർ നൽകിയ ഇനം | അനുവദിച്ച തുക | വൗച്ചർ നം, തീയതി | ചെക്ക് നം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | ഡോ.ആർ.എസ്. ഗോപകമാർ | മേയർഭവൻ റിപ്പയർ | 20000 | 21900156, 09.04.2019 | 201711 |
| 2 | ശ്രീ.സത്യൻ | ചെളി നീക്കംചെയ്യൽ | 5000 | 21900329, 24.04.2019 | 201823 |
| 3 | ശ്രീ.രജിത്ത് കമാർ.സി.കെ | ചെളി നീക്കംചെയ്യൽ | 5000 | 21900346, 24.04.2019 | 201837 |
| 4 | ശ്രീ.ജിതേഷ് കമാർ, എച്ച്.ഐ | ചെളി നീക്കംചെയ്യൽ | 5000 | 21900507, 04.05.2019 | 201919 |
| 5 | ശ്രീമതി.സുബൈദ.ടി,ജെ.പി.എച്ച്.എൻ. | ചെളി നീക്കംചെയ്യൽ | 5000 | 21900508, 04.05.2019 | 201920 |
| 6 | ശ്രീമതി.ബിജിന.കെ, ജെ.പി.എച്ച്.എൻ. | ചെളി നീക്കംചെയ്യൽ | 5000 | 21900509, 04.05.2019 | 201921 |
| 7 | | ചെളി നീക്കംചെയ്യൽ | 5000 | 21900510, 04.05.2019 | 201922 |
| 8 | | NUHM, F 1/ 40028/19 | 5000 | 21902336, 13.08.2019 | 823836 |
| 9 | ശ്രീമതി.സുജാത., ജെ.പി.എച്ച്.എൻ. | ചെളി നീക്കംചെയ്യൽ | 5000 | 21900511, 04.05.2019 | 201923 |
| 10 | | NUHM, F 1/ 40028/19 | 5000 | 21902338, 13.08.2019 | 823839 |
| 11 | ശ്രീമതി.ഷീജ.വി. ജെ.പി.എച്ച്.എൻ. | ചെളി നീക്കംചെയ്യൽ | 5000 | 21900512, 04.05.2019 | 201924 |
| 12 | | NUHM, F 1/ 40028/19 | 5000 | 21902339, 13.08.2019 | 823840 |
| 13 | ശ്രീമതി.പ്രീത.ആർ, ജെ.പി.എച്ച്.എൻ. | ചെളി നീക്കംചെയ്യൽ | 5000 | 21900513, 04.05.2019 | 201925 |
| 14 | | NUHM, F 1/ 40028/19 | 5000 | 21902340, 13.08.2019 | 823841 |
| 15 | ശ്രീമതി.ബിന്ദു, ജെ.പി.എച്ച്.എൻ. | ചെളി നീക്കംചെയ്യൽ | 5000 | 21900514, 04.05.2019 | 201926 |
| 16 | ശ്രീമതി.സുമിജ.എസ്.രാജ്,ജെ.പി.എച്ച്.എൻ. | ചെളി നീക്കംചെയ്യൽ | 5000 | 21900515, 04.05.2019 | 201927 |
| 17 | | NUHM, F 1/ 40028/19 | 5000 | 21902342, 13.08.2019 | 823843 |
| 18 | ശ്രീമതി.ഹാജിറ, ജെ.പി.എച്ച്.എൻ. | ചെളി നീക്കംചെയ്യൽ | 5000 | 21900516, 04.05.2019 | 201928 |
| 19 | ശ്രീമതി.ലൈല.ഇ, ജെ.പി.എച്ച്.എൻ. | ചെളി നീക്കംചെയ്യൽ | 5000 | 21900517, 04.05.2019 | 201929 |
| 20 | ശ്രീമതി.ഗിരിജ തങ്കപ്പൻ ജെ.പി.എച്ച്.എൻ. | ചെളി നീക്കംചെയ്യൽ | 5000 | 21900518, 04.05.2019 | 201930 |
| 21 | | ചെളി നീക്കംചെയ്യൽ | 5000 | 21900522, 04.05.2019 | 201934 |
| 22 | | NUHM, F 1/ 40028/19 | 5000 | 21902349, 13.08.2019 | 823850 |
| 23 | ശ്രീമതി.രേഷ്മ ജെ.പി.എച്ച്.എൻ. | ചെളി നീക്കംചെയ്യൽ | 5000 | 21900519, 04.05.2019 | 201931 |
| 24 | | NUHM, F 1/ 40028/19 | 5000 | 21902350, 13.08.2019 | 823851 |
| 25 | ശ്രീമതി.രജീന ജെ.പി.എച്ച്.എൻ. | ചെളി നീക്കംചെയ്യൽ | 5000 | 21900520, 04.05.2019 | 201932 |
| 26 | ശ്രീ.അശോകൻ.ടി.കെ. ജെ.എച്ച്.ഐ | ചെളി നീക്കംചെയ്യൽ | 5000 | 21900521, 04.05.2019 | 201933 |
| 27 | ശ്രീമതി.രേഷ്മ ജെ.പി.എച്ച്.എൻ. | ചെളി നീക്കംചെയ്യൽ | 5000 | 21900523, 04.05.2019 | 201935 |
| 28 | കൺവീനർ, W H S E വാർഡ്. 34 | ചെളി നീക്കംചെയ്യൽ, F1/32944/2018 | 5000 | 21900919, 17.05.2019 | 520109 |
| 29 | ശ്രീമതി.ജിമ്യ.കെ.പി. ജെ.പി.എച്ച്.എൻ | ചെളി നീക്കംചെയ്യൽ | 5000 | 21901076, 28.05.2019 | 201203 |

| | | | | | |
|---|---|---|---|---|---|
| 30 | | NUHM, F 1/ 40028/19 | 5000 | 21902337, 13.08.2019 | 823838 |
| 31 | ശ്രീമതി. സിജി.കെ.പി., ജെ.പി.എച്ച്.എൻ. | ചെളി നീക്കംചെയ്യൽ | 5000 | 21901077, 28.05.2019 | 201204 |
| 32 | | NUHM, F 1/ 40028/19 | 5000 | 21902348, 13.08.2019 | 823849 |
| 33 | ശ്രീ.ഷാജു.കെ.ടി. എച്ച്.ഐ | ചെളി നീക്കംചെയ്യൽ | 110000 | 21901138, 31.05.2019 | 520245 |
| 34 | ശ്രീമതി.ബീന.കെ.ടി. എച്ച്.ഐ | ചെളി നീക്കംചെയ്യൽ | 5000 | 21901448, 21.06.2019 | 520457 |
| 35 | ശ്രീ.ചന്ദ്രൻ.എച്ച്.ഐ | ദുരിതാശ്വാസപ്രവർത്തനം F.14/7742/2019 | 100000 | 21902308, 09.08.2019 | 823819 |
| 36 | ശ്രീമതി.ബിന്ദു, ജെ.പി.എച്ച്.എൻ. | NUHM, F 1/ 40028/19 | 5000 | 21902341, 13.08.2019 | 823842 |
| 37 | ശ്രീമതി.ഹാജിറ, ജെ.പി.എച്ച്.എൻ. | NUHM, F 1/ 40028/19 | 5000 | 21902343, 13.08.2019 | 823844 |
| 38 | ശ്രീമതി.ലൈല.ഇ, ജെ.പി.എച്ച്.എൻ. | NUHM, F 1/ 40028/19 | 5000 | 21902344, 13.08.2019 | 823845 |
| 39 | ശ്രീ.ഡെയ്സൺ, ജെ.എച്ച്.ഐ | NUHM, F 1/ 40028/19 | 5000 | 21902345, 13.08.2019 | 823846 |
| 40 | ശ്രീമതി.മഞ്ജുഷ, ജെ.പി.എച്ച്.എൻ. | NUHM, F 1/ 40028/19 | 5000 | 21902346, 13.08.2019 | 823847 |
| 41 | ശ്രീമതി.രജീന ജെ.പി.എച്ച്.എൻ. | NUHM, F 1/ 40028/19 | 5000 | 21902347, 13.08.2019 | 823848 |
| 42 | ശ്രീ.പി.മോഹനൻ.പി, എച്ച്.ഐ | സ്വച്ഛ്ദാഹീ സേവ F14/71783/2019 | 20000 | 21902995, 01.10.2019 | 159654 |
| 43 | | ചെളി നീക്കംചെയ്യൽ, F7/EG2/43312/2019 | 99000 | 21903107, 11.10.2019 | 159319 |
| 44 | ശ്രീ.കിരൺ. ജെ.എച്ച്.ഐ. | KL.11-AH -8852 വാഹനത്തിന്റെ റോഡ് ടാക്സ്, F3/17211/17 | 16160 | 21902801, 23.09.2019 | 159256 |
| 45 | ശ്രീമതി.ബിന്ദുമോൾ, എച്ച്.ഐ. | F13/43658/19 (അപായകരമായ മരം മുറിക്കുന്നതിന്) | 3000 | 21904097, 25.11.2019 | 505134 |
| 46 | | F13/60929/19 (അപായകരമായ മരം മുറിക്കുന്നതിന്) | 5000 | 21904195, 05.12.2019 | 623719 |
| 47 | ശ്രീ.സലിൽ എച്ച്.ഐ | F13/ 79146/18, F13/23667/19 (അപായകരമായ മരം മുറിക്കുന്നതിന്) | 5000 | 21904424, 20.12..2019 | 623831 |
| | | F13 /71427/19 (അപായകരമായ മരം മുറിക്കുന്നതിന്) | 5000 | 21904523, 24.12.2019 | 623851 |
| 48 | ശ്രീ.ആർ.വി.ശിവലിംഗം, സൂപ്രണ്ട് | സ്റ്റാമ്പ് പേപ്പർ വാങ്ങുന്നതിന് EG1/1590/2019 | 24487 | 51903405, 29.10.2019 | |
| 49 | ശ്രീ.സന്തോഷ്.കെ.എൻ. അസി.എഞ്ചിനീയർ | റോഡ് നാമകരണം സംബന്ധിച്ച ഉൽഘാടനം EG 5/21021/19 | 10600 | 51904354, 21.12.2019 | |
| 50 | ശ്രീമതി.ബിന്ദുമോൾ, എച്ച്.ഐ. | അപായകരമായ മരം മുറിക്കുന്നതിന്, F13/60929/19 | 5000 | 21904195, 05.12.2019 | 623719 |
| 51 | ശ്രീ.ഷാജു. ജെ.എച്ച്.ഐ | അപായകരമായ മരം മുറിക്കുന്നതിന്, F13/47217/18 | 14500 | 21901559, 29.06.2019 | 520495 |
| 52 | ശ്രീ.ചന്ദ്രൻ.ടി.എച്ച്.ഐ. | അപായകരമായ മരം മുറിക്കുന്നതിന്, F13/86506/18 | 20000 | 21901353, 14.06.2019 | 520390 |

ക്രമീകരിക്കാത്ത മുൻകൂറുകൾ കൈപ്പറ്റിയ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നോ റവന്യൂ റിക്കവറിയിലൂടെയോ ഈടാക്കാൻ 24.07.2012 ലെ സർക്കുലർ നം.43/12/ധനം പ്രകാരം നിർദ്ദേശിക്കുന്നുണ്ട്. നഗരസഭയിലെ ജീവനക്കാർ സമയബന്ധിതമായി മുൻകൂറുകൾ ക്രമീകരിക്കാതിരുന്നിട്ടും ഇതിന്മേൽ അധികൃതർ നടപടികൾ സ്വീകരിച്ചിട്ടില്ല. മുൻകൂറായി കൈപ്പറ്റിയ തുക മേൽ ജീവനക്കാരിൽ നിന്നും 18% പലിശ സഹിതം ഈടാക്കേണ്ടതാണ്.

1-44 ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് ഉടമ്പടിവെക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല.

| | | | | |
|---|---|---|---|---|
| പദ്ധതിയുടെ പേര് | വേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റ് ഇൻസിനറേറ്റർ, പൂളക്കടവ് | | | |
| പദ്ധതി നം | 861/19 | | | |
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | | | |
| ഫയൽ നം. | ഇജി 12/77013/17 | | | |
| ചെലവ് | 2,06,201/- | ബിൽ നം. | തീയതി | തുക |
| | | 12/19-20 | 12.6.2021 | 2,06,201/- |

കോഴിക്കോട് കോർപ്പറേഷൻ വക സ്ഥലമായ പൂളക്കടവിൽ മാലിന്യ സംസ്കരണ പ്ലാന്റും ഇൻസിനറേറ്ററും സ്ഥാപിക്കുന്നതിന് ബഹുവർഷ പ്രോജക്ടിനായി 2017-18 ൽ 12,50,000/- രൂപയും 2018-19 ൽ 18,00,000/- രൂപയും ഉൾപ്പെടെ ആകെ 30,50,000/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ വകയിരുത്തുകയുണ്ടായി. ഇതിനായി അപ്പന്റിക്സ് എ, ബി, സി എന്നിങ്ങനെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. ഇതിൽ അപ്പന്റിക്സ് എ യിൽ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനുള്ള സിവിൽ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിർമ്മിതി കൺസ്ട്രക്ഷൻ എന്ന കമ്പനിയ്ക്കാണ് പ്രവൃത്തി ഏൽപ്പിച്ചു കൊടുത്തത്. സെലക്ഷൻ നോട്ടീസ് പ്രസ്തുത കമ്പനി കൈപ്പറ്റിയത് 18.07.2018 നാണ്. 2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ ഖണ്ഡിക 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ വെയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം പി.എ.സി. യുടെ 1% പിഴ ഈടാക്കിയും ഉടമ്പടി വെക്കാവുന്നതാണ്. പ്രസ്തുത സമയ പരിധിക്കകം ഉടമ്പടി വെയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കേണ്ടതാണ്. മേൽ പ്രവൃത്തിയുടെ കരാർ വെച്ചത് 08.02.2019 നാണ്. കരാർ റദ്ദാക്കിയില്ലെന്ന് മാത്രമല്ല നിയമപരമായി ഈടാക്കേണ്ടിയിരുന്ന പിഴ ഈടാക്കാതെ പ്രവൃത്തി പൂർത്തീകരണ ശേഷം അവസാന ബില്ലിൽ നിന്നും 12.06.2019 ന് താഴെ പറയും പ്രകാരമുള്ള കിഴിവുകൾ കിഴിച്ച് 1,75,271/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 2,06,201 |
| (-) ഐ.ടി.(2%) | 4,124 |
| (-) ക്ഷേമനിധി വിഹിതം | 2,062 |
| (-) CGST | 2,062 |
| (-) SGST | 2,062 |
| (-) Retention | 20,620 |
| ആകെ | 1,75,271 |

ഈടാക്കേണ്ടിയിരുന്ന പിഴ

| | |
|---|---|
| PAC | 4,51,446 |
| പിഴ (1%) | 4,514 |

ഇതു സംബന്ധിച്ച് 02.09.2021 ന് നൽകിയ 39 ാം നമ്പർ എൻക്വയറിക്ക് 25.09.2021 ന് ലഭ്യമാക്കിയ മറുപടിയിൽ റീ ടെൻഷൻ തുക കരാറുകാരന് തിരികെ നൽകുന്ന സമയത്ത് ഫൈൻ തുക നഗരസഭാ അക്കൗണ്ടിലേക്ക് മാറ്റി ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. 4,514/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-45 ഓഫർ/കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി ലഭ്യമാക്കിയ കമ്പ്യൂട്ടറുകൾ കൈപ്പറ്റി,വ്യത്യാസം സർക്കാറിനെ അറിയിച്ചില്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ എന്നിവ വാങ്ങൽ |
| പദ്ധതി നം | 22/19 |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ഫയൽ നം. | പി2/63172/18 |

2018-19 വർഷത്തെ പ്രോജക്ടിൽ ഉൾപ്പെടുത്തി 39 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾക്കും 25 ലേസർ പ്രിന്ററുകൾക്കും CPRCS പോർട്ടലിലൂടെ 14.08.2018 ന്

ഓർഡർ നൽകി. 19.07.2018 ലെ പ്രൊഫോർമ ഇൻവോയ്സുകൾ പ്രകാരം (ITBG/P1/RC/2652, 2653) ലേസർ പ്രിന്ററിന് 10872/- രൂപയും ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറിന് 38,533/- രൂപയുമാണ് സേവനദാതാവായ കെൽട്രോൺ വില രേഖപ്പെടുത്തിയത്. ആയതിന്റെ അടിസ്ഥാനത്തിൽ കമ്പ്യൂട്ടറുകൾക്ക് 15,02,787/- രൂപയും (39 X 38533) ലേസർ പ്രിന്ററുകൾക്ക് 2,71,800/- രൂപയും (25 X 10,872) ഉൾപ്പെടെ 17,74,587/- രൂപ 14.08.2018 ന് കേരള ഐ.ടി.മിഷന്റെ അക്കൗണ്ടിലേക്ക് വികസന ഫണ്ടിൽ നിന്നും ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

ഏന്നാൽ കെൽട്രോണിന്റെ കോഴിക്കോട്ടുള്ള ശാഖയിൽ നിന്നും 24.12.2018 ലെ Ksedc/c17/OA/259/2018 നമ്പർ കത്ത് പ്രകാരം HP(OEM) ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകളുടെ വില വർദ്ധിച്ചതിനാൽ മുൻകൂർ അടവാക്കിയ തുകയ്ക്ക് 39 കമ്പ്യൂട്ടറുകൾ വിതരണം ചെയ്യാൻ നിർവ്വാഹമില്ലെന്നും പകരം 36 കമ്പ്യൂട്ടറുകൾ വിതരണം ചെയ്യാമെന്നും നഗരസഭയെ അറിയിച്ചു. പ്രിന്ററുകൾ 19.12.2018 നം കമ്പ്യൂട്ടറുകൾ 04.02.2019 ന മാണ് നഗരസഭയിൽ ലഭിച്ചത്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

(1) 14.08.2018 ന് ഓർഡർ ചെയ്ത സാധനങ്ങളിൽ പ്രിന്റർ 19.12.2018 ന് അതായത് 4 മാസം കഴിഞ്ഞിട്ടും കമ്പ്യൂട്ടറുകൾ 04.02.2019 ന് അതായത് 5 മാസം കഴിഞ്ഞിട്ടുമാണ് കോർപ്പറേഷനിൽ ലഭ്യമായത്. കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് കെൽട്രോണിൽ പണമടച്ചുവെങ്കിലും കമ്പ്യൂട്ടർ ലഭിക്കാൻ കാലതാമസമെടുത്ത നഗരസഭകൾ ഇത് സംബന്ധിച്ച വിശദാംശങ്ങൾ എത്രയും പെട്ടന്ന് ലഭ്യമാക്കാൻ 24.12.2018 ലെ ഡി.സി.4/27858/18 നമ്പർ കത്ത് പ്രകാരം നഗരകാര്യ ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇക്കാര്യത്തിൽ കോർപ്പറേഷനിൽ നിന്നും യഥാസമയം നടപടികൾ സ്വീകരിച്ചിട്ടില്ല. മാത്രമല്ല 2018 ലെ സ്റ്റോർ പർച്ചേസ് മാന്വലിലെ ഖണ്ഡിക 5.25 പ്രകാരം സാധനങ്ങളുടെ ലഭ്യത സംബന്ധിച്ച അപാകതകൾ വാങ്ങൽ നടത്തുന്ന ഉദ്യോഗസ്ഥൻ സ്റ്റോർ പർച്ചേസ് വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

(2) കേരള ഐ.ടി.മിഷന് മുൻകൂറായി 15,02,787/- രൂപ നൽകിയെങ്കിലും 36 കമ്പ്യൂട്ടറുകൾക്ക് 14,85,324/- രൂപയാണ് 26.02.2019 ലെ TVM/ITBG /RC/818/18-19 നമ്പർ ഇൻവോയ്സ് പ്രകാരം രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ 17,463/- രൂപ തിരികെ ലഭിക്കാൻ നടപടികൾ സ്വീകരിക്കുന്നതിന് പകരം 13.05.2019 ൽ വീണ്ടും കമ്പ്യൂട്ടറുകളും പ്രിന്ററുകളും സ്കാനറുകളും വാങ്ങുന്നതിന് 5,23,374/- രൂപ കെൽട്രോണിന്റെ അക്കൗണ്ടിലേക്ക് നഗരസഭയുടെ വികസന ഫണ്ടിൽ നിന്നും അടക്കുകയാണ് ചെയ്തത്. അധികം അടച്ച 17,463/- രൂപ അഡ്ജസ്റ്റ് ചെയ്യുന്നതിന് നഗരസഭ ശ്രമിച്ചിട്ടില്ല,

(3) 39 കമ്പ്യൂട്ടറുകൾക്ക് ഓർഡർ നൽകിയ സമയത്ത് കമ്പ്യൂട്ടറിന്റെ വില 38,533/- രൂപയായിരുന്നെങ്കിലും 5 മാസം കഴിഞ്ഞ് കമ്പ്യൂട്ടർ വിതരണം ചെയ്ത സമയത്ത് ഒന്നിന് 41,259/- രൂപയാണ് വില വന്നത്. കരാർ ഒപ്പിട്ടാൽ കരാറിൽ മാറ്റ വ്യവസ്ഥ ഉൾപ്പെടുത്താത്തിടത്തോളം വ്യവസ്ഥകളിൽ പിന്നീട് മാറ്റം വരുത്താൻ കഴിയില്ല. യഥാസമയം വിതരണം ചെയ്യാൻ സാധിക്കാതിരുന്നത് കെൽട്രോണിന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. ഇത് സംബന്ധിച്ച് യഥാസമയം സർക്കാരിനെ ബോധ്യപ്പെടുത്തുന്നതിനുള്ള നടപടികൾ കോർപ്പറേഷന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല.
മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 27.8.2021 ന് നൽകിയ ഒബ്ജക്ഷൻ സ്ലിപ്പിന് നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല. യഥാസമയം വിതരണം ചെയ്യാത്തത് സംബന്ധിച്ച് സർക്കാറിന്റെ ശ്രദ്ധയിൽ പെടുത്തേണ്ടതും കെൽട്രോണിന്റെ അക്കൗണ്ടിലേക്ക് അധികം നൽകിയ 17,463/- രൂപ തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

### 2-1 വസ്തു നികതി നിർണയത്തിൽ പിഴവ് - നഗരസഭയ്ക്ക് നഷ്ടം.

കോഴിക്കോട് നഗരസഭയിലെ ചില കെട്ടിടങ്ങൾക്ക് ചട്ടങ്ങളിൽ നിഷ്കർഷിക്കാത്ത രീതിയിൽ നികതി നിർണയിച്ചത് കാരണം നഷ്ടം സംഭവിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ നൽകുന്നു.
1. തറനിർമിതിയുടെ അടിസ്ഥാനത്തിലുള്ള വർധനവ് ഉൾപ്പെടുത്താത്തതിനാലും തെറ്റായി നിരക്ക്/സ്ലാബ് രേഖപ്പെടുത്തിയത് മൂലവും വസ്തുനികതി നിർണയിച്ചതിൽ കുറവ് (എലത്തൂർ മേഖല കാര്യാലയം) .
നഗരസഭ പരിധിയിലെ 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണം വരുന്ന വാണിജ്യ ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 105/- രൂപ നിരക്കിലും, 100 ച.മീറ്ററിന് താഴെ തറവിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 90/- രൂപ നിരക്കിലുമാണ് നികതി ഈടാക്കാൻ കൗൺസിൽ നിശ്ചയിച്ചിട്ടുള്ളത്. 100ചതുരശ്രമീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള പല കെട്ടിങ്ങൾക്കും 100ചതുരശ്രമീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ വസ്തുനികതി നിർണ്ണയിച്ചതിനാൽ നികതിയിനത്തിൽ നഷ്ടമുണ്ടായി. കൂടാതെ 250ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ നൽകേണ്ട 15% വർദ്ധനവ് ഉൾപ്പെടുത്താതെ നികതി കണക്കാക്കുന്നതിനാലും നികതി നിർണ്ണയിച്ചതിൽ കുറവ് വന്നിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു. (എലത്തൂർ മേഖല കാര്യാലയം)

| ക്രമ നം | വാർഡ് / കെട്ടിടം നം | ഉടമസ്ഥന്റെ പേരും വിലാസവും | കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | നിർണ്ണയിച്ച നികതി + ലൈബ്രറി സെസ്സ് | നിർണ്ണയിക്കേണ്ട നികതി + ലൈബ്രറി സെസ്സ് | കുറവ് വന്ന തുക |
|---|---|---|---|---|---|---|
| 1 | 5/1782A | ശ്രീമതി.ഇ.പി. സാബിറ (01.10.2018 മുതൽ) | 128.11m2 വാണിജ്യം തറനില | 128.11@105 = 13452 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ് (വഴി സൗകര്യം) = 13452 + 673 = 14125 | 128.11@105 = 13452 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ് (വഴി സൗകര്യം) + 15% വർദ്ധനവ് (തറ നിർമ്മിതി) = 15470 +774 = 16244 | 2119 |
| | 5/1782B | | 170.08m2 വാണിജ്യം ഒന്നാം നില | 170.08@105 = 17859 -20% ഇളവ് (തൃതീയ മേഖല) + 20% | 170.08@105 = 17859 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) + | 2672 |

| | | | | | | |
|---|---|---|---|---|---|---|
| | | | | വർദ്ധനവ് (വഴി സൗകര്യം) - 5% (ഒന്നാം നില) = 16966 + 849 = 17815 | 15% വർദ്ധനവ് (തറ നിർമ്മിതി) = 20538 - 5% (ഒന്നാം നില) = 19511 + 976 = 20487 | |
| | ആകെ | | 298.19m2 | | | 4791 |
| 2 | 75/193A | ശ്രീ. സുരേശൻ, എലത്തു ക്കാട്ടിൽ (01.04.2018 മുതൽ) | 26m2 വാണിജ്യം ഒന്നാം നില | 26@90 = 2340 - 20% ഇളവ് (തൃതീയ മേഖല)+ 20% വർദ്ധനവ് (വഴി സൗകര്യം) - 5% (ഒന്നാം നില) = 2223 + 112 = 2335 | 26@105 = 2730 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ് (വഴി സൗകര്യം) -5% (ഒന്നാം നില) = 2594 + 130 = 2724 | 389 |
| | 75/193B | | 26m2 വാണിജ്യം ഒന്നാം നില | 26@90 = 2340 - 20% ഇളവ് (തൃതീയ മേഖല)+ 20% വർദ്ധനവ് (വഴി സൗകര്യം) - 5% (ഒന്നാം നില) = 2223 + 112 = 2335 | 26@105 = 2730 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ് (വഴി സൗകര്യം) -5% (ഒന്നാം നില) = 2594 + 130 = 2724 | 389 |
| | 75/193C | | 26m2 വാണിജ്യം ഒന്നാം നില | 26@90 = 2340 - 20% ഇളവ് (തൃതീയ മേഖല)+ 20% വർദ്ധനവ് (വഴി സൗകര്യം) - 5% (ഒന്നാം നില) = 2223 + 112 = 2335 | 26@105 = 2730 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ് (വഴി സൗകര്യം) -5% (ഒന്നാം നില) = 2594 + 130 = 2724 | 389 |
| | 75/193D | | 33.11m2 വാണിജ്യം ഒന്നാം നില | 33.11@90 = 2980 - 20% ഇളവ് (തൃതീയ മേഖല)+ 20% വർദ്ധനവ്(വഴി സൗകര്യം) -5% (ഒന്നാം നില) = 2831 + 142 = 2973 | 33.11@105 = 3477 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) - 5% (ഒന്നാം നില) = 3303 + 166 = 3469 | 496 |
| | ആകെ | | 111.11m2 | | | 1663 |
| 3 | 5/37A | ശ്രീ. സതീശൻ.കെ, ശ്രീ. പ്രജിത്ത്.കെ, കണിയാറ ക്കൽ താഴത്ത് (01.4.2019 മുതൽ) | 57.98m2 വാണിജ്യം തറനില | 57.98 @105 = 6088 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ് (വഴി സൗകര്യം) = 6088 + 305 = 6393 | 57.98 @105 = 6088 -20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ് (വഴി സൗകര്യം) + 15% വർദ്ധനവ് (തറ നിർമ്മിതി) = 7002 + 351 = 7353 | 960 |
| | 5/37B | | 43.02m2 വാണിജ്യം തറനില | 43.02 @105 = 4518 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ് (വഴി സൗകര്യം) = 4518 + 226 = 4744 | 43.02 @105 = 4518 -20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) + 15% വർദ്ധനവ് (തറ നിർമ്മിതി) = 5196 + 260 = 5456 | 712 |
| | 5/37C | | 40.71m2 വാണിജ്യം തറനില | 40.71 @105 = 4275 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ് (വഴി സൗകര്യം) = 4275 + 214 = 4489 | 40.71 @105 = 4275 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) + 15% വർദ്ധനവ് (തറ നിർമ്മിതി) = 4916 + 246 = 5162 | 673 |
| | 5/37D | | 74.83m2 വാണിജ്യം ഒന്നാം നില | 74.83 @105 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ് (വഴി സൗകര്യം) - 5% ഇളവ് (ഒന്നാം നില) = 7465 + 374 = 7839 | 74.83 @105 -20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ് (വഴി സൗകര്യം) + 15% വർദ്ധനവ് (തറ നിർമ്മിതി) - 5% ഇളവ് (ഒന്നാം നില) = 8643+ 432 = | 1236 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | 9075 | |
| | 5/37E | | 30.18m2 വാണിജ്യം ഒന്നാം നില | 30.18 @105 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ് (വഴി സൗകര്യം) - 5% ഇളവ്(ഒന്നാം നില)= 3011 + 151 = 3162 | 30.18 @105 -20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) + 15% വർദ്ധനവ്(തറ നിർമ്മിതി) - 5% ഇളവ്(ഒന്നാം നില) = 3486 + 174 = 3660 | 498 |
| | 5/37F | | 24.02m2 വാണിജ്യം ഒന്നാം നില | 24.02 @105 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ് (വഴി സൗകര്യം) - 5% ഇളവ് (ഒന്നാം നില) = 2396 + 120 = 2516 | 24.02 @105 -20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ്(വഴി സൗകര്യം) + 15% വർദ്ധനവ്(തറ നിർമ്മിതി) - 5% ഇളവ്(ഒന്നാം നില )= 2774 + 139 = 2913 | 397 |
| | 5/37G | | 23.80m2 വാണിജ്യം ഒന്നാം നില | 23.80 @105 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ് (വഴി സൗകര്യം) - 5% ഇളവ് (ഒന്നാം നില) = 2375 + 119 = 2494 | 23.80 @105 -20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ് (വഴി സൗകര്യം) + 15% വർദ്ധനവ്(തറ നിർമ്മിതി) - 5% ഇളവ് (ഒന്നാം നില) = 2749 + 137 = 2886 | 392 |
| | ആകെ | | 294.54m2 | | | 4868 |
| 4 | 75/707A | ശ്രീ.ഷിബിൻ രാജ്.സി.എം (01.10.2016 മുതൽ) | 60.57m2 വാണിജ്യം തറ നില | 60.57 @90 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ് (വഴി സൗകര്യം) = 5452 +273 = 5725 | 60.57 @105 -20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ് (വഴി സൗകര്യം) + 15% വർദ്ധനവ് (തറ നിർമ്മിതി) = 7314 + 366 = 7680 | 1955 |
| | 75/707B | | 173.24m2 വാണിജ്യം തറ നില | 173.24 @105 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ് (വഴി സൗകര്യം) = 18191 +910 = 19101 | 173.24 @105 -20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ് (വഴി സൗകര്യം) + 15% വർദ്ധനവ് (തറ നിർമ്മിതി) = 20919 + 1046 = 21965 | 2864 |
| | 75/707C | | 52.87m2 വാണിജ്യം തറ നില | 52.87 @90 - 20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ് (വഴി സൗകര്യം) = 4759 + 238 = 4997 | 52.87 @105 -20% ഇളവ് (തൃതീയ മേഖല) + 20% വർദ്ധനവ് (വഴി സൗകര്യം) + 15% വർദ്ധനവ്(തറ നിർമ്മിതി) = 6385 + 320 = 6705 | 1708 |
| | ആകെ | | 286.68m2 | | | 6527 |
| 5 | 4/1735 | ശ്രീ. ആര്യാടൻ ഷൗക്കത്ത് മുതൽ 5 പേർ (01.10.2019 മുതൽ) | 67.39m2 വാണിജ്യം തറ നില | 67.39 @90 - 20% ഇളവ് (തൃതീയ മേഖല) -10% ഇളവ് (കാലപ്പഴക്കം) + 20% വർദ്ധനവ് (വഴി സൗകര്യം)= 5459 + 273 = 5732 | 67.39 @105 -20% ഇളവ് (തൃതീയ മേഖല)-10% ഇളവ് (കാലപ്പഴക്കം) + 20% വർദ്ധനവ് (വഴി സൗകര്യം) = 6369 + 319 = 6688 | 956/2 = 478 |
| | 4/1735A | | 56.63m2 വാണിജ്യം തറ നില | 56.63 @90 - 20% ഇളവ് (തൃതീയ മേഖല) - 10% ഇളവ് (കാലപ്പഴക്കം) + 20% വർദ്ധനവ് (വഴി സൗകര്യം)= 4588 + 230 = 4818 | 56.63 @105 -20% ഇളവ് (തൃതീയ മേഖല)-10% ഇളവ് (കാലപ്പഴക്കം) + 20% വർദ്ധനവ്(വഴി സൗകര്യം)= 5352 +268 = 5620 | 802/2 = 401 |
| | 4/1735B | | 65.98m2 വാണിജ്യം തറ നില | 65.98 @90 - 20% ഇളവ് (തൃതീയ മേഖല) -10% ഇളവ് (കാലപ്പഴക്കം) + 20% വർദ്ധനവ് (വഴി | 65.98 @105 -20% ഇളവ് (തൃതീയ മേഖല)-10% ഇളവ് (കാലപ്പഴക്കം) + 20% വർദ്ധനവ്(വഴി സൗകര്യം) = 6236 + 312 = 6548 | 935/2 = 468 |

| | | | | | |
|---|---|---|---|---|---|
| | | | സൗകര്യം)= 5345 + 268 = 5613 | | |
| | ആകെ | 190m2 | | | 2693/2 = 1347 |
| | ആകെ | | | 4791+1663+4868 +6527+1347 = 19196 | |
| വസ്തു നികുതിയിനത്തിൽ വന്ന നഷ്ടം - | | | | 18,282/- രൂപ | |
| ലൈബ്രറി സെസ്സിനത്തിൽ വന്ന നഷ്ടം - | | | | 914/- രൂപ | |

ക്രമനമ്പർ 1,3 എന്നിവ പ്രകാരമുള്ള കെട്ടിടങ്ങൾക്ക് തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള 15 % വർധനവ് വരുത്താനുള്ള ഓപ്ഷൻ സഞ്ചയയിൽ ലഭ്യമല്ലാത്തതിനാലാണ് അപാകത സംഭവിച്ചതെന്നും ആയത് പരിഹരിക്കുന്നതിന് ഐ.കെ.എം ന് നിർദ്ദേശം നൽകാനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും റവന്യൂ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ക്രമനമ്പർ 2,4,5 എന്നിവ പ്രകാരമുള്ള കെട്ടിടങ്ങളുടെ നികുതി പുനർ നിർണയിച്ച് കക്ഷികൾക്ക് നോട്ടീസ് അയച്ചതായും റവന്യൂ ഓഫീസർ അറിയിച്ചിട്ടുണ്ട്.

2. വഴി സൗകര്യം തെറ്റായി രേഖപ്പെടുത്തി നികതി നിർണയിച്ചു (ചെറുവണ്ണൂർ – നല്ലളം മേഖല കാര്യാലയം).

2011 ലെ കേരള മുനിസിപ്പാലിറ്റി വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ പ്രകാരം ഒരു കെട്ടിടത്തിലേക്ക് 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗം ഉണ്ടെങ്കിൽ അടിസ്ഥാന വസ്തു നികുതിയിൻമേൽ 20% വർദ്ധനവ് നൽകേണ്ടതാണ്. എന്നാൽ 5 മീറ്ററിൽ കൂടുതൽ വീതിയുള്ള വഴി പ്രവേശന മാർഗ്ഗമായി കാണിച്ചിട്ടും 20% വർദ്ധനവ് വരുത്താതെയാണ് താഴെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങൾക്ക് നികതി നിർണ്ണയിച്ചത്. (ചെറുവണ്ണൂർ നല്ലളം മേഖല കാര്യാലയം).

| ക്രമ നം. | വാർഡ്/ കെട്ടിട നം. | ഉടമയുടെ പേര്/ വിലാസം | കെട്ടിടത്തിന്റെ വിസ്തീർണ്ണം/തരം | റോഡിന്റെ വീതി | നിർണ്ണയിച്ച നികതി | നിർണ്ണയിക്കേണ്ട നികതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | 6/147E | സജു.സി.ഒ ചീരൻ ഹൗസ് നല്ലളം കോഴിക്കോട് | 84 എം2 ഓഫീസ് | 6 മീറ്റർ | 84 X 75= 6300 -1260 (20% ഇളവ്-തൃതീയ മേഖല) = 5040 + 252 (ലൈബ്രറി സെസ്) = 5292 | 84 X 75 = 6300 -1260 (20% ഇളവ്-തൃതീയ മേഖല)+ 1260 (20% വർദ്ധനവ് വഴി സൗകര്യം) = 6300 + 315 (ലൈബ്രറി സെസ്) = 6615 | 1323 |
| 2 | 6/147F | " | 93 എം2 പാർപ്പിടാ വശ്യം | 6 മീറ്റർ | 93 X 14 = 1302 -260 (20% ഇളവ്-തൃതീയ മേഖല) = 1042 + 52 (ലൈബ്രറി സെസ്) = 1094 | 93 X 14 = 1302-260 (20% ഇളവ്-തൃതീയ മേഖല) +260 (20% വർദ്ധനവ് വഴിസൗകര്യം) = 1302+66 (ലൈബ്രറി സെസ്) = 1368 | 274 |
| 3 | 7/371C | ശ്രീജിത്ത്.എം. പ്രേമ.എം. ശ്രീജിത്ത് നിവാസ് കൊളത്തറ (പി.ഒ) | 190.2 എം2 പാർപ്പി ടാവശ്യം | 13.60 മീറ്റർ | 190.21 X 14 = 2103 - 421 (20% ഇളവ്-തൃതീയ മേഖല) 1682+84 (ലൈബ്രറി സെസ്) = 1766 | 190.2X14= 2663 - 533 (20% ഇളവ്-തൃതീയ മേഖല) +533 (20% വർദ്ധനവ് വഴിസൗകര്യം) = 2663+1133 (ലൈബ്രറി സെസ്) = 2796 | 1033 |

| | |
|---|---|
| ആകെ | 2630 |
| വസ്തു നികുതിയിനത്തിൽ വന്ന നഷ്ടം - 2501/- രൂപ | |
| ലൈബ്രറി സെസ്സിനത്തിൽ വന്ന നഷ്ടം – 129/- രൂപ | |

3. തറവിസ്തീർണത്തിന്റെ അടിസ്ഥാനത്തിലുള്ള ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചില്ല (ചെറുവണ്ണൂർ – നല്ലളം മേഖല കാര്യാലയം).

28.02.2017 ലെ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷന്റെ എ1/11552/11 നമ്പറായുള്ള വസ്തു നികുതി പരിഷ്കരണത്തിന്റെ അന്തിമ വിജ്ഞാപന പ്രകാരം 100 എം2 ന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 1എം2 ന് 105/- രൂപ നിരക്കിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ താഴെ കൊടുത്തിരിക്കുന്ന 100 എം2 ന് മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾക്ക് 100 എം2 ൽ താഴെ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന് ചുമത്തുന്ന നിരക്കിൽ (ചതുരശ്ര മീറ്ററിന് 90/- രൂപ) തെറ്റായി നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടുണ്ട്.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | ഉടമയുടെ പേര്/ വിലാസം | കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം | മുറിയുടെ വിസ്തീർണ്ണം | നിർണ്ണയിച്ച നികുതി | നിർണ്ണയിക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | 7/565A2 | | | 23.10 എം2 | 23.10X90= 2079 - 416 (20% ഇളവ്- തൃതീയ മേഖല) 1663 + 84 (ലൈബ്രറി സെസ്) = 1747 | 23.10 X 105 = 2426 - 486 (20% ഇളവ്-തൃതീയ മേഖല) 1940 + 97 (ലൈബ്രറി സെസ്) = 2037 | 290 |
| 2 | 7/565A3 | ശ്രീ.നാലകത്ത് മൊയ്തീൻ ദാറുൽബീർ, (പി.ഒ)കല്ലായ് ചെറുവണ്ണൂർ ,, | തറ നില – 92.42 ഒന്നാം നില – 104.07 സ്റ്റെയർ – 16.31 ആകെ - 212.80 | 23.10 എം2 | 23.10 X 90 = 2079 - 416 (20% ഇളവ്- തൃതീയ മേഖല) 1663 + 84 (ലൈബ്രറി സെസ്) = 1747 | 23.10 X 105 = 2426 - 486 (20% ഇളവ്-തൃതീയ മേഖല) 1940 + 97 (ലൈബ്രറി സെസ്) = 2037 | 290 |
| 3 | 7/565A4 | | | 23.10 എം2 | 23.10X90= 2079 - 416 (20% ഇളവ്- തൃതീയ മേഖല) 1663 + 84 (ലൈബ്രറി | 23.10 X 105 = 2426 - 486 (20% ഇളവ്-തൃതീയ മേഖല) 1940 + 97 (ലൈബ്രറി സെസ്) = | 290 |

| | | | | | | |
|---|---|---|---|---|---|---|
| | | | | സെസ്) = 1747 | 2037 | |
| 4 | 7/565A5 | | 23.10 എം2 | 23.10X90= 2079 - 416 (20% ഇളവ്-തൃതീയ മേഖല) 1663 + 84 (ലൈബ്രറി സെസ്) = 1747 | 23.10 X 105 = 2426 - 486 (20% ഇളവ്-തൃതീയ മേഖല) 1940 + 97 (ലൈബ്രറി സെസ്) = 2037 | 290 |
| 5 | 7/565A6 | | 30.08 ഒന്നാം നില | 30.08 X 90 = 2708 - 542 (20% ഇളവ്-തൃതീയ മേഖല) = 2166 - 109 (5% ഇളവ് ഒന്നാമത്തെ നില)=2057 + 103 (ലൈബ്രറി സെസ്) = 2160 | 30.08 X 105 = 3159 - 632 (20% ഇളവ്-തൃതീയ മേഖല) = 2527-126 (5% ഇളവ് ഒന്നാമത്തെ നില) = 2401 + 120 = 2521 | 361 |
| 6 | 7/565A7 | | 30.08 ഒന്നാം നില | 30.08 X 90 = 2708 - 542 (20% ഇളവ്-തൃതീയ മേഖല) = 2166 - 109 (5% ഇളവ് ഒന്നാമത്തെ നില)=2057 + 103 (ലൈബ്രറി സെസ്) = 2160 | 30.08 X 105 = 3159 - 632 (20% ഇളവ്-തൃതീയ മേഖല) = 2527-126 (5% ഇളവ് ഒന്നാമത്തെ നില) = 2401 + 120 = 2521 | 361 |
| 7 | 7/565A8 | | 30.08 ഒന്നാം നില | 30.08 X 90 = 2708 - 542 (20% ഇളവ്-തൃതീയ മേഖല) = 2166 - 109 (5% ഇളവ് ഒന്നാമത്തെ നില)=2057 + 103 (ലൈബ്രറി സെസ്) = 2160 | 30.08 X 105 = 3159 - 632 (20% ഇളവ്-തൃതീയ മേഖല) = 2527-126 (5% ഇളവ് ഒന്നാമത്തെ നില) = 2401 + 120 = 2521 | 361 |
| 8 | 7/565A9 | | 30.16 ഒന്നാം നില | 30.16 X 90 = 2715 - 543 (20% ഇളവ്-തൃതീയ മേഖല) | 30.16 X 105= 3167 - 634 (20% ഇളവ്-തൃതീയ മേഖല) = 2533 - 127 (5% ഇളവ് | 360 |

| | | | | | | |
|---|---|---|---|---|---|---|
| | | | | = 2172 -109 (5% ഇളവ് ഒന്നാമത്തെ നില) = 2063 +104 (ലൈബ്രറി സെസ്) = 2167 | ഒന്നാമത്തെ നില) = 2406 + 121 = 2527 | |
| ആകെ | | | | | | 2603 |
| വസ്തു നികുതിയിനത്തിൽ വന്ന നഷ്ടം - 2,483/- രൂപ | | | | | | |
| ലൈബ്രറി സെസ്സിനത്തിൽ വന്ന നഷ്ടം - 120 /- രൂപ | | | | | | |

വിജ്ഞാപനത്തിൽ പറഞ്ഞ പ്രകാരം 100 എം2 ന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഈടാക്കേണ്ട നിരക്കിൽ മേൽ കെട്ടിടത്തിലെ വിവിധ ഭാഗങ്ങൾക്ക് നികുതി ഈടാക്കാത്തതിനാൽ നികുതിയിനത്തിൽ മേൽപ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

വസ്തു നികുതിയിനത്തിൽ 2019-20 സാമ്പത്തിക വർഷം നഗരസഭ ഫണ്ടിന് നഷ്ടം വന്ന 23,266/- രൂപയും (18282+2501+2483) ലൈബ്രറി സെസ്സിനത്തിൽ നഷ്ടം വന്ന 1,163/- രൂപയും (914+129+120) ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്. കൂടാതെ മുൻവർഷങ്ങളിൽ വന്ന നഷ്ടം കൂടി കണക്കാക്കി ഉടമസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -3

### 3-1 പ്രളയ ദുരിതാശ്വാസം - അനർഹർക്ക് ജീവനോപാധി സബ്സിഡി അനുവദിച്ചു.

| | | | |
|---|---|---|---|
| പദ്ധതി പേര് | പ്രളയ ദുരിതാശ്വാസ ജീവനോപാധികൾ നഷ്ടപ്പെട്ട കർഷകർക്കുള്ള കറവ പശു ആട് കാലിതൊഴുത്ത് നവീകരണം. | | |
| പദ്ധതി നം | 1604/20 | | |
| നിർവഹണോദ്യോഗസ്ഥൻ | സീനിയർ വെറ്ററിനറി സർജൻ, ബേപ്പൂർ | | |
| അടങ്കൽ തുക | 7,35,000/- | വികസന ഫണ്ട് | |
| ചെലവ് | 4,95,000/- | ബിൽ നം | 26/19-20 |

| | |
|---|---|
| തീയതി | 26.03.2020 |

പ്രളയക്കെടുതി മൂലം നഗരസഭ പ്രദേശത്ത് മൃഗസംരക്ഷണ മേഖലയിൽ കന്നുകാലി സമ്പത്ത് നഷ്ടപ്പെട്ടവർക്കുള്ള ആശ്വാസമെന്ന നിലക്കാണ് മേൽ പദ്ധതി നടപ്പാക്കിയത്. പദ്ധതി നടപ്പാക്കിയതിലൂടെ 9 ഗുണഭോക്താക്കൾക്ക് 55,000/- രൂപ വീതം സബ്സിഡി അനുവദിച്ചു.

2018 ൽ സംസ്ഥാനത്ത് സംഭവിച്ച മഹാപ്രളയത്തിൽ സാരമായി നാശനഷ്ടം സംഭവിച്ച വിഭാഗത്തിന് തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനു വേണ്ടി ജീവനോപാധി പരിപാടികൾ ആവിഷ്കരിച്ച നടപ്പാക്കുന്നതിന് 23.12.2019 ലെ സ.ഉ (കൈ) 170/2019/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലൂടെ സർക്കാർ അനുമതിയും തുകയും അനുവദിച്ചു. ഇതിനായി വിവിധ മേഖലകളിൽ ഗുണഭോക്താക്കൾ താൽപര്യപ്പെടുന്നതും അവർക്ക് അനുയോജ്യവുമായ ഉപജീവനം മാർഗ്ഗം ഏതാണോ അത് നിർവ്വഹിക്കുവാൻ അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ വേണം പദ്ധതികൾ ആവിഷ്കരിച്ച നടപ്പാക്കേണ്ടത്. ജീവനോപാധി പദ്ധതികൾ നടപ്പാക്കുന്നതിന്റെ ആദ്യപടിയായി വ്യാപകമായ പ്രചാരണം നൽകി അർഹരായ ഗുണഭോക്താക്കളിൽ നിന്നും അപേക്ഷ ക്ഷണിച്ച് പ്രളയത്തിലൂടെ നഷ്ടമായ ജീവനോപാധികളുടെ വിശദാംശങ്ങൾ, നഷ്ടപ്പെട്ട അതേ ജീവനോപാധി മാർഗ്ഗം തന്നെയാണോ തുടർന്നും ആഗ്രഹിക്കുന്നത്, മറ്റേതെങ്കിലും ജീവനോപാധി മാർഗ്ഗമാണോ ആഗ്രഹിക്കുന്നതെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ തുടങ്ങിയ വിവരങ്ങൾ അപേക്ഷ ഫോറത്തിൽ എഴുതി വാങ്ങേണ്ടതാണ്. പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് പ്രോജക്റ്റ് ആശയങ്ങൾക്ക് രൂപം നൽകുന്നതിന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളെയും, ആസൂത്രണ സമിതി അംഗങ്ങളെയും അർഹരായ ഗുണഭോക്താക്കളെയും ഉൾപ്പെടുത്തി സംയുക്ത യോഗം വിളിച്ച ചേർത്ത് പദ്ധതികൾ രൂപീകരിക്കേണ്ടതാണ്.

പദ്ധതിയുടെ അനുബന്ധ രേഖകൾ, അപേക്ഷകൾ, സബ്സിഡി വിഹിതം വിനിയോഗിച്ച് ഗുണഭോക്താക്കൾ വാങ്ങിയ ഉരുക്കളുടെ വിശദാംശങ്ങൾ എന്നിവ പരിശോധിച്ചതിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് സബ്സിഡി അനുവദിച്ചത് മേൽ നടപടിക്രമങ്ങൾ ഒന്നും തന്നെ പാലിക്കാതെയാണ് എന്ന് ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടു. പദ്ധതി മുഖേന സബ്സിഡി തുക ലഭിച്ച ഗുണഭോക്താക്കൾ ആരും തന്നെ പ്രളയത്തിൽ നഷ്ടം സംഭവിച്ചത് സംബന്ധിച്ച് റവന്യൂ വകുപ്പിൽ നിന്നും ലഭ്യമായ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. കൂടാതെ അപേക്ഷകരുടെ അർഹതയും മുൻഗണനയും ഫീൽഡ് ലെവൽ പരിശോധന നടത്തി നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തിയിട്ടുമില്ല. ഗുണഭോക്തൃ ലിസ്റ്റിൽ അനർഹർ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അക്കാര്യം വസ്തുതകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ പരിശോധന നടത്തി അനർഹരെ ഒഴിവാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥന് ശുപാർശ ചെയ്യാമായിരുന്നുവെങ്കിലും ആയതും ചെയ്തിട്ടില്ല.

സബ്സിഡി വിഹിതം വിനിയോഗിച്ച് ഗുണഭോക്താക്കൾ വാങ്ങിയ ഉരുക്കളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് ശ്രീ.വിനീത്.കെ.എം. ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ, ബേപ്പൂർ എന്നവരുടെ സാന്നിധ്യത്തിൽ 24.02.2021 ന് നടത്തിയ സ്ഥല പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ കൊടുക്കുന്നു.

1. ശ്രീമതി.വിലാസിനി.പി, പൂഞ്ചോല (ഹ), പൊന്നത്ത് പറമ്പ്, മാറാട്, അരക്കിണർ(പി.ഒ). ബേപ്പൂർ എന്നവർക്ക് സബ്സിഡി മുഖേന അനുവദിച്ച പശുവിനെ കണ്ടുബോധിച്ചു. (ടാഗ് നം. 420043537121). ടിയാളുമായി നേരിൽ സംസാരിച്ചതിൽ നിന്നും 2018 ൽ സംഭവിച്ച പ്രളയ കാലത്ത് ടിയാൾക്ക് 30 ൽ പരം പശുക്കൾ ഉണ്ടായിരുന്നെന്നും ആയതിൽ ഒന്നും നഷ്ടപ്പെട്ടില്ല എന്നും അറിയിച്ചു. പ്രളയകാലത്തും, നിലവിലും പ്രതിദിനം 70 ലിറ്റർ പാൽ തനിക്ക് ലഭിക്കുന്നുണ്ട് എന്നുമാണ് ബോധ്യമായത്.

2. ശ്രീ.സുന്ദരൻ.പി, പൊന്നത്ത് പറമ്പ്, മാറാട്, അരക്കിണർ (പി.ഒ). ബേപ്പൂർ എന്നവർക്ക് സബ്സിഡി മുഖേന അനുവദിച്ച പശുവിനെ കണ്ടു ബോധിച്ചു. (ടാഗ് നം. 420057832091). ടിയാനുമായി നേരിൽ സംസാരിച്ചതിൽ നിന്നും 2018 ൽ സംഭവിച്ച പ്രളയ കാലത്ത് ടിയാൾക്ക് 10 ൽ പരം പശുക്കൾ ഉണ്ടായിരുന്നെന്നും ആയതിൽ ഒന്നും നഷ്ടപ്പെട്ടില്ല എന്നും പ്രളയകാലത്തും നിലവിലും പ്രതിദിനം 30 ലിറ്റർ പാൽ ടിയാൾക്ക് ലഭിക്കുന്നുണ്ട് എന്നുമാണ് മനസ്സിലായത്.

3. ശ്രീ.ഷാജി.പി.സി, പി.സി.ഹൗസ്, ബി.സി.റോഡ്. ബേപ്പൂർ. എന്നവർക്ക് സബ്സിഡി മുഖേന അനുവദിച്ച പശുവിനെ കണ്ടുബോധിച്ചു. (ടാഗ് നം. 420033874663). ടിയാനുമായി നേരിൽ സംസാരിച്ചതിൽ നിന്നും 2018 ൽ സംഭവിച്ച പ്രളയ കാലത്ത് ടിയാന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന പശുക്കൾ ഒന്നും തന്നെ നഷ്ടപ്പെട്ടില്ല എന്നും അറിയിച്ചു. പ്രളയ കാലത്ത് തന്റെ എല്ലാ പശുക്കളെയും, ആട്ടുകളെയും, കോഴി, താറാവ് തുടങ്ങിയവയെയും നഗരസഭയുടെ ബേപ്പൂർ കമ്മ്യൂണിറ്റി ഹാളിൽ സുരക്ഷിതമായി നിർത്തിയിരുന്നുവെന്നും പ്രളയകാലത്തും, നിലവിലും പ്രതിദിനം 30 ലിറ്റർ പാൽ തനിക്ക് ലഭിക്കുന്നുണ്ടെന്നുമാണ് അറിയിച്ചത്.

4. ശ്രീ.ബാബു.എ. അണ്ടത്തേടത്ത് (ഹ), അരക്കിണർ (പി.ഒ), മാറാട്, ബേപ്പൂർ എന്നവർക്ക് സബ്സിഡി മുഖേന അനുവദിച്ച പശു ചത്തു പോയതായി അറിയിച്ചു. പോസ്റ്റ്മോർട്ടം റിപ്പോർട്ട്, ഇൻഷ്വറൻസ് ക്ലെയിം ചെയ്ത രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഗുണഭോക്താക്കളെ ലക്ഷ്യമിട്ട നടപ്പാക്കുന്ന പദ്ധതികളിൽ വാർഡ് കമ്മിറ്റിയുടെ പങ്ക്, ജനപങ്കാളിത്തം, ഗുണഭോക്തൃ തെരഞ്ഞെടുപ്പ് തുടങ്ങിയവയുടെ സുതാര്യത ഉറപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ വിശദമായ മാർഗ്ഗരേഖകൾ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിലാവണം ഗുണഭോക്താക്കൾക്ക് വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള സബ്സിഡിയും, സർക്കാരുകളിൽ നിന്നും ലഭിക്കുന്ന മറ്റ് ആനുകൂല്യങ്ങളും അനുവദിക്കേണ്ടത്. എന്നാൽ മേൽ പദ്ധതിക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിൽ 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വ്യവസ്ഥകൾ, സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, സർക്കുലറുകൾ എന്നിവയിലെ നിർദ്ദേശങ്ങൾ എന്നിവ പാലിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വീഴ്ച വരുത്തിയതിനാൽ ഏറ്റവും അർഹരായവർക്ക് ആനുകൂല്യം ലഭ്യമാക്കുക എന്ന ലളിതവും നീതിയുക്തവുമായ രീതി ഉറപ്പ് വരുത്തിയിട്ടില്ല.

75 വാർഡുകൾ ഉൾപ്പെടുന്ന കോഴിക്കോട് നഗരസഭയിൽ 2018 ൽ പ്രളയം ബാധിച്ച വാർഡുകൾ നിരവധിയുണ്ടെങ്കിലും വ്യാപകമായ പ്രചാരണം പദ്ധതിക്കായി നൽകാത്തതിനാൽ നഗരസഭയുടെ വിവിധ പ്രദേശങ്ങളിലുള്ള എല്ലാ അർഹരായ ഗുണഭോക്താക്കൾക്കും മേൽ പദ്ധതി ഗുണം ചെയ്തിട്ടില്ല. കോഴിക്കോട് നഗരസഭക്ക് 4 വെറ്ററിനറി ഡിസ്പെൻസറികളും, അനുബന്ധ സബ് സെന്ററുകളും ഉണ്ടെങ്കിലും ബേപ്പൂർ വെറ്ററിനറി ഡിസ്പെൻസറിയുടെ പ്രദേശത്ത് വസിക്കുന്നവരെ മാത്രമാണ് സബ്സിഡി നൽകുന്നതിനായി പരിഗണിച്ചത്. മേൽ പ്രവർത്തനം പദ്ധതി നടത്തിപ്പിന്റെ സുതാര്യതയില്ലായ്മയാണ് വ്യക്തമാക്കുന്നത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി 08.09.2021 തീയതിയിൽ നിർവ്വഹണ ഉദ്യോഗസ്ഥന് ഓഡിറ്റ് അന്വേഷണ കുറിപ്പ് നൽകിയെങ്കിലും (നം.49/2019-20) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രളയക്കെടുതി മൂലം ജീവനോപാധികൾ നഷ്ടപ്പെട്ടവർക്ക് ലഭിക്കേണ്ട സർക്കാർ ആനുകൂല്യം ഒരു വിഭാഗം അനർഹർക്കാണ് ലഭിച്ചത്. ആയത് ഓഡിറ്റിൽ അംഗീകരിക്കാവുന്നതല്ല. പദ്ധതിക്കായി വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച 4,95,000/- രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 കറവ പശു വളർത്തൽ - മാനദണ്ഡങ്ങൾ പാലിക്കാതെ സബ്സിഡി അനുവദിച്ചു.

| | |
|---|---|
| പദ്ധതി പേര് | കറവപശു വളർത്തൽ |
| പദ്ധതി നം | 826/20 (സ്പിൽ ഓവർ) |

| | | | |
|---|---|---|---|
| നിർവഹണോദ്യോഗസ്ഥൻ | സീനിയർ വെറ്ററിനറി സർജൻ, ബേപ്പൂർ | | |
| അടങ്കൽ തുക | 70,000/- | വികസന ഫണ്ട്, എസ്.സി.പി | |
| ചെലവ് | 70,000/- | ബിൽ നം | 12/19-20 |
| | | തീയതി | 16.10.2019 |

നഗരസഭ പ്രദേശത്ത് പരമ്പരാഗതമായി കന്നുകാലികളെ വളർത്തുന്നവർക്ക് മെച്ചപ്പെട്ട തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനു വേണ്ടി 2018-19 സാമ്പത്തിക വർഷത്തിൽ ആരംഭിച്ചതാണ് കറവപ്പശു വളർത്തൽ പദ്ധതി (554/19). അക്കാലയളവിൽ തുക ചെലവഴിക്കാത്തതിനാൽ 2019-20 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ പദ്ധതിയായി നടപ്പാക്കി. പദ്ധതിയിലൂടെ ഒരു വീട്ടിലെ 2 ഗുണഭോക്താക്കൾക്ക് 35,000/- വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട്. ഉരുക്കളുടെ നിലവിലെ അവസ്ഥ ഓഡിറ്റിന്റെ ഭാഗമായി ശ്രീ.വിനീത്.കെ.എം. ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ, എന്നിവരുടെ സാന്നിധ്യത്തിൽ 24.02.2021 ന് നേരിൽ പരിശോധിച്ചപ്പോൾ സബ്സിഡി ലഭിച്ച് വാങ്ങിയ പശുക്കളെ ഗുണഭോക്താക്കൾ വളർത്തുന്നില്ല എന്നാണ് മനസിലായത്. പ്രാദേശിക പരിശോധന വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

- ശ്രീമതി.ജയലക്ഷ്മി.പി, ശ്രീഹരി(ഹ), നടുവട്ടം, നോർത്ത് ബേപ്പൂർ (പി.ഒ), കോഴിക്കോട് എന്നവർക്ക് പശുവിനെ ലഭിച്ചതായി അറിയിച്ചു. പരമ്പരാഗതമായി പശുവളർത്തൽ നടത്തുന്നവരല്ലായെന്നും സബ്സിഡി പണം മുഖേന ലഭിച്ച പശു മകൻ ശ്രീ.ഗോപകുമാർ നടത്തുന്ന ഫാമിലുണ്ടെന്നും അറിയിച്ചിട്ടുണ്ട്.
- ശ്രീമതി.സൗമ്യ.പി.വി, ശ്രീഹരി(ഹ), നടുവട്ടം, നോർത്ത് ബേപ്പൂർ (പി.ഒ), കോഴിക്കോട് എന്നവർക്ക് പശുവിനെ ലഭിച്ചതായി അറിയിച്ചു. പരമ്പരാഗതമായി പശുവളർത്തൽ നടത്തുന്നവരല്ലായെന്നും സബ്സിഡി പണം മുഖേന ലഭിച്ച പശു സഹോദരൻ ശ്രീ.ഗോപകുമാർ നടത്തുന്ന ഫാമിലുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കണ്ടെത്തിയ മറ്റ് അപാകതകൾ താഴെ കൊടുക്കുന്നു.

1. പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ [സ.ഉ(കൈ) നം.17/2018/ത.സ്വ.ഭ.വ, തീയതി.02.02.2018] പ്രകാരം അപേക്ഷകരുടെ അർഹതയും മുൻഗണനയും ഫീൽഡ് ലെവൽ പരിശോധന നടത്തി നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തണം. ഫീൽഡ് ലെവൽ പരിശോധന നടത്തി വസ്തുതകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ പരിശോധന നടത്തി അനർഹരെ ഒഴിവാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥന് ശുപാർശ ചെയ്യാം. അപേക്ഷയോടൊപ്പം മേൽ ഗുണഭോക്താക്കൾ സമർപ്പിച്ച റേഷൻ കാർഡിന്റെ പകർപ്പിൽ ഗൃഹനാഥൻ സർവ്വീസ് പെൻഷണർ ആണെന്നും (സംസ്ഥാന പോലീസ് സേനയിൽ നിന്നും വിരമിച്ചു), സഹോദരൻ പൊതുമേഖല സ്ഥാപനത്തിൽ പ്രവൃത്തിക്കുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ അപേക്ഷകരുടെ അർഹത, ആനുകൂല്യത്തിനുള്ള മറ്റ് സബ്സിഡി മാനദണ്ഡങ്ങൾ എന്നിവ പരിശോധിച്ച് ഉറപ്പ് വരുത്തിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

2. പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗ്ഗരേഖ [സ.ഉ(കൈ) നം.22/2018/ത.സ്വ.ഭ.വ, തീയതി.14.02.2018] ഖണ്ഡിക. 2.8 പ്രകാരം ഗുണഭോക്താക്കൾ നേരിട്ട് വാങ്ങിക്കുന്ന സംഗതികളിൽ (സ്ഥലം ഉൾപ്പടെ) നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തിപരമായി പരിശോധിച്ച് അനുയോജ്യത ഉറപ്പാക്കി സാക്ഷ്യപ്പെടുത്തിയതിനു ശേഷമാണ് സബ്സിഡി തുക അനുവദിക്കേണ്ടത്. ഓഡിറ്റിന്റെ ഭാഗമായി 24.02.2021 ന് നടത്തിയ സ്ഥല പരിശോധനയിൽ പ്രസ്തുത ഗുണഭോക്താക്കൾ തൊഴുത്ത് നിർമ്മാണം പോലും നടത്തിയിട്ടില്ല എന്ന് കാണുവാൻ കഴിഞ്ഞു.

3. ഖണ്ഡിക. 6.2 പ്രകാരം ഉരുക്കളെ കുറഞ്ഞത് 3 വർഷമെങ്കിലും വളർത്തുമെന്നും, തങ്ങൾക്ക് സർക്കാരിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ യാതൊരു തരത്തിലും ദുരുപയോഗം ചെയ്യില്ല എന്നും വ്യവസ്ഥ ചെയ്ത് കരാർ ചമക്കണം. എന്നാൽ മേൽ കരാർ വ്യവസ്ഥകൾ പാലിക്കുന്നതിൽ ഗുണഭോക്താക്കൾ വീഴ്ച വരുത്തുകയും കരാർ ലംഘനം നടത്തുകയും ചെയ്തിട്ടുണ്ട്. മൃഗസംരക്ഷണ മേഖലയിലെ പദ്ധതി പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്ത് റിപ്പോർട്ട് തയ്യാറാക്കുന്ന വർക്കിംഗ് ഗ്രൂപ്പ് കൺവീനർ കൂടിയായ നിർവ്വഹണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിൽ പദ്ധതി നല്ല രീതിയിൽ നടപ്പാക്കി എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളുടെ മിനട്സ് പരിശോധിച്ചതിൽ പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ അവലോകനം ചെയ്യുകയോ നിർവ്വഹണത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ ചെയ്തിട്ടില്ല എന്ന് ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടു.

മേൽ വിവരിച്ച അപാകതകൾ, ഗുണഭോക്താക്കളുടെ വിവരങ്ങൾ, പ്രാദേശിക പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി 08.09.2021 തീയതിയിൽ നിർവ്വഹണ ഉദ്യോഗസ്ഥന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും (നം.51/2019-20) മറുപടി ലഭ്യമാക്കിയിട്ടില്ല.

സർക്കാരിന്റെ സബ്സിഡി ആനുകൂല്യങ്ങൾ അർഹരിൽ ഏറ്റവും അർഹരായവർക്ക് ലഭ്യമാക്കുക എന്ന ലളിതവും നീതിയുക്തവുമായ രീതി ഉറപ്പ് വരുത്തുന്നതിനാണ് 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വ്യവസ്ഥകൾ, ജനകീയാസൂത്രണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, സർക്കുലറുകൾ എന്നിവ ലക്ഷ്യമിടുന്നത് . എന്നാൽ ആയത് നടപ്പാക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വീഴ്ച വരുത്തിയതിനാൽ സർക്കാർ ആനുകൂല്യം അനർഹർക്കാണ് ലഭിച്ചത്. ആയത് ഓഡിറ്റിൽ അംഗീകരിക്കാവുന്നതല്ല. പദ്ധതിക്കായി വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച 70,000/- രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 അജൈവമാലിന്യ സംസ്കരണത്തിന് നഗരസഭയുടെ പ്ലാന്റ് ഉപയോഗപ്പെടുത്തിയിട്ടില്ല.

| | | | | |
|---|---|---|---|---|
| പദ്ധതി നം | 688/20 (സ്പിൽ ഓവർ) | | | |
| ഫയൽ നം | എഫ്6/101813/17 | | | |
| നിർവഹണോദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർ വൈസർ | | | |
| അടങ്കൽ തുക | | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | |
| ചെലവ് | 16,40,804/- | ബിൽ നം | തീയതി | തുക |
| | | 18160247003001574349 | 13.06.2019 | 5,53,256/- |
| | | 18160247001560062 | 13.06.2019 | 10,87,548/- |

നഗരസഭയിലെ വിവിധ സർക്കിളുകളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുമ്പോഴുണ്ടാകുന്ന വേർതിരിച്ച തിരസ്കരണികൾ പൊതുജനാരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നതായും പല വാർഡുകളിലായി കുമിഞ്ഞുകൂടി കിടക്കുന്ന ഇവ നീക്കം ചെയ്യേണ്ടതായും സർക്കിൾ ഹെൽത്ത് ഇൻസ്പെക്ടർമാർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ശുചിത്വമിഷൻ അംഗീകരിച്ച സർവ്വീസ് പ്രൊവൈഡർമാരിൽ നിന്നും 23.01.2018 ന് ടെണ്ടർ ക്ഷണിച്ചു. ടെണ്ടറിൽ 3 സ്ഥാപനങ്ങൾ പങ്കെടുക്കുകയും കുറഞ്ഞ തുകയായ കി.ഗ്രാമിന് 4.90 രൂപ ക്വാട്ട് ചെയ്ത "നിറവ്" എന്ന സ്ഥാപനവുമായി നെഗോഷ്യേറ്റ് ചെയ്തതിൽ 50 പൈസ കുറച്ച് കി.ഗ്രാമിന് 4.40 രൂപ നിരക്കിൽ അജൈവമാലിന്യങ്ങൾ നീക്കം ചെയ്യാമെന്ന് അറിയിച്ചു. തുടർന്ന് 06.03.2018 ലെ ആരോഗ്യ സ്ഥിരം സമിതി 11-ാം നമ്പർ തീരുമാന പ്രകാരം കൗൺസിലിലേക്ക് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 15.03.2018 ലെ കൗൺസിൽ യോഗം CR 78 പ്രകാരം "നിറവ്" എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചു. ഇതിനെ തുടർന്ന് "നിറവ്" എന്ന സ്ഥാപനത്തിന് സെലക്ഷൻ മെമ്മോ (F6/101213/17 തീയതി 17.03.2018) നൽകുകയും സ്ഥാപനവുമായി 17.03.2018 ന് കരാർ ഒപ്പിടുകയും ചെയ്തു.

മേൽ കരാർ പ്രകാരം നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി 372910 കി.ഗ്രാം മാലിന്യം കർണ്ണാടകയിലെ നിറവ് Segregetiom & Recycling Unit ലേക്ക് കൊണ്ട് പോയ ഇനത്തിൽ 16,40,804/- രൂപ "നിറവ്" എന്ന സ്ഥാപനത്തിന് നൽകി. നഗരസഭയിലെ വിവിധ വാർഡുകളിൽ നിന്നും അജൈവമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി 2017-18 വർഷം 14,95,692/- രൂപയും (പ്രോജക്ട് നം.844/18), 2018-19 വർഷം 25,74,990/- രൂപയും (പ്രോജക്ട് നം.583/19) ചെലവഴിച്ചിട്ടുണ്ട്.

എന്നാൽ നഗരസഭയിലെ പ്ലാസ്റ്റിക്ക് മാലിന്യം സംസ്കരിക്കുന്നതിനായി വെസ്റ്റ്ഹിൽ എന്ന സ്ഥലത്ത് നഗരസഭയുടെ ഉടമസ്ഥതയിൽ 2012 വർഷം പ്ലാസ്റ്റിക്ക് റീസൈക്ലിംഗ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. നഗരസഭയിൽ ഉണ്ടാകുന്ന മുഴുവൻ അജൈവമാലിന്യങ്ങളും സംസ്കരണത്തിനായി നഗരസഭ നേരിട്ടോ ഏജൻസികൾ/റസിഡൻഡ് അസോസിയേഷൻ മുഖേനയോ പ്ലാന്റിൽ എത്തിക്കുന്നതും ആയത് മുഴുവൻ കരാറുകാരൻ സംസ്കരിക്കേണ്ടതുമാണെന്ന വ്യവസ്ഥയിൽ പ്ലാന്റ് ഏറ്റെടുത്ത് നടത്തുന്നതിന് നഗരസഭ 07.06.2017 ന് താല്പര്യപത്രം ക്ഷണിച്ചിരുന്നു. നഗരസഭ ക്ഷണിച്ച താല്പര്യപത്രത്തിലെ വ്യവസ്ഥകൾ അംഗീകരിച്ച് കൊണ്ട് പ്ലാന്റ് ഏറ്റെടുത്ത് നടത്താൻ തയ്യാറാണെന്ന് കാണിച്ച് "നിറവ്" എന്ന സ്ഥാപനം താല്പര്യപത്രം സമർപ്പിച്ചു. നഗരസഭാ പരിധിയിൽ നിന്നും തരം തിരിച്ച് ശേഖരിക്കുന്ന പ്ലാസ്റ്റിക് അജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ശുചിത്വ മിഷന്റെ അംഗീകൃത ഏജൻസിയായ "നിറവ്" എന്ന സ്ഥാപനത്തിന് മാലിന്യ സംസ്കരണ രംഗത്ത് 10 വർഷത്തെ പരിചയമുള്ളതിനാലും മാസം തോറും 30,000/- രൂപ നഗരസഭക്ക് നൽകുമെന്നതിനാലും സെൻട്രൽ മാർക്കറ്റ് ബയോഗ്യാസ് പ്ലാന്റ് 3 വർഷത്തേക്ക് പ്രവർത്തിപ്പിക്കുന്നതിന് ഓപ്പറേറ്ററെ നിയോഗിച്ച് വേതനം നൽകുമെന്നും അറിയിച്ചതിനെ തുടർന്ന് 21.11.2017 ലെ കൗൺസിൽയോഗ തീരുമാനം CR.78 പ്രകാരം പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന് "നിറവ്" എന്ന സ്ഥാപനത്തിന് കരാർ നൽകാൻ തീരുമാനിച്ചു. തുടർന്ന് 16.01.2018 ന് "നിറവ് " എന്ന സ്ഥാപനവുമായി 3 വർഷത്തേക്ക് പ്ലാന്റ് നടത്തിപ്പിന് കരാർ ഒപ്പിട്ടു. മേൽ കരാറിലെ വ്യവസ്ഥ 5 പ്രകാരം "നഗരത്തിലുണ്ടാകുന്ന മുഴുവൻ അജൈവ പാഴ്വസ്തുക്കളും നഗരസഭ നേരിട്ടോ അല്ലെങ്കിൽ നഗരസഭ ചുമതലപ്പെടുത്തിയിട്ടുള്ള റസിഡൻസ് ഏജൻസികൾ/റസിഡൻസ് അസോസിയേഷനുകൾ മുഖേനയോ പ്ലാന്റിൽ എത്തിക്കുന്നതും ആയതു മുഴുവൻ കരാറുകാരൻ സംസ്കരിക്കേണ്ടതുമാണ്" എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 16.01.2021 തീയതി വരെ പ്രാബല്യത്തിലുള്ള കരാറിലെ ഈ വ്യവസ്ഥ നിലനിൽക്കെ നഗരസഭയിലെ അജൈവമാലിന്യങ്ങൾ സംസ്കരണത്തിന് കർണ്ണാടകയിലെ നിറവ് Segregetiom & Recycling Unit ലേക്ക് കൊണ്ടു പോകുന്നതിന് പ്രോജക്ട് രൂപീകരിച്ച് പ്ലാന്റ് നടത്തിപ്പിന് കരാർ നേടിയ അതേ സ്ഥാപനത്തിന് തന്നെ കരാർ നൽകുകയും വൻതുക ചെലവഴിക്കുകയും ചെയ്തു.

നഗരസഭയുടെ ഉടമസ്ഥതയിൽ മാലിന്യം നീക്കം ചെയ്യുന്നതിന് അനുയോജ്യമായതും നിലവിൽ മാലിന്യങ്ങൾ നീക്കം ചെയ്തു കൊണ്ടിരിക്കുന്നതുമായ ധാരാളം വാഹനങ്ങൾ ഉണ്ട്. ഈ വാഹനങ്ങളിൽ നഗരസഭയുടെ ശുചീകരണ തൊഴിലാളികളെ ഉപയോഗപ്പെടുത്തി വിവിധ വാർഡുകളിലെ അജൈവമാലിന്യങ്ങൾ കയറ്റി നഗരസഭയുടെ ഉടമസ്ഥതയിലുള്ള വെസ്റ്റ്ഹിൽ പ്ലാന്റിൽ എത്തിച്ച് നൽകിയാൽ ആയത് സംസ്കരിക്കേണ്ട ഉത്തരവാദിത്വം പ്ലാന്റ് നടത്തിപ്പ് കരാർ നേടിയ "നിറവ്" എന്ന സ്ഥാപനത്തിനാണ്. ഇങ്ങനെയുള്ള നടപടിയിലൂടെ മാലിന്യം സംസ്കരിക്കുന്നതിനു പകരം കരാറിൽ ഉൾപ്പെട്ട അതേ പ്രവൃത്തി ചെയ്യുന്നതിന് മറ്റൊരു പ്രോജക്ട് രൂപികരിച്ചത് തെറ്റായ നടപടിയാണ്. നഗരസഭയുമായി കരാർ നിലനിൽക്കെ കരാറിലെ വ്യവസ്ഥ പ്രകാരം ചെയ്യേണ്ട അതേ പ്രവൃത്തി ചെയ്യുന്നതിന് മറ്റൊരു പ്രൊജക്ട് രൂപീകരിച്ച് 16,40,804/- ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് (OS 54/19-20, തീയതി 16.09.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. നിയമവിരുദ്ധമായി ചെലവഴിച്ച 16,40,804/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 സർക്കാർ ഉത്തരവ് പാലിക്കാതെ ശുചീകരണ തൊഴിലാളികൾക്ക് സുരക്ഷാ വസ്ത്രം വാങ്ങി നൽകി.

| | | | | |
|---|---|---|---|---|
| പദ്ധതിയുടെ പേര് | ശുചീകരണ തൊഴിലാളികളുടെ സുരക്ഷാ വസ്ത്രം | | | |
| പദ്ധതി നം | 574/20 (സ്പിൽ ഓവർ) | | | |
| നിർവഹണോദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർ വൈസർ | | | |
| അടങ്കൽ തുക | 30,75,000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | |
| ചെലവ് | | ബിൽ നം. | തീയതി | തുക |
| | | 18160247003001545116 | 11.06.2019 | 4,57,517/- |
| | | 1916024700300020819 | 11.06.2019 | 4,14,622/- |
| | | 19160247003000829638 | 19.09.2019 | 21,13,484/- |

ഫയൽ നം.F6/67707/18

നഗരസഭയിലെ ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന ശുചീകരണ തൊഴിലാളികൾക്ക് ആരോഗ്യ സുരക്ഷ ഉറപ്പു വരുത്തുക എന്നതാണ് പ്രോജക്ട് വിഭാവനം ചെയ്യുന്നത്. ശുചീകരണ തൊഴിലാളികൾക്ക് കാക്കി യൂണിഫോം, സാരി, ബ്ലൗസ്, ഗ്ലൗസ്, മാസക്, ഗംബൂട്ട്, ചെരുപ്പ്, സോപ്പ്, പ്രൊട്ടക്ഷൻ ഗ്ലാസ്, റെയിൻ കോട്ട് എന്നീ 10 ഇനം സാധനങ്ങൾ വാങ്ങാൻ തീരുമാനിച്ചു. ഇതിനായി 08.01.2019 ന് ടെണ്ടർ ക്ഷണിച്ച് പത്രപരസ്യം ചെയ്തതു പ്രകാരം 3 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചു. തുടർന്ന് 05.02.2019 ന് പ്രീബിഡ് മീറ്റിംഗ് നടത്തി സാമ്പിൾ പരിശോധിച്ചതിൽ ഗുണമേന്മയുള്ള സാധനങ്ങൾ ഹാജരാക്കിയ "ഷിബു ഡിസ്ട്രിബ്യൂട്ടേർസ്" എന്ന സ്ഥാപനത്തിൽ നിന്ന് റെയിൻ കോട്ടും ബാക്കി 9 ഇനം സാധനങ്ങൾ "ചോയ്സ് കെമിക്കൽസ്" എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങാൻ 21.02.2019 ലെ പ്രൊക്യൂർമെന്റ് കമ്മറ്റി യോഗവും (തീരുമാനം നമ്പർ 4/21.02.2019) CR14/06.03.2019 പ്രകാരം നഗരസഭാ കൗൺസിലും തീരുമാനിച്ചു. റെയിൻ കോട്ട് ഒഴികെയുള്ള 8 ഇനം സാധനങ്ങൾ (ഗംബൂട്ട് വാങ്ങിയിട്ടില്ല) വിതരണം ചെയ്യാൻ 15.03.2019ന് "ചോയ്സ് കെമിക്കൽസ്" എന്ന സ്ഥാപനത്തിനും റെയിൻ കോട്ട് വിതരണം ചെയ്യുന്നതിന് 20.03.2019 ന് "ഷിബു ഡിസ്ട്രിബ്യൂട്ടേഴ്സ്" എന്ന സ്ഥാപനത്തിനും സപ്ലൈ ഓർഡർ നൽകി. ഇതു പ്രകാരം "Real" ബ്രാന്റ് റെയിൻ കോട്ട് വിതരണം ചെയ്തതിന് "ഷിബു ഡിസ്ട്രിബ്യൂട്ടേഴ്സ്" എന്ന സ്ഥാപനത്തിന് ഇൻവോയിസ് 232/26.03.2019 പ്രകാരം 4,57,517/- രൂപയും "ചോയ്സ് കെമിക്കൽസ്" എന്ന സ്ഥാപനത്തിന് 25,28,106/- രൂപയും നൽകി. പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

(1) സർക്കാർ അനുമതിയില്ലാതെ ശുചീകരണ തൊഴിലാളികൾക്ക് ചെരുപ്പ് വാങ്ങി നൽകി.

നഗരസഭ കണ്ടിജന്റ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച സർക്കാർ ഉത്തരവ് (എം.എസ്) 118/16 ത.സ്വ.ഭ.വ. തീയതി 17.08.2016 ഉത്തരവിലെ ഖണ്ഡിക XIII ഭേദഗതി ചെയ്തു കൊണ്ടുള്ള സ.ഉ.(എം.എസ്)105/2018 ത.സ്വ.ഭ.വ. തീയതി 04.08.2018 പ്രകാരം ജീവനക്കാർക്ക് 4 ജോഡി യൂണിഫോം, കൂടാതെ വനിതകൾക്ക് 4 ജോഡി ഓവർ കോട്ട്, മാലിന്യം നീക്കം ചെയ്യുന്ന ജോലിയുമായി ബന്ധപ്പെട്ടവർക്ക് മാത്രം ഓരോ വർഷവും ഓരോ സെറ്റ് ഗംബൂട്ട്, രണ്ട് വർഷത്തിലൊരിക്കൽ ഒരു റെയിൻ കോട്ട്, പ്രതിമാസം 2 ജോഡി കൈയുറയും അനുവദിക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ മേൽ ഉത്തരവിന് വിരുദ്ധമായി നഗരസഭയിലെ ശുചീകരണ തൊഴിലാളികൾക്ക് ഓരോ ജോഡി വീതം ചെരുപ്പ് വാങ്ങി നൽകിയിട്ടുണ്ട്. മേൽ പരാമർശിച്ച ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം യൂണിഫോം എന്നതിൽ ചെരുപ്പ് ഉൾപ്പെടുന്നില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി 688 ജോഡി ചെരുപ്പ് വാങ്ങുന്നതിന് "ചോയ്സ് കെമിക്കൽസ് " എന്ന സ്ഥാപനത്തിന് 1,54,800/- രൂപ നൽകി.

(2) നഗരസഭക്ക് ആവശ്യമായതിൽ കൂടുതൽ എണ്ണം വാങ്ങി.

നഗരസഭയിലെ ആകെ 18 സർക്കിളുകളിലും 3 മേഖല ഓഫീസുകളിലുമായി 250 പുരുഷന്മാരും 381 സ്ത്രീകളും ഉൾപ്പെടെ 631 ശുചീകരണ തൊഴിലാളികളുണ്ടെന്ന് ഹെൽത്ത് ഇൻസ്പെക്ടർമാർ റിപ്പോർട്ട് ചെയ്തതായി നോട്ട് ഫയൽ പേജ് 3 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 631 ന് പകരം 688 തൊഴിലാളികൾക്കാവശ്യമായ എണ്ണം സാധനങ്ങളാണ് ടെണ്ടർ ക്ഷണിച്ച് വാങ്ങിയിട്ടുള്ളത്. നഗരസഭാ സെക്രട്ടറി 23.02.2019 തീയതി നോട്ട് ഫയൽ പേജ് 12 ൽ “Purchase The Required Quantity Only” എന്ന് ഉത്തരവ് നൽകിയിട്ടുണ്ട്. എന്നാൽ ഈ ഉത്തരവ് പാലിക്കാതെ 57 തൊഴിലാളികൾക്കുള്ള സാധനങ്ങൾ അധികം വാങ്ങി.

(3) സർക്കാർ ഉത്തരവിന് വിരുദ്ധമായി റെയിൻ കോട്ട് വാങ്ങി നൽകി .

സർക്കാർ ഉത്തരവ് (കൈ) 105/18 ത.സ്വ.ഭ.വ. തീയതി 04.08.2018 പ്രകാരം ശുചീകരണ തൊഴിലാളികൾക്ക് രണ്ട് വർഷത്തിലൊരിക്കൽ ഒരു റെയിൻകോട്ട് അനുവദിക്കാവുന്നതാണ്. എന്നാൽ "ഷിബു ഡിസ്ട്രിബ്യൂട്ടേഴ്സ്" എന്ന സ്ഥാപനത്തിൽ നിന്നും 4,57,517/- രൂപ ചെലവഴിച്ച് 688 റെയിൻ കോട്ട് വാങ്ങി നൽകിയിട്ടുണ്ട്. നഗരസഭയിൽ 2017-18 വർഷം മുതൽ വാങ്ങിയ റെയിൻ കോട്ടിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | വർഷം | എണ്ണം |
|---|---|---|
| 1 | 2017-18 | 583 |
| 2 | 2018-19 | 539 |
| 3 | 2019-20 | 688 |
| 4 | 2020-21 | 662 |

നഗരസഭയിൽ ശുചീകരണ ജോലിയിലേർപ്പെട്ട ജീവനക്കാർക്കെല്ലാം 2017-18 സാമ്പത്തിക വർഷം റെയിൻ കോട്ട് വാങ്ങി നൽകിയിട്ടുണ്ട്. തുടർന്ന് 2020-21 വരെയുള്ള വർഷങ്ങളിൽ തുടർച്ചയായി മേൽ ഉത്തരവിലെ നിബന്ധനകൾ ലംഘിച്ച് റെയിൻ കോട്ട് വാങ്ങി നൽകി. നഗരസഭയിലെ സ്റ്റോക്ക് രജിസ്റ്ററുകൾ പ്രകാരം 2017-18 വർഷം 583 റെയിൻകോട്ട് വാങ്ങിയതിൽ 23 ഫീമെയിൽ റെയിൻകോട്ട് വിതരണം ചെയ്തിട്ടില്ല. ഇത്രയും എണ്ണം റെയിൻ കോട്ട് 2018-19 വർഷത്തിലും ബാക്കിയുള്ളതിനാൽ 2019-20 വർഷം ജോലിയിൽ പ്രവേശിച്ച തൊഴിലാളികളിൽ നിലവിൽ വിതരണം ചെയ്യാൻ ബാക്കിയുള്ള 23 എണ്ണം കിഴിച്ച ശേഷം ബാക്കി ജീവനക്കാർക്ക് മാത്രമെ റെയിൻ കോട്ട് വാങ്ങി നൽകാവൂ എന്നിരിക്കെ മുഴുവൻ ജീവനക്കാർക്കും വാങ്ങിനൽകി.

(4) സർക്കാർ ഉത്തവിന് വിരുദ്ധമായി ടെണ്ടർ നോട്ടീസിൽ ബ്രാൻഡ് നെയിം നൽകി.

നഗരസഭയിലേക്കാവശ്യമായ സാധനങ്ങൾ വാങ്ങുമ്പോൾ സാധനങ്ങളുടെ സ്പെസിഫിക്കേഷനുകളിൽ ബ്രാൻഡ് നെയിമുകളുടെ പരാമർശം ഒഴിവാക്കേണ്ടതാണെന്ന് സ.ഉ.(പി) 259/10 ത.സ്വ.ഭ.വ. തീയതി 08.11.2010 നമ്പർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 08.01.2019 തീയതിയിലെ ടെണ്ടർ നോട്ടീസിൽ റെയിൻ കോട്ടിന്റെ സ്പെസിഫിക്കേഷനിൽ Real/Duck Back എന്ന ബ്രാൻഡ് നെയിം ചേർത്തിട്ടുണ്ട്. ഇത് മേൽ ഉത്തരവിന്റെ ലംഘനമാണ്.

(5) സ്റ്റോക്ക് രജിസ്റ്ററിൽ റെയിൻ കോട്ടിന്റെ എണ്ണം രേഖപ്പെടുത്തിയതിൽ വ്യത്യാസം.

നഗരസഭയിലെ ട്രാൻസ്പോർട്ട് വിഭാഗത്തിൽ സൂക്ഷിച്ച സ്റ്റോക്ക് രജിസ്റ്റർ വോള്യം XIV, XV എന്നിവ പ്രകാരം 2017-18 വർഷം 583 റെയിൻ കോട്ട് വാങ്ങിയിരുന്നു. ഇതിൽ 23 ഫീമെയിൽ റെയിൻ കോട്ട് വിതരണം ചെയ്തിട്ടില്ല. തുടർന്നുള്ള വർഷങ്ങളിൽ ആകെ ആവശ്യമായതിൽ മുൻബാക്കിയുള്ള 23 ഫീമെയിൽ റെയിൻ കോട്ട് കുറച്ച് ബാക്കി വാങ്ങുന്നതിന് പകരം ഇത് പരിഗണിക്കാതെ എല്ലാ ജീവനക്കാർക്കുമായി വാങ്ങി. ആയതിനാൽ 23 ഫീമെയിൽ റെയിൻ കോട്ട് 2019-20 വർഷം വരെ സ്റ്റോക്ക് രജിസ്റ്ററിൽ അതാതു വർഷം വാങ്ങുന്നതിനൊപ്പം ചേർത്ത് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2020-21 വർഷം 662 എണ്ണം വാങ്ങിയ 387 ഫീമെയിൽ റെയിൻ കോട്ട് വിതരണം ചെയ്തു. എന്നാൽ ഇതിന്റെ കൂടെ മുൻ വർഷം ബാക്കിയുള്ള 23 ഫീമെയിൽ റെയിൻ കോട്ട് കൂടി രേഖപ്പെടുത്തുകയോ വിതരണം ചെയ്യുകയോ ചെയ്തിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 2020-21 ൽ ബാക്കിയുള്ള 1 Male ഉൾപ്പെടെ 24 റെയിൻകോട്ട് ബാക്കിയുണ്ടാകേണ്ടതാണെങ്കിലും സ്റ്റോക്ക് രജിസ്റ്ററിൽ Vol.XV പേജ് 185 ൽ 1 Male റെയിൻകോട്ട് മാത്രമാണ് ബാക്കിയുള്ളത്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെരുപ്പ് വാങ്ങി നൽകിയ ഇനത്തിൽ ചെലവഴിച്ച 1,54,800/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതുമാണ്. കൂടാതെ സർക്കാർ ഉത്തരവിന് വിരുദ്ധമായി റെയിൻ കോട്ട് വാങ്ങി നൽകുന്നതിന് ചെലവഴിച്ച 4,57,517/- രൂപ 2019-20 വർഷത്തിൽ പുതുതായി ജോലിയിൽ പ്രവേശിച്ച ശുചീകരണ തൊഴിലാളികളുടെ എണ്ണം അറിയിക്കാത്ത സാഹചര്യത്തിൽ തടസ്സങ്ങളിൽ വെക്കുന്നു.

## 3-5 ഫോഗിംഗ് മെഷീൻ വാങ്ങൽ ക്രമപ്രകാരമല്ല - നഗരസഭ ഫണ്ടിന് നഷ്ടം.

<table>
<tr><td>പദ്ധതിയുടെ പേര്</td><td colspan="4">ജന്തുജലജന്യരോഗ നിവാരണത്തിന് ഫോഗിംഗ് മെഷീൻ വാങ്ങൽ.</td></tr>
<tr><td>പദ്ധതി നം</td><td colspan="4">683/20</td></tr>
<tr><td>നിർവഹണോദ്യോഗസ്ഥൻ</td><td colspan="4">ഹെൽത്ത് ഓഫീസർ</td></tr>
<tr><td>അടങ്കൽ തുക</td><td>8,00,000/-</td><td colspan="3">ധനകാര്യ കമ്മീഷൻ ഗ്രാന്റ്</td></tr>
<tr><td rowspan="2">ചെലവ്</td><td rowspan="2">8,00,000/-</td><td>ബിൽ നം.</td><td>തീയതി</td><td>തുക</td></tr>
<tr><td>36</td><td>24.10.2019</td><td>8,00,000/-</td></tr>
</table>

ഫയൽ നം.-എഫ്1/12831/18

2017-18 സാമ്പത്തിക വർഷത്തിൽ രൂപീകരിച്ച പ്രോജക്റ്റിന്റെ ചെലവ് നടന്നത് 2019-20 സാമ്പത്തിക വർഷത്തിലെ ജന്തുജലജന്യരോഗ നിവാരണത്തിന് ഫോഗിംഗ് മെഷീൻ വാങ്ങൽ എന്ന സ്പിൽഓവർ പ്രോജക്റ്റിലൂടെയാണ് (നം.683/20). എട്ട് ലക്ഷം രൂപ ചെലവഴിച്ച് ഹാൻഡി ഫോഗിംഗ് മെഷീൻ (02എണ്ണം), പോർട്ടബിൾ ഫോഗിംഗ് മെഷീൻ (04 എണ്ണം), വെഹിക്കിൾ മൗണ്ടബിൾ ഫോഗിംഗ് മെഷീൻ (01), എൽ.പി.ജി

ബ്യൂട്ടേൻ ഗ്യാസ് കാനിസ്റ്ററുകൾ (225 എണ്ണം) എന്നിവ വാങ്ങുന്നതിനാണ് പദ്ധതിയിലൂടെ ലക്ഷ്യമിട്ടത്. 25.09.2018 തിയതിയിലെ F1/12831/18 നമ്പറായി ഇ-ടെണ്ടർ ക്ഷണിച്ചു. ടെണ്ടറിൽ പങ്കെടുത്ത കമ്പനികളിൽ നിന്നും യഥാസമയം പ്രിലിമിനറി എഗ്രിമെന്റ് സമർപ്പിച്ചത് സെൻട്രൽ ഇന്ത്യ എഞ്ചിനീയറിംഗ് കമ്പനി, സൂര്യ ട്രേഡിംഗ് കമ്പനി എന്നിവയായിരുന്നു. യഥാസമയം പ്രിലിമിനറി എഗ്രിമെന്റ് സമർപ്പിച്ച സെൻട്രൽ ഇന്ത്യ എഞ്ചിനീയറിംഗ് കമ്പനി, സൂര്യ ട്രേഡിംഗ് കമ്പനി എന്നീ കമ്പനികളുടെ ടെണ്ടറുകൾ ചുവടെ ചേർക്കുന്ന പ്രകാരമായിരുന്നു.

| ക്രമ നം | ഇനം | എണ്ണം | എസ്റ്റിമേറ്റ് | സെൻട്രൽ ഇന്ത്യ എഞ്ചിനീയറിംഗ് കമ്പനി | സൂര്യ ട്രേഡിംഗ് |
|---|---|---|---|---|---|
| 1 | ഹാൻഡി ഫോഗിംഗ് മെഷീൻ | 2 | 44000 | 33040 | 22000 |
| 2 | പോർട്ടേബിൾ ഫോഗിംഗ് മെഷീൻ | 4 | 160000 | 159064 | 199996 |
| 3 | വെഹിക്കിൾ മൗണ്ടാബിൾ ഫോഗിംഗ് മെഷീൻ | 1 | 400000 | 316240 | 369000 |
| 4 | എൽ.പി.ജി ബ്യൂട്ടേൻ ഗ്യാസ് കാനിസ്റ്ററുകൾ | 225 | 196000 | 127440 | 54000 |
| | ആകെ തുക | | 800000 | 635784 | 644996 |

ഇതിൽ എല്ലാ ഇനങ്ങൾക്കുമായി ആകെ ഏറ്റവും കുറവ് ടെണ്ടർ തുക സമർപ്പിച്ച സെൻട്രൽ ഇന്ത്യ എഞ്ചിനീയറിംഗ് കമ്പനിയുമായി പർച്ചേസിംഗ് കമ്മറ്റി നെഗോഷ്യേഷൻ നടത്തി. തുക 6,30,000/- ആയി കുറയ്ക്കാമെന്ന് കമ്പനി സമ്മതിച്ചതിനെതുടർന്ന് ടെണ്ടർ മേൽ കമ്പനിക്ക് നൽകുന്നതിനും അവശേഷിക്കുന്ന അടങ്കൽ തുകയ്ക്കു കൂടി കമ്പനിയുടെ ടെണ്ടർ നിരക്കിൽ എൽ.പി.ജി ബ്യൂട്ടേൻ ഗ്യാസ് കാനിസ്റ്ററുകൾ കമ്പനിയിൽ നിന്ന് തന്നെ പ്രോജക്ടിലൂടെ വാങ്ങുന്നതിനും പർച്ചേസിംഗ് കമ്മറ്റിയുടെ 24.01.2019 ലെ 7ാം നമ്പർ തീരുമാന പ്രകാരം നഗരസഭ കൗൺസിലിന് ശുപാർശ നൽകുകയും ചെയ്തു. ആയത് 18.02.2019 ലെ 57ാം നമ്പർ തീരുമാന പ്രകാരം നഗരസഭ കൗൺസിൽ അംഗീകരിച്ചു. തുടർന്ന് 21.02.2019 ലെ F1/12831/18 നമ്പർ സെലക്ഷൻ മെമ്മോ നൽകുകയും, 16.03.2019 തിയതിയിൽ കമ്പനിക്ക് സപ്ലൈ ഓർഡർ നൽകി കമ്പനിയുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു. കമ്പനിയിൽ നിന്നും ലഭ്യമായ ഉപകരണങ്ങളുടെ ഇൻവോയിസ് (നം.നമ്പർ 0179/18-19/18.3.2019 )സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | ഇനം | എണ്ണം | യൂണിറ്റ് നിരക്ക് | ആകെ വില |
|---|---|---|---|---|
| 1 | ഹാൻഡി ഫോഗിംഗ് മെഷീൻ | 2 | 14000 | 28000 |
| 2 | പോർട്ടേബിൾ ഫോഗിംഗ് മെഷീൻ | 4 | 33700 | 134800 |
| 3 | വെഹിക്കിൾ മൗണ്ടാബിൾ ഫോഗിംഗ് മെഷീൻ | 1 | 268000 | 268000 |
| 4 | എൽ.പി.ജി ബ്യൂട്ടേൻ ഗ്യാസ് കാനിസ്റ്ററുകൾ | 525 | 480 | 252000 |
| | ജി.എസ്.ടി @18% | | | 122904 |
| | ഡിസ്കൗണ്ട് | | | -5704 |
| | ആകെ | | | 800000 |

ഇൻവോയിസ് പ്രകാരം ലഭ്യമാക്കിയ ഉപകരണങ്ങളുടെ വിലയായി കമ്പനിയുടെ അക്കൗണ്ടിലേക്ക് ട്രഷറി ബിൽ നം.36/24.10.2019 പ്രകാരം 8 ലക്ഷം രൂപ ട്രാൻസ്ഫർ ചെയ്തിട്ടുമുണ്ട്.

21.06.2013 ലെ സ.ഉ (അ) 3/2013/എസ്.പി.ഡി നമ്പറായി പുറപ്പെടുവിച്ച സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 9.18.4 ലെ നിർദ്ദേശം അനുസരിച്ച് ഇനം തിരിച്ച് ഓരോ ഇനത്തിനും കുറവ് ടെണ്ടർ തുക രേഖപ്പെടുത്തിയത് പരിഗണിക്കുകയും പ്രസ്തുത സ്ഥാപനങ്ങളുടെ ടെണ്ടറുകൾ അംഗീകരിക്കുകയാണ് ചെയ്യേണ്ടിയിരുന്നത്. അപ്രകാരം ഇവിടെ ക്രമ നമ്പർ 1, 4 എന്നിവയ്ക്ക് ഏറ്റവും കുറവ് വില ക്വാട്ട് ചെയ്ത സൂര്യ ട്രേഡിംഗ് കമ്പനിയുടെ ക്വട്ടേഷനായിരുന്നു അംഗീകരിക്കേണ്ടിയിരുന്നത്. എന്നാൽ ആകെ ടെണ്ടർ തുകയിൽ ഏറ്റവും കുറവ് രേഖപ്പെടുത്തിയ സെൻട്രൽ ഇന്ത്യ എഞ്ചിനീയറിംഗ് കമ്പനിയുടെ ടെണ്ടർ അംഗീകരിച്ചിരിക്കുകയും മുഴുവൻ ഇനങ്ങൾക്കും മേൽ കമ്പനിക്ക് സപ്ലൈ ഓർഡർ നൽകുകയുമാണ് ചെയ്തിട്ടുള്ളത്. ഇനം തിരിച്ച് ഓരോ ഇനത്തിനും കുറവ് ടെണ്ടർ തുക രേഖപ്പെടുത്തിയ ടെണ്ടറുകൾ അംഗീകരിക്കാത്തതു മൂലം ചുവടെ ചേർക്കുന്ന പ്രകാരം നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചിട്ടുണ്ട്.

| ഇനം | സെൻട്രൽ ഇന്ത്യ എഞ്ചിനീയറിംഗ് കമ്പനി നൽകിയ നിരക്ക് | സൂര്യ ട്രേഡിംഗ് കമ്പനി ടെണ്ടറിൽ രേഖപ്പെടുത്തിയത് | വ്യത്യാസം |
|---|---|---|---|
| ഹാൻഡി ഫോഗിംഗ് മെഷീൻ (2) | 28000 | 22000 | 6000 |
| എൽ.പി.ജി ബ്യൂട്ടേൻ ഗ്യാസ് കാനിസ്റ്ററുകൾ (525) | 252000<br>(ഒന്നിന് 480 രൂപ പ്രകാരം) | 126000<br>(ഒന്നിന് 240 പ്രകാരം) | 126000 |
| | ആകെ നഷ്ടം | | 132000 |

ഇത് സംബന്ധിച്ച് 02.09.2021ന് നൽകിയ അന്വേഷണക്കുറിപ്പിനു (40/2019-20) മറുപടി ലഭ്യമാക്കിയിട്ടില്ല. നഷ്ടതുക 132000 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-6 പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായി വികസന ഫണ്ട് ഉപയോഗിച്ച് കക്കൂസ് റിപ്പയർ പദ്ധതിക്ക് തുക ചെലവഴിച്ചു.

പൊട്ടിപ്പൊളിഞ്ഞ വ്യക്തിഗത കക്കൂസുകൾ റിപ്പയർ ചെയ്യുന്നതിനായി കുടുംബശ്രീ പ്രോജക്ട് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2 പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | 1 | 2 |
|---|---|---|

| | | | | |
|---|---|---|---|---|
| പദ്ധതി നം | S00638/20 (സ്പിൽ ഓവർ) | | 699/2019-20 | |
| പദ്ധതിയുടെ പേര് | കക്കൂസ് റിപ്പയർ | | കക്കൂസ് റിപ്പയർ | |
| ഫണ്ടിനം | വികസന ഫണ്ട് | | വികസന ഫണ്ട് | |
| അടങ്കൽ തുക | | 29,00,800/- | | 21,92,200/- |
| ചെലവ് തുക, ബിൽ നം, തീയതി | 02/2019-20, 08.05.2019 | 27,000 | 1/2019-20, 08.05.2019 | 10,800 |
| | 4/2019-20, 08.05.2019 | 1,21,000 | 3/2019-20, 08.05.2019 | 48,600 |
| | 5/2019-20, 08.05.2019 | 10,800 | 6/2019-20, 08.05.2019 | 21,600 |
| | ആകെ ചെലവ് 1,58,800 | | ആകെ ചെലവ് 81,000 | |

2018-19 വർഷം 40/2019 നമ്പർ പ്രോജക്ടിൽ 57,75,000/- രൂപ വികസന ഫണ്ടിൽ നിന്നും വകയിരുത്തുകയും 28,74,200/- രൂപ ചെലവഴിക്കുകയും ചെയ്തിരുന്നു. പ്രസ്തുത വർഷം ചെലവഴിച്ചതിന്റെ ബാക്കി 29,00,800/- രൂപ 2019-20 വർഷം 638/20 നമ്പർ പ്രോജക്ടിൽ വകയിരുത്തുകയും 4 പേർക്ക് ഒന്നാം ഗഡുവായ 10,000/- രൂപ വീതവും 22 പേർക്ക് രണ്ടാം ഗഡുവായ 5,400/- രൂപ വീതവും ആകെ 1,58,800/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതികളുമായി ബന്ധപ്പെട്ട അപാകത താഴെ കൊടുക്കുന്നു.

02.02.2018 ലെ സ.ഉ (കൈ)നം.17/2018/ത.സ്വ.ഭ.വ നം സർക്കാർ ഉത്തരവ് പ്രകാരം ( പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ) ഖണ്ഡിക 2.2 (15) ലെ നിർദ്ദേശം പ്രകാരം പൊതുജനങ്ങൾ കൂടുതലായി എത്തിച്ചേരുന്ന കവലകൾ ബസ് സ്റ്റാന്റുകൾ, പാർക്കുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ വരുന്ന ജനങ്ങളുടെ എണ്ണത്തിനനുസരിച്ച് അവയുടെ സ്ഥലപരമായ പ്രത്യേകതകൾ ഉൾക്കൊണ്ട് പൊതു ശൗചാലയങ്ങൾ ഏർപ്പെടുത്തുന്നതിന് നഗരസഭകൾക്ക് പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്. എന്നാൽ വ്യക്തിഗതമായോ കുടുംബങ്ങൾക്കോ ശൗചാലയ റിപ്പയറിന് പദ്ധതി രൂപീകരിച്ച് ചെലവഴിക്കാൻ നിർദേശമില്ല. 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഈ വിഷയം പരാമർശിച്ചിരുന്നുവെങ്കിലും പ്രസ്തുത നിർദ്ദേശം പാലിക്കാതെ 2019-20 ലും പ്രസ്തുത രീതിയിൽ പദ്ധതികൾ രൂപീകരിച്ച് വികസന ഫണ്ട് വകയിരുത്തി തുക ചെലവഴിച്ചു.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 23.09.2021 ലെ 63/2019-20 നമ്പർ ഒ.എസ്സിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി മാർഗ്ഗരേഖയിലോ, സബ്സിഡി മാർഗ്ഗരേഖയിലോ ഈ ആവശ്യത്തിനു പദ്ധതി പണം ചെലവഴിക്കാൻ സർക്കാർ നിർദ്ദേശമില്ലാത്തതിനാൽ 2,39,800/- (1,58,800 + 81,000) രൂപയുടെ ചെലവ് തുക അംഗീകരിക്കുന്നില്ല.

## 3-7 യഥാസമയം വൈദ്യുതി ചാർജ്ജ് അടവാക്കാത്തതിനാൽ കുടിശ്ശിക തുക പിഴ സഹിതം അടവാക്കി.

ഫയൽ നമ്പർ. ഇ.ജി.11/85882/19

ദീർഘനാളത്തെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിലേയ്ക്കായി സംസ്ഥാന വൈദ്യുതി ബോർഡ് 'ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി' നടപ്പിലാക്കിയ സമയത്ത് നഗരസഭ സെക്രട്ടറിയുടെ പേരിലുള്ള 4 വൈദ്യുതി കണക്ഷന്റെ കുടിശ്ശിക തുകയും (46,911/- രൂപ) ആയതിന്റെ 6 % വാർഷിക പലിശയും (38,495/- രൂപ) ചേർത്ത് 86,406/- രൂപ തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് കെ.എസ്.ഇ.ബി.യിൽ അടക്കുകയുണ്ടായി. (ചെക്ക് നം.006501, തീയ്യതി.03.03.2020, വൗച്ചർ നം. 21905941). വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കൺസ്യൂമർ നം. | കണക്ഷൻ, കുടിശ്ശിക കാലഘട്ടം | കുടിശ്ശിക | പലിശ | ആകെ |
|---|---|---|---|---|---|
| 1 | 1165959017759 | (17.02.2005 മുതൽ 18.01.2007 വരെ)<br>പുളിയങ്ങോട്ട് കുന്ന് കുടിവെള്ള പദ്ധതി | 16,203 | 14,146 | 30,349 |
| 2 | 1165959011528 | (05/2005 മുതൽ 11/2005 വരെ)<br>മെഡിക്കൽ കോളേജ് റസ്റ്റ് ഹൗസ്, റൂം നം.20 | 25,733 | 22,381 | 48,114 |
| 3 | 1165955030302 | (01.11.2014 മുതൽ 25.06.2015 വരെ)<br>ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലേക്ക് നൽകിയ കണക്ഷൻ | 4,843 | 1,968 | 6,811 |
| | | | 45,779 | 38,495 | 85,274 |

ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു

1. 31.05.2000 ലെ സ.ഉ (സാധാ) നം. 2141/2000/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം പൂർത്തിയായാൽ ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കേണ്ടതും, തുടർ നടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃ സമിതികൾ തന്നെ ചെയ്യേണ്ടതുമാണ്. എന്നാൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെയും കുടിവെള്ള പദ്ധതി ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കാതെയും വന്നതിനാലാണ് ക്രമ നം. 1 പ്രകാരം കുടിശ്ശികയായ തുക പലിശ സഹിതം നഗരസഭ ഫണ്ടിൽ നിന്നും അടവാക്കേണ്ടി വന്നത്.

2. നഗരസഭ വക ഉടമസ്ഥതയിൽ മെഡിക്കൽ കോളേജിന് സമീപമുള്ള റസ്റ്റ് ഹൗസ് ലൈസൻസ് വ്യവസ്ഥയിൽ അനുവദിച്ചു വരുന്നതാണ്. റസ്റ്റ് റൂം നം.20 ൽ വൈദ്യുതി ഉപയോഗം നടത്തിയതിനാലാണ് 25,733/- രൂപ കുടിശ്ശികയായത്. ലൈസൻസ് വ്യവസ്ഥയിൽ എടുത്ത കക്ഷികൾ റൂം ഒഴിയുമ്പോൾ ആ വിവരം നഗരസഭയെ അറിയിക്കേണ്ടതും ചുമതലയുള്ള റവന്യൂ ഓഫീസർ പ്രസ്തുത കക്ഷികൾ യാതൊരു കുടിശ്ശികയും വരുത്തിയില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. എന്നാൽ മേൽ കാലയളവിൽ റസ്റ്റ് ഹൗസ് ലൈസൻസ് വ്യവസ്ഥയിൽ എടുത്ത കക്ഷികൾ കുടിശ്ശിക വരുത്തിയില്ലായെന്ന് ഉറപ്പാക്കുന്നതിൽ വന്ന വീഴ്ച കാരണമാണ് വൈദ്യുതി ചാർജ്ജിനത്തിൽ കുടിശ്ശികയായ തുക പലിശ സഹിതം നഗരസഭ ഫണ്ടിൽ നിന്നും അടവാക്കേണ്ടി വന്നത്.

3. 27.02.2020 ലെ ധനകാര്യ സ്ഥിരം സമിതി യോഗത്തിൽ വിഷയം ചർച്ച ചെയ്യുകയും 86,406/- രൂപ അടവാക്കുന്നതിനും വീഴ്ചകൾ കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അടവാക്കിയ പലിശ തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ അഡീഷണൽ സെക്രട്ടറി 03.03.2020 ന് നിർദ്ദേശിച്ച് നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഉത്തരവാദികളിൽ നിന്നും തുക ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

അപാകതകൾ സംബന്ധിച്ച് 01.03.2021 ലെ 24/2019-20 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭ ഫണ്ടിൽ നിന്നും കെ.എസ്.ഇ.ബി.യിൽ അടവാക്കിയ തുക കുടിശ്ശിക വരുത്തിയ ഉത്തരവാദികളിൽ നിന്നും ഈടാക്കാൻ അഡീഷണൽ സെക്രട്ടറി നിർദ്ദേശം നൽകിയത് പാലിക്കാതിരുന്ന സെക്ഷൻ ക്ലാർക്ക്, സൂപ്രണ്ട് എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-8 ആദായ നികുതി റിട്ടേണുകൾ യഥാസമയം ഫയൽ ചെയ്തില്ല.

ഫയൽ നം.ബി.5/106301/15

കോഴിക്കോട് നഗരസഭ സെക്രട്ടറിയുടെ പേരിൽ അനുവദിച്ച TAN (CHNC00161A) ൽ 01/2013 മുതൽ 06/2014 വരെയുള്ള കാലയളവിൽ യഥാസമയം ആദായ നികുതി റിട്ടേണുകൾ ഫയൽ ചെയ്യാത്തതിനാൽ നഗരസഭക്ക മേൽ ആദായ നികുതി വകുപ്പ് 2,35,621/- രൂപ ലേറ്റ് ഫയലിംഗ് ഫീ ചുമത്തി. ഇതിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിനായി (6 എണ്ണം) അഡ്വക്കേറ്റ് ശ്രീ.ആനന്ദ് കുമാറിന് 32,500/- രൂപ അനുവദിച്ചിട്ടുണ്ട്. (ചെക്ക് നം.159577, തീയ്യതി.14.11.2019, വൗച്ചർ നം.21903946). അപ്പീലുകൾ നൽകിയതിന്റെ അടിസ്ഥാനത്തിൽ ലേറ്റ് ഫയലിംഗ് ഫീ ചുമത്തുന്നതിൽ നിന്ന് നഗരസഭക്ക് ഇളവ് നൽകി.

ആദായ നികുതി നിയമം പ്രകാരം നികുതിയിനത്തിൽ ഈടാക്കിയ തുക തൊട്ടടുത്ത മാസം 7 ാം തീയ്യതിക്കകം അടവാക്കേണ്ടതും, ഇപ്രകാരം അടക്കുന്ന തുകക്ക് ഓരോ ക്വാർട്ടറിലും വിവരങ്ങളടങ്ങിയ റിട്ടേൺ യഥാസമയം ഫയൽ ചെയ്യേണ്ടതും അതാത് സ്ഥാപന തലവൻമാരാണ്. എന്നാൽ നഗരസഭ യഥാസമയം ആദായനികുതി റിട്ടേൺ ഫയൽ ചെയ്യുന്നതിൽ വീഴ്ച വരുത്തിയതിനാലാണ് ആദായ നികുതി വകുപ്പ് ലേറ്റ് ഫയലിംഗ് ഫീ ചുമത്തിയത്.
അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 07.09.2021 തീയ്യതിയിൽ നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല (നം.45/2019-20). ആദായ നികുതി വകുപ്പ് ലേറ്റ് ഫയലിംഗ് ഫീ ചുമത്തിയതിന് അപ്പീൽ സമർപ്പിക്കുന്നതിനായി 32,500/- രൂപ വക്കീൽ ഫീസ് നൽകിയത് ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-9 നഗരസഭയുടെ ചുമതലയിൽ പെടാത്ത കൂട്ടായ്മകൾക്ക് തുക ചെലവഴിച്ചു.

ഫയൽ നം. ഇജി.12/79068/19

ബന്ദിപ്പൂർ യാത്രാ നിരോധനത്തിനെതിരെ 20.10.2019 തീയതിയിൽ മാനാഞ്ചിറ മൈതാനത്ത് വച്ച് ബഹു.നഗരസഭ മേയറുടെ അദ്ധ്യക്ഷതയിൽ ബഹുജന കൂട്ടായ്മ സംഘടിപ്പിച്ചു. കൂട്ടായ്മയുടെ ഭാഗമായിട്ടുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് 17.10.2019 ന് ബഹു.മേയർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഹാൻഡ് ക്വട്ടേഷൻ ക്ഷണിക്കുകയും 3 സ്ഥാപനങ്ങൾ പങ്കെടുക്കുകയും ചെയ്തു. ആയതിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത ഫ്രണ്ട്സ് ഡക്കറേഷൻസ്, ഫ്രാൻസിസ് റോഡ് എന്ന സ്ഥാപനത്തിനെ തെരഞ്ഞെടുത്തു. ഇതിന് ആവശ്യമായ ഒരുക്കങ്ങൾ നടത്തുന്നതിന് നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയറെ സൂപ്രണ്ടിംഗ് എഞ്ചിനീയർ ചുമതലപ്പെടുത്തി.ഇതിന്റെ ഭാഗമായി സജ്ജീകരിച്ച സ്റ്റേജ്, സൗണ്ട് സിസ്റ്റം, ബാനർ, കസേര തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കുന്നതിന് ഫ്രണ്ട്സ് ഡക്കറേഷൻസ്, ഫ്രാൻസിസ് റോഡ് എന്ന സ്ഥാപനത്തിന് 17,300/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. (ചെക്ക് നം.006497, തീയ്യതി.03.03.2020, വൗച്ചർ നം.21905937).

1994 കേരള മുനിസിപ്പാലിറ്റി നിയമം പ്രകാരമുള്ള നഗരസഭകളുടെ ചുമതലകളിലോ, കണ്ടിജന്റ് ചെലവുകളുടെ ഇനങ്ങളിലോ പ്രസ്തുത തരത്തിലുള്ള കൂട്ടായ്മകൾക്ക് നഗരസഭ ഫണ്ട് ചെലവഴിക്കുന്നതിന് അനുമതിയില്ല. അപാകത ശ്രദ്ധയിൽപെടുത്തി 01.03.2021 ന് നൽകിയ ഓഡിറ്റ് തടസ്സവാദത്തിന് (നം.19/19-20) സൂപ്രണ്ടിംഗ് എഞ്ചിനീയർ മറുപടി നൽകിയിട്ടില്ല. മുനിസിപ്പൽ നിയമത്തിൽ അനുശാസിക്കാത്ത തരത്തിൽ നഗരസഭ ഫണ്ട് ചെലവഴിക്കുന്നത് ഓഡിറ്റിൽ അംഗീകരിക്കാവുന്നതല്ല. ചെലവ് തുക ഉത്തരവാദിയായ സൂപ്രണ്ടിംഗ് എഞ്ചിനീയറിൽ നിന്നും ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-10 ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനു ഉടമ്പടി വെക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല.

| | | | | |
|---|---|---|---|---|
| പദ്ധതിയുടെ പേര് | വേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റ് ഇൻസിനറേറ്റർ, പൂളക്കടവ് | | | |
| പദ്ധതി നം | 861/19 | | | |
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | | | |
| ഫയൽ നം. | ഇജി 12/77013/17 | | | |
| ചെലവ് | 2,06,201/- | ബിൽ നം. | തീയതി | തുക |
| | | 12/19-20 | 12.6.2021 | 2,06,201/- |

കോഴിക്കോട് കോർപ്പറേഷൻ വക സ്ഥലമായ പൂളക്കടവിൽ മാലിന്യ സംസ്കരണ പ്ലാന്റും ഇൻസിനറേറ്ററും സ്ഥാപിക്കുന്നതിന് ബഹുവർഷ പ്രോജക്ടിനായി 2017-18 ൽ 12,50,000/- രൂപയും 2018-19 ൽ 18,00,000/- രൂപയും ഉൾപ്പെടെ ആകെ 30,50,000/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ വകയിരുത്തകയുണ്ടായി. ഇതിനായി അപ്പന്റിക്സ് എ, ബി, സി എന്നിങ്ങനെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. ഇതിൽ അപ്പന്റിക്സ് എ യിൽ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനുള്ള സിവിൽ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിർമ്മിതി കൺസ്ട്രക്ഷൻ എന്ന കമ്പനിയ്ക്കാണ് പ്രവൃത്തി ഏൽപ്പിച്ചു കൊടുത്തത്. സെലക്ഷൻ നോട്ടീസ് പ്രസ്തുത കമ്പനി കൈപ്പറ്റിയത് 18.07.2018 നാണ്. 2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ ഖണ്ഡിക 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ വെയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം പി.എ.സി. യുടെ 1% പിഴ ഈടാക്കിയും ഉടമ്പടി വെക്കാവുന്നതാണ്. പ്രസ്തുത സമയ പരിധിക്കകം ഉടമ്പടി വെയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കേണ്ടതാണ്. മേൽ പ്രവൃത്തിയുടെ കരാർ വെച്ചത് 08.02.2019 നാണ്. കരാർ റദ്ദാക്കിയില്ലെന്ന് മാത്രമല്ല നിയമപരമായി ഈടാക്കേണ്ടിയിരുന്ന പിഴ ഈടാക്കാതെ പ്രവൃത്തി പൂർത്തീകരണ ശേഷം അവസാന ബില്ലിൽ നിന്നും 12.06.2019 ന് താഴെ പറയും പ്രകാരമുള്ള കിഴിവുകൾ കിഴിച്ച് 1,75,271/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 2,06,201 |
| (-) ഐ.ടി.(2%) | 4,124 |
| (-) ക്ഷേമനിധി വിഹിതം | 2,062 |
| (-) CGST | 2,062 |
| (-) SGST | 2,062 |
| (-) Retention | 20,620 |
| ആകെ | 1,75,271 |

ഈടാക്കേണ്ടിയിരുന്ന പിഴ

| | |
|---|---|
| PAC | 4,51,446 |
| പിഴ (1%) | 4,514 |

ഇത് സംബന്ധിച്ച് 02.09.2021 ന് നൽകിയ അന്വേഷണക്കുറിപ്പിന്റ (39/2019-20) 25.09.2021 ന ലഭ്യമാക്കിയ മറുപടിയിൽ റീ ടെൻഷൻ തുക കരാറുകാരന് തിരികെ നൽകുന്ന സമയത്ത് ഫൈൻ തുക നഗരസഭാ അക്കൗണ്ടിലേക്ക് മാറ്റി ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. 4,514/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-11 ഓഫർ/കരാർ വ്യവസ്ഥകൾക്കു വിരുദ്ധമായി ലഭ്യമാക്കിയ കമ്പ്യൂട്ടറുകൾ കൈപ്പറ്റി, വ്യത്യാസം സർക്കാറിനെ അറിയിച്ചില്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ എന്നിവ വാങ്ങൽ |
| പദ്ധതി നം | 22/19 |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ഫയൽ നം. | പി2/63172/18 |

2018-19 വർഷത്തെ പ്രോജക്ടിൽ ഉൾപ്പെടുത്തി 39 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾക്കും 25 ലേസർ പ്രിന്ററുകൾക്കും CPRCS പോർട്ടലിലൂടെ 14.08.2018 ന് ഓർഡർ നൽകി. 19.07.2018 ലെ പ്രൊഫോർമ ഇൻവോയ്സുകൾ പ്രകാരം (ITBG/P1/RC/2652, 2653) ലേസർ പ്രിന്ററിന് 10872/- രൂപയും ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറിന് 38,533/- രൂപയുമാണ് സേവനദാതാവായ കെൽട്രോൺ വില രേഖപ്പെടുത്തിയത്. ആയതിന്റെ അടിസ്ഥാനത്തിൽ കമ്പ്യൂട്ടറുകൾക്ക് 15,02,787/- രൂപയും (39 X 38533) ലേസർ പ്രിന്ററുകൾക്ക് 2,71,800/- രൂപയും (25 X 10,872) ഉൾപ്പെടെ 17,74,587/- രൂപ 14.08.2018 ന് കേരള ഐ.ടി.മിഷന്റെ അക്കൗണ്ടിലേക്ക് വികസന ഫണ്ടിൽ നിന്നും ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

ഏന്നാൽ കെൽട്രോണിന്റെ കോഴിക്കോടുള്ള ശാഖയിൽ നിന്നും 24.12.2018 ലെ Ksedc/c17/OA/259/2018 നമ്പർ കത്ത് പ്രകാരം HP(OEM) ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകളുടെ വില വർദ്ധിച്ചതിനാൽ മുൻകൂർ അടവാക്കിയ തുകയ്ക്ക് 39 കമ്പ്യൂട്ടറുകൾ വിതരണം ചെയ്യാൻ നിർവ്വാഹമില്ലെന്നും പകരം 36 കമ്പ്യൂട്ടറുകൾ വിതരണം ചെയ്യാമെന്നും നഗരസഭയെ അറിയിച്ചു. പ്രിന്ററുകൾ 19.12.2018 നും കമ്പ്യൂട്ടറുകൾ 04.02.2019 ന മാണ് നഗരസഭയിൽ ലഭിച്ചത്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

(1) 14.08.2018 ന് ഓർഡർ ചെയ്ത സാധനങ്ങളിൽ പ്രിന്റർ 19.12.2018 ന് അതായത് 4 മാസം കഴിഞ്ഞിട്ടും കമ്പ്യൂട്ടറുകൾ 04.02.2019 ന് അതായത് 5 മാസം കഴിഞ്ഞിട്ടുമാണ് കോർപ്പറേഷനിൽ ലഭ്യമായത്. കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് കെൽട്രോണിൽ പണമടച്ചുവെങ്കിലും കമ്പ്യൂട്ടർ ലഭിക്കാൻ കാലതാമസമെടുത്ത നഗരസഭകൾ ഇത് സംബന്ധിച്ച വിശദാംശങ്ങൾ എത്രയും പെട്ടന്ന് ലഭ്യമാക്കാൻ 24.12.2018 ലെ ഡി.സി.4/27858/18 നമ്പർ കത്ത് പ്രകാരം നഗരകാര്യ ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇക്കാര്യത്തിൽ കോർപ്പറേഷനിൽ നിന്നും യഥാസമയം നടപടികൾ സ്വീകരിച്ചിട്ടില്ല. മാത്രമല്ല 2018 ലെ സ്റ്റോർ പർച്ചേസ് മാന്വലിലെ ഖണ്ഡിക 5.25 പ്രകാരം സാധനങ്ങളുടെ ലഭ്യത സംബന്ധിച്ച അപാകതകൾ വാങ്ങൽ നടത്തുന്ന ഉദ്യോഗസ്ഥൻ സ്റ്റോർ പർച്ചേസ് വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

(2) കേരള ഐ.ടി.മിഷന് മുൻകൂറായി 15,02,787/- രൂപ നൽകിയെങ്കിലും 36 കമ്പ്യൂട്ടറുകൾക്ക് 14,85,324/- രൂപയാണ് 26.02.2019 ലെ TVM/ITBG /RC/818/18-19 നമ്പർ ഇൻവോയ്സ് പ്രകാരം രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ 17,463/- രൂപ തിരികെ ലഭിക്കാൻ നടപടികൾ സ്വീകരിക്കുന്നതിന് പകരം 13.05.2019 ൽ വീണ്ടും കമ്പ്യൂട്ടറുകളും പ്രിന്ററുകളും സ്കാനറുകളും വാങ്ങുന്നതിന് 5,23,374/- രൂപ കെൽട്രോണിന്റെ അക്കൗണ്ടിലേക്ക് നഗരസഭയുടെ വികസന ഫണ്ടിൽ നിന്നും അടക്കുകയാണ് ചെയ്തത്. അധികം അടച്ച 17,463/- രൂപ അഡ്ജസ്റ്റ് ചെയ്യുന്നതിന് നഗരസഭ ശ്രമിച്ചിട്ടില്ല,

(3) 39 കമ്പ്യൂട്ടറുകൾക്ക് ഓർഡർ നൽകിയ സമയത്ത് കമ്പ്യൂട്ടറിന്റെ വില 38,533/- രൂപയായിരുന്നെങ്കിലും 5 മാസം കഴിഞ്ഞ് കമ്പ്യൂട്ടർ വിതരണം ചെയ്ത സമയത്ത് ഒന്നിന് 41,259/- രൂപയാണ് വില വന്നത്. കരാർ ഒപ്പിട്ടാൽ കരാറിൽ മാറ്റ വ്യവസ്ഥ ഉൾപ്പെടുത്താത്തിടത്തോളം വ്യവസ്ഥകളിൽ പിന്നീട് മാറ്റം വരുത്താൻ കഴിയില്ല. യഥാസമയം വിതരണം ചെയ്യാൻ സാധിക്കാതിരുന്നത് കെൽട്രോണിന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. ഇത് സംബന്ധിച്ച് യഥാസമയം സർക്കാരിനെ ബോധ്യപ്പെടുത്തുന്നതിനുള്ള നടപടികൾ കോർപ്പറേഷന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല.
മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 27.8.2021 ന് നൽകിയ ഒബ്ജക്ഷൻ സ്ലിപ്പിന് നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല. യഥാസമയം വിതരണം ചെയ്യാത്തത് സംബന്ധിച്ച് സർക്കാറിന്റെ ശ്രദ്ധയിൽ പെടുത്തേണ്ടതും കെൽട്രോണിന്റെ അക്കൗണ്ടിലേക്ക് അധികം നൽകിയ 17,463/- രൂപ തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതുമാണ്.

# ഭാഗം -4

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 01.07.2020 മുതൽ 30.09.2021 വരെ | കെ.എസ്.എ.കെ.ഒ.സി.എ4/1040/2021 തീയതി : 03.01.2022 |

## 4-2 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

വിശദാംശങ്ങൾ ലഭ്യമല്ല.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ കെ.എസ്.ഇ.ബി, കെ.ഡബ്ല്യു.എ. തുടങ്ങിയ സ്ഥാപനങ്ങൾക്ക് ഡപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര്, നം | ബിൽ/ ചെക്ക് നം.തീയതി | മുൻകൂർ തുക | ചെലവഴിച്ച തുക | നീക്കിയിരിപ്പ് തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വിവിധ അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ, 695/20 | 16/19-20, 06.06.2019 | 160000 | ------ | 160000 |
| | കുടിവെള്ള വിതരണ പദ്ധതി പൈപ്പ് ലൈൻ നീട്ടൽ, 543/20 | 2/19-20 14.06.2019 | 3357714 | ------ | 3357714 |
| കെ.എസ്. ഇ.ബി | കണ്ണാടിക്കൽ - പൂളക്കടവ് റോഡിൽ സ്ട്രീറ്റ് മെയിൻ വലിച്ച് എൽ.ഇ.ഡി.ലൈറ്റുകൾ സ്ഥാപിക്കൽ, 509/20 | 14/19-20, 14.11.2019 | 192886 | ------ | 192886 |
| | | | 3710600 | | 3710600 |

## 4-4 വായ്പ/വായ്പ തിരിച്ചടവ്.

ഓഡിറ്റ് വർഷം കോർപ്പറേഷന് വായ്പയിനത്തിൽ 16,47,20,000/- രൂപയുടെ വരവുണ്ട്. നിലവിൽ അവശേഷിക്കുന്ന വായ്പകളുടെയും, തിരിച്ചടവിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| പി.എം.എ.വൈ. (KURDFC) | 179360000 (തൻവർഷം ലഭിച്ചത് 164720000 + മുൻബാക്കി 14640000) | 14640000 | 16520000 | | 162840000 |
| സ്റ്റേഡിയം ഫ്ലഡ് ലൈറ്റ് (HUDCO) | 50068000 | 14994000 | 3703662 | 1500182 | 11290338 |
| അമൃത് പദ്ധതി | 99300000 | 92366486 | 7466636 | 7076878 | 84899850 |

2019-20 സാമ്പത്തിക വർഷത്തിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി.6 ൽ (Unsecured Loans) എന്ന ഹെഡ്ഡിൽ 01.04.2017 മുതൽ നഗരസഭയോട് കൂട്ടി ചേർക്കപ്പെട്ട കോഴിക്കോട് വികസന അതോറിറ്റിയുടെ ലോൺ ഇനത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള 12,54,26,983/- രൂപയും ചേർത്തിട്ടുണ്ട്. കോഴിക്കോട് വികസന അതോറിറ്റിയുടെ 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 4.2 പ്രകാരം 7,48,93,861/- രൂപയുടെ വായ്പയാണ് തിരിച്ചടയ്ക്കാനുള്ളത്. ( ഓഡിറ്റ് റിപ്പോർട്ട് നം. കെ.എസ്.എ.കെ.ഒ.സി/എ.7/268/2018, തീയ്യതി.23.03.2018). കോഴിക്കോട് വികസന അതോറിറ്റി 1981 മുതൽ 2005 വരെയുള്ള കാലയളവിൽ 12 ഇനങ്ങൾക്കായി സർക്കാരിൽ നിന്നും ലഭ്യമാക്കിയതാണ് മേൽ വായ്പകൾ. വായ്പ തുകയും, ആയതിന്റെ പലിശയും ഗ്രാന്റ് ഇൻ എയ്ഡ് ആക്കി മാറ്റുന്നതിന് സി.ഡി.എ. പല തീയ്യതികളിലായി സർക്കാരിലേയ്ക്ക് അപേക്ഷിച്ചിട്ടുണ്ട്. (14.12.2015, 31.12.2015, 26.04.2016 തിയ്യതികളിലെ നം.54/ബി4/81/സി.ഡി.എ കത്തുകൾ). 12.08.2016ലെ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ തസ്വഭവ/ഐ.എ.4/817/16 നമ്പർ കത്തിലൂടെ പ്രസ്തുത തുക സർക്കാർ സി.ഡി.എ.യ്ക്ക് മൂലധന ആസ്തികളുടെ രൂപീകരണത്തിന് നൽകുന്ന ബഡ്ജറ്റ് വിഹിതത്തിൽ നിന്നും മൂന്ന് ഗഡുക്കളായി കുറവു വരുത്തുന്നതിനും, അതിനു ശേഷം ബാക്കി നിൽക്കുന്ന പലിശ തുക സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കുന്നതിനുള്ള സാധ്യതയുമാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഇതു സംബന്ധിച്ച അന്തിമ തീരുമാനം ലഭ്യമായിരുന്നില്ല.

10.03.2017 ലെ സ.ഉ (കൈ) നം. 54/2017/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം കോഴിക്കോട് ഉൾപ്പെടെയുള്ള വികസന അതോറിറ്റികളുടെ പ്രവർത്തനം സർക്കാർ അവസാനിപ്പിച്ചിട്ടുണ്ട്. ഈ അതോറ്റികളുടെ ആസ്തി - ബാധ്യതകൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിനുള്ള മാർഗനിർദേശങ്ങളും മറ്റ് വ്യവസ്ഥകളും സംബന്ധിച്ച് 30.03.2017 ലെ (കൈ).നം.73/2017/ത.സ്വ.ഭ.വ. ഉത്തരവിൽ സർക്കാർ പുറപ്പെടുവിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ നഗരസഭക്ക് കോഴിക്കോട് വികസന അതോറിറ്റിയുടെ ആസ്തി - ബാധ്യതകൾ കൈമാറി. എന്നാൽ കോഴിക്കോട് വികസന അതോറിറ്റി നിർത്തലാക്കിയ ശേഷം ചെയ്യേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദീകരിച്ച് പിന്നീട് സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാത്തതിനാൽ നഗരസഭയിൽ നിന്നും തുടർനടപടികളും സ്വീകരിച്ചിട്ടില്ല. വികസന അതോറിറ്റിയുടെ ആസ്തി - ബാധ്യതകൾ നഗരസഭക്ക് കൈമാറിയ വേളയിൽ സ്വകാര്യ ചാർട്ടേഡ് അക്കൗണ്ടന്റ് തയ്യാറാക്കിയ വാർഷിക കണക്കുകൾ പ്രകാരമുള്ള വായ്പ ബാദ്ധ്യതയാണ് 12,54,26,983/- രൂപ. മേൽ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങളുടേയും ഓഹരികളുടേയും വിവരങ്ങൾ.

2019-20 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പ്രകാരം 31.03.2020 വരെ ആകെ 2,92,03,527/- രൂപയുടെ ഇൻവെസ്റ്റ്മെന്റ് ഉണ്ട്. സ്ഥിരം നിക്ഷപമിനത്തിൽ 89,53,527/- രൂപയും, ഓഹരി നിക്ഷേപമിനത്തിൽ 2,02,50,000/- രൂപയും. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 28722577 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശയിനത്തിൽ ലഭിച്ചത്) | 480950 |
| ആകെ | 29203527 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 29203527 |

1. സ്ഥിര നിക്ഷേപം (31.03.2020 ലെ സ്ഥിതി വിവരം)

| | ബാങ്ക്/ ട്രഷറി | രശീതി നം | തുക |
|---|---|---|---|
| 1 | ട്രഷറി, കോഴിക്കോട് | 500698284 | 2739000 |
| 2 | | 500669292 | 3295805 |

| | | | |
|---|---|---|---|
| 3 | പഞ്ചാബ് നാഷണൽ ബാങ്ക്, മീഞ്ചന്ത | 431600PR0000722 | 629106 |
| 4 | കെ.ഡി.സി. ബാങ്ക്, ഫറോക്ക് | 6180752044 | 539385 |
| 5 | കെ.ഡി.സി. ബാങ്ക്, കല്ലായ് | 1807520131 | 309841 |
| 6 | കെ.ഡി.സി. ബാങ്ക്, കല്ലായ് | 1807520132 | 309841 |
| 7 | കെ.ഡി.സി. ബാങ്ക്, കല്ലായ് | 1807520133 | 582734 |
| 8 | കെ.ഡി.സി. ബാങ്ക്, ബേപ്പൂർ | 1807520005 | 547815 |
| ആകെ | | | 8953527 |

2. ഓഹരി നിക്ഷേപം (31.03.2020 ലെ സ്ഥിതി വിവരം)

| | സ്ഥാപനം | നം | തുക |
|---|---|---|---|
| 1 | ക്ലീൻ കേരള കമ്പനി | 48 | 10000000 |
| 2 | | 62 | 10000000 |
| 3 | കോഴിക്കോട് ജില്ല സഹകരണ ആശുപത്രി | 2820 | 2500 |
| 4 | മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | 21 | 1000 |
| 5 | കെ.യു.ഡി.എഫ്.സി. | | 100000 |
| 6 | കെ.യു.ഡി.എഫ്.സി. (മുൻ സി.ഡി.എ. യിൽ നിന്ന് കൈമാറിയത്) | | 141500 |
| 7 | കാലിക്കറ്റ് കോ-ഓപ്പറേറ്റീവ് ഫാംസ് & ഫീഡ്സ് ലിമിറ്റഡ് | | 5000 |
| ആകെ | | | 20250000 |

## 4-6 ഓഡിറ്റ് റിക്കവറി.

ഓഡിറ്റ് റിക്കവറി രേഖപ്പെടുത്തുന്നതിനായി കോർപ്പറേഷനിൽ പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടതും നഷ്ടം ഈടാക്കിയതായി ഓഡിറ്റ് കാലയളവിൽ അറിയിപ്പ് കിട്ടിയതുമായ 1515177/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട്, ഖ.നം./ഒ.എസ്. വർഷം | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | അടവാക്കിയ തുക | രശീത്, ചെക്ക്, ചലാൻ നം, തീയതി |
|---|---|---|---|
| ഒ.എസ്.14/2018-19, 02.08.2019 | ശ്രീ.റംസി ഇസ്മയിൽ<br>കുടുംബശ്രീ പ്രോജക്റ്റ് ഓഫീസർ | 1135000 | 2076577, 07.09.2019 (ചെക്ക്) |
| ഓ.എസ്.129/2018-19, 28.01.2020 | ലഭ്യമല്ല | 44634<br>32661<br>78500<br>11122 | 119020122050, 05.11.2019<br>119060115619, 14.10.2019<br>119390142537, 18.03.2020<br>119390500883, 19.10.2019 |
| ഓ.എസ്.79/18-19, 27.11.2019 | കെ.എസ്.ആർ.ടി.സി. ഡിപ്പോ മാനേജർ, കോഴിക്കോട് | 1102<br>340<br>106 | 34968, 16.11.2019<br>34969, 16.11.2019<br>34970, 16.11.2019 |
| ഓ.എസ്.31/2018-19, 16.09.2019 | അധികമായി നൽകിയ വാഷിംഗ് അലവൻസ് ഈടാക്കിയത് | 8800 | ശമ്പളത്തിൽ നിന്നും റിക്കവറി |
| ഓ.എസ്.131/2018-19, 28.01.2020 | നഗരസഭയുടെ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത കരാറുകാരിൽ നിന്നും<br>ഈടാക്കിയ തൊഴിൽ നികുതി | 150000 | ബില്ലുകളിൽ നിന്നും റിക്കവറി |

| | | | |
|---|---|---|---|
| 2017-18, 3-30 | ശ്രീ.നരേന്ദ്രൻ.കെ | 99,363 | 01/119060105789, 14.06.2019 |
| 2017-18, 3-47 | ശ്രീമതി.സാജിത.കെ.പി. | 480 | 07/11908105227, 29.06.2019 |
| കെ.എ.എസ്.കെ.ഒ.സി/ എ.7/247/2019, 8/3/18 | ശ്രീ.ഷമിനാസ് | 2350 | 11908101973, 07.05.2019 |
| | | 1515177 | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

കോഴിക്കോട് കോർപ്പറേഷന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | | വിഷയം |
|---|---|---|---|---|
| 1996-97 | 22(ii) | 1998 | അദ്ധ്യായം II.ഖ.iii(1) | വാടക കരാറുകളിലെ സ്റ്റാമ്പ് ഡ്യൂട്ടി കുറവ്-സർക്കാരിന് നഷ്ടം |
| | 22.IX | | അദ്ധ്യായം II.ഖ.iii(3) | വാടക നിരക്ക് പരിഷ്കരിക്കാത്തതിനാൽ നഗരസഭയ്ക്ക് നഷ്ടം |
| 1997-98 | 21(E),(F), (I) | 1999-2000 | അദ്ധ്യായം V.ഖ.3(എ) | സ്വത്തുനികുതി പിരിവിലെ നഷ്ടം |
| 1998-99 | 46<br>(14) | 2000-01 | അദ്ധ്യായം V.ഖ.4(b) | കോർപ്പറേഷൻ പരിധിക്ക് പുറത്തുള്ള സോപ്പ് നിർമ്മാണ യൂണിറ്റിന് ധനസഹായം നൽകി-2,00,000/- രൂപ |
| | 47(1)(a) | | അദ്ധ്യായം V.ഖ.4(d) | വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് നൽകിയ 27 ലക്ഷത്തിൽപ്പരം രൂപയുടെ ധനസഹായം ചട്ടവിരുദ്ധം |
| | 47(1)(b) | | അദ്ധ്യായം V. ഖ.4(e) | കൃത്രിമ വൈരക്കല്ല് നിർമ്മാണ പരിശീലനം സ്വകാര്യ ഏജൻസിക്ക് നൽകിയ<br>1,26,000/-രൂപ നഷ്ടമായി |
| 1999-00 | 53 | 2001-02 | അദ്ധ്യായം VI.ഖ.1.5(i) | കോടതി വിധി-നടപ്പിലാക്കിയതിൽ അനാസ്ഥ-പാഴ്ച്ചെലവ് 1,66,140/-രൂപ |
| | 65 | | അദ്ധ്യായം VI.ഖ.1.5(ii) | റോഡ് പണി-അളവ് കൂട്ടി എഴുതൽ<br>ധനനഷ്ടം- 63,157/-രൂപ |

| | | | | |
|---|---|---|---|---|
| | 66 | | അദ്ധ്യായം VIൽ ഖ.1.5(iii) | ഓവ്ചാലിൽ നിന്ന് മണ്ണ് നീക്കം ചെയ്യൽ - ധനദുർവിനിയോഗം |
| | 70 | | അദ്ധ്യായം VI.ഖ.1.5(v) | പദ്ധതി വിഹിതത്തിൽ നിന്ന് പിഴപലിശ അടച്ചത്-അംഗീകരിക്കുന്നില്ല |
| | 73 | | അദ്ധ്യായം VI.ഖ.1.5(vi) | എസ്.കെ.പൊറ്റക്കാട്-സംസ്കാരിക നിലയം നിർവ്വഹണത്തിൽ പാഴ്ച്ചെലവ് |
| | 74 | | അദ്ധ്യായം VI.ഖ.1.5(vii) | വിദ്യാലയങ്ങൾക്ക് ഫർണ്ണീച്ചർ വാങ്ങി നൽകൽ സ്റ്റോർ പർച്ചേസ് ചട്ട ലംഘനം |
| | 76 | | അദ്ധ്യായം VI.ഖ.1.5(viii) | വീട്ട് വളപ്പിൽ മണ്ണിട്ട് നികത്തൽ - ധനദുർ-വിനിയോഗവും ഉത്തരവുകളുടെ ലംഘനവും |
| 1999-00 ഡി. സി.ബി | 27.3 | 2002-03 | അദ്ധ്യായം VII.ഖ.III 5(i) | തൊഴിൽ നികുതി ചുമത്താൻ വിട്ടുപോയത്-ലക്ഷങ്ങളുടെ നഷ്ടം |
| | 27.4 | | അദ്ധ്യായം VII.ഖ.III 5(ii) | തൊഴിൽ നികുതി കുടിശ്ശിക കാലഹരണപ്പെട്ടു |
| | 30.2 | | അദ്ധ്യായം VII.ഖ.III 5(iii) | ലൈസൻസ് ഫീസ് പിരിച്ചതിൽ കുറവ്-നഷ്ടം 81,713 രൂപ |
| | 32 | | അദ്ധ്യായം VIIഖ.III 5(iv) | ബസ്സ്റ്റാന്റ് ഫീസ്-കുടിശ്ശിക വസൂലാക്കിയില്ല |
| | 33 | | അദ്ധ്യായം VIIഖ.III 5(v) | ലൈസൻസുകൾ യഥാസമയം പുതുക്കാതെ നഗരസഭ വക മുറികൾ കൈവശം വയ്ക്കുന്നത് സംബന്ധിച്ച് |
| | 35,36 | | അദ്ധ്യായം VIIഖ.III .5(vi) | ലൈസൻസ് ഫീസ് ഈടാക്കിയില്ല-നഷ്ടം 2,55,762/-രൂപ |
| | 39(4) | | അദ്ധ്യായം VIIഖ.III.5(vii) | വാടകക്കാർക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകിയതിലെ നഷ്ടം-19,144/-രൂപ |
| | 39(5) | | അദ്ധ്യായം VIIഖ.III.5(viii) | വാടകക്കാരിൽ നിന്നും വാങ്ങിയ ഡെപ്പോസിറ്റ് ദ്രവ്യങ്ങൾ നഗരസഭഫണ്ടിൽ വരവു വയ്ക്കാത്തതും, വൈദ്യുതി ചാർജ്ജ് വസൂലാക്കാത്തതും സംബന്ധിച്ച് |
| | | | അദ്ധ്യായം VIII ക്രമനം.12 | പ്രജനന ശൈശവ ആരോഗ്യ പദ്ധതിയിൽ കീഴിലെ കെട്ടിട നിർമ്മാണ പ്രവർത്തികൾ - കെ.നിർ.തൊ. ക്ഷേമനിധി -1,24,499/- ആദായ നികുതി - 21,925/- സെൽഫ് ചെക്ക് മാറിയെടുത്ത് പണാപഹരണം നടത്തി |
| | | | അദ്ധ്യായം VIII ക്രമനം.13 | സർക്കാർ വായ്പ തിരിച്ചടവ് നടത്തുവാൻ പിൻവലിച്ച1,43,069/-, 3,01,515/-, 1,73,583/- രൂപ അടവാക്കിയില്ല എന്ന് കോർപ്പറേഷൻ സെക്രട്ടറി റിപ്പോർട്ട് |
| 2000-01 | 34(3,4,5) | 2003-04 | അദ്ധ്യായം 7.5(1) | ലൈസൻസ് ഫീസ് ഈടാക്കിയില്ല കോഴിക്കോട് നഗരസഭയ്ക്ക് വൻ നഷ്ടം |
| | 95(5,6,8,9,10, 11,12) | | അദ്ധ്യായം 7.5(2) | യു.പി.എ.സെൽ 98,439/- രൂപയുടെ ക്രമക്കേട് |
| | 28(4), 31(3) | | അദ്ധ്യായം 7.5(3) | നികുതി വരവിൽ വൻനഷ്ടം |
| | 92 (1) | | അദ്ധ്യായം 7.5(5) | സബ്സിഡി അധികം നൽകി |
| | 96(4) | | അദ്ധ്യായം 7.5(6) | 1,46,424/- രൂപയുടെ ധനാപഹരണം |
| 2001-02 | 27(12),27(3) | 2004-05 | അദ്ധ്യായം 4.1.5(1) | വസ്തു നികുതി കുടിശ്ശിക പിരിക്കുന്നില്ല. ലക്ഷങ്ങൾ നഷ്ടപ്പെടുന്നു. |
| | 31(10) | | അദ്ധ്യായം 4.1. 5(2) | വാടക 14.3 ലക്ഷം കുടിശ്ശിക |
| | 71 | | അദ്ധ്യായം 4.1.5(4) | സെൻട്രൽ മാർക്കറ്റ് പുനഃനിർമ്മാണത്തിൽ അപാകതകൾ |
| | 72(13) | | അദ്ധ്യായം 4.1.5(5) | ഇൻസിനേറ്റർ സ്ഥാപിച്ചില്ല പദ്ധതിപ്പണം പാഴാകുന്നു. |
| | 74(4) | | അദ്ധ്യായം 4.1.5(6) | ഭവന നിർമ്മാണ വായ്പ തിരിച്ചടയ്ക്കാൻ യു.പി.എ.ഫണ്ട്-20.2 ലക്ഷം വകമാറ്റി |
| 2002-03 | 3-11 | 2005-06 | അദ്ധ്യായം 3.5(1) | കമേഴ്സ്യൽ കോംപ്ലക്സ് കം-സ്റ്റേഡിയം നിർമ്മാണത്തിൽ അപാകത-നഷ്ടം |
| | 3-12 | | അദ്ധ്യായം 3.5(2) | നിയന്ത്രണ മേഖലയിൽ ചട്ടം ലംഘിച്ച് ഓപ്പൺ എയർ സ്റ്റേജ് |
| | 3-13 | | അദ്ധ്യായം 3.5(3) | താമരക്കുളം നവീകരണത്തിൽ അപാകത |
| | 3-15 | | അദ്ധ്യായം 3.5(4) | ബുൾഡോസർ വാടക-അധിക നിരക്ക് നൽകി |

| | | | | |
|---|---|---|---|---|
| | 3-20 | | അദ്ധ്യായം 3.5(5) | സോഫ്റ്റ് വെയർ ടെക്നോളജി പാർക്ക്-പദ്ധതിപ്പണം പാഴായി |
| | 3-21 | | അദ്ധ്യായം 3.5(6) | സോഫ്റ്റ് വെയർ ടെക്നോളജി പാർക്ക് പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| | 2-19 | | അദ്ധ്യായം 3.5(7) | ലൈസൻസ് ഫീസ് വർദ്ധന കുടിശ്ശിക ഈടാക്കിയില്ല |
| 2003-04 | 1-6 | 2006-07 | ഖ.4.5.1 | നികുതി പിരിവിന്റെ പുരോഗതി ഫലപ്രദമായ നടപടികൾ ഉണ്ടാകുന്നില്ല |
| | 2-6 | | ഖ.4.5.2 | വസ്തു നികുതി-മിനിമം നികുതി ഈടാക്കി വരുന്നില്ല-20 ലക്ഷത്തോളം രൂപയുടെ ആവർത്തന നഷ്ടം |
| | 3-2 | | ഖ.4.5.3 | പി.എസ്.സി.റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ ദിവസ ക്കൂലി അടിസ്ഥാനത്തിൽ വർക്ക് സൂപ്രണ്ടുമാരെ നിയമിച്ചത് അംഗീകരിക്കുന്നില്ല |
| | 3-5 | | ഖ.4.5.4 | കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയ ശുദ്ധജല വിതരണം-10.05 കോടി രൂപ 15 വർഷം കഴിഞ്ഞിട്ടും ലഭിച്ചില്ല |
| | 3-6 | | ഖ.4.5.5 | സ്റ്റേഡിയം കം - ഷോപ്പിഗ് കോംപ്ലക്സ് നിർമ്മാണം വായ്പ തിരിച്ചടയ്ക്കുന്നതിൽ വീഴ്ച442.32 ലക്ഷം രൂപയുടെ അധിക ബാധ്യത |
| | 3-14 | | ഖ.4.5.6 | നീലിച്ചിറയുടെ പുനരുജ്ജീവന പദ്ധതി-നടപ്പിലാക്കിയതിലെ അപാകതകൾ |
| | 3-22 | | ഖ.4.5.7 | 62.6 ലക്ഷം രൂപ അധികമായി സർക്കാരിലേയ്ക്ക് തിരിച്ചടച്ചു -ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അഭാവം |
| | 3-23 | | ഖ.4.5.8 | കുടിവെള്ള പദ്ധതികൾ - ഡെപ്പോസിറ്റ് പ്രവർത്തികൾ പൂർത്തീകരിച്ചിട്ടില്ല |
| | 3-27 | | ഖ.4.5.9 | കേരള വികസന പദ്ധതി 2003-04 പദ്ധതിപ്പണം പാഴായി |
| | 3-32 | | ഖ.4.5.10 | എൻ.എസ്.ഡി.പി.പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ |
| | 3-33 | | ഖ.4.5.11 | വാത്മീകി അബേത്കർ ആവാസ് യോജന പദ്ധതി അപാകതകളും സാമ്പത്തിക നഷ്ടവും |
| 2004-05 | 2-11 | 2007-08 | ഖ.4.2.1 | നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടമുറികൾ ലൈസൻസിനു നൽകാതെ ഒഴിഞ്ഞു കിടക്കുന്നത് വരുമാന നഷ്ടമുണ്ടാക്കി |
| | 2-24 | | ഖ.4.2.2 | നഗരസഭയുടെ ലൈസൻസ് വ്യവസ്ഥയിൽ നൽകിയ സ്ഥലത്തിന്റെ കുടിശ്ശികഈടാക്കുകയോ സ്ഥലം തിരികെ ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല |
| | 3-1 | | ഖ.4.2.3 | മെയിന്റനൻസ് ഗ്രാൻന്റ്-ആസ്തി നിർമ്മാണ പ്രവൃത്തികൾക്ക് വകമാറ്റി ചെലവഴിച്ചു |
| | 3-10 | | ഖ.4.2.4 | വിവാഹ ധനസഹായം-1.36 കോടി രൂപ നഗരസഭ ഫണ്ടിൽ നീക്കിയിരിപ്പായി അവശേഷിക്കുന്നു |
| | 3-14 | | ഖ.4.2.5 | നഗരസഭ ഓഫീസ് കമ്പ്യൂട്ടർവത്കരണം ലക്ഷങ്ങൾ ചെലവഴിച്ചെങ്കിലും ലക്ഷ്യം കൈവരിച്ചില്ല |
| 2005-06 | | 2008-09 | ഖ.2.6 | തനതു ഫണ്ടിന്റെ സംഭരണം |
| | 3-14-5 | | ഖ.3.2.3 | മോഡൽ സോലിഡ് വേസ്റ്റ് മാനേജ്മെന്റ്ഫണ്ട് വക മാറ്റിയതിനാൽ പലിശയിനത്തിൽ 4 ലക്ഷത്തിൽപ്പരം രൂപയുടെ നഷ്ടം |
| | 3-27 | | ഖ.3.4.4 | മൈത്രി ഭവനപദ്ധതി-ഭവനനിർമ്മാണ ബോർഡിൽ ഡെപ്പോസിറ്റ് ചെയ്ത 28,12,500 വിനയോഗിച്ചിട്ടില്ല |
| | 3-14-7 | | ഖ.3.5.13.എ | ശാരീരിക വൈകല്യങ്ങൾ നേരിടുന്നവർക്ക് സഹായ ഉപകരണങ്ങൾ വിതരണം-ക്രമക്കേട് |
| | 3-8 | | ഖ.3.5.13.ബി | ഖരമാലിന്യ സംസ്കരണ പ്ലാന്റിലെ തിരസ്കരണി മാറ്റൽ-കരാർ വ്യവസ്ഥ പാലിക്കാതെ അധിക നിരക്കിൽ ടെണ്ടർ നൽകിയതുവഴി നഷ്ടം |
| 2007-08 | | 2009-10 | ഖ.2-2 | ബജറ്റ് തയ്യാറാക്കുന്നതിലെ പിഴവുകൾ |
| | 1-8 | | ഖ.2-3 | ഗ്രാമ വാർഡ്സഭകളിലും കമ്മിറ്റികളിലും പങ്കാളിത്തം ഉറപ്പുവരുത്തുന്നില്ല |
| | 3(8)(6) | | ഖ.2-10 | പദ്ധതി വിനിയോഗ രേഖകൾ ലഭ്യമാക്കുന്നതിൽ വീഴ്ച |
| | 2-3(2) | | ഖ.3-1-7(i) | തൊഴിൽ നികുതി ചട്ടം 3(2) പ്രകാരമുള്ള നികുതി ഈടാക്കുന്നില്ല |
| | 2-4 | | ഖ.3-1-7(ii) | നഗരസഭ കെട്ടിടങ്ങൾ ലൈസൻസ് ഫീസ് വ്യവസ്ഥയിൽ നൽകുന്നത്-യഥാസമയം ലൈസൻസ് പുതുക്കാതെയും കരാർ ചമയ്ക്കാതെയും മുറികൾ |

| | | | | |
|---|---|---|---|---|
| | | | | കൈവശം വെയ്ക്കുന്നതിന് അവസരം നൽകുന്നു |
| | 3-1 | | ഖ.3-3-3(i) | പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ വകമാറ്റി ചെലവഴിക്കുന്നു |
| | 3-7(14) | | ഖ.3-4-4(i) | വികസനഫണ്ടിൽ നിന്നും പിൻവലിച്ച തുക വിനിയോഗിക്കാതെ മാസങ്ങളോളം ബാങ്കേഴ്സ് ചെക്കായി സൂക്ഷിച്ചു |
| | 3-7(5) | | ഖ.3-7-12(i) | സമ്പൂർണ്ണ ഊർജ്ജസുരക്ഷ പദ്ധതിക്കായുള്ള ദ്വിവർഷ പ്രോജക്ട്-രണ്ട് പദ്ധതി വർഷം പിന്നിട്ടിട്ടും പ്രവർത്തനം ആരംഭദശയിൽ തന്നെ |
| | 3-7(9) | | ഖ.3-7-12(ii) | വ്യവസായ മേഖലയ്ക്ക് നീക്കിവച്ച വികസനഫണ്ടിന്റെ 2% പോലും വിനിയോഗിച്ചില്ല |
| 2008-09 | 2-4-2 | 2010-11 | ഖ.2-5 | വരുമാന വർദ്ധനവിനുള്ള നടപടികളുടെ അഭാവം-ഏകദിന പെർമിറ്റ് ലൈസൻസ് രാജിയാക്കൽ ഫീസ് ഇനത്തിലുള്ള നഷ്ടം-25,750/-രൂപ |
| | | | ഖ.2-11 | വർദ്ധിച്ചു വരുന്ന ഋണബാധ്യതകൾ-ഹഡ്കോ-5,22,80,000/-,കേരള സർക്കാർ-11,73,83,069/- |
| | 2-4-2 | | ഖ.5-1-9(1) | ഏകദിന പെർമിറ്റ്-ലൈസൻസ് അനുവദിച്ചതിലെ അപാകതയും,അനധികൃത നിർമ്മാണം ക്രമവത്കരിക്കാത്തതും |
| | 2-7 | | ഖ.5-1-9(2) | തടി നികുതി-ലേലസംഖ്യ മുഴുവനായും അടവാക്കിയതിന് രേഖകളില്ല |
| | 3-10-12 | | ഖ.5-3-17 | പരീക്ഷ കഴിഞ്ഞ് അധ്യാപക പരിശീലനം |
| 2009-10 | -- | 2011-12 | ഖ.2-3 | നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച |
| | -- | | ഖ.2-9 | മുനിസിപ്പൽ കണ്ടിജന്റ് പെൻഷൻ ഫണ്ട് രൂപീകരണം -സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല |
| | -- | | ഖ.3-1ൽ1-23 | പ്രവർത്തനാവലോകന റിപ്പോർട്ട്-കാർഷികപദ്ധതികളും കൃഷിഭവനും |
| | -- | | ഖ.3-2-1 മുതൽ 3-2-24 വരെ | പ്രവർത്തനാവലോകന റിപ്പോർട്ട്-തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ റോഡുപണികൾ |
| | -- | | ഖ.3-3-1 മുതൽ 3-3-16 വരെ | പ്രവർത്തനാവലോകന റിപ്പോർട്ട്-ശിശുക്ഷേമ പദ്ധതികളും അങ്കണവാടികളും |
| അവലോകനങ്ങൾ | -- | 2012-13 | ഖ.2-5 | ലഘു അവലോകന റിപ്പോർട്ട്-നഗരസഭകളും പരസ്യനികുതിയും |
| | -- | | ഖ.3-1-1 മുതൽ 3-1-7 വരെ | പ്രവർത്തനാവലോകനം-തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യ പരിപാലനം |
| | -- | | ഖ.3-3-1 മുതൽ 3-8 വരെ | പ്രവർത്തനക്ഷമതാ റിപ്പോർട്ട്-തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ആരോഗ്യമേഖലയും |
| പ്രവർത്തനക്ഷമത റിപ്പോർട്ടുകൾ | | 2013-14 | ഖ.5-1-5(7) മണ്ണ് ജലസംരക്ഷണ പ്രവർത്തനം കാര്യക്ഷമമല്ല | ജലസ്രോതസ്സുകളുടെ സംരക്ഷണവും കുടിവെള്ള പദ്ധതികളും,ഖ.V(1)-ഓഡിറ്റ് നിരീക്ഷണങ്ങൾ-പ്രോജക്ടുകളുടെ അവലോകനം |
| | | | ഖ.5-2-4(1) വാടക കെട്ടിട ത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും,ഖ5-3സി (8)-സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത സ്കൂളുകൾ |
| | | | ഖ.5-2-4(2) സ്കൂൾ കെട്ടിടങ്ങളുടെ അവസ്ഥ ശോചനീയം | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും,ഖ5-3സി (I)-കെട്ടിടങ്ങളുടെ അഭാവം |
| | | | ഖ.5-2-4(9) കളിസ്ഥലങ്ങൾ -വിദ്യാഭ്യാസ ചട്ടങ്ങൾ പാലിക്ക പ്പെട്ടിട്ടില്ല | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും,ഖ5-3സി III-കളിസ്ഥലം |
| | | | ഖ.5-2-4(18) സ്കൂൾ വിദ്യാഭ്യാസ മേഖലയ്ക്കും സർവ്വശിക്ഷ | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും,ഖ5-3സി-VII-5 -എസ്.എസ്.എ |
| | | | ഖ.5-3-5(2) ചെറുകിട വ്യവസായ മേഖലയിൽ വകയിരുത്തുന്ന തുകകൾ ശരിയാം വിധം ചെലവഴി ക്കുന്നില്ല | വികേന്ദ്രീകൃതാസൂത്രണവും വ്യവസായ തൊഴിൽ സംരഭങ്ങളും,ഖ.5-3-5(2)-ചെറുകിട വ്യവസായ മേഖലയിൽ വകയിരുത്തുന്ന തുകകൾ ശരിയാംവിധം ചെലവഴിക്കുന്നില്ല |
| | | | ഖ.5-3-5(3) പരാജയമടഞ്ഞ വ്യവസായ സംരഭങ്ങൾ | വികേന്ദ്രീകൃതാസൂത്രണവും വ്യവസായ തൊഴിൽ സംരഭങ്ങളും,ഖ.5-1-4(2)-കണ്ണഞ്ചേരി വനിത തൊഴിൽ പരിശീലനകേന്ദ്രം |
| | | | ഖ.5-3-5(19) കുടുബശ്രീ സംരഭങ്ങൾ പലതും സ്തംഭനാവസ്ഥയിൽ | വികേന്ദ്രീകൃതാസൂത്രണവും വ്യവസായ തൊഴിൽ സംരഭങ്ങളും,ഖ.5-1-6(2)-കുടുംബശ്രീ വിപണന കേന്ദ്രങ്ങൾ-വനിത വിപണനകേന്ദ്രം മാവൂർ റോഡ് |
| | | | ഖ.5-3-5(16) സർക്കാർ ഉത്തരവുകൾ | വികേന്ദ്രീകൃതാസൂത്രണവും വ്യവസായ തൊഴിൽ സംരഭങ്ങളും,ഖ.5-1-4(1)-സബ്സിഡി മാർഗ്ഗരേഖയ്ക്ക് |

| | | | | |
|---|---|---|---|---|
| | | | | വിരുദ്ധമായി പദ്ധതി നടപ്പിലാക്കി |
| ലഘു അവലോകനം | | | ഖ.6-2-3 വാടക ലൈസൻസ് ഫീ | പൊതുമാർക്കറ്റ്,ഷോപ്പുകൾ,ബസ്സ്റ്റാന്റുകൾ എന്നിവയുടെ വരുമാനം സംബന്ധിച്ച അവലോകനം-ലൈസൻസ് ഫീസ് നില<br>നിൽക്കുന്ന-ഏതാനും മുറികളുടെ വിശദാംശങ്ങൾ |
| | | | ഖ.6-3 ത.സ്വ.ഭ.വ.സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണം | ത.സ്വ.ഭ.വ.സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണം-പ്രൊക്യൂർമെന്റ് മാന്വൽ |
| | | | ഖ.6-3 -1 പ്രൊക്യൂർമെന്റ് കമ്മിറ്റി,<br>സോഷ്യൽ ഓഡിറ്റ്കമ്മിറ്റി എന്നിവയുടെ പ്രവർത്തനം | ത.സ്വ.ഭ.വ.സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണം-പ്രൊക്യൂർമെന്റ് മാന്വൽ,ഖ(ബി) |
| | | | ഖ.6-3-2 പ്രൊക്യൂർമെന്റ് സൈക്കിൾ-ആദ്യപടി പാലിക്കുന്നില്ല | ബ്രാന്റ് നെയിം പറഞ്ഞ് ക്വട്ടേഷൻ ക്ഷണിച്ചു, ടെണ്ടർ നടപടി കൂടാതെ കാറുകൾ വാങ്ങുന്നു |
| 2012-13 | ക്രമ നം.10 | 2014-15 | ഖ.2-1 | ഓഡിറ്റ് റിപ്പോർട്ടുകൾ ഭരണസമിതിയിൽ ചർച്ചയ്ക്ക് വിധേയമാക്കുന്നില്ല. |
| 2011-12 | ഖ.2-30 | | ഖ.3-4 | പെർമിറ്റ് ഫീസ് നഷ്ടം - 2812968/- രൂപ ലഭിച്ചു. |
| വിഷ<br>യാധി<br>ഷ്ഠിത അവലോകനം | (നിഷ്ക്രിയ ആസ്തകൾ)<br>ഖ.2- എ, ബി, സി,ഖ.5 | | ഖ.4-1-4 | ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ നിഷ്ക്രിയ; മാലിന്യങ്ങൾ കമിഞ്ഞുകൂടുന്നു. |
| | | | ഖ.4-1-5 | വ്യവസായ കേന്ദ്രങ്ങൾ - കെട്ടിട നിർമ്മാണത്തിൽ മാത്രം ഒതുങ്ങുന്നു. |
| | നദീതര സംരക്ഷണവും മണൽവാര്ല നിയന്ത്രണവും | | ഖ.4-2-6 | മണൽ വിൽപ്പനയിൽ നിന്നുള്ള തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വരവ്/ചെലവ് |
| | | | ഖ.4-2-7 | മണൽ വരവ്/ചെലവ് കണക്കുകൾ ശരിയായി സൂക്ഷിക്കുന്നില്ല. |
| | | | ഖ.4-2-8 | റിവർ മാനേജ്മെന്റ് ഫണ്ട് ഒടുക്കിയതിൽ കുറവ്. |
| | | | ഖ.4-2-9 | റിവർ മാനേജ്മെന്റ് ഫണ്ട് (RMF) അധികം ഒടുക്കി ബേപ്പൂർ തുറമുഖത്തുനിന്നുള്ള മണൽ നഗരസഭയ്ക്ക് ലഭിക്കുന്നില്ല. |
| | | | ഖ.4-2-14 | കടവു കമ്മിറ്റികൾ സജീവമല്ല. |
| പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് (മൃഗസംരക്ഷവും ക്ഷീരവികസന മേഖലയും) | ഖ.V-4(ഡി) | | ഖ.5-5 | നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മൃഗസംരക്ഷണ മേഖലയും. |
| | ഖ.V-3 | | ഖ.5-5 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മൃഗസംരക്ഷണ മേഖലയെ അവഗണിക്കുന്നു. |
| | ഖ.V-3(എ) | | ഖ.5-6 | മൃഗസംരക്ഷണ വികസന മേഖലകളിലെ കർമ്മസമിതികളുടെ പ്രവർത്തനം തൃപ്തികരമല്ല. |
| | ഖ.V-1(ബി) | | ഖ.5-7 | വെറ്റിനറി സ്ഥാപനങ്ങളിലെ ഭൗതികസാഹചര്യങ്ങൾ - പരിമിതം - ശോചനീയാവ സ്ഥയിൽ ബേപ്പൂർ മൃഗാശുപത്രി. |
| | ഖ.V-1(ഇ) | | ഖ.5-7 | വെറ്റിനറി സ്ഥാപനങ്ങളിലെ ഭൗതികസാഹചര്യങ്ങൾ - പരിമിതം - ശോചനീയാവ സ്ഥയിൽ ബേപ്പൂർ മൃഗാശുപത്രി. ട്രിവീസ് ഇല്ല. കൃത്രിമബീസങ്കലനം പ്രയാസം. |
| | ഖ.V-9(ഡി) | | ഖ.5-9 | മൃഗങ്ങളുടെ രോഗചികിത്സ, പ്രതിരോധം, ആരോഗ്യപരിപാലനം - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല – ജീവനക്കാരുടെ അപര്യാപ്തത. |
| | ഖ.V-8(എ) | | ഖ.5-13 | ശ്വാന സംരക്ഷണവും പേവിഷ നിയന്ത്രണവും - വളർത്തു തെരുവു നായ്ക്കളുടെ കണക്കെടുപ്പ് നടത്തുന്നില്ല. |
| | ഖ.V-8(ബി) | | ഖ.5-13 | ശ്വാനസംരക്ഷവും പേവിഷ നിയന്ത്രണവും -<br>തുക വകയിരുത്തി പദ്ധതി നടപ്പിലാക്കിയില്ല. |
| | ഖ.V-9(ഡി) | | ഖ.5-14 | കശാപ്പുശാലകൾ സ്ഥാപിക്കുന്നതിലും നടത്തിപ്പിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണം ഫലപ്രദമല്ല – വെറ്റിനറി സർജനില്ലാതെ കശാപ്പുശാലകൾ. |
| | ഖ.V-7 | | ഖ.5-14 | കശാപ്പുശാലകൾ സ്ഥാപിക്കുന്നതിലും നടത്തിപ്പിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണം ഫലപ്രദമല്ല – അറവുശാലയില്ലെങ്കിലും മാംസം സുലഭം. |
| 216-17 | 2-1 | 2017-18 | ഖ – 1-11 (1) | ബസ് സ്റ്റാന്റ് റൗണ്ട് ബ്ലോക്ക് പരസ്യം - കേസ് നടത്തിപ്പിലെ വീഴ്ച കാരണം വരുമാന നഷ്ടം സംഭവിക്കുന്നു. |
| | 3-1 | | ഖ – 1-11 (2) | കോടതിയിൽ ബാങ്ക് ഗ്യാരണ്ടി ഹാജരാക്കുന്നതിൽ |

| | | | | |
|---|---|---|---|---|
| | | | | വീഴ്ച വരുത്തി - നഗരസഭക്ക് വലിയ നഷ്ടം സംഭവിച്ചു. |
| | 3-2 | | ഖ – 1-11 (3) | ആർട്ടിസ്റ്റ് സ്മാരക നിർമ്മാണം - നിർവ്വഹണത്തിലെ അപാകതകൾ. |
| | 3-9 | | ഖ – 1-11 (4) | നഗരസഭയിൽ നിക്ഷിപ്തമായ തോട് നിയമവിരുദ്ധമായി സ്വകാര്യ വ്യക്തിക്ക് കൈമാറുന്നു. |
| | 3-5 | | ഖ – 1-11 (5) | നഗരസഭ ജീവനക്കാരുടെ പെൻഷൻ ഫണ്ടുകളുടെ പരിപാലനം കാര്യക്ഷമമല്ല. |

4-8 ചാർജ്ജ് -സർചാർജ്ജ് നടപടികൾ സ്വീകരിച്ചതിന്റെ വിവരം.

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 16 പ്രകാരം ചാർജ്ജ് / സർചാർജ്ജ് നടപടികൾ സ്വീകരിച്ചതിന്റെയും തുക ഈടാക്കിയതിന്റേയും പുരോഗതി വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ഓഡിറ്റ് റിപ്പോർട്ട് വർഷം ഖണ്ഡിക-നം | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ, ഉദ്യോഗപ്പേര് | ചാർജ്ജ്/സർചാർജ്ജ് നോട്ടീസ്/ സർട്ടിഫിക്കറ്റ് നമ്പർ, തീയതി | തുക | അടവിന്റെ വിശദാംശം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 2011-12 ഖ.2-12 | ശ്രീ.എം.ജി.ശശി റവന്യൂ ഓഫീസർ | എൽ.എഫ്. 2032/ സ്പെ.സെൽസി.എസ്.സി/എ.2 /2015, 03.04.2018 (ചാർജ്ജ് സർട്ടിഫിക്കറ്റ്) | 10155 | അടവാക്കിയിട്ടില്ല | ലഭ്യമല്ല |
| 2 | 2014-15 ഖ.3-26 | ടി.ആർ.ബാലൻ പ്രോജക്ട് ഓഫീസർ, കുടുംബശ്രീ | കെ.എസ്.എ. 4304/ സ്പെ.സെൽ/സി.എസ്. സി/എ.2/201708.12.2017 (സർചാർജ്ജ് നോട്ടീസ്) | 36845 | അടവാക്കിയിട്ടില്ല | ലഭ്യമല്ല |
| 3 | 2016-17 ഖ.3-27 | ശ്രീ.റംസി ഇസ്മയിൽ പ്രോജക്ട് ഓഫീസർ, കുടുംബശ്രീ | കെ.എസ്.എ. 553 / സ്പെ.സെൽ /സി. എസ്. സി/എ.2/2019 (II)20.01.2021 (സർചാർജ്ജ് നോട്ടീസ്) | 60000 | അടവാക്കിയിട്ടില്ല | ലഭ്യമല്ല |
| 4 | 2016-17 ഖ.3-28 | | | 300000 | അടവാക്കിയിട്ടില്ല | ലഭ്യമല്ല |
| 5 | 2018-19 ഖ.3-12 | ശ്രീ.ടി.എ.വേണു പട്ടിക ജാതി വികസന ഓഫീസർ | കെ.എസ്.എ. 995/ സ്പെ.സെൽ/സി. എസ്.സി/എ.2/2021,13.08.2021 (സർചാർജ്ജ് നോട്ടീസ്) | 49508 | അടവാക്കിയിട്ടില്ല | ലഭ്യമല്ല |

## 4-9 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം.

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3594062564.78 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 2913947948.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 23266 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2890587 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 15223895 |

(ബി) കോർപ്പറേഷൻ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 4984 | | ശ്രീ. സോമശേഖരൻ പി, റവന്യൂ ഓഫീസർ, ചെറുവണ്ണൂർ - നല്ലളം മേഖല കാര്യാലയം. |
| | 18282 | | ശ്രീ. ചന്ദ്രൻ, റവന്യൂ ഓഫീസർ, എലത്തൂർ മേഖല കാര്യാലയം. |
| 3-1 | | 495000 | ഡോ.ബേബി കെ.കെ, സീനിയർ വെറ്ററിനറി സർജൻ |
| 3-2 | | 70000 | ഡോ.ബേബി കെ.കെ, സീനിയർ വെറ്ററിനറി സർജൻ |
| 3-3 | | 1640804 | ശ്രീ.ചന്ദ്രൻ, ഹെൽത്ത് സൂപ്പർവൈസർ (ഇൻ ചാർജ്) |
| 3-4 | | 154800 | ശ്രീ.ചന്ദ്രൻ, ഹെൽത്ത് സൂപ്പർവൈസർ (ഇൻ ചാർജ്) |

| | | | |
|---|---|---|---|
| 3-5 | | 132000 | ഡോ.ആർ.എസ്.ഗോപകുമാർ, ഹെൽത്ത് ഓഫീസർ |
| 3-6 | | 239800 | ശ്രീ.റംസി ഇസ്മയിൽ എം.വി, കുടുംബശ്രീ പ്രോജക്റ്റ് ഓഫീസർ |
| 3-7 | | 43203 | ശ്രീ.ഇഗ്നേഷ്യസ് ക്ലീറ്റസ്, സെക്ഷൻ ക്ലർക്ക്. |
| | | 43203 | ശ്രീ. ശിവലിംഗം, സൂപ്രണ്ട്. |
| 3-8 | | 32500 | ശ്രീമതി. രേണുക., പി.എ, അക്കൗണ്ട്സ് ഓഫീസർ. |
| 3-9 | | 17300 | ശ്രീമതി.ജലജാമണി.വി.ഡി, സൂപ്രണ്ടിംഗ് എഞ്ചിനീയർ. |
| 3-10 | | 4514 | ശ്രീമതി.ശകുന്തള.എം.കെ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ. |
| 3-11 | | 17463 | ശ്രീ.ബിനു ഫ്രാൻസിസ് , നഗരസഭ സെക്രട്ടറി. |
| ആകെ | 23266 | 2890587 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 127314 | ഡോ.ബേബി കെ.കെ, സീനിയർ വെറ്ററിനറി സർജൻ. |
| 1-24 | 457517 | ശ്രീ.ചന്ദ്രൻ, ഹെൽത്ത് സൂപ്പർവൈസർ (ഇൻ ചാർജ്). |
| 1-25 | 317410 | ശ്രീ.സുരേഷ് കുമാർ ഇ.കെ.ഡപ്യൂട്ടി ഡയറക്ടർ ഓഫ് എജ്യുക്കേഷൻ. |
| 1-27 | 3357714 | ശ്രീമതി.ജലജാമണി.വി.ഡി, സൂപ്രണ്ടിംഗ് എഞ്ചിനീയർ. |
| 1-28 | 352886 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,കോഴിക്കോട് നഗരസഭ |
| 1-30 | 6189328 | ഡോ.ആർ.എസ്.ഗോപകുമാർ, ഹെൽത്ത് ഓഫീസർ. |
| 1-31 | 274100 | ശ്രീമതി.ശകുന്തള.എം.കെ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ. |
| 1-38 | 220000 | ഡോ.ആർ.എസ്.ഗോപകുമാർ, ഹെൽത്ത് ഓഫീസർ. |
| 1-40 | 3647026 | ശ്രീ.ബിനു ഫ്രാൻസിസ് ,നഗരസഭ സെക്രട്ടറി. |
| 1-41 | 280600 | ശ്രീ.ബിനു ഫ്രാൻസിസ്, നഗരസഭ സെക്രട്ടറി. |
| | 15223895 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഇനം. | നഷ്ടം സംഭവിച്ചത് |
|---|---|---|---|
| 1-14 | 1163 | ഗ്രന്ഥശാല വരി | സംസ്ഥാന ലൈബ്രറി കൗൺസിൽ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

| ഖണ്ഡിക നമ്പർ | വിഷയം | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-39 | മഴക്കാല പൂർവ്വ ശുചീകരണം | ഡോ.ആർ.എസ്.ഗോപകുമാർ,ഹെൽത്ത് ഓഫീസർ |

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ബേബി കെ.കെ,<br>സീനിയർ വെറ്ററിനറി സർജൻ | ഡപ്യൂട്ടി ഡയറക്ടർ,അനിമൽ ഹസ്ബന്ററി,<br>ജില്ല മൃഗസംരക്ഷണ കേന്ദ്രം, കോഴിക്കോട്. | 'ഓർക്കിഡ് ഗാർഡൻ',കുതിരവട്ടം പി ഒ, കോഴിക്കോട്,മൊ. 8281017288 |
| ഡോ.ആർ.എസ്.ഗോപകുമാർ, | ഹെൽത്ത് ഓഫീസർ, | പത്മ നിലയം, കുവളശ്ശേരി, |

| | | |
|---|---|---|
| ഹെൽത്ത് ഓഫീസർ | തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ | തിരുവനന്തപുരം, |
| ശ്രീ.റംസി ഇസ്മയിൽ എം.വി ,<br>കുടുംബശ്രീ പ്രോജക്റ്റ് ഓഫീസർ | അക്കൗണ്ട് ഓഫീസർ, കണ്ണൂർ<br>മുനിസിപ്പൽ കോർപ്പറേഷൻ. | മഫ്റഹ്,ഫ്രാൻസിസ് റോഡ്,<br>കല്ലായി, കോഴിക്കോട് |
| ശ്രീമതി.ശകുന്തള.എം.കെ,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ്<br>എഞ്ചിനീയർ. | വിരമിച്ചു | താഴിക്കുളം വീട്,<br>കൂർക്കഞ്ചേരി<br>പി ഒ, കണ്ണംകുളങ്കര,<br>തൃശ്ശൂർ – 680007 |
| ശ്രീമതി. രേണുക.പി.എ,<br>അക്കൗണ്ട്സ് ഓഫീസർ | പി.എ ടു സെക്രട്ടറി, കോഴിക്കോട്<br>മുനിസിപ്പൽ കോർപ്പറേഷൻ. | 'ഓംകാരം', മെഡിക്കൽ<br>കോളേജ് പി ഒ,<br>കോഴിക്കോട്- 673008 |
| ശ്രീ.ഇഗ്നേഷ്യസ് ക്ലീറ്റസ്,<br>സെക്ഷൻ ക്ലർക്ക്. | ക്ലർക്ക്, മണ്ണാർക്കാട് നഗരസഭ | വരവിലാതോപ്പ് വീട്, പൂവാർ<br>പി ഒ,<br>തിരുവനന്തപുരം 695525 |
| ശ്രീ. ശിവലിംഗം സൂപ്രണ്ട്. | റവന്യൂ ഓഫീസർ, തലശ്ശേരി നഗരസഭ. | 'കൃഷ്ണസരസ്<br>',തിരുത്തിക്കുന്നമ്മൽ<br>വാട്ടർ ടാങ്കിനു സമീപം,<br>എടക്കാട് പി.ഒ,<br>കോഴിക്കോട്, 673303 |
| ശ്രീമതി.ജലജാമണി.വി.ഡി.,<br>സൂപ്രണ്ടിംഗ് എഞ്ചിനീയർ | വിരമിച്ചു | സൗപർണിക, എച്ച്.എം.ടി<br>കോളനി,<br>കളമശ്ശേരി പി ഒ,<br>എറണാകുളം |
| ശ്രീ.ബിനു ഫ്രാൻസിസ് ,<br>നഗരസഭ സെക്രട്ടറി. | സെക്രട്ടറി, തിരുവനന്തപുരം<br>മുനിസിപ്പൽ കോർപ്പറേഷൻ | ബിനു ഭവൻ, കാട്ടാക്കട<br>പോസ്റ്റ്,<br>തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1. | 1996-97 | എൽ.എഫ്.സി.സി.എ4/251/98, 08.09.1998 | 74 |
| 2 | 1997-98 | എൽ.എഫ്.സി.സി.എ6/906/06, 28.12.2006 | 115 |
| 3 | 1998-99 | എൽ.എഫ്.സി.സി.എ6/382/09, 15.05.2009 | 90 |
| 4 | 1999-00 DCB | എൽ.എഫ്.സി.സി.എ4/752/01/, 17.05.2002 | 39 |

| | | | |
|---|---|---|---|
| 5 | 1999-00 Exp | എൽ.എഫ്.സി.സി.എ4/418/00, 08.06.2001 | 86 |
| 6 | 2000-01 | എൽ.എഫ്.സി.സി.എ4/124/03, 20.05.2003 | 146 |
| 7 | 2001-02 | എൽ.എഫ്.സി.സി.എ4/438/04, 30.07.2004 | 83 |
| 8 | 2002-03 | എൽ.എഫ്.സി.സി.എ4/451/05, 01.18.2005 | 80 |
| 9 | 2003-04 | എൽ.എഫ്.സി.സി.എ4/364/06, 22.06.2006 | 109 |
| 10 | 2004-05 | എൽ.എഫ്.സി.സി.എ4/350/07, 27.07.2007 | 60 |
| 11 | 2005-06 | എൽ.എഫ്.സി.സി.എ6/1013/09, 17.07.2010 | 64 |
| 12 | 2006-07 | എൽ.എഫ്.സി.സി.എ6/871/10, 01.02.2012 | 78 |
| 13 | 2007-08 | കെ.എസ്.എ.കെ.ഒ.സി./എ.6/1141/2015, 12.11.2015 | 75 |
| 14 | 2008-09 | കെ.എസ്.എ./കെ.ഒ.സി./എ.6/1457/2015, | 50 |
| 15 | 2009-10 | കെ.എസ്.എ./കെ.ഒ.സി./എ.6/1458/2015, | 62 |
| 16 | 2010-11 | എൽ.എഫ്.സി.സി.എ4/332/12, 15.06.2013 | 180 |
| 17 | 2011-12 | എൽ.എഫ്.സി.സി.എ4/389/14, 31.05.2014 | 104 |
| 18 | 2012-13 | കെ.എസ്.എ.കെ.ഒ.സി./എ.6/129/2016, 27.01.2016 | 110 |
| 19 | 2013-14 | കെ.എസ്.എ.കെ.ഒ.സി./എ.6/276/2017, 31.03.2017 | 122 |
| 20 | 2014-15 | കെ.എസ്.എ.കെ.ഒ.സി./എ.6/277/2017, 05.04.2017 | 81 |
| 21 | 2015-16 | കെ.എസ്.എ.കെ.ഒ.സി./എ.6/865/2018, 24.09.2018 | 65 |
| 22 | 2016-17 | കെ.എസ്.എ.കെ.ഒ.സി./എ.6/866/2018, 04.09.2018 | 75 |
| 23 | 2017-18 | കെ.എസ്.എ.കെ.ഒ.സി./എ.6/840/2019, 04.02.2021 | 47 |
| 24 | 2018-19 | കെ.എസ്.എ.കെ.ഒ.സി./എ.6/152/2021, 22.04.2021 | 78 |

സീനിയർ ഡപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

കോർപ്പറേഷൻ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കോഴിക്കോട് കോർപ്പറേഷന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
നഗരസഭാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കോഴിക്കോട് കോർപ്പറേഷന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
നഗരസഭാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്